MALAYALAM READER
Standard - 11

# മലയാള പാഠാവലി

## MALAYALAM READER
(Poetry, Prose & Non-detailed)

11

തമിഴ്നാട്
ടെക്സ്റ്റ് ബുക്ക് കോർപ്പറേഷൻ
TAMILNADU
TEXTBOOK CORPORATION

# മലയാള പാഠാവലി

(പദ്യം, ഗദ്യം, ഉപപാഠം)

# MALAYALAM READER

(Poetry, Prose & Non-detailed)

സ്റ്റാൻഡേർഡ് XI

STANDARD XI

തീണ്ടായ്മ പാപപ്രവൃത്തി

തീണ്ടായ്മ വലിയകുറ്റം

തീണ്ടായ്മ മനുഷ്യത്വരഹിതമായ പ്രവൃത്തി

തമിഴ്നാട്
ടെക്സ്റ്റ് ബുക്ക് കോർപ്പറേഷൻ

TAMILNADU
TEXTBOOK CORPORATION

© Government of Tamilnadu
First Edition - 2004


### *Chairperson*

**Dr.C.G.Rajendra Babu,**
Prof. & Head, Dept. of Malayalam,
University of Madras,
Chennai- 600 005.

### *Reviewers*

**Dr.E.K.Purushothaman,**
Prof. of Malayalam (Rtd.)
16, Kumar Avenue, Varadaraja Street,
Chitlapakkam, Chennai - 600 064.

**Mr. V.N. Krishna Pillai**
PG Asst. in Malayalam,
TCK Hr. Sec. School,
Padanthalumood,
K.K. Dist.

### *Authors*

**Mr.T.P.Viswanathan Nambiar**
PG Asst. in Malayalam
Madras Christian College HS School,
Chetpet, Chennai 600 031.

**Dr.K.Raveendra Raja**
PG Asst. in Malayalam
Presidency Higher Sec.School for Girls
Egmore, Chennai - 600 008.

**Mrs.A.C. Suhasini**
PG Asst. in Malayalam
Kerala Vidyalayam Hr. Sec. School,
Chennai - 600 084.


This book has been prepared by The Directorate of School Education on behalf of the Government of Tamilnadu

This book has been printed on 60 G.S.M. Paper.

## ദേശീയഗാനം

ജനഗണമന അധിനായക ജയ ഹേ
ഭാരതഭാഗ്യവിധാതാ
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കലവംഗ
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധി തരംഗ,
തവ ശുഭ നാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണ മംഗളദായക ജയഹേ,
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ!

**- മഹാകവി രവീന്ദ്രനാഥ ടാഗോർ**

## ദേശീയഗാനം - സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠാ, ദ്രാവിഡം, ഉത്ക്കൽ, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യ ഹിമാചലാദിപർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു. അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ!

## വന്ദേമാതരം

വന്ദേമാതരം
സുജലാം സുഫലാം മലയജശീതളാം
സസ്യശ്യാമളാം മാതരം
വന്ദേമാതരം
ശുഭ്ര ജ്യോത്സനാ പുളകിതയാമിനീം
ഫുല്ലകുസുമിത ദ്രുമദളശോഭിനീം
സുഹാസിനീം സുമധുരഭാഷിണീം
സുഖദാം വരദാം മാതരം
വന്ദേ മാതരം
വന്ദേ മാതരം

**-ബങ്കിം ചന്ദ്ര ചാറ്റർജി**

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കൻമാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.



## ദേശീയ ഉദ്ഗ്രഥന പ്രതിജ്ഞ

രാജ്യത്തിന്റെ സ്വാതന്ത്ര്യവും സമന്വയവും സംരക്ഷിക്കുന്നതിനും സുശക്തമാക്കുന്നതിനും ഞാൻ ആത്മാർപ്പണത്തോടെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

കൂടാതെ, ഞാൻ ഒരിക്കലും അക്രമം അവലംബിക്കുകയില്ലെന്നും മതം, ഭാഷ, പ്രാന്തം, രാഷ്ട്രീയമോ സാമ്പത്തികമോ ആയ അസ്വസ്ഥതകൾ എന്നിവ സംബന്ധിച്ച എല്ലാ അഭിപ്രായ വ്യത്യാസങ്ങളും വിവാദങ്ങളും സമാധാനപരവും ഭരണഘടനാനുസൃതവുമായ മാർഗ്ഗങ്ങളിലൂടെ തീരുമാനിക്കുന്നതാണെന്നും ഉറപ്പിച്ചു പറയുന്നു.

## തമിഴ്തായ് സ്തുതി

നീരാറും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും
ശീരാറും വദനമെനത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്തതിരാവിട നൽതിരുനാടും
തക്കചിറു പിറൈനുതലും ധരിത്ത നറും തിലകമുമേ
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണക്ക ഇരുന്ത പെരുന്തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈത്തിറം വിയന്തു
ചെയൽ മറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

**-'മനോന്മ ണീയം' പി.സുന്ദരം പിള്ള**

# പ്രസ്താവന

തമിഴ്നാട് സർക്കാരിന്റെ നിർദ്ദേശപ്രകാരം തമിഴ്നാട്ടിലുള്ള മലയാള വിദ്യാർത്ഥികൾക്കു വേണ്ടി പുതിയ പാഠ്യ പദ്ധതിയനുസരിച്ച് രചിച്ചതാണ് 11-ാം സ്റ്റാൻഡേർഡിലേക്കുള്ള ഈ പാഠപുസ്തകം. പഠനവിഷയവും പഠനരീതിയും കഴിയുന്നത്ര സരളമാക്കിയാണ് പാഠ്യ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. മലയാള ഭാഷ, സാഹിത്യം തുടങ്ങിയവയെക്കുറിച്ച് ഒരേകദേശ രൂപം വിദ്യാർത്ഥികൾക്ക് ഈ പാഠ പുസ്തകത്തിലൂടെ ലഭിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

സാഹിത്യത്തിന്റെ വിവിധശാഖകൾ, സംസ്കാരം. ചരിത്രം തുടങ്ങിയ മേഖലകളിലേക്ക് വെളിച്ചം വീശുന്ന പാഠങ്ങളാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ അറിവുകൾ നേടാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതിന് ഈ പാഠ പുസ്തകം ഉപകരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

**ഡോ.സി.ജി. രാജേന്ദ്ര ബാബു**
ചെയർ പേഴ്സൻ



# ഉള്ളടക്കം


പുറം

**പദ്യവിഭാഗം**

1. യുദ്ധക്കളത്തിലെ ഭീഷ്മർ — 1
   - തുഞ്ചത്തെഴുത്തച്ഛൻ
2. മാർഗ്ഗ നിർദ്ദേശം — 5
   - കേരളവർമ്മ വലിയകോയിത്തമ്പുരാൻ
3. ഒരു വീരമാതാവ് — 8
   - ഉള്ളൂർ എസ്. പരമേശ്വരയ്യർ
4. ലീല — 15
   - കുമാരനാശാൻ
5. തൈപ്പൊങ്കൽ — 21
   - ജി.ശങ്കരക്കുറുപ്പ്
6. ശ്രുതിപ്പെട്ടി — 24
   - ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്
7. ചോറൂണ് — 28
   - ഒ.എൻ.വി.കുറുപ്പ്
8. ഗാന്ധാരി — 35
   - തിരുനല്ലൂർ കരുണാകരൻ
9. കേച്ചേരിപ്പുഴ — 42
   - യൂസഫലി കേച്ചേരി
10. ആളില്ലാക്കസേരകൾ — 47
   - ചെമ്മനം ചാക്കോ

**ഗദ്യവിഭാഗം**

1. കഥാസാഹിത്യത്തിന്റെ വളർച്ച — 53
   - പ്രൊഫ. എം. അച്യുതൻ
2. മുല്ലവല്ലിയും മാൻകിടാവും — 65
   - പി.കെ. പരമേശ്വരൻ നായർ

3. ഭൂമിയിൽ സമാധാനം 76
- പ്രൊഫ. എം.കെ.സാനു

4. സാഹിത്യവും അന്ധവിശ്വാസവും 89
- ഡോ.കെ.എൻ. എഴുത്തച്ഛൻ

5. അമ്പലമേടിന്റെ കഥ 97
- എം.കെ.കെ.നായർ

6. രുദ്രാക്ഷമാഹാത്മ്യം 107
- സഞ്ജയൻ

7. നാടുകടത്തലിനു ശേഷം 120
- ബി.കല്യാണിഅമ്മ

8. പരിസ്ഥിതിവിനാശവും യന്ത്രവത്ക്കരണവും 128
- ഡോ.എ.എൻ.പി. ഉമ്മർകുട്ടി

9. നമ്പ്യാരുടെ പൊടിക്കൈകൾ 138
- ടി.എം.ചുമ്മാർ

10. അഭിഷേകനിശ്ചയം 152
- സി.എൻ. ശ്രീകണ്ഠൻ നായർ

**ഉപപാഠവിഭാഗം**

1. മരപ്പാവകൾ 167
-കാരൂർ നീലകണ്ഠപിള്ള

2. വാടകവീടുകൾ 178
-ഉറൂബ്

3. വിവാഹങ്ങൾ സ്വർഗത്തിൽ വച്ചു നടത്തപ്പെടുന്നു 199
- കെ.സരസ്വതിയമ്മ

4. പൂവൻപഴം 206
- വൈക്കം മുഹമ്മദ് ബഷീർ

5. അക്കത്തിലെഴുതിയാൽ 223
- വൈശാഖൻ

മന:പാഠമാക്കാനുള്ള ഭാഗങ്ങൾ 231

അലങ്കാരങ്ങളും വൃത്തങ്ങളും- 232



# പദ്യവിഭാഗം

## 1. യുദ്ധക്കളത്തിലെ ഭീഷ്മർ

എഴുത്തച്ഛൻ

[പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിനു സ്വന്തം കവിതകളിലൂടെ ഉണർവു നല്കിയ മഹാനാണ് തുഞ്ചത്തെഴുത്തച്ഛൻ. അധ്യാത്മരാമായണം, ശ്രീമഹാഭാരതം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. ഒരു കിളി കഥ പറയുന്നതായി സങ്കല്പിച്ചു കൊണ്ടു ആഖ്യാനം നിർവഹിച്ചിട്ടുള്ളതിനാൽ ഇവയെ കിളിപ്പാട്ടുകൾ എന്നാണ് വിശേഷിപ്പിക്കാറ്. കേരളീയരുടെ ഇടയിൽ വളരെയേറെ പ്രചാരം നേടിയിട്ടുള്ള ശ്രീമഹാഭാഗവതം എഴുത്തച്ഛന്റെ കൃതിയാണെന്നുള്ള അഭിപ്രായം എല്ലാവരും അംഗീകരിക്കുന്നില്ല. ചിന്താരത്നം, ഹരിനാമകീർത്തനം എന്നിവ അദ്ദേഹത്തിന്റെ കൃതികളാണെന്നു വിശ്വസപ്പെടുന്നു.

കേരളീയരുടെ സാംസ്കാരിക ജീവിതത്തെ ഗുണകരമായ വിധത്തിൽ സ്വാധീനിച്ചിട്ടുള്ളവയാണ് എഴുത്തച്ഛന്റെ കൃതികൾ. മാത്രമല്ല തന്റെ കൃതികൾ വഴി എഴുത്തച്ഛൻ മലയാള ഭാഷയ്ക്കു പ്രൗഢവും പരക്കെ അംഗീകൃതവുമായ ഒരു ശൈലി സമ്മാനിക്കുകയും ചെയ്തു. അതുകൊണ്ടാണ് അദ്ദേഹത്തെ മലയാള ഭാഷയുടെ പിതാവ് എന്നു വിളിച്ചു നാം ആദരിക്കുന്നത്.

ശ്രീമഹാഭാര തത്തിലെ ഭീഷ്മപർവ്വത്തിൽ നിന്നും എടുത്തു ചേർത്തിട്ടുള്ളതാണ് പാഠ്യഭാഗം]

ഉദയഗിരിമുകളിലഥദിവസപതിവന്നപോ-
തൂക്കുള്ള മന്നവർ മൂന്നാം ദിവസവും
സമരഭുവിസരഭസമൊടടൽകരുതിവന്നുടൻ
സന്നാഹമോടുനിലവിളിച്ചീടിനാർ.
ജലദനിറമുടയ യദുകുലജനഖിലേശ്വരൻ
ജന്മാദിഹീനൻ ജനാർദ്ദനൻ മാധവൻ
ജനിമരണഭയഹരണനിപുണചരണാംബുജൻ
ജംഗമാജംഗമാചാര്യൻജഗന്മയൻ

അധികസിതതുരഗയുഗരഥമതിലലങ്കരി-
ച്ചാദിതേയാധിപപുത്രനും താനുമായ്
അരികൾ കുലമറുതിപെടുമതിനതിരുഷാമുതി-
ന്നാർത്തെതിർത്തീടിനാൻ ഭീഷ്മരോടപ്പൊഴേ.
കലഹമതിനുപമപറവതിനരിമയുണ്ടെടോ
കാലനൂർപുക്കാരനേകം പടജ്ജനം
ഭയമൊടുരുപരവശതപെരുകിയിരുപുറവുമൊരു
പാച്ചിൽ തുടങ്ങീതിളകിപെരുമ്പട.
മറുതലയുമടൽനിലവുമറിയരുതുപൊടിപെരുകി
മണ്ടുന്നിതോരോ ജനങ്ങളോരോവഴി
പടയിളകിയതുകരുതിവിരവൊടുസുയോധനൻ
പാഞ്ഞടുക്കുന്നതു കണ്ടിട്ടുഭീമനും
ഗിരിമുകളിൽ മഴപൊഴിയുമതിനുസമമെയ്തെയ്തു
കീറീശരീരം ധൃതരാഷ്ട്രപുത്രനും
ഉപരിചരമകൾമകനുമകനുമകനായവ-
നൂക്കുള്ളഭീഷ്മരോടത്തൽചൊല്ലീടിനാൻ.
കടുകതിനുകടുതലരൊടടൽകരുതിഭീഷ്മരും
കൗന്തേയസൈന്യവുമോടിഭയത്തിനാൽ
ബലസഹജനമരവരതനയനൊടുചൊല്ലിനാൻ:-
''വൻപടകെട്ടുമണ്ടുന്നതുകാൺകെടോ!''
ത്രിജഗദധിപതിവചനനിശമനദശാന്തരേ
വീരൻ ധനഞ്ജയൻ ബാണങ്ങൾതൂകിനാൻ.
ത്രിദശപതിസുതകൃതശരപ്രയോഗംകണ്ടു
ദിവ്യൻനദീസുതൻവിസ്മയംതേടിനാൻ.
പരിഭവമൊടമിതകരബലമൊടുപിതാമഹൻ
പാർത്ഥനെക്കണ്ടെതിർത്താർത്തടുത്തീടിനാൻ.
അമരവരതനയനെയുമമരവരസഹജനെയു-
മമ്പിനാൽ മൂടിനാൻ വൻപനാം ഭീഷ്മരും



കമലദലനയനമൃദുവപുഷിശരമേറ്റതു
കണ്ടിട്ടുകോപം മുഴുത്തിതുപാർത്ഥനും.
വിബുധപതിസുതനതിനു വിരവിനൊടുഭീഷ്മർതൻ
വിൽമുറിച്ചീടിനനേരത്തുഭീഷ്മരും
വിഗതഭയമപരമൊരുവില്ലെടുത്തീടനാൻ;
വീരനാംപാർത്ഥനതും മുറിച്ചീടിനാൻ.
വിവശതയിലരിശമൊടുവിരവൊടുപിതാമഹൻ
വീണ്ടുമറ്റൊന്നു കൈക്കൊണ്ടു ചൊല്ലീടിനാൻ:-
''വിജയ,തവസമരചതുരതപെരികെനന്നെടോ
വിസ്മയംവീരാ, വിചിത്രം തൊഴിലുകൾ!
ചരതമൊടുപൊരുവതിനുവരിക വരികാശുനീ;
ചാകാത്തനാല്ലഞാനും പിറന്നത്.''
കുരുകുലജവരരവർകളിരുവരുമടുത്തുടൻ
കൂരമ്പുകോരിച്ചൊരിഞ്ഞുതുടങ്ങിനാർ
രഘുപതിയുമമരരിപുദശമുഖനുമുള്ളപോ-
രന്നുകാണാതവർകാണ്ടാരതുപോലെ.
തുമുലതരരണരണിതഹൃദയമൊടുകാണികൾ
തുല്യമതിന്നുമറ്റില്ലൊരുപോരെന്നാർ
ഉടലിലൊഴുകിനരുധിരജലമൊടവർതങ്ങളി-
ലുണ്ടായയുദ്ധകോലാഹലം ചൊല്ലുവാൻ
അരുതരുതു; പുനരദിതിവരതനയനന്ദന-
നാലസ്യമുണ്ടായിതേറ്റംമുറികയാൽ
നിജസചിവനുടലിൽമുറിവിടരിനൊടുകാൺകയാൽ
നിർത്തിനാൻതേരെടുത്തീടിനാൻചക്രവും
മധുമഥനനണയവരുമളവുദേവവ്രതൻ
മന്ദസ്മിതം ചെയ്തുനിന്നുചൊല്ലീടിനാൻ:-
''കമലദലനയന,മധുമഥനകരുണാനിധേ
കാളമേഘാഭിരാമാകൃതേ! ശ്രീപതേ!

ജനിമരണഭയഹരണനിപുണകരചരണയുഗ!
ജന്തുക്കൾ ജീവനമായ ജഗൽപതേ!
നളിനശരശമനകരനളിനഭവനമിതപദ!
നാരായണ; ഹരേ, നാരായണ ഹരേ!
സലിലനിധിദുഹിതൃവര! സകലജഗദവനപര!
സച്ചിൽസ്വരൂപപ്രഭോ! നാഥ!ഗോപതേ.
നിഗമമയസദന,വിധുവദന,കരുണാനിധേ!
നിന്നുടെകൈകൊണ്ടുകൊന്നരുളെന്നെനീ.
മമമനസിനിയതമഭിലഷിതമിതുമാധവ!
മറ്റെന്തുപിന്നെവരേണ്ടതെനിക്കഹോ!''
മധുരതരവചനമൊടുകുരുകുലജനിങ്ങനെ
മാനിച്ചുചൊന്നതുനേരത്തുപാർത്ഥനും
''അരുതരുതിതൊഴികൊഴികകരുതുകൊരുസത്യമു-
ണ്ടാനന്ദമൂർത്തേമറന്നിതോമാനസേ?''
വിജയനയവചനമതുവിമലനസുരാരിയാം
വിശ്വൈകനായകൻകേട്ടടങ്ങീടിനാൻ
ഖരകിരണനൊളിവിനൊടുകടലിൽമുഴുകീടിനാൻ
കൈനിലപുക്കീടിനാർമഹീപാലരും.



# 2. മാർഗ്ഗനിർദ്ദേശം

കേരളവർമ്മ

[തിരുവിതാംകൂർ പാഠപുസ്തകസമിതിയുടെ അധ്യക്ഷൻ എന്ന നിലയിൽ മലയാളഗദ്യത്തിന്റെ വളർച്ചയെ വളരെയേറെ സഹായിച്ച കേരളവർമ്മ വലിയകോയിത്തമ്പുരാൻ (1845-1915) കവിതാരംഗത്തു സംസ്കൃതകാവ്യങ്ങളുടെ വഴി പിന്തുടരാനാണ് ഇഷ്ടപ്പെട്ടത്. മണിപ്രവാള ശാകുന്തളം, അന്യാപദേശശതകം, അമരുകശതകം, മയൂരസന്ദേശം, ദൈവയോഗം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. അക്കൂട്ടത്തിൽ കാളിദാസന്റെ മേഘസന്ദേശത്തെ മാതൃകയാക്കി രചിച്ച മയൂരസന്ദേശമാണ് ഏറെ പ്രശസ്തം.

മയൂരസന്ദേശം പൂർവഭാഗത്തിലെ ഏതാനും ശ്ലോകങ്ങളാണ് പാഠ്യഭാഗമായി നിർദ്ദേശിച്ചിട്ടുള്ളത്.]

(1)

നാട്ടിൽക്കൂടിക്കരുതിവഴിപോകേണമല്ലെങ്കിലാർക്കും
കൂട്ടിൽകൊള്ളിപ്പതിനുകൊതിയാംകോമളാകാര!നിന്നെ
കാട്ടിൽപ്പോകുന്നളവുധവളാപാംഗിമാർകണ്ടുകൂടി-
പ്പാട്ടിൽ പാർപ്പിച്ചിടുവരിതവർക്കാകിലുത്സാഹകാലം.

(2)

ഏടാകൂടം വളരെയിടനാടോടെപോകുന്നതാകിൽ
കൂടാ,കൂടപ്രകൃതികൾ കുടിക്കാരിടയ്ക്കേറെയില്ല
വാടാവല്യാം വിടപികളിലും പാർത്തുപാരാതെപോകാം
വാടാവള്ളിക്കുടിലുകളിലും വിശ്രമിച്ചശ്രമംതാൻ.

(3)

സ്വൈരംപോലേസുരസരണിയിൽക്കൂടിനേരേപറന്ന-
ദ്ദൂരംപോകുന്നതിനുപണിയുണ്ടാക്കുവോന്നാകിലും തേ
പാരം പിന്നിൽഘനമിയലുമിപ്പിഞ്ഛികാസഞ്ചയത്തിൻ
ഭാരം പാർക്കിൽ പരമുപകരിക്കാതിരിക്കാചിലപ്പോൾ

(4)

കൂടിച്ചേർന്നിട്ടൊരുവക കളിക്കൂട്ടർനിന്നെപ്പിടിക്കാ-
നോടിച്ചെങ്കിൽ പടുതയൊടുനീപിന്തിരിഞ്ഞന്തികത്തിൽ
ചാടിച്ചെന്നിച്ചതുരതയെഴും പീലിയെബ്ബാലകന്മാർ
പേടിച്ചോടുംപടി ഝടിതിയൊന്നുച്ചലിപ്പിച്ചിടേണം

(5)

നിഷ്ക്കാസിച്ചാലകലെയൊഴിയാതുഗ്രനാഗങ്ങളേറും
മുഷ്ക്കാലെത്തിക്കുടിയിടകളിൽസഞ്ചരിക്കുന്നതാകിൽ
നിഷ്കാരുണ്യംവഴിയിലവയെ നിഗ്രഹിച്ചഞ്ജസാനീ
ദുഷ്ക്കാലത്തെക്കളകസുമതേ! തത്രവാഴുംജനാനാം

(6)

രണ്ടും മൂന്നുംതവണകൃഷിയേറ്റുന്നകണ്ടങ്ങളേയും
വണ്ടും ഞണ്ടും വടിവൊടുകളിക്കുന്ന കച്ഛങ്ങളേയും
തണ്ടും കെട്ടിത്തരമൊടുചരിക്കുന്നവള്ളങ്ങളേയും
കണ്ടും കൊണ്ടച്ചെറുപുഴകൾ തൻതീരമാർഗ്ഗേണപോക.

(7)

വഞ്ചിക്ഷോണിക്കൊരുതിലകമാമപ്പുരത്തേക്കുപോകും
വഞ്ചിക്കൂട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി
വഞ്ചിക്കേണം വളരെമരനീരുള്ളിലുണ്ടാകമൂലം
വഞ്ചിത്തഭ്രാന്തെഴുമരയരാം നാവികക്കയ്യരേനീ.

(8)

നീലത്വം ചേർന്നെഴുമിലകളാൽനിന്റെകണ്ഠാഭയോലും
സാലത്തിന്മേൽപരിചൊടുപറന്നെത്തിയക്കുല്യതന്റെ
കൂലത്തേവിട്ടൊരുതരണിതൻ പാമരത്തിൽകരേറി
ക്കോലത്തേനൽപ്പടുതയിലുറപ്പിച്ചുനീവാണുകൊൾക.



(9)

കണ്ടാലാർക്കും കൃതകപതഗംതന്നെയാണെന്നതല്ലാ-
തുണ്ടാകൊല്ലാമനമതിൽമറിച്ചെണ്ണമവ്വണ്ണമായി
മിണ്ടാതേകണ്ടതിനുമുകളിൽചേർന്നുചേണാർന്ന നിന്നെ
ക്കൊണ്ടാടും കണ്ടിരുകരയിലുംനോക്കി നിൽക്കുന്നലോകം

(10)

ദൂരം മാർഗ്ഗംദുരധിഗമമായുള്ളതേവം കടക്കു-
ന്നേരം ജാതിപ്രകൃതിയെനിയന്ത്രിച്ചിടാതന്തരാനീ
നീരന്ധ്രാംഭോധരനിരയതിന്നാർപ്പു കേട്ടാർഭടിക്കാ-
യാരംഭിച്ചാലതുടനശുഭോദർക്കമാം തർക്കമില്ല.

# 3. ഒരു വീരമാതാവ്

ഉള്ളൂർ

[ഗവൺമെന്റിൽ ഉന്നതമായ ഔദ്യോഗികസ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877-1847), മഹാകവി,ഭാഷാചരിത്രഗവേഷകൻ, ഗദ്യകാരൻ എന്നീ നിലകളിലാണ് കൂടുതൽ പ്രശസ്തി നേടിയിട്ടുള്ളത്. ഉമാകേരളം (മഹാകാവ്യം), അംബ(നാടകം), കർണ്ണഭൂഷണം, പിംഗള, ഭക്തിദീപിക, ചിത്രശാല (ഖണ്ഡകാവ്യങ്ങൾ) താരഹാരം, കിരണാവലി, തരംഗിണി, രത്നമാല (കവിതാസമാഹാരങ്ങൾ) എന്നു തുടങ്ങി അനേകം കൃതികൾ അദ്ദേഹത്തിന്റെ സംഭാവനകളിൽ ഉൾപ്പെടുന്നു. ഇതിനുപുറമെ ധാരാളം ഗവേഷണലേഖനങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളസാഹിത്യചരിത്രം എന്ന ബൃഹത്കൃതി യാണ് അദ്ദേഹത്തിന്റെ ഏറ്റവും മികച്ച സംഭാവന.

'കിരണാവലി' എന്ന സമാഹാരത്തിൽ ഉൾപ്പെടുന്ന കവിതയാണ് 'ഒരു വീരമാതാവ്'.]

(1)

പെരുമ്പടപ്പൂഴി പടർന്നിരുന്ന
പെരുമ്പടപ്പൂഴിയിൽമുമ്പൊരിക്കൽ
കോയിക്കലുച്ചയ്ക്കമെറേത്തിനായ്ച്ചെ-
ന്നിരുന്നു രാജന്യകുമാരനേകൻ.

(2)

അടർക്കളം തേടിനൊരഗ്രജർക്കു-
ള്ളനന്തരോദന്തമറിഞ്ഞിടാതേ
പൊന്നുണ്ണിതൻ പൂങ്കവിൾ വിട്ടിരുന്നു
താരുണ്യമർപ്പിച്ച ചുവപ്പുചായം.

(3)

ദുരന്ത ചിന്താവിഷമജ്വരത്താൽ
ദൂനൻ നൃപന്നപ്പൊളടിക്കലത്തിൽ
കായം കുറെ കൈക്രിയ കാട്ടിയാലും
പ്രാണൻ രണക്ഷോണിയിലായിരുന്നു.



(4)

മനസ്വിനീമൗക്തികമാലയായ
മാടക്ഷമാമണ്ഡലഭാഗ്യലക്ഷ്മി
തൻ തൈക്കിടാവിങ്കലണച്ചിരുന്നൂ
താൽപര്യവിസ്താരിത ദൃഷ്ടിപാതം.

(5)

ഓടിക്കിതച്ചെത്തിന ദൂതനേക-
നൊരോലയപ്പോൾത്തിരുമുമ്പിൽ വച്ചു;
അവന്റെ കണ്ണീരിൽ നനഞ്ഞൊരക്ക-
ത്തച്ഛപ്രകാശാക്ഷരമായിരുന്നു.

(6)

ഒറ്റക്കരം സ്വല്പമൊരന്നഗോളം
മറ്റേക്കരം മർമ്മഗപത്രബാണം
ഇമ്മട്ടിലേന്തും പ്രഭുവിൻ വയസ്സ-
ന്നേറെക്കവിഞ്ഞാൽപ്പതിനെട്ടുമാത്രം!

(7)

സ്വദുർല്ലലാടാക്ഷരമാല തന്റെ
സൂക്ഷ്മപ്രതിച്ഛന്ദകമെന്ന പോലെ
കാണായൊരപ്പത്രമെടുത്തു നോക്കി
കരൾത്തുടിപ്പേറിന കാശ്യപീന്ദു.

(8)

''പകച്ചിറങ്ങിപ്പടവെട്ടിയെന്റെ
രണ്ടേട്ടരും പെട്ടരുളിക്കഴിഞ്ഞു;
അങ്കം നടക്കുന്നു മുറയ്ക്കു; തായേ!
ഞാനെന്തുമേൽ വേണ, മാതോതിയാലും.''

(9)

എന്നോതി വീർപ്പേറിയിടയ്ക്കു വാക്കു
തട്ടിത്തടഞ്ഞോരു കഴുത്തുയർത്തി
തപ്താശ്രു തങ്ങും മിഴി രണ്ടുമോമൽ-
ത്തങ്കക്കുടം തായുടെ നേർക്കയച്ചൂ.

(10)

സന്ധ്യാംബരം പോലെ മകന്റെ നോട്ടം
ശങ്കാതമിസ്രാങ്കമിയന്നു കാൺകേ
തണ്ടാർ തളർന്നാമ്പൽ വിരിഞ്ഞിടാത്ത
വാപിക്കു നേരായ് ജനനിക്കു വക്ത്രം.

(11)

ആ വീരമാതാവിനതേവരേക്കു-
മപത്യവാത്സല്യ മനോരമങ്ങൾ
ആ ലാക്കിൽ നേത്രങ്ങൾ പകർന്നു കാണാ-
യാക്ഷേപരൂക്ഷേക്ഷണദക്ഷിണങ്ങൾ.

(12)

വളഞ്ഞ ചില്ലിക്കൊടിചൊവ്വിൽ വച്ചും
വഹ്നിസ്ഫുലിംഗം മിഴികൊണ്ടുതിർത്തും
മകന്റെ നേർക്കമ്മ വലിച്ചുവിട്ടാൾ
വാഗ്രൂപമായുള്ളൊരു വജ്രബാണം.

(13)

‘‘എന്തോതി നീയെൻമകനേ? ‘മരിച്ചു
രണ്ടേട്ടരും; ഞാനിനിയെന്തുവേണം’
എന്നോ നിനക്കമ്മയെ-യെന്നെ നോക്കി-
ച്ചോദിക്കുവാൻ തോന്നിയ ചോദ്യമിപ്പോൾ?



(14)

ആദ്യം കുലോദ്ധാരകരാകുവാൻ ര-
ണ്ടാൺമക്കളുണ്ടായ്ച്ചരിതാർത്ഥയാം ഞാൻ
തദ്ദൃഷ്ടിദോഷം മറവാനൊടുക്കം
പെൺപെട്ടയെപ്പെറ്റൊരു പൊട്ടിയായി!

(15)

കാഴ്ചയ്ക്കതും പൂരുഷനെന്നു തോന്നി;
കാര്യം വരുമ്പോളൊരു ഭീരുമാത്രം!
തങ്കത്തിനും പൂച്ചിനുമുള്ള ഭേദം
ശാണോപലാന്ദോളനവേള കാട്ടി !

(16)

അന്ത:പുരത്തിന്നകമക്കിടാവു
കണ്ണും നിറച്ചിന്നു കരഞ്ഞിടട്ടേ;
അല്ലാതെയെന്തെൻ രസനയ്ക്കുരയ്ക്കാം?
അവീരയാം ഞാനസഹായയല്ലോ.

(17)

‘ഞങ്ങൾക്കു മാനം കുലദൈവ’മെന്നു-
ള്ളാദർശവാക്യം പൊരുളുള്ളതാക്കി
മാടക്ഷമാനാഥരിതേവരേക്കും
വാണാർ; അതയ്യോ! നിഗദോക്തി മേലിൽ!

18

തടുത്ത നിൻ ജ്യേഷ്ഠരെ വെട്ടി വീഴ്ത്തി-
സ്സാമൂതിരിപ്പാടടരാടിടുമ്പോൾ
കണ്ണും മിഴിച്ചങ്ങനെ നില്ക്കയെന്നോ
കർത്തവ്യമൗഢ്യാന്ധരിലഗ്രഗൻ നീ?

(19)

തേജോധനം ക്ഷത്രിയജന്മമാണു
ജഗത്തിൽ നീയിന്നു ചരിപ്പതെങ്കിൽ
എൻ പൈതലേ! നിൻ കരളിന്നിതല്ല
സന്ദേഹദോലാവിഹൃതിക്കു കാലം.

(20)

ദൂരത്തിലെങ്ങോ പടപോലുമിങ്ങു
പൊക്കുന്നു വെള്ളക്കൊടി നിൻ കപോലം!
ഇത്താളിലോ മാറ്റലർ നിൻ കുലത്തിൻ
കീർത്തിക്കൊലച്ചീട്ടു കുറിച്ചീടേണ്ടു?

(21)

ഈ മാടരാജാന്വയ, മെന്റെ കുക്ഷി,
മരിച്ചൊരേട്ടർക്കു സഗർഭ്യഭാവം
നിൻ ജന്മ, മിച്ചൊന്നതിനൊക്കെ മേന്മ-
യേകുന്ന ഘണ്ടാപഥമേകമല്ലോ

(22)

ശ്വാസം വിടും ശുഷ്കശവങ്ങളെത്ര
മണ്ണോടുമണ്ണായ് മറവാർന്നിടാതെ
പെറ്റമ്മയാം പാരിനു മാലണയ്പ്പൂ
ഭൂയിഷ്ഠദുർഗ്ഗന്ധമലീമസങ്ങൾ!

(23)

അഖണ്ഡചൈതന്യജനുസ്സുമൂല-
മക്ഷയ്യ സൽകീർത്തി വപുസ്സു നേടി
കാലാജ്ഞ ലംഘിപ്പവരേറെയില്ല
കല്യാണധാമാക്കൾ മൃഗണ്ഡുപുത്രർ.



(24)

ശ്വസിച്ചു ചാകുന്നതിലെത്ര മെച്ചം
മരിച്ചു ജീവിപ്പിതു മന്നിടത്തിൽ!
അതോർത്തു നീ ചെയ്യുക നിന്റെ ധർമ്മം!
അങ്ങേപ്പുറത്തേക്കധികാരി ദൈവം!

(25)

മാടക്ഷിതീദ്രൗപദിതൻ പുകൾപ്പ-
ട്ടരാതി ദുശ്ശാസനനാരഴിക്കും
അസ്സാദ്ധ്വിതന്നാർത്തനിനാദമെത്തി
പൂർണ്ണത്രയീശശ്രുതിമണ്ഡലത്തിൽ.''

(26)

ആദ്യത്തിൽ നിന്ദാരസതിക്തമായു-
മനന്തരം വത്സലരുച്യമായും
തൻ മാതൃവാഗാമലകീഫലത്തെ
മന്നന്റെ കർണ്ണം സുഖമായ് ഭുജിച്ചു.

(27)

അടിക്കലം വിട്ടെഴുന്നേറ്റു ശീഘ്രം
കൈവറ്റുകൂടിക്കഴുകാതെ മന്നൻ
തൻ വാൾ വലിച്ചൂരിയുലച്ചു കൊണ്ടു
സംഗ്രാമികക്ഷോണിയിലേക്കു പാഞ്ഞു

(28)

കണ്ണീർക്കണത്താൽ നനയാതിരുന്ന
കൈയക്കുമാരൻ രണഭൂവിലെത്തി
പ്രക്ഷാളനം ചെയ്തു വിപക്ഷസേനാ-
കണ്ഠസ്ഥലീഗൈരികനിർഝരത്തിൽ

(29)

അടർക്കളപ്പൊയ്കയിലുല്ലസിച്ചൊ-
രരാതിഭൂപാലയശോമൃണാളം
അന്നാൾ ബുഭുക്ഷയ്ക്കടിപെട്ടിരുന്നൊ-
രാരാജഹംസം വഴിപോലശിച്ചു

(30)

രണാങ്കണത്തിങ്കലസുക്കളറ്റു
വീണാൻ നൃപൻ സാധിതപൂരുഷാർത്ഥൻ
കല്യാണമാല്യം ജയലക്ഷ്മി ചാർത്തി
വീരവ്രണം മിന്നിന തൻ ഗളത്തിൽ



# 4.ലീല

കുമാരനാശാൻ

[മലയാളകവിതാരംഗത്തു ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ ഉണ്ടായ നവോത്ഥാനത്തിനു കരുത്തു പകർന്നു കൊടുത്ത മഹാകവിയാണ് കുമാരനാശാൻ (1873-1924). സ്നേഹബന്ധങ്ങൾക്കു പുതിയ അർത്ഥവും മാനവും നല്കാൻ അദ്ദേഹത്തിന്റെ കവിതകൾക്കു കഴിഞ്ഞു. സാമൂഹ്യബോധവും സ്വാതന്ത്ര്യ തൃഷ്ണയും ആത്മീയഭാവവും ആ കവിതകളെ അർത്ഥപൂർണ്ണങ്ങളാക്കി. വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, കരുണ, പ്രരോദനം തുടങ്ങി അനേകം കൃതികൾ അദ്ദേഹം കൈരളിക്ക് സംഭാവന ചെയ്തിട്ടുണ്ട്.

'ലീല'യുടെ ആദ്യഭാഗത്തുള്ള ഏതാനും ശ്ലോകങ്ങളാണ് ഇവിടെ എടുത്തു ചേർത്തിട്ടുള്ളത്.]

(1)

ഉദയപുരമതിന്നുപാന്തമായ്
വിദിതമഹീധരസാനുഭൂമിയിൽ
സദനസുമവനത്തിലൊന്നിലു
ന്മദമരുളും മധുമാസരാത്രിയിൽ,

(2)

വിലസിനറുനിലാവെഴുംലതാ
വലയമിയന്നനിലത്തൊരോമലാൾ
വിലയവിവശമേനി വീണപൂ-
ങ്കുലയതുപോലെകിടന്നിതേകയായ്.

(യുഗ്മകം)

(3)

ക്ഷിതിയിലഹഹ മർത്ത്യജീവിതം
പ്രതിജനഭിന്ന വിചിത്രമാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ.

(4)

മരുവിയവിടെമുമ്പു, ദൂരമാം
മരുവിലകന്നമഹാ്പ്പണങ്ങളിൽ
പെരുവഴിതുണചേർന്നുപോകുവോ-
രൊരുവകയാളുകൾ വൈശ്യവൃത്തികൾ.

(5)

അവരുടെ കുലനാഥനുണ്ടൊരാ-
ളവനിയിൽ വിശ്രുത 'നർത്ഥപാലകൻ'
അവനുതനയയായ് ജനിച്ചുപോ-
ലവികലമാനുഷരൂപമാധുരി.

(6)

ഭവനമണിവിളക്കു, സദ്ഗുണ
പ്രവണതയാർന്നു വളർന്നു നന്ദിനി,
അവനുമമതകൊണ്ടുതുല്യമാ-
യവളുമസുക്കൾ വസുക്കൾ താനുമേ.

(7)

കല, നിശിത കുശാഗ്രബുദ്ധിയാൾ
പലതുപഠിച്ചിതു ശക്തിപോലെയും
വലിയ ധനികനാം പിതാവുതൻ
നിലയിൽ വിചക്ഷണലബ്ധിപോലെയും.

(8)

സകുതുകമഥമത്സരിച്ചുതാൻ
മികവൊടണിഞ്ഞിതു ശൈശവം മുതൽ
പ്രകൃതിയവളെയംഗകാന്തിയാൽ,
സുകൃതിപിതാവുവിഭൂഷണങ്ങളാൽ.



(9)

ലലിത ലലിതമാർന്നു യൗവ്വനം
കുലസുത 'ലീല' - അതാണവൾക്കുപേർ
ലലനകളുടെ ഭാഗ്യയന്ത്രമാ
നിലയിൽ മനസ്സു തിരിഞ്ഞ പോലെപോം.

(10)

മകളൊടുമൊരുമിച്ചുയാത്രയാ-
യകലെയൊരിക്കൽ വണിഗ്വരൻ, തദാ
സകുതുകമവൾ കണ്ടു വർത്തക
പ്രകരമടുപ്പതുതാവളങ്ങളിൽ

(11)

കൊടിയവെയിലുമുഗ്രവ ായുവും
പൊടിയുമിടഞ്ഞു മഹാമരുക്കളിൽ
കടലിൽ ബഹുചരക്കുമാളുമായ്
പടവുകൾപോൽ വരുമൊട്ടകങ്ങളും,

(12)

പടകുടികൾ വെടിഞ്ഞു കുന്നുതൻ
കൊടുമുടി വിട്ട വലാഹകങ്ങൾപോൽ
നെടുവഴികളിൽ നീണ്ടവാഹന-
പ്പടയൊടുപോമുരുസാർത്ഥവാഹരും,

(13)

പലജനത, പലേനിബന്ധനം,
പലനഗരം, പലവേഷഭാഷകൾ
പലതുമിതു കണക്കണഞ്ഞുക
ണ്ടലമവൾമോദവുമാർന്നുബോധവും.

(വിശേഷകം)

(14)

വിഭവമതുകണക്കുവിദ്യയീ-
സുഭഗത, ശോഭന യൗവ്വനാഗമം
ശുഭഗുണയിവയിൽ ചരിക്കയാ-
യഭിമതവാപിയിൽ മുഗ്ദ്ധഹംസിപോൽ.

(15)

കരുതരുതുരുഭൂതികാൺകിലും
സ്ഥിരശുഭയാണിഹ ലീലയെന്നുനാം
പരമരുചിരമാമഹർമ്മുഖം
ചരമധരോപരികാറുനിൽക്കവേ

(16)

ശരി,ഹതവിധിയായമേഘമാർ-
ന്നിരുളുപരന്നിതു, ലോകയാത്രയിൽ
മുറുകിവലിയകോളു, കന്യയാം
ചെറുകളിവഞ്ചികുടുങ്ങിയാടലിൽ.

(17)

വിജയപുരനിവാസി,വർത്തക-
വ്രജപതി, യാവഴിപോന്നുവന്നൊരാൾ
സ്വജനമൊടുവരിച്ചുലീലയെ
നിജസുതനായിവധൂകരിക്കുവാൻ.

(18)

കമനനഥ മകൾക്കവൻ യുവാ,-
സമധന വംശനിണങ്ങുമെന്നുതാൻ
മമതയൊടുമുറച്ചുചെയ്തുപോയ്
സമയവുമങ്ങനെയർത്ഥപാലകൻ.



(19)

അവിഹിതമിഹരക്ഷ്യരോടൊരാൾ-
ക്കവികലമാം പ്രഭുഭാവം, അല്ലതും
യുവജനഹൃദയം സ്വതന്ത്രമാ-
ണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ.

(20)

മദന'നിതിപുകഴ്ന്നു,മാധുരീ
സദനമതായസഖാ, ഗുണോത്തരൻ
സദനനികടവർത്തിയുണ്ടൊരാൾ
ഹൃദയമവന്നവൾ നൽകിമുന്നമേ.

(21)

ദുഹിതൃപരിണയോത്സവം യഥാ
വിഹിതമൊരുക്കിവഴിക്കുവർത്തകൻ
അഹഹ! പിതൃനിയോഗഖിന്ന, ദു-
സ്സഹമഴലപ്പൊഴറിഞ്ഞു ബാലിക.

(22)

പഴകിയ തരുവല്ലിമാറ്റിടാം
പുഴയൊഴുകും വഴിവേറെയാക്കിടാം
കഴിയുമവ; മനസ്വിമാർമന-
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ.

(23)

ഗുരുജനവചനം കുലക്രമം,
തരുണികൾ തന്നുടെയസ്വതന്ത്രത
കരുതിയിവ മറച്ചു കാമിതം
കരുമനപൂണ്ടിവൾ കാട്ടിലൗകികം.

(24)

വിനയവതിയുഴിഞ്ഞുവിട്ടിടാം
ജനകഹിതത്തിനുതന്നെതൻഹിതം
അനഘനവനനന്യരാഗനാ-
മനുകനെയെങ്ങനെയാഴ്ത്തുമാർത്തിയിൽ?

(25)

കദനമിതൊഴിയാതെകഷ്ട!മീ
മദനഗതാശയമാഴ്കി-നിഷ്ഫലം
വിദയനിയതി, ദുസ്തരൗഘ, -യാ
നദിയെയെതിർത്തൊരു ജന്തുനീന്തുമോ!



# 5. തൈപ്പൊങ്കൽ

ജി.ശങ്കരക്കുറുപ്പ്

[കവിത്രയത്തിന് ശേഷം മലയാളകവിതാരംഗത്തു ഏറ്റവും ശ്രദ്ധേയനായിത്തീർന്ന കവിയാണ് ജി.ശങ്കരക്കുറുപ്പ് (1901 1978). ഒരു കാലഘട്ടത്തിലെ മലയാള കവിതയുടെ പ്രതീകമായി വർത്തിക്കുകയും ഒന്നാമത്തെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ചതോടെ ഭാരതീയ കവിയായി അംഗീകരിക്കപ്പെടുകയും ചെയ്ത മഹാകവി യാണ് അദ്ദേഹം. ആശയങ്ങളുടെയും കല്പനകളുടെയും ഔന്നത്യവും നൂതനത്വ വുമാണ് അദ്ദേഹത്തിന്റെ കവിതകൾക്കു തിളക്കവും ഗാംഭീര്യവും നല്കുന്നത്. സാഹിത്യകൗതുകം, നവാതിഥി, ചെങ്കതിരുകൾ, വെള്ളില്പറവകൾ, നിമിഷം, അന്തർദ്ദാഹം, പാഥേയം, ഓടക്കുഴൽ, വിശ്വദർശനം, ജീവനസംഗീതം തുടങ്ങിയ അനേകം കൃതികൾ അദ്ദേഹത്തിന്റേതായി നമുക്ക് ലഭിച്ചിട്ടുണ്ട്.

'ജി'യുടെ തെരഞ്ഞെടുത്ത കവിതകൾ എന്ന സമാഹാരത്തിൽ നിന്ന് സ്വീകരിച്ചിട്ടുള്ളതാണ് പാഠ്യഭാഗം]

വീണമീട്ടുകകവേ, നവവർഷാരംഭത്തിൽ
പ്രാണനിൽനവോന്മേഷം തളിർത്തു തഴയ്ക്കുമ്പോൾ,
ചെന്തമിൾ വികസിച്ചു വീശിടും സൗരഭ്യത്താ-
ലന്തരംഗത്തിൽ കുളിർകോരിയിട്ടീടും നാടേ,
വന്ദനം! ഞാൻ സൗഭാഗ്യം നേരുന്നൂനിനക്കും നിൻ
സുന്ദരസുകുമാരഭാഷയ്ക്കും മേലേമേലേ.
കമ്പർതൻകവിതയും പുണ്യയാം കാവേരിത-
ന്നിമ്പമേറീടും സൗമ്യോദാരമാംതിരകളും
തഴുകിവരുന്നോരുതൈക്കുളിർപ്പൂന്തെന്നലിൽ
മുഴുകീടുമ്പോളേലുമാ നന്ദമാണാനന്ദം
മലയും കാടും മേടും വേർപെടുത്തുന്നീലല്ലോ
പലനാളൊന്നായ് നിന്ന ജനതാഹൃദയത്തെ!
ഒരു തേൻകനിയിലെ രണ്ടുബീജത്തെപ്പോലെ-
യുരുസാദൃശ്യം പൂണ്ടപണ്ടത്തെസ്സംസ്കാരത്തെ!

ആ മുല്ലപ്പെരിയാറ്റിൽ നിന്നലയടിച്ചാർത്തു
വാർമുറ്റും മലനാട്ടിൻ നിത്യസൗഹാർദ്ദം പോലെ
ചെന്നിടും ജലത്താലേ'വൈഗ'പോലയേ! പണ്ടു
നിന്നിലെച്ചിരന്തനസാഹിത്യങ്ങളിൽ നിന്നും
ഒളിയാർന്നൊഴുകിയോരൗദാര്യമാധുര്യത്തിൻ
തെളിയായ്നിറമാർന്നതല്ലല്ലീമലയാളം?
പൊന്നിലും നിറം കൂടും നിജഭാവനകൊണ്ടു
വെന്നിചേർപ്പുക'ളിളംകോവടി'നിൻതൃക്കാലിൽ
കാതിനും കരളിനും കുളിരുണ്ടാകുംവണ്ണം
പ്രീതിയാലണിയിച്ച ചിലമ്പിൻശിഞ്ജാരാവം
ഉളവാക്കുന്നില്ലല്ലീ പൂർവ്വസൗഹാർദ്ദാഹ്ലാദ-
പുളകം വീണ്ടും വീണ്ടും മിന്നും ചെന്തമിൾനാടേ!
ഞങ്ങളാശംസിക്കുന്നു, നവവത്സരാനന്ദ-
'പ്പൊങ്ങലി'ൽ നവനവസൗഭാഗ്യംനിനക്കാര്യേ!
ഏഴുതേർക്കുതിരയെപ്പൂട്ടിയ തേരിൽക്കേറി-
യേഴുരശ്മിയാം കടിഞ്ഞാണുകൾ കയ്യിൽപ്പേറി
''ദൂരെജ്ജാഡ്യമേ, ദൂരെത്തമസ്സേ, നിന്നീടായ്ക
നേരെ''യെന്നോതിപ്രസന്നോഷ്മളഭാവത്തോടെ
പൊൻപൊടിതൂവിക്കൊണ്ടുപൂർവ്വചക്രവാളത്തി-
ലൻപൊടുവടക്കോട്ടുയാത്രയ്ക്കായണയുമ്പോൾ
നിന്നപാടു,ഹാ,നിന്നുപോവുന്നൂ തമിഴ്നാട്ടിൻ
സുന്ദരമുഖം കണ്ടുകണ്ണെടുക്കാതേസൂര്യൻ.
ഇളവെയ്ലിനാൽ സ്വർണ്ണവർണ്ണമാം തൂമഞ്ഞിൽപ-
ട്ടിളകുന്നതിൽക്കൂടി, യൂർന്നിടുന്നതിൽക്കൂടി,
കരിമ്പിന്നോലത്തുമ്പിൻ പാളികള്ളകങ്ങ-
ളരിയോരിളംകാറ്റിലവ്യക്തമനങ്ങവേ
കവിളിൻ മഞ്ഞത്തുടുപ്പാർന്ന മഞ്ഞളും, വാക്കിൻ
കവിയും തൂമാധുര്യം പകർന്ന കരിമ്പും, ഹാ



കങ്കണഘണഘണക്വണിതം കോലും കൈയാ-
ലങ്കണമലങ്കരിച്ചു പഹാരമായ്‌വച്ചും
നന്ദിയും നവാഭിലാഷങ്ങളുമോളം തല്ലും
നിന്ദിതാമൃതഗീതം കമ്പിക്കും ചുണ്ടത്താർന്നും
ദ്രാവിഡമഹാരാജ്യലക്ഷ്മിയാളെതിരേറ്റാ-
ലാവിധമാകൃഷ്ടനായേതു ദേവനും നിൽക്കും.
നവരാഗമാർന്നോരാ ശ്യാമതൻ കവിൾക്കൂമ്പി-
ലെവനും തലോടിപ്പോം, തന്നത്താൻ മറന്നു പോം!
സാഗരംവികാരവിക്ഷുബ്ധമാ യിപ്പോം;നാനാ-
രാഗത്തിലാസ്സൗഭാഗ്യധാമത്തെവാഴ്ത്തിപ്പോവും!
ദ്രാവിഡമഹാരാജ്യലക്ഷ്മിയാൾ കലാശില്പ-
കോവിദമാകും കയ്യുതീർത്തമൺകലം തന്നിൽ
നിജചാരിത്രത്തിന്റെ വെണ്മയും, സ്മിതത്തിന്റെ
നിസർഗ്ഗമനോഹരമാധുരീസർവ്വസ്വവും,
പകർന്ന നറും പാലിൽ മുത്തുപോൽ വെളുപ്പിച്ചു
മികവോടരിയിട്ടുവേവിച്ചുനിവേദിക്കെ,
അമൃതാശനന്മാരിലഗ്രഗണ്യനാം ദേവ-
നമൃതേത്തിനെത്തുന്ന'പൊങ്കലേ'ജയിച്ചാലും!
സ്വാദുവാം നിവേദ്യത്തെയൊരിക്കൽ നുകർന്നാണ്ടിൽ
മേദുരസുഖങ്ങളെത്തെന്നിന്ത്യക്കലിഞ്ഞെന്നും
മാരിയായ്പെയ്യുംതേജോമയനാം ഭഗവാനേ
ഹാരിയാമവിടത്തെ നീണ്ടതൃക്കരങ്ങളാൽ ,
താടയാട്ടിയും പൂഞ്ഞുതുള്ളിച്ചും കുറിതൊട്ടു
മോടിയിൽച്ചുരമാന്തിമുക്രയിട്ടുകൊണ്ടോടി
പച്ചമൈതാനം തോറുമിളവെയ്‌ലിലാറാടി-
യിച്ഛപോലെമേയുന്ന മാടിനെ, ക്കിടാവിനെ
വത്സലഭാവത്തോടേതടവാനവിടന്നു
വത്സരം തോറും വന്നു 'പൊങ്കലിൽ'ത്തെളിഞ്ഞാവു

# 6. ശ്രുതിപ്പെട്ടി

ഒളപ്പമണ്ണ

[ഒളപ്പമണ്ണ എന്ന ഇല്ലപ്പേരു കൊണ്ട് അറിയപ്പെടുന്ന സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് (1923- 2000) വ്യക്തിഗതവും സാമൂഹ്യവും ആയ സുഖദു:ഖങ്ങൾ കണ്ടറിയുകയും അവയുടെ പിന്നിൽ വർത്തിക്കുന്ന ശക്തിവിശേഷങ്ങളെ ക്കുറിച്ചു ചുഴിഞ്ഞാലോ ചിക്കുകയും ചെയ്യുന്ന കവിയാണ്. തന്റെ ഹൃദയത്തെ സ്പർശിച്ച സത്യങ്ങൾ വൈകാരികാനുഭൂതിയോടെ അനുവാചകരുടെ മുമ്പിൽ അവതരിപ്പിക്കാൻ സ്വന്തമായൊരു കാവ്യശൈലിയും അദ്ദേഹത്തിനുണ്ട്. വീണ, കുളമ്പടി, കിലുങ്ങുന്ന കയ്യാമം, നങ്ങേമക്കുട്ടി, പാഞ്ചാലി, കഥാകവിതകൾ, ജാലകപ്പക്ഷി തുടങ്ങിയ അനേകം കൃതികൾ അദ്ദേഹത്തിന്റേതായി നമുക്ക് ലഭിച്ചിട്ടുണ്ട്.

'ജാലകപ്പക്ഷി'യിൽ ഉൾപ്പെടുത്തിയിട്ടുള്ള കവിതയാണ് 'ശ്രുതിപ്പെട്ടി'.]

പണയം മേടിച്ചതാം
ശ്രുതിപ്പെട്ടിയിലെൻ കൈ-
യുണരും നേരത്തേതോ
മുള്ളുള്ളിൽ കുത്തിക്കേറി.
പാടുവാനിരിക്കുമെൻ
മനസ്സിലിഴയവേ
വേദനയുടെ നീണ്ട
നൂലു പോലതിന്നീണം,
കണ്ണി, ലീ ശ്രുതിപ്പെട്ടി
ചടച്ച കൈയിൽത്തൂക്കി
വന്നു നില്ക്കുകയാണ-
ച്ചെറുപ്പക്കാരൻ തച്ചൻ
അകന്നു നിന്നാനൊന്നും
മിണ്ടാതേ കുറെ നേര-



മവനാ വെയിലത്തു
നിഴലെന്നതു പോലെ.
''എന്തേ നീ പോന്നൂ?'' പെട്ടി
താഴത്തു വെച്ചിട്ടപ്പോൾ-
ത്തൊണ്ടയിൽക്കണ്ണീരോടും
തൊഴുകൈയോടും കൂടി,
''കടന്നു മറിയാനി-
ക്കള്ളക്കർക്കിടമാസം
കടമായടിയന്നൊ-
രഞ്ചുറുപ്പിക വേണം.
ഉറപ്പിന്നിവിടെയി-
പ്പെട്ടിയും വെച്ചീടാ,'' മെ
ന്നുരയ്ക്കുമാശാരിത-
ന്നശ്രുപൂർണ്ണമാം കണ്ണിൽ
പണ്ടു താൻ തിരുപ്പൂരിൽ-
ജ്ജോലിചെയ്തിരുന്നപ്പോൾ-
ക്കൊണ്ടന്നു കൊടുത്തൊരീ
ശ്രുതിപ്പെട്ടിയും മീട്ടി
പാതിരാക്കുയിലെന്ന
പോലവേ സ്വയം മുങ്ങി-
പ്പാടിക്കൊണ്ടിരിപ്പൂ ത-
ന്നാരോമൽക്കമ്മാളത്തി!
(കനിവിൻ കണമാണോ?)
നാലഞ്ചു വെള്ളിത്തുട്ട-
പ്പണിയായുധത്തഴ-
മ്പേലും തൻ കയ്യിൽ വീഴ്കേ,
അത്തച്ചൻ കണ്ടൂ മരം
കാണാതെ തുരുമ്പിക്കും
ചെത്തുളികഞ്ഞിക്കായി-
ക്കരയും കിടാവിനെ,

തകരും സ്വപ്നത്തെപ്പോ-
ലവിടെപ്പെണ്ണാളേയും!
നടന്നു പോയാനവൻ
നിഴലിൽ കാൽവെപ്പോടെ.
ആ യുവാവൊരു ദു:ഖ-
ചിന്തയെപ്പോലങ്ങനെ
മായാതെൻ മനസ്സിലൂ-
ടലഞ്ഞു നടക്കുമ്പോൾ,
പണയം മേടിച്ചോരീ
ശ്രുതിപ്പെട്ടിയിലെൻ കൈ-
യുണർന്നീ, ലേതോ മുള്ളെൻ
വിരലിൽത്തറയ്ക്കയാൽ.
കർക്കിടം 'നിറപറ',
'പത്തായം നിറ'യെന്ന
പൊൽക്കിനാക്കളും കണ്ടേ-
യുറങ്ങീ കുഴമണ്ണിൽ.
അക്കുഴമണ്ണിലോണ-
ത്തൂമലർ വിരിയുമ്പോൾ,-
ത്തൃക്കാക്കരപ്പന്മാരൊ-
ത്തുണർന്നൂ തിരുവോണം.
അണയും പൊന്നോണത്തെ-
ക്കീർത്തിച്ചു പാടീടുന്നു-
ണ്ടകത്താ ശ്രുതിപ്പെട്ടി
മീട്ടിക്കൊണ്ടെന്നോമന.
വേദനയുടെ നീണ്ട
നൂലുപോലതിന്നീണ-
മാധികൊണ്ടീടുന്നൊരെൻ
മനസ്സിലിഴയുമ്പോൾ,
വന്നാനത്തച്ചൻ തിരു-
വോണക്കാഴ്ചയുമായെൻ



മുന്നിൽ: അക്കയ്യിൽ മര-
ക്കയിലും മരികയും!
കാണിക്ക താഴത്തു വെ
ച്ചുണക്കക്കയ്യാൽ കൂപ്പി,
മാറി നിന്നപ്പോളവ-
നോടു ഞാൻ പറയുന്നൂ
''പണയപ്പണം പിന്നീ-
ടുണ്ടായാലുണ്ടാകട്ടേ;
മടക്കിത്തരുന്നൂ ഞാൻ
നിനക്കീ ശ്രുതിപ്പെട്ടി.''

# 7. ചോറൂണ്

ഒ.എൻ.വി.കുറുപ്പ്

[ആധുനികലോകത്തിന്റെ സന്തോഷങ്ങളും ദു:ഖങ്ങളും സംഭ്രാന്തികളും കവിതയിലൂടെ അനുവാചകർക്കു പകർന്നു കൊടുക്കുന്ന പ്രശസ്തകവിയാണ് ഒ.എൻ.വി കുറുപ്പ്. (1931 -) വൈകാരികാനുഭൂതികൾ ഉളവാക്കാനും ചിന്തകളെ ഉണർത്താനും പര്യാപ്തമാണ് അദ്ദേഹത്തിന്റെ ആവിഷ്കരണശൈലി. ദാഹിക്കുന്ന പാനപാത്രം, മയിൽപ്പീലി, അഗ്നിശലഭങ്ങൾ, കറുത്ത പക്ഷിയുടെ പാട്ട്, ഉപ്പ്, ഭൂമിക്കൊരു ചരമഗീതം, ഉജ്ജയിനി തുടങ്ങി അനേകം കൃതികൾ ഒ.എൻ.വി.യുടേതായി നമുക്ക് ലഭിച്ചിട്ടുണ്ട്.

'മയിൽപ്പീലി' എന്ന സമാഹാരത്തിൽ നിന്ന് എടുത്തുചേർത്തിട്ടുള്ളതാണ് 'ചോറൂണ്']

മോഹിച്ച കണ്ണിനുപൊൽക്കണിപ്പൂക്കളും
ദാഹിച്ച ചുണ്ടിന്നുനൽത്തേൻകനികളും
നേദിച്ചു കൈകൂപ്പിവൈശാഖകന്യക
മേദിനിതൻനടപ്പന്തലിൽ നിൽക്കവേ
പാഴ്ച്ചെടിയും കടിഞ്ഞൂൽക്കനിയെത്തോളി-
ലേറ്റി നിന്നാഹ്ലാദനൃത്തം തിമിർക്കവേ
പാടങ്ങൾ ചൈത്രോപവാസയജ്ഞം കഴി-
ഞ്ഞാടൽതീർത്തിത്തിരിദാഹനീർമോന്തവേ
കോരിത്തരിച്ചതുപോലിടതൂർന്നിളം
ഞാറുകളെങ്ങും വിരിഞ്ഞുനിന്നാടവേ
പൊട്ടവരമ്പിലും നെല്ലിമലരുകൾ
സർഗ്ഗപ്പുളകപ്പൊടിപ്പുകൾകാട്ടവേ
അന്നൊരുപൂമ്പുലർവേളയിലീവയൽ-
ച്ചന്തം നുകർന്നു നുകർന്നു നടന്നുപോയ്



നാമിരുപേർ; നിൻ ചുമൽ ചേർന്നു കുഞ്ഞുമോ-
നോമൽത്തളിർവിരലുണ്ടുമയക്കമായ്!

മിന്നുമിളം വെയിലായിരം സൗവർണ്ണ
തന്ത്രിയിണക്കിയ വിൺമണിവീണയിൽ
ഏതോകരങ്ങളിടയ്ക്കിടെസ്പർശിച്ചു
നാദകണങ്ങൾ തെറിപ്പിച്ചമാതിരി
കേട്ടുനാം പൈങ്കിളിത്തേൻ മൊഴി;യെന്നിലെ
പാട്ടുകാരൻ തെല്ലു കാതോർത്തുനിൽക്കവേ,
'നേരമായ്', 'വൈകും', 'വെയിലിന്നു ചൂടേറു'-
മോരോന്നിതുപോൽതിടുക്കം പറഞ്ഞനീ
ഇത്തിരി ദൂരെത്തുടുത്തു നൽക്കും രണ്ടു
ചെത്തിപ്പഴം കണ്ടു നിന്നു പൊടുന്നനെ.

എത്ര വളർന്നുനീ, പത്നിയായമ്മയായ്
എത്രപിന്നിട്ടു വഴിത്തിരിവെങ്കിലും
നിന്നിലെ നിത്യകൗമാരയാം മറ്റൊരു
നിന്നെയാണങ്ങുഞാൻ കണ്ടതുമൽസഖീ!
മേലേവരമ്പിൻ ചെരിവിലൂടെ ചാഞ്ഞു
ശീലക്കുടയൂന്നിയൂന്നിയിറങ്ങിഞാൻ
തെച്ചിപ്പഴങ്ങളടർത്തു സൗഗന്ധിക
പുഷ്പജേതാവായി നിൻ മുന്നിലെത്തവേ,
''ഒന്നെനി, ക്കൊന്നു നിനക്കെ''ന്നുഞാനവ
പങ്കി ട്ടൊരെണ്ണമെൻ നാവലിയിക്കവേ,
'കുഞ്ഞുമോനിഷ്ടാവു'മെന്നോതിനിന്റെ കൈ-
ക്കുമ്പിളിൽത്തന്നെയൊതുക്കിനിന്നോഹരി
എത്രവേഗം വീണ്ടുമോമനേ, നിന്നിലെ
കൊച്ചു കുസൃതിക്കുടുക്കയൊരമ്മയായ്!

നൂലുപോൽ ദൂരത്തു നേർത്തുകാണും റെയിൽ-
പ്പാളത്തിലൂടൊരു വണ്ടി കിതച്ചുപോയ്
തത്തക്കിളിപ്പട്ടുതൂവലിൻതൂമയിൽ
തത്തിക്കളിച്ചുതൈത്തെന്നലിൽഞാറുകൾ
വാകയും കൊന്നയും പൂച്ചെണ്ടുനീട്ടി,യാ
വാരുറ്റപച്ചപ്പരപ്പിൻവശങ്ങളിൽ
കാലിക്കിടാത്തനു , മത്താണിയിൽ തന്റെ
കായ്കറിക്കെട്ടുമായ്നിന്നചെറുമനും
വെള്ളിച്ചിലമ്പിന്റെ താളത്തിനൊത്തെഴു-
ന്നള്ളിയ പട്ടിൽപൊതിഞ്ഞൊരു'ബീവി'യും
നമ്മെക്കടന്നുപോയ്നാട്ടിൻ പുറത്തിന്റെ
നന്മകളാം ചില വൃദ്ധകൃഷകരും!
നമ്മളെനോക്കിയാമൈനകൾ തങ്ങളിൽ
നർമ്മമധുരമായെന്തോമൊഴിഞ്ഞുവോ?
മിണ്ടിയി,ല്ലെന്നാൽ പരസ്പരം; നാം ദിവ്യ
ഗന്ധങ്ങളന്തരാത്മാവാൽ നുകരവേ.

ഓമൽക്കളിത്തോഴരൊത്തു നീയീവഴി-
യോടിക്കളിച്ചതാണെത്രയോവത്സരം
ചെത്തിപ്പഴങ്ങൾ, മയിൽപ്പീലികൾ, വള-
പ്പൊട്ടുകൾ, ചോക്കിൻ കഷണങ്ങളാലുമേ
പിഞ്ചുഹൃദയങ്ങൾ കെട്ടിപ്പടുത്തതാ-
മഞ്ചിതസൗഹൃദകേളീഗൃഹങ്ങളെ
കാതരമാകുമുൾക്കണ്ണുകളാൽ സഖി
തേടുകയോവീണ്ടുമീവഴിവക്കിൽനീ?
എന്നാലരക്കില്ലമെല്ലാമെരിഞ്ഞുപോയ്
ഇന്നതിൻ ധൂമസുഗന്ധമാണോർമ്മകൾ!
നീനുകർന്നാലുമതെന്നും! എന്നുള്ളിലും
നീലമേഘങ്ങളുദിപ്പിച്ചിതോർമ്മകൾ



പാടവും കൈതമലർപ്പോളചൂടിയ
കാടും, മുളംകിളിപാടുംതണൽകളും,
പണ്ടൊരവിൽപ്പൊതിനേടിയഭാഗ്യങ്ങൾ
വഞ്ചി തുഴയുവോർപാടുന്ന കായലും,
കൊറ്റികൾ, കൊച്ചു കൊതുമ്പുവള്ളങ്ങളും,
'നിശ്ചലജീവിതം' കാട്ടുന്നതീരവും,
ചൂടിപിരിക്കുന്നറാട്ടിന്റെ വാദ്യസം-
ഗീതമലയടിക്കുന്ന തൊടികളും,
കാനനമൈനവിരുന്നു വരാറുള്ള
കാവും, കളരിയു, മാമ്പൽക്കുളങ്ങളും
-എന്റെയുൾന്നാട്ടിന്നഴകുകളോർത്തുഞാൻ;
എങ്കിലും നിന്നിലസൂയയാർന്നെൻ മനം.

പിന്നിട്ടു പാടങ്ങൾ മുന്നിലായ്ക്കണ്ടുനാം
പൊന്നിളവെയ്‌ലണിനാവാമണൽപ്പുറം
എത്രമേൽധന്യമല്ലിമ്മണൽത്തിട്ടിലെ-
പ്പൊൽത്തിരുവോണനിലാവുണ്ടശൈശവം!
ദേവതാത്മാവാം ഹിമവാന്റെ വംശജൻ
ആവീതസസ്യഹരിതപട്ടാംബരൻ
സഹ്യനുദാരകരങ്ങളാലേകുന്ന
സൽക്കാരസൗഭാഗ്യമാർന്നൊരിസ്സാനുവിൽ
ആദിയുഗപ്രഭാതം മുതൽക്കിന്നോള-
മാദരാലായിരമഞ്ജലീമൊട്ടുമായ്
അന്ധതമസ്സിൽ നിന്നന്തമില്ലാതെഴും
ബന്ധുരജ്യോതിസ്സിലേക്കു നയിക്കുവാൻ
വിണ്ണിനെധ്യാനിച്ചു മന്ത്രം ജപിക്കുന്ന
പുണ്യനദികൾക്കനുജത്തിയാം നിള
മുഗ്ദ്ധ വിശുദ്ധാം ഹൃത്തിൻമിടിപ്പുകൾ
നിത്യം പകരുമിസ്സൈകതസാനുവിൽ

ചിന്നിച്ചിതറിയബാല്യസ്മൃതികളിൽ-
നിന്നു തേനുണ്ണുവാൻ പാഞ്ഞുപോയ്നിൻമനം
ഓർത്തുഞാൻ നമ്മൾ തൻ പൂർവ്വികരാംവീര-
യോദ്ധാക്കളെ,ത്തെച്ചിമാലയും കച്ചയും
അങ്കപ്പടവാളുമായിനിരന്ന,വർ
സംഗരനൃത്തം തിമിർത്തതാണിന്നിലം
അമ്മവീരപ്രസുവായിപോൽ, പൈതങ്ങ-
ളങ്ങനെ തങ്ങളിൽ വെട്ടിമരിക്കവേ!
മാമലനാട്ടമ്മപൊട്ടിക്കരഞ്ഞൊരാ
മാഘമകത്തിരുനാളുകളെപ്പറ്റി
ഭദ്രേ, നിളാദേവി പാടുകയല്ലല്ലീ
തത്ത്വവിചാരമധുരമാംഗീതികൾ?
തൃഷ്ണാക്ഷയശാന്തിപോൽശ്വേതശുദ്ധമായ്
ശുഭ്രവിശാലമായ്മേവുമീവേദിയിൽ
വീരേതിഹാസമനോജ്ഞമാമീമണൽ-
ത്തീരത്തുനിശ്വാസപുഷ്പങ്ങൾതൂകിനാം!

ശംഖൊലികേൾക്കയായ് തെല്ലകല, ത്തെന്തു
വൈകിയോ?- പാഠശാലപ്പറമ്പേറിനാം
പോകവേ, കേൾക്കായിരണ്ടുസംസ്ക്കാരങ്ങൾ
പോറ്റി വളർത്തിയരണ്ടു നൽഭാഷകൾ!
ആറേഴു കുട്ടികളുണ്ടൊരേട; 'ത്തതാ
ഷാരടിമാഷെ'ന്നു മെല്ലെപ്പറഞ്ഞുനീ
കേട്ടുനാം,'' പൂർണ്ണതാഗൗരവായ!'' ചൊല്ലി
നിർത്തിയൊരുപദ്യമാചാര്യനങ്ങനെ.
ആര്യപുരാതന സംസ്കൃതിതൻസ്വര-
മാധുരിതെല്ലനുകർന്നു നടന്നുനാം.
ഓലമേഞ്ഞുള്ളൊരു കൂരയ്ക്കകത്തിരു-
ന്നോത്തുപഠിക്കെയിസ്ലാമിൻകുരുന്നുകൾ



പണ്ടുപണ്ടപ്പടിഞ്ഞാറൻമരുക്കളിൽ
ചെണ്ടിട്ട സംസ്കൃതിതൻസ്വരം കേട്ടു നാം
എല്ലാം വളരുന്നു, പൂക്കുന്നു, കായ്ക്കുന്നി-
തെല്ലാറ്റിനും വളക്കൂറുറ്റതിന്നിലം.
ഊഴിതന്നക്ഷയപാത്രത്തിൽ നിന്നൊരേ
സൂരന്റെ ചൂടും വെളിച്ചവുമുണ്ണുവോർ
വർണ്ണങ്ങൾ, ചൊല്ലുകൾ, വെവ്വേറെയെങ്കിലും
ഒന്നിച്ചു കൂടിക്കഴിഞ്ഞതാണിന്നിലം
'ഈശനുമള്ളാവും - ഏകമാം സത്യത്തി
നീരില പോലുള്ളവാമിണപ്പേരുകൾ!'
ഈയുഗത്തിന്റെ മനസ്സാക്ഷിപാടിയോ-
രീരടിയെന്നേയറിഞ്ഞതാണിന്നിലം!

''മോനുമാമുണ്ണുവാൻ നേരമായ്'' - നീകുഞ്ഞു-
മോനേയുണർത്തിയൊന്നിക്കിളികൂട്ടവേ
അമ്പരന്നാമലർക്കണ്ണുതുറന്നുണ്ണി;
അമ്പലവാതിൽകടന്നു കൈകൂപ്പിനാം
''മാമുണ്ണണോ? മോനു മാമുവേണോ''- ചുറ്റു
മായ് നിരന്നൂസുഹൃത്തുക്കൾ ബന്ധുക്കളും
കൊച്ചുമകനെമടിയിലിരുത്തിമു-
ത്തച്ഛനാക്കുഞ്ഞിക്കരങ്ങൾ കൂപ്പിക്കവേ,
പിന്നെ,യാനേദിച്ചെടുത്ത വിശിഷ്ടമാ-
മന്നവുമുപ്പും കലർത്തി നൽകീടവേ
മുത്തരിപ്പല്ലുമുളയ്ക്കാത്ത വായ്മലർ
പുത്തനായെന്തോനുണഞ്ഞറിഞ്ഞീടവേ,
പൂത്തിരികത്തിക്കെബന്ധുജനാഹ്ലാദ-
വായ്ത്താരികൾ, മന്ദ്രം തുടികൊട്ടവേ
മെല്ലെക്കുനിഞ്ഞു നിന്നുണ്ണിതൻചുണ്ടുകൾ-
ക്കുള്ളിലായ്തെച്ചിപ്പഴമൊന്നു വെച്ചുനീ

‘ഭൂമി തന്നുപ്പുനുകർന്നുനീ പൈതലേ
ഭൂമിതന്നുപ്പായ്‌വളരുകെ’ന്നിങ്ങനെ
പാടുകയായിതെൻമൗന, മൊരീരടി
കൂടിക്കുളിർകാറ്റിൽമൂളിപ്പറന്നുപോയ്:
‘‘ഉണ്ണീമറക്കായ്ക പക്ഷേ, യൊരമ്മതൻ
നെഞ്ചിൽ നിന്നുണ്ട മധുരമൊരിക്കലും’’
എന്റെയുൾക്കണ്ണിൽ പൊടിഞ്ഞൊരശ്രുക്കൾ നീ
കണ്ടില്ല; യെങ്കിലും പന്നെയും കണ്ടുനാം
പുണ്യനിളാനദിപാലമൃതൂട്ടുന്ന
പൊന്നിളവെയ്‌ലണിനാവാമണൽപ്പുറം



# 8. ഗാന്ധാരി

തിരുനല്ലൂർ കരുണാകരൻ

[ജീവിതത്തിന്റെ ഊഷ്മളഭാവങ്ങൾ വൈകാരികതീക്ഷ്ണതയോടെ ആവിഷ്കരിക്കാൻ ശ്രമിക്കുന്ന തിരുനല്ലൂർ കരുണാകരൻ (1924- ) ആധുനിക പുരോഗമന കവികളിൽ പ്രമുഖനാണ്. സൗന്ദര്യത്തിന്റെ പടയാളികൾ, പ്രേമം മധുരമാണ് ധീരവുമാണ്, രാത്രി, റാണി, അന്തിമയങ്ങുമ്പോൾ. തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. ‘തിരുനല്ലൂർ കരുണാകരന്റെ കവിതകൾ’ എന്ന സമാഹാരത്തിൽ നിന്നു എടുത്തു ചേർത്തിട്ടുള്ളതാണ് പാഠ്യഭാഗം.]

ശിശിരാകാശത്തിലൂ-
    ടൊഴുകും വിഷാദത്തിൻ
ചെറുതാമൊരു തുള്ളി-
    യുള്ളിൽ വീണലിയുമ്പോൾ,
സാന്ധ്യരക്താഭയ്ക്കുമേൽ
    വിണ്ണിൽനിന്നൊരു നേർത്ത
ശാന്തനീലിമ വീണെൻ
    കൺകളെത്തഴുകുമ്പോൾ,
സീമകളനുക്ഷണം
    മാഞ്ഞുപോമൊരു മരു-
ഭൂമിതൻ മൗനത്തിങ്ക
    ലൂടെ ഞാൻ നടക്കുന്നു.
ദൂരചക്രവാളത്തിൽ
    പൊങ്ങിടുമിരുളിന്റെ
ധൂളികൾ കാണെക്കാണെ-
    ക്കടലായ് വ്യാപിക്കവേ,

ഒന്നിച്ചു സഹസ്രാബ്ദ-
നിദ്രവിട്ടെഴുന്നേറ്റു-
വന്നിടും പ്രേതങ്ങൾതൻ
കാൽപ്പെരുമാറ്റംപോലെ
മണൽ പാറിടുമാറു
കാറ്റടിക്കുന്നു; മങ്ങും
മരുവിസ്തൃതിയുടെ
മാറിടം കിതയ്ക്കുന്നു.
കാലമീയവിരാമ-
ശൂന്യതാമാർഗ്ഗങ്ങളിൽ
കാലുകുത്തുമ്പോൾ സ്വയം
മരവിക്കുകയല്ലോ.
ഇസ്ഥലമേതാണെന്നെൻ
പിറകേ നടക്കുന്ന
വൃദ്ധനോടയാളുടെ
ഭാഷയിൽ ചോദിച്ചു ഞാൻ.
ചുണ്ടുകൾ നനച്ചുകൊ-
ണ്ടാവണം മന്ത്രിച്ചയാൾ:
''പണ്ടു ഭാരതയുദ്ധം
നടന്ന കുരുക്ഷേത്രം.''
ഞെട്ടി ഞാൻ വിറച്ചേപോയ്;
ഞാൻ ചവിട്ടിയ മണ്ണിൽ
തൊട്ടു നിൽക്കുന്നു മൃത്യു,
തൻ മഹാസാമ്രാജ്യത്തിൽ.
എന്റെമേൽ കബന്ധങ്ങൾ
വീഴുന്നു, പിടഞ്ഞെഴു-
ന്നേറ്റു തുള്ളുന്നു, വീണ്ടും
വീണുടൻ പിടയുന്നു.
ചിതറും തമോമയ-
മൃത്യുപിണ്ഡങ്ങൾക്കൊപ്പ-



മലറിച്ചരിയുന്നു
ചുറ്റിലും പോരാനകൾ
എരിയും മെയ്യോടിടി-
വാളുപോൽ പ്പറക്കുന്ന
തുരഗങ്ങൾ തൻ ഖുര-
പാതമേല്ക്കുന്നെൻ മെയ്യിൽ.
കിടിലംകൊള്ളും കരൾ-
ത്തട്ടിലുണ്ടിടവിടാ-
തിടിവെട്ടുന്നൂ കാള-
പൃഷ്ഠവും ഗാണ്ഡീവവും.
ഭീഷ്മർതൻ ശരശയ്യ-
യ്ക്കരികേ സുപൗരുഷ-
ഗ്രീഷ്മമാം കർണ്ണന്റെ പോർ
ച്ചട്ടയിൽത്തൊട്ടുംകൊണ്ടേ,
ശിശിരം വിറങ്ങലി-
പ്പിച്ചൊരീ ശവശൈല-
ശിഖരങ്ങളിലൊന്നിൽ
മൂർച്ഛയിൽക്കിടക്കും ഞാൻ
പെരുകും നിശ്ശബ്ദതാ-
വായ്പിനെക്കൊത്തിക്കീറും
കഴുകന്മാർതൻ ചിറ-
കൊച്ച കേട്ടുണർന്നല്ലോ.
കൊന്നുകൊന്നവസാനം
ദാഹത്താൽ സ്നേഹത്തിന്റെ
മുന്നിൽവന്നേതോ വീരൻ
മുട്ടുകുത്തിയ നേരം
തൻ കയ്യിൽ നിന്നും താനേ
വീണതാം വളഞ്ഞ പൊ-
ന്നങ്കവാളുപോൽ മിന്നി
തിങ്കളിൻകല വിണ്ണിൽ.

നേരിയ നിലാവനാ-
        ദ്യന്തമാമൊരു ശവ-
ക്കോടിയായ് നിവരുമീ
        വേദനാക്ഷേത്രത്തിങ്കൽ
കണ്ടു ഞാൻ ഗാന്ധാരിയെ
        വിരിയും വെൺതാമര-
ച്ചെണ്ടുകളൊരുക്കിയ
        ഭദ്രപീഠത്തിൻ മീതേ.
ആ വിശ്വമാതാവിന്റെ
        മകുടം സാക്ഷാൽ സ്വർഗ്ഗം;
ചേവടിക്കൊരു പുഷ്പ-
        താലമേ ധരാതലം.
കാറ്റിലൂ, ടടുത്തെത്തു-
        മമ്മതന്നുടയാട-
ച്ചാർത്തിളക്കത്താലെന്റെ
        പേടി ഞാൻ മറന്നേ പോയ്.
അർജ്ജുനന്നാത്മഗ്ലാനി
        മാറ്റിയ ഗീതാതത്ത്വ-
മന്തിമ വിലാപ നി-
        ശ്വാസമായ് വിറയ്ക്കുമ്പോൾ,
അതിഭീകരദീർഘ-
        രക്തസന്ധ്യകൾപോലെ
പതിനെട്ടഹസ്സുക-
        ളുജ്ജ്വലിച്ചണഞ്ഞപ്പോൾ,
പതപോൽച്ചുടുചോര-
        ക്കടലിൽ പ്പിടയുന്ന
പതിനെട്ടക്ഷൗഹിണി-
        പ്പടയും പതിച്ചപ്പോൾ,
അമ്മൃത്യുപാരാവാര-
        തീരത്തു ജേതാക്കൾ നാ-



ലഞ്ചുപേർ ഘനീഭൂത-
        ഭീതിപോൽ നിലകൊൾകെ,
ഹാ! കുരുക്ഷേത്രം കാണാ-
        നാഗതയായാൾ സ്വയം
ഗാന്ധാരി, പുകഴാർന്ന
        ഭാരത മഹാരാജ്ഞി.
അക്കുരുക്ഷേത്രം കാണാൻ!
        വീരപുത്രന്മാർ നൂറു-
മുഗ്രമൃത്യുവെപ്പുൽകു-
        മക്കുരുക്ഷേത്രം കാണാൻ!
എരിയും നൂറായിരം
        വൈധവ്യശോകങ്ങളാ
നുര കുത്തിയ കരി-
        ഞ്ചോരയ്ക്കു തീ കത്തിക്കെ,
ആത്മജരക്തം പാദ-
        രാഗമായ് ച്ചമയുമാ-
റാ വയോധിക മന്ദം-
        മന്ദമായ് നടകൊൾകെ,
ആ മുഖം വിളറീല,
        നെടുവീർപ്പുയർന്നീല,
കാഴ്ച മങ്ങിയ കൺക-
        ളാർദ്രമായതുമില്ല.
ദു:ഖത്തിനുണ്ടോ ദു:ഖം!
        ഈ മഹാദു:ഖത്തിന്റെ
ചക്രവാളമാണല്ലോ
        നിത്യത, നിഷ്പന്ദത!
അംഗകാന്തിയാൽ, കിരീ-
        ടങ്ങളാൽ, ശസ്ത്രങ്ങളാ-
ലപ്പൊഴുമടയാത്ത
        കൺകളാൽ, ചമയത്താൽ,

കണ്ണുകളടച്ചു കൊ-
ണ്ടേതുപെറ്റമ്മയ്ക്കും ത-
ന്നുണ്ണിയെയറിയുവാ-
നുള്ളടയാളങ്ങളാൽ
താൻ തിരിച്ചറിയുന്ന
തൻ പ്രിയ പുത്രന്മാരെ
മാത്രമ,ല്ലജ്ഞാതനാം
പടയാളിയെപ്പോലും
ശതശാഖയായ് ക്കത്തി-
യെരിയും ഹൃദയത്തിൻ
ചിതയിൽ വഹിച്ചു കൊ-
ണ്ടാ വൃദ്ധ മെല്ലെപ്പോകെ,
അറിയാതധീരയായ്
നിന്നുപോയൊരുകൊച്ചു
മണികുണ്ഡലം കണ്ടും
ചുരുൾ കുന്തളം കണ്ടും.
''എന്റെ കു, ഞ്ഞഭിമന്യു,''
മന്ത്രിച്ചു മുത്തശ്ശിയ-
ച്ചെന്നിണത്തുരുത്തിൻമേ-
ലിരുന്നാൾ പൊടുന്നനേ.
ഓമനക്കുമാരനെ
മടിയിൽ ക്കിടത്തിനാ,-
ളാ മുഖത്തിലെ ച്ചോര-
പ്പാടുകൾ തലോടിനാൾ,
ഒഴുകും കണ്ണീരിനാൽ
മുകർന്നാൾ തെരുതെരെ-
യഴകപ്പൊഴും തങ്ങി-
നില്ക്കുമത്തിരുമുഖം
-ആ മുഖം, തൻ മക്കളെ-
യൊക്കെയുമൊടുക്കിയ



പാണ്ഡവനുടെ മൃത-
പുത്രന്റെ തിരുമുഖം!
വിളറും ചുണ്ടത്തൊരു
പുഞ്ചിരി വിരിയിക്കാൻ
വെറുതേ ചിരിച്ചുകൊ-
ണ്ടരികേ നിൽപൂ കൃഷ്ണൻ.
ഗാന്ധാരിയുടെ നോക്കി-
ലുരുകിപ്പോയി കൃഷ്ണൻ;
ഗാന്ധാരിയുടെ കയ്യി-
ലൊരു പൂമൊട്ടായ് വിശ്വം.

# 9. കേച്ചേരിപ്പുഴ

യൂസഫലി കേച്ചേരി

[ശബ്ദഭംഗിയും അർത്ഥഗൗരവവും ഒത്തിണങ്ങിയ അനേകം കവിതകൾ കൊണ്ടു മലയാള സാഹിത്യരംഗത്തു സ്വന്തമായ ഒരു സ്ഥാനം നേടിയ കവിയാണ് യൂസഫലി കേച്ചേരി (1936 -). ആർഷ സംസ്കാരത്തിന്റെ ആകർഷകമായ ഒരു പരിവേഷം അദ്ദേഹത്തിന്റെ മിക്ക കവിതകളിലും കാണാം. കേച്ചേരിപ്പുഴ, ആയിരം നാവുള്ള മൗനം എന്നിവ അദ്ദേഹത്തിന്റെ പ്രധാനകൃതികളാണ്.

'കേച്ചേരിപ്പുഴ' എന്ന സമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് പാഠ്യഭാഗം.]

ഒഴുകുന്നുമന്ദമെൻ ഗ്രാമത്തിലിപ്പൊഴും
പുഴയെന്നു പേരുള്ളൊരോമനത്തം
ഒരുകൊച്ചു നീരൊഴുക്കാണതെന്നാലേറെ-
പ്പെരുതാണു ശീതോപചാരശീലം
വെയിലിൽ പണിചെയ്തു തണ്ണീരിൽ മുങ്ങവേ
തുയിരറ്റുകൈവന്നനിർവൃതിയിൽ
പഴമക്കാർ, വൻനദികാണാത്തോർ കേച്ചേരി-
പ്പുഴയെന്നതിനെ വിളിച്ചതാവാം.

മണവാളനാഴിയെത്തേടുവാൻമച്ചാട്ടു-①
മലവിട്ടുപണ്ടിവളാഗമിക്കേ,
പരിചിതമല്ലാത്ത വീഥിയിലേകാന്ത
പഥിക, യിപ്പാവം പരുങ്ങിനില്ക്കേ
തലകുനിച്ചെൻ നാടിവൾക്കബ്ധിപൂകുവാൻ
തടവകറ്റിത്തീർത്ത നന്ദിയാവാം.



ഇരവും പകലും തഴുകുന്ന ദാസ്യത്തി-
ലിവളെത്തളച്ചിട്ടതെന്റെയൂരിൽ

ചടവാർന്ന ചോലയ്ക്കു ചേലേറെയാം, ചാവു-
കടലിൻ വലിപ്പവും ശാപമല്ലേ?
കൃശഗാത്രിചൈതന്യധന്യതാ, നാരെയും
വശഗയാക്കു ന്നാരീശൈലപുത്രി
ചെറുതല്ലപാട്ടിന്നു ചന്തം, ഇവളൊന്നു
പിറുപിറുത്താലും മനം മതിർക്കും,
സഹജാഭിരമ്യമാം നൃത്താനുഭൂതിയിൽ
സലിലപ്രഹർഷം പതഞ്ഞുനില്ക്കും
ചിറകിട്ടടിക്കുമെൻ മോഹ, മേതുച്ചയ്ക്കും
അരുവിതൻ കൂലം കുലായമാക്കാൻ
തടമടുത്താൽ വന്നു ചുംബിക്കും ചൂടിന്റെ
ചുടലയ്ക്കു തീ കൊളുത്തുന്ന ശൈത്യം.

പൊരിവേനലിൽതൻമടിക്കുത്തിലെക്കുളിർ-
പ്പൊതികാറ്റുതട്ടിപ്പറിച്ചെടുത്താൽ,
അരുമയായ് പോറ്റുന്ന മത്സ്യക്കിടാവിനെ-
യൊരു പൊന്മനെറ്റിപ്പറന്നു പോയാൽ,
അനിതരസ്വച്ഛന്ദചാരിണിയീപയ-
സ്വിനിയെച്ചിറയിൽ കുടുക്കിയാലും,
പരിഭവമീഗ്രാമസേവികയ്ക്കില്ലൊട്ടും
പരിതാപമില്ല, പരാതിയില്ല
മരതകക്കൂമ്പെഴാൻ നെൽ ച്ചെടിക്കോരത്ത്
മലയിലെമണ്ണാൽപശിമചേർക്കും
അകലത്തെ വൃക്ഷത്തിൻ ദാഹദൗത്യം വഹി-
ച്ചണയുന്ന വേരിൻ ചൊടിനനയ്ക്കും.

ഇളവെയിൽച്ചന്ദനം ചാർത്തിയാൽ, വെൺചന്ദ്ര-
കളഭത്തിലൊന്നാകെമുങ്ങിയാലും,
പുറമേ വെടിപ്പാർന്നദേശം വിഴുപ്പിന്റെ
കറയാലീശുദ്ധയെമൂടിയാലും,
തടമാകെനീർവിരുന്നേകിയേപോയിവൾ
കടലിന്റെ സദ്യയുമുപ്പുനോക്കൂ.
മൊഴിയിൽ നരൻ കോർത്ത വേദാന്തംകെട്ടഴി-
ച്ചൊഴുകി,ത്യജിച്ചേഭുജിപ്പുസാധ്വി.②

കളവാണിനാടോടിപ്പാട്ടാൽ നനച്ചൊരീ
കരയെൻ കവിതക്കളരിയായി.
ഒരുനാളൊരസ്വാസ്ഥ്യനിർഝരിയെന്നുള്ളിൽ
നറുതേനൊഴുക്കിപ്പതഞ്ഞുനില്ക്കേ
വിരിമണൽത്തിട്ടിലെൻകൗമാരകൗതുകം
വിരലാൽ കുറിച്ചൂ പ്രഥമകാവ്യം
അതുകണ്ടു പൊട്ടിച്ചിരിച്ചനുമോദന-
ശ്രുതിയിലെൻ വാങ്മയമാലപിക്കേ,
അനുരക്തനായേനിവളിൽ, ഈ മോഹിനി
അനുകാനുഗാമിനിയെന്നറിഞ്ഞും
കവിയെത്രമാത്രമധൃഷ്യനാട്ടേ, തന്റെ
കവിത പാടിക്കേട്ടാൽ പാട്ടിലായ്പോം.

ചുഴിയൊന്നുകണ്ടാൽ മണിക്കവിളിൻനുണ-
ക്കുഴിയെന്നുചുമ്മാപറഞ്ഞുപോയാൽ,
ചിരിയോടുചിരിയാണ് പെണ്ണിന്നു, വായ്ക്കുമെൻ
ചരിതാർത്ഥതയ്ക്കെന്തു സീമപിന്നെ!
സിരയിൽനുരയ്ക്കുന്ന മന്ദോഷ്ണവാഹിനി
സികതാക്ഷരങ്ങളായ്‌വാർന്നൊഴുകി



എഴുതുന്നതെല്ലാം കുസൃതിക്കുരുന്നിവൾ
കഴുകിനാൾ, നോവിച്ചനുഗ്രഹിക്കാൻ!
ചതുരകല്ലോലിനിപേർത്തും നവീനനിർ-
മ്മിതിയെത്വരിപ്പിച്ചതായിരിക്കാം.

അതിവൃഷ്ടിശപ്തയായ് പിന്നീടൊരാണ്ടിവൾ
പ്രതികാരദുർഗ്ഗയായ്തുള്ളിനിന്നാൾ
അലറിതടം തല്ലി വീടും മരങ്ങളും
അടിപിഴുതമ്മാനമാടിനിന്നാൾ
അരിശവുംഭംഗിയാണാറിനെന്നല്ലിയെ-
ന്നനുതാപമന്നും വിധിയെഴുതി
നിമിഷങ്ങൾക്കുള്ളിൽ ചിരായത്തമാമെന്റെ
നിഗമനം നിമ്നഗ മായ്ച്ചൊഴുകി
വഴിയുന്നു ദുർഗന്ധം; മീൻകൊത്തിത്തിന്നുചീ-
ഞ്ഞഴിയും ശവങ്ങൾകണ്ടമ്പരന്നേൻ
കലിയടങ്ങാതിവൾമാന്തിപ്പൊളിക്കുന്നു
കലുഷമായ്, നാറും നരജഡങ്ങൾ!
തിരികേ, നടന്നു ഞാൻ എന്റെ സ്വപ്നത്തിന്നു
ചരമക്കരിന്തുകിൽ നെയ്തുവാനം.
ഒരു പോളകണ്ണടച്ചില്ലന്നു രാവിൽ ഞാൻ:
തുരുതുരെ പ്രേതങ്ങൾനൃത്തമാടി.
വെടിപൊട്ടിദൂരേ, മിഥുനക്കരിങ്കൊടി
കടയറ്റിരമ്പിപ്പതിച്ചുമണ്ണിൽ.

കഥതീർന്നതില്ലിവൾ പിറ്റേന്നുകേച്ചേരി-③
ക്കവലയിലെന്നെത്തിരഞ്ഞുവന്നു.
പഴിയോതി ''താങ്കൾകവിയല്ലജീവിത-
പ്പുഴയെബ്ഭയപ്പെട്ടകത്തിരുന്നാൾ.''

മുടിയാട്ടം താനേ നിറുത്തിയെന്തൊക്കെയോ
മുറുമുറുത്തങ്ങാടിവിട്ടു പിന്നെ.
ദിവസത്തിരിവീണ്ടും നീളവേ, പിന്മാറു-
മിവളെഞാൻ സാകൂതംപിൻതുടർന്നേൻ
'വരൂവരൂ, പാടു'കെന്നോമലാൾകെഞ്ചീല;
'നറുമുത്തെടുക്കു'കെന്നോതിമൂകം
ഒരു മൗനനൊമ്പരപ്പൂവെന്നപോലെയീ-
സ്സരിദന്തരംഗം തെളിഞ്ഞുകണ്ടേൻ.

അലരിൻ സമൃദ്ധിയാൽ ചൈത്രത്തെയെന്നപോ-
ലനുമേയഹൃദ്യമായ് തിങ്ങിനില്പൂ,
ഇവളിലിന്നേഴുസമുദ്രങ്ങൾ, ഈരേഴു-
ഭുവനങ്ങൾ, അണ്ഡകടാഹമെല്ലാം
ജനിമൃതി താളങ്ങളാലിവളെന്റെ ജർ-
ജ്ജരഗാന ശില്പം നവീകരിപ്പൂ.

ഒഴുകുന്നസങ്കീർണ്ണജീവൽപ്രപഞ്ചമേ
മുഴുകാവുമുറ്റുമെൻ തൃഷ്ണനിന്നിൽ!

1.തൃശ്ശൂർ ജില്ലയുടെ വടക്കുകിഴക്കുഭാഗത്താണ് മച്ചാട്ടു മല.
2.തേനത്യക്തേനഭുഞ്ജീഥ എന്ന ഉപനിഷദ് ഭാഗം .
3. കവലയിൽ നിന്നും ഒരു കിലോമീറ്ററോളം അകലെയാണ് പുഴ.



# 10. ആളില്ലാക്കസേരകൾ

ചെമ്മനം ചാക്കോ

[സാമൂഹ്യവൈകല്യങ്ങൾക്കു നേരെ ആക്ഷേപഹാസ്യത്തിന്റെ കൂരമ്പുകൾ ചൊരിയുന്ന അനേകം കവിതകൾ രചിച്ചിട്ടുള്ള ചെമ്മനം ചാക്കോ (1926-) സാഹിത്യത്തെ സാമൂഹ്യവിമർശനത്തിനുള്ള ആയുധമാക്കുന്നു. കനകാക്ഷരങ്ങൾ, നെല്ല്, അസ്ത്രം, അമ്പും വില്ലും, ആളില്ലാക്കസേരകൾ, ചിന്തേര്, ധർമ്മസങ്കടം തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനപ്പെട്ടവയാണ്. 'ആളില്ലാക്കസേരകൾ' എന്ന സമാഹാരത്തിൽ നിന്ന് എടുത്തു ചേർത്തിട്ടുള്ളതാണ് പാഠ്യഭാഗം.]

(1)

കൈയിലെക്കാശും കൊടു-
    ത്തീവിധം തേരാപ്പാരാ
വയ്യെനിക്കേജീസ് ഓഫീസ്
    കേറുവാൻ ഭഗവാനേ!
എന്റെ പേർ നാരായണൻ
    പണ്ടാര മധ്യാപന-
ത്തിന്റെ മുപ്പതു മഞ്ചു-
    മാണ്ടു താണ്ടിയ വൃദ്ധൻ.
എന്റെ സമ്പാദ്യം കുറേ
    ശിഷ്യർ, താമസം വൈക്ക-
ത്തിന്റെ തെക്കതിർത്തിയി-
    ലോലകെട്ടിയ വീട്ടിൽ.
ഭാവിതൻ ക്ഷേമത്തിന്നു
    പ്രോവിഡന്റ് ഫണ്ടിൽ തുക-

യാവതും കൂട്ടി കൃത്യം-
കൃത്യമായടച്ചോൻ ഞാൻ,
പെൻഷനായിപ്പോൾ; പി.എഫ്.
എത്രയും വേഗം വാങ്ങി
പെണ്ണിന്റെയുറപ്പിച്ച
കല്ല്യാണം നടത്തേണം.
എന്തൊരു പെടാപ്പാടെൻ
മാളോരേ പണം കിട്ടാൻ?
തൊന്തരവെത്തുന്നതീ
വയസ്സുകാലത്തിലും!
മുപ്പതാം തവണയാ-
ണിന്നു ഞാനോഫീസിന്റെ
കല്പടികേറ്റം; പി.എഫ്.
സെക്ഷന്റെ നടകേറ്റം!

(2)

മോളിലായ്ക്കറങ്ങുന്നൂ
പങ്കകൾ, താഴേയെങ്ങു-
മാളില്ലാക്കസേരകൾ,
പൂട്ടില്ലാക്കവാടങ്ങൾ.
ചെല്ലുമ്പോൾ കാണും രംഗ-
മെങ്ങുമീവിധം; കാണ്മോർ
ചൊല്ലുന്നു: ബന്ധപ്പെട്ട-
കക്ഷി കാന്റീനിൽ പോയി.
ഇടനാഴിയിൽ, മര-
ച്ചുവട്ടിൽ, വരാന്തയിൽ
തുടരെക്കലപിലെ-
ക്കൊച്ചുവർത്താനം ചൊല്ലി
എത്ര ഭാരമേ, ഭാരി-
ച്ചോരു ശമ്പളം വാങ്ങി



പത്തുതൊട്ടഞ്ചോളവും
കാപ്പിക്കുപോകും ജോലി?
തൊഴിലില്ലാതേ യുവ-
വൈഭവമലയുമ്പോൾ
തൊഴിൽ കിട്ടിയോരുടെ
'വേല'യീ മട്ടാണെങ്കിൽ
ആപ്പീസുബോർഡിൽ തൊഴി
ലില്ലാത്ത പിള്ളേർ 'കാപ്പി-
ശാപ്പാടു കട'യെന്നു
കുറിച്ചാൽ ചിരിക്കാമോ?
ആളില്ലാക്കസേരയിൽ
പാതിശമ്പളം ചോദി-
ച്ചഭ്യസ്തവിദ്യർ കേറി-
യിരുന്നാലിറക്കാമോ?
കാണുവാനരാജക-
മിസ്ഥിതിമേളം നാനാ
യൂണിയനുടെ തൃക്ക-
ണ്ണത്രയും പൊട്ടിപ്പോയോ?
അവകാശാക്രോശങ്ങ-
ളല്ലാതെ കർത്തവ്യത്തിൻ-
ചുവ ചേർക്കുകിൽ ചേർത്ത-
യൂണിയൻ കാണില്ലല്ലോ!

(3)

ഭാഗ്യമേ ഭാഗ്യം, കണ്ടു-
കിട്ടിപ്പോയെൻകാര്യങ്ങൾ
നീക്കുവാൻ ചുമതല-
പ്പെട്ടോളെയൊരുനാളിൽ!
നാലു നാൾ കഴിഞ്ഞൊന്നു
ചെല്ലുവാൻ ചൊന്നാൾ; പിന്നെ

നാലാം വട്ടമെത്തുമ്പോ-
ളാളുണ്ടു സീറ്റിൽത്തന്നെ!
സ്തുതിയെൻ വൈക്കത്തപ്പ,-
ന്നുടനേയെൻ പി.എഫിൻ
സ്ഥിതി നോക്കുവാൻ ദയ-
കാട്ടിയെൻ പിരാട്ടിയാൾ!
ക്രെഡിറ്റു വന്നിട്ടില്ല-
പോലാറുമാസത്തിൽ, ഡിസ്-
ക്രെഡിറ്റെന്നുടേതെന്നു
തോന്നും ഭാഷണം കേട്ടാൽ!
നാലഞ്ചു മാസം പാല-
ക്കുഴ ഞാനിരുന്നോരു
കാലത്തെ ക്രെഡിറ്റിന്റെ
റിപ്പോർട്ടു വന്നേ പറ്റൂ
എറണാകുളത്തുണ്ടു
ബ്രാഞ്ചോഫീസങ്ങുള്ളവർ
തരണം വിവരങ്ങ-
ളവർക്കും സ്തോത്രം സ്തോത്രം!
കത്തുകൾ റിമൈൻഡറും
പോയിട്ടും റിപ്പോർട്ടൊന്നു-
മെത്തായ്കമൂലം ചെന്നേ-
നെറണാകുളത്തും ഞാൻ
ഏനക്കേടൊടേ പൂർവ-
ഫയൽ നോക്കിയാപ്പീസർ
ജാനമ്മ ചൊന്നാൾ: ''അതു
നേരത്തേയയച്ചല്ലോ.''
'അവിടെക്കിട്ടീലെ'ന്നു
ഞാനുരയ്ക്കവേ ചൊന്നാൾ:
''അതു ഹെഡ്ഢാപ്പീസിലെ
സ്ഥിരം പല്ലവി സാറേ!''



(4)

അയച്ച കത്തിൻ ഡേറ്റും
നമ്പരും കുറിച്ചു ത
ന്നയച്ചാൾ; ഹെഡ്ഢാപ്പീസിൽ
വീണ്ടുമെൻ പടികേറ്റം!
ജാനമ്മതൻ തുണ്ടുക-
ണ്ടിളകി ട്രിവാൻഡ്രത്തെ
രാധമ്മ ചൊന്നാൾ: ''അതു
വന്നിട്ടില്ലില്ലെൻ സാറേ!''
എന്തോരു പണ്ടാരം ഞാൻ?
കൈയിലെക്കാശും കൊടു-
ത്തന്തമില്ലാതേ കുന്ത-
മില്ലാതെ കുഴങ്ങുമ്പോൾ
കൂട്ടുകാരൻ തൻമകൻ
കണ്ടുവ ന്നേജീ തന്റെ
കോട്ടിന്റെ പോക്കറ്റൊഴി-
ച്ചൊക്കെയും തിരയുന്നു.
വരും കത്തുകൾക്കില്ലാ
രേഖകൾ, വാരിക്കെട്ടി-
ത്തരം പോൽ സെക്ഷൻ തോറു-
മയച്ചാലില്ലാ രേഖ!
ജാനമ്മ തൻ കത്താരോ
വൈകിട്ടു താൻ വാങ്ങിക്കും
മീനൊക്കെപ്പൊതിയുവാൻ
കൊണ്ടു പോയിരിക്കണം!
കല്ലു പോലിരിക്കുന്നു
കൊച്ചിയിൽ 'വീണ്ടും റിപ്പോർ-
ട്ടില്ല, നൽകുകില്ലെ'ന്ന
വാശിയിലാപ്പീസറും!

(5)

പ്രഷറും പ്രമേഹവു-
മൊത്തുപോയ് പാലക്കുഴ
ട്രഷറി തന്നിൽ നിന്നും
പി.എഫിൻ വിശദാംശം
വല്ലപാടുമേ നോക്കി,-
ച്ചൊക്കെയുമടച്ചതി-
നുള്ള സാക്ഷ്യപത്രവു-
മായി വന്നിരിപ്പു ഞാൻ
മുപ്പതാം തവണയാ-
ണിന്നു; ഞാൻ കിതച്ചോരോ
കല്പടി കേറിച്ചെൽകെ
കല്പനയെന്താകുമോ?
ചെല്ലുമ്പോൾ കസേരയി-
ലാളുകാണുമോ? കാപ്പി-
യല്ല, കാലത്തേമുത-
ലൂണു താനായേക്കുമോ?



# ഗദ്യവിഭാഗം

## 1.കഥാസാഹിത്യത്തിന്റെ വളർച്ച

പ്രൊഫ. എം. അച്യുതൻ

[ മലയാളസാഹിത്യനിരൂപണരംഗത്തു ഏറെ പ്രശസ്തനാണ് എം. അച്യുതൻ (1930-). തന്റെ നിരൂപണങ്ങൾക്കു പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളാണ് അദ്ദേഹം പ്രധാനമായും അവലംബിക്കുന്നത്. 'പാശ്ചാത്യസാഹിത്യദർശനം', 'ചെറുകഥ-ഇന്നലെ ഇന്ന്', 'കവിതയും കാലവും', 'സമന്വയം', 'വിവേചനം', 'നോവൽ: പ്രശ്നങ്ങളും പഠനങ്ങളും', 'വിമർശലോചനം' തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ.]

മലയാളത്തിലെ ഏറ്റവും സമ്പന്നമായ സാഹിത്യശാഖ ചെറുകഥാ വിഭാഗമാണ്. അതിന് ഏറെക്കുറെ നൂറുകൊല്ലത്തെ ചരിത്രമുണ്ട്. 1890 തൊട്ട് തുടങ്ങുന്ന ഒരു ശതാബ്ദക്കാലത്തെ കഥാസാഹിത്യ ത്തിന്റെ വളർച്ചയെ  നാലു തലമുറകളുടേതായ നാലു ഘട്ടങ്ങളായി തിരിക്കാം.

സാമാന്യവിദ്യാഭ്യാസത്തിന്റെ പ്രചാരവും പത്രമാസികാദികളുടെ ഉത്ഭവവും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ തന്നെ ചെറുകഥ എന്ന ജനകീയ സാഹിത്യരൂപത്തിന്റെ പിറവിക്കും വളർച്ചയ്ക്കും അനുകൂല സാഹചര്യം സൃഷ്ടിച്ചു. വേങ്ങയിൽ കുഞ്ഞുരാമൻ നായനാരിൽ തുടങ്ങി ഇ.വി.കൃഷ്ണപിള്ളയിൽ അവസാനിക്കുന്ന ഒന്നാം തലമുറക്കാർക്ക് മാതൃകയായിരുന്നത് ബ്രിട്ടീഷ്-അമേരിക്കൻ കഥാകൃത്തുകളുടെ കഥകളാണ്. ഈ തലമുറക്കാരിൽ മൂർക്കോത്തു കുമാരനും ഇ.വി.യുമൊഴിച്ചുള്ളവർ സംഭവപ്രധാനമായ കഥ പറഞ്ഞു രസിപ്പിക്കുന്നതിലും, ധാർമ്മികമോ, സദാചാരപരമോ ആയ പാഠമരുളുന്നതിലുമാണ് ശ്രദ്ധിച്ചത്,- സാമാന്യമായിപ്പറഞ്ഞാൽ റൊമാന്റിക്

പലായനാത്മക കഥകൾ രചിക്കുന്നതിൽ. മൂർക്കോത്തു കുമാരനും ഇ.വി.യും സാമൂഹികയാഥാർത്ഥ്യങ്ങളിൽ വേരൂന്നിയ വിമർശനാത്മകമായ ഏതാനും കഥകൾ രചിച്ചിട്ടുണ്ട്. അങ്ങനെ ചുരുക്കം കഥകൾ മാറ്റിനിർത്തിയാൽ, ഇതിവൃത്തം എങ്ങനെയെങ്കിലും മെനഞ്ഞൊപ്പിക്കുക, പരിണാമഗുപ്തിയോടെ കഥ മുൻപോട്ട് കൊണ്ടുപോവുക, അവസാനം കെട്ടുകളഴിച്ച് സവിസ്മയമായ ശുഭപര്യവസാനത്തിലെത്തിക്കുക- ഇതാണ് ഒന്നാം തലമുറക്കാരുടെ കഥന സമ്പ്രദായം. ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ മൗലികധർമ്മത്തെയോ സാധ്യതകളെയോ കുറിച്ചു അവർ വേണ്ടത്ര ബോധവാന്മാരായിരുന്നില്ല. ഇംഗ്ലീഷിൽ കൂടി പരിചയപ്പെടാൻ സാധിച്ചിരുന്ന മാതൃകകളെപ്പോലും ലാഘവത്തോടെയാണവർ വീക്ഷിച്ചിരുന്നത്.

മൂർക്കോത്തു കുമാരന്റെയും ഇ.വി.യുടെയും മറ്റും ചില കഥകളിൽ കാണുന്ന സാമൂഹ്യവിമർശനോന്മുഖമായ റിയലിസം, ശരിയായ അർത്ഥത്തിൽ, മലയാളത്തിലെ ആദ്യനോവൽകാരനായ ചന്തുമേനോന്റെ ഇന്ദുലേഖയിൽ പ്രത്യക്ഷമായ 'ക്രിട്ടിക്കൽ റിയലിസ'ത്തിന്റെ തുടർച്ചയാണ്.

സുശിക്ഷിതമായ സുജനമനസ്സിന്റെ സീമിതമായ ഉൽപതിഷ്ണുത്വം എന്നതിൽക്കവിഞ്ഞുള്ള വിപ്ലവാത്മകത്വമോ, സാമൂഹികജീവിതജീർണ്ണതയുടെ യഥാർത്ഥ ഹേതുക്കളിലേക്കുള്ള ഉൾക്കാഴ്ചയോടുകൂടിയ സമീപനമോ 'ഇന്ദുലേഖ'യുടെ കർത്താവിനില്ല. പഴമയെ ഞെട്ടിപ്പിക്കുന്നതും യാഥാസ്ഥിതികരുടെ മുഖത്ത് ആഞ്ഞു പ്രഹരിക്കുന്നതും സാമൂഹികജീവിതത്തിലെ ദുരാചാരദുഷ്ടതകളെ നിർഭയം വിമർശിക്കുന്നതുമായ, വിപ്ലവകരമായ റിയലിസ്റ്റിക്കു ജീവിതകഥകളിലേക്കുള്ള വളർച്ചയുടെ മുന്നോടിയാണ് ഇന്ദുലേഖയിലെ റിയലിസവും, വി.ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട്ട്, എം, ആർ. ബി. തുടങ്ങിയവരുടെ സാമുദായിക കഥകളിലെ റിയലിസവും.

ഏതാണ്ട് 1930 തൊട്ട് ഇങ്ങോട്ടുള്ള കാൽശതാബ്ദക്കാലമാണ് മലയാള ചെറുകഥയുടെ സുവർണ്ണദശ. രണ്ടാം തലമുറക്കാരുടെ കാലം. ഇക്കാലങ്ങളിൽ കഥയുടെ രൂപഭാവങ്ങളിൽ സാരമായ



പരിവർത്തനം സംഭവിച്ചു. പരിണാമഗോപനത്തോടുകൂടിയ ഇതിവൃത്തം കെട്ടിച്ചമച്ചു കഥ പറഞ്ഞു രസിപ്പിക്കുന്ന രീതി മാറി. വിനോദത്തേക്കാൾ അധികം, അഥവാ അതിനോടൊപ്പം തന്നെ, വിബോധനത്തെ ലക്ഷ്യമാക്കുന്ന ജീവിതയാഥാർത്ഥ്യ സ്പർശിയായ സോദ്ദേശ്യകഥാരചനയുടെ കാലമാണിത്. വ്യഷ്ടിജീവിതത്തെയും സമഷ്ടിജീവിതത്തെയും സംബന്ധിക്കുന്ന സത്യങ്ങളെ ധീരതയോടെ തുറന്നു കാണിക്കുവാനും വിമർശിക്കുവാനും വെല്ലുവിളിക്കുവാനും എഴുത്തുകാർക്ക് മടിയില്ലാതായി. ജീവിതത്തിൽ നിന്നു ചീന്തിയെടുത്ത ഏടായി, സുശക്തമായ വ്യാഖ്യാനാത്മകസാഹിത്യമായി, ചെറുകഥ അതിവേഗം വളർന്നുവന്നു. ഈ വളർച്ചയുടെ പിന്നിൽ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ പല അന്തർദ്ധാരകളുടെയും പ്രഭാവമുണ്ട്. ലോകരാഷ്ട്രങ്ങളിലെ രാഷ്ട്രീയ സാമൂഹ്യ പരിവർത്തനങ്ങളും, അവയുടെ ഫലമായി സാഹിത്യത്തിൽ ഉദ്ഘാടിതമായ നവീനസരണികളും ഭാരതീയ ജീവിതത്തിലും പ്രാദേശിക ഭാഷാസാഹിത്യത്തിലും ഗണ്യമായ ചലനങ്ങളുളവാക്കിയിട്ടുണ്ട്. ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യ സമരവും ഗാന്ധിയൻ ആദർശങ്ങളുമാണ് നമ്മെ സുപ്താവസ്ഥയിൽ നിന്ന് ആദ്യം ഉണർത്തിയത്. ഒക്ടോബർ വിപ്ലവത്തെ ത്തുടർന്ന് മാർക്സിസ്റ്റ് ആശയങ്ങൾക്കും കമ്മ്യൂണിസത്തിനും കൂടുതൽ പ്രചാരം സിദ്ധിക്കാൻ തുടങ്ങി. ഇംഗ്ലീഷിൽകൂടി ലോകവിജ്ഞാനത്തിന്റെ കാറ്റും വെളിച്ചവും കടന്നുവന്നു. പ്രചാരണോപാധികളായ പത്രങ്ങളും വാരികകളും പെരുകിത്തുടങ്ങി. ഇത് രാഷ്ട്രീയവും സാമൂഹികവും സാഹിതീയവുമായ നൂതനവിജ്ഞാനങ്ങളുടെ പ്രചാരത്തിനു സഹായമായി.

ഇവിടെയാണ് നാം കേരളത്തിലെ 'നവലോക' സ്രഷ്ടാവായ കേസരി ബാലകൃഷ്ണപിള്ളയെ കൃതജ്ഞതയോടെ സ്മരിക്കേണ്ടത്. കേസരി 1930കളിൽ തന്നെ, യൂറോപ്പിലെ ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനത്തിൽ നിന്ന് ഇന്ത്യൻ ഫ്യൂച്ചറിസത്തിനുണ്ടായിരിക്കേണ്ട വ്യത്യാസത്തെക്കുറിച്ച് ഉപപാദിക്കുകയും, സമകാലീനജീവിതത്തെ വിപ്ലവാത്മകവീക്ഷണത്തോടെ സാഹിത്യവിഷയമാക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ഉൽബോധിപ്പിക്കുകയുമു

ണ്ടായി. പുരോഗമനാത്മകങ്ങളായ ആശയങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ടുള്ള മുഖപ്രസംഗങ്ങളിൽക്കൂടിയും, കൃതികളുടെ പ്രകാശനത്തിൽക്കൂടിയും കേസരി സാഹിത്യലോകത്തിൽ വലിയ പരിവർത്തനം സൃഷ്ടിച്ചു. മോപ്പസാങ്ങിന്റെയും ചെഖോവിന്റെയും കഥകൾ വിവർത്തനം ചെയ്തു പരിചയപ്പെടുത്തിയും. അവയിലെ സാങ്കേതികരീതികളുടെ വൈശിഷ്ട്യം വ്യാഖ്യാനിച്ചു കൊടുത്തും തകഴിയെയും ദേവിനെയും പോലുള്ള പ്രശസ്ത കഥാകാരന്മാരെ വളർത്തിയെടുക്കുന്നതിലും വായനക്കാരുടെ അഭിരുചികൾ പരിഷ്ക്കരിക്കുന്നതിലും അങ്ങിനെ മലയാളസാഹിത്യത്തിൽ പുതിയൊരു കാലാ വസ്ഥ സൃഷ്ടിക്കുന്നതിലും ബാലകൃഷ്ണ പിള്ള നടത്തിയ സഫലമായ യത്നം സ്തുത്യർഹമാണ്. മലയാളത്തിൽ പുതിയ സാഹിത്യാഭിരുചി എഴുത്തുകാരിലും വായനക്കാരിലും സൃഷ്ടിക്കുക എന്ന ഗംഭീരവിമർശകകൃത്യം നിർവ്വഹിക്കാൻ കഴിഞ്ഞ സാഹിത്യ വിമർശകൻ അദ്ദേഹം ഒരാൾ മാത്രമാണ്.

കേരളത്തിൽ 1937-ൽ അന്നത്തെ ചെറുപ്പക്കാരായ എഴുത്തുകാർ ജീവൽസാഹിത്യസംഘടന സ്ഥാപിച്ചു. ഇതിൽ പ്രവർത്തിച്ചിരുന്നവർ തന്നെയാണ് 1944-ൽ പുരോഗമനസാഹിത്യ സംഘടന രൂപവത്ക്കരിച്ചതും. കല ന്യൂനപക്ഷത്തിന്റെ ആസ്വാദനവിഭവമാകരുത്; കല ബഹുജനങ്ങളിലേക്ക് വരണം; കല കലയ്ക്ക് വേണ്ടിയല്ല, ജീവിതത്തിന് വേണ്ടിയാണ് സാഹിത്യ സൃഷ്ടി സാമൂഹ്യപുരോഗതിയെ ലക്ഷ്യമാക്കുന്ന സോദ്ദേശ്യകൃത്യ മാകണം; വിഷയത്തിലും പ്രതിപാദനത്തിലും എഴുത്തുകാരന് സ്വാതന്ത്ര്യമുണ്ടായിരിക്കണം; എഴുത്തുകാരന്റെ മനോഭാവവും വീക്ഷണഗതിയും സാർവ്വലൗകികമായിരിക്കണം- ഇതെല്ലാമായി രുന്നു പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സന്ദേശം. പുരോഗമനസാഹിത്യപ്രസ്ഥാനം കാലേതന്നെ ശിഥിലമായി പ്പോയെങ്കിലും, അത് മലയാളസാഹിത്യത്തിൽ വലിയ പരിവർത്തനത്തിന് കളമൊരുക്കിയിട്ടുണ്ടെന്ന സത്യം അനിഷേധ്യമാണ്. കേസരിയുടെ പ്രബോധനവും പുരോഗമനസാഹിത്യപ്രസ്ഥാനവും സൃഷ്ടിച്ച അന്തരീക്ഷത്തിൽ തകഴി, ദേവ്, വർക്കി, ബഷീർ, പി.സി.കുട്ടികൃഷ്ണൻ, പൊറ്റെക്കാട്ട്, കാരൂർ തുടങ്ങിയ പ്രശസ്ത കഥാകൃത്തുകളുടെ വരവോടുകൂടിയാണ് കഥാസാഹിത്യത്തിന് അഭൂതപർവ്വമായ ഉണർവ്വും ഓജസ്സും കൈവന്നത്. 1935-ൽ തകഴിയുടെ ''പുതുമലർ''



പുറത്തു വന്നു. 1937-ൽ 'ദേവിന്റെ കഥ'കളും. സമകാലിക ജീവിതത്തിലെ വിവിധാനുഭവങ്ങളെയും, സമൂഹശ്രേണിയിലെ വിവിധ തലങ്ങളോട് ബന്ധപ്പെട്ട പ്രശ്നങ്ങളെയും ഉൾക്കൊണ്ട്, ജീവിതത്തിന്റെ വ്യാഖ്യാനവും വിമർശനവുമെന്ന നിലയിൽ ചെറുകഥ അന്തർഭാവത്തിലും ആകാരത്തിലും ഗൗരവവും സൗഭാഗ്യവും ആർജ്ജിച്ചതും ആ കലാകാരന്മാർ നിർല്ലോഭം കഥകളെഴുതിപ്പോന്ന കാലങ്ങളിലാണ് - 1930-നും 1955-നുമിടയിലുള്ള കാലങ്ങളിൽ.

ഈ കാലങ്ങളിൽ കേരളത്തിലെ രാഷ്ട്രീയ സാമുദായിക ജീവിത മേഖലകളിൽ ഗണ്യമായ പല പരിവർത്തനങ്ങളുമുണ്ടായി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ, രാഷ്ട്രീയ അടിമത്തത്തിനെതിരെ, മുതലാളിത്ത ദുഷ്പ്രഭാവങ്ങൾക്കെതിരെ ജനങ്ങളുടെ പ്രബുദ്ധമായ സമരപ്രഖ്യാപനമുണ്ടായി. സ്വാതന്ത്ര്യസമരം, വർഗ്ഗീയകലാപങ്ങൾ, ഇന്ത്യയുടെ വിഭജനം, രാഷ്ട്രീയ തലത്തിലെ ചേരിതിരിവുകൾ, തൊഴിലാളി വർഗ്ഗത്തിന്റെ ഉത്ഥാനം, ലോകമഹായുദ്ധം, ക്ഷാമം - അങ്ങനെ വലിയ അലയിളക്കങ്ങൾ നടന്ന കാലഘട്ടമാണിത്. സി.പി.യുടെ മർദ്ദന വാഴ്ചയും, സ്റ്റേറ്റ് കോൺഗ്രസ്സിന്റെ വിജയവും കമ്യൂണിസ്റ്റ് അണികളായുള്ള സംഘർഷവും എല്ലാം പ്രധാന ചരിത്ര സംഭവങ്ങളാണ്. നായർ റഗുലേഷനും ആളോഹരിഭാഗവ്യവസ്ഥയും പോലുള്ള പുതിയ പരിഷ്ക്കാരങ്ങൾ സാമൂഹിക ജീവിതത്തിൽ പല തകർച്ചകൾക്കും ഇടയാക്കി. ഇതെല്ലാം കർഷക കേരളത്തിലെ നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും മനുഷ്യരുടെ ജീവിതത്തെ പിടിച്ചുലയ്ക്കുകയും മാറ്റിമറിക്കു കയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങൾ രണ്ടാം തലമുറയിലെ കഥാകാരന്മാർ ഏറെക്കുറെ സമാനമായ അനുഭവഭൂമികകളിൽ സഞ്ചരിക്കാൻ ഇടയാക്കി. സാമൂഹികമോ ആർത്ഥികമോ ആയ പ്രത്യേക സാഹചര്യങ്ങളിൽ പെട്ട് ഉഴലുന്ന വ്യക്തികളുടെ ജീവിതത്തിലെ ശ്രദ്ധാപൂർവ്വം തെരഞ്ഞെടുത്ത അനുഭവങ്ങളെ വിഷയമാക്കി, പാത്രസ്വഭാവത്തെയും പരിതസ്ഥിതികളുടെ സമ്മർദ്ദത്താൽ വരുന്ന അവസ്ഥാപരിണാമങ്ങളെയും പ്രസ്ഫുടമാക്കി, പരോക്ഷമായോ പ്രത്യക്ഷമായിത്തന്നെയോ, മനുഷ്യനീതിയുടെ വൈകല്യങ്ങളെ വിമർശിക്കു

ന്നതും അനുഭവൈകതാനത പാലിക്കുന്നതു കൊണ്ട് ശിതാഗ്ര വുമായ കഥകളാണ് ഈ ഘട്ടം തൊട്ടിങ്ങോട്ടുള്ള എഴുത്തുകാർ രചിച്ചത്. മനുഷ്യസ്നേഹാധിഷ്ഠിതമായ വീക്ഷണത്തോടെ വസ്തുതകളെ സമീപിക്കുവാനും, ഏതു തലത്തിലെയും അനാശാസ്യപ്രവണതകളെ നിർഭയമായി വെളിപ്പെടുത്തുവാനും വിമർശിക്കുവാനും എഴുത്തുകാർ ഒരുമ്പെട്ടു. സാമാന്യമായി പറഞ്ഞാൽ, ആർത്ഥികസാമൂഹിക വ്യവസ്ഥകളുടെ വൈകല്യ ഫലമായ ദാരിദ്ര്യം, ചൂഷണം, ലൈംഗിക വാണിഭം, ഇടത്തരക്കാരു ടെയും കർഷകത്തൊഴിലാളികളുടെയും പ്രശ്നങ്ങൾ- ഈ വിഷയങ്ങളെ സ്പർശിക്കുന്ന കഥകളാണ് ഏറെയും രചിക്കപ്പെട്ടി ട്ടുള്ളത്. ഈ സീമകൾക്ക് പുറത്ത് മാനുഷികബന്ധങ്ങളുടെയും മനുഷ്യസ്വഭാവത്തിന്റെയും വൈവിധ്യങ്ങളിലേക്കും വിശേഷാ വസ്ഥകളിലേക്കും ഉറൂബിനെയും പൊറ്റക്കാട്ടിനെയും ബഷീറി നെയും പോലുള്ളവർ താരതമ്യേന കൂടുതൽ കടന്നു ചെന്നിട്ടുണ്ട്.

ചന്തുമേനോന്റെ നോവലുകളിൽ തിരനോട്ടം നടത്തിയ ക്രിട്ടിക്കൽ റിയലിസത്തിന് തകഴിയുടെയും ദേവിന്റെയും കഥകളിൽക്കൂടി കാലാനുസാരിയായ വിപ്ലവസ്വഭാവത്തോടെ കൈവന്ന വളർച്ച ചെറുകഥാസാഹിത്യത്തിന്റെ വളർച്ചയായി രുന്നു. നിഷേധിക്കാൻ വളരെയേറെയും അംഗീകരിക്കാൻ വളരെക്കുറച്ചും മാത്രമുണ്ടായിരുന്ന കാലഘട്ടത്തിൽ, പ്രായേണ സാഹിത്യശൂന്യമായ ഗദ്യമേഖലയിൽ, സർഗ്ഗപ്രതിഭ വ്യാപരിപ്പിച്ച ഈ കഥയെഴുത്തുകാരുടെ സൃഷ്ടികളെ ഒന്നാകെ കാലഘട്ടത്തിന്റെ ഒരു ഇതിഹാസമായിട്ടാണ് ഒറ്റയൊറ്റയായ ചെറിയ കഥകളായിട്ടു മാത്രമല്ല വീക്ഷിക്കേണ്ടത്.

ഇനി നാം മൂന്നാം തലമുറക്കാരെയാണ് സമീപിക്കുന്നത്. തകഴിക്കും ദേവിനും മറ്റും മനുഷ്യനെ സമൂഹമധ്യത്തിൽ വച്ചേ കാണാൻ കഴിഞ്ഞുള്ളു. അതു കൊണ്ട് അവരുടെ വീക്ഷണത്തിൽ മനുഷ്യമനസ്സിനെ സംബന്ധിക്കുന്ന മുഴുവൻ സത്യങ്ങളും ഉൾപ്പെട്ടില്ല. സമുദായ പരിഷ്ക്കർത്താക്കളും പ്രവാചകരുമായി നിന്നുകൊണ്ടാണ് അവർ എഴുതിപ്പോന്നതും എഴുതുന്നതും. രണ്ടുമൂന്നു ദശാബ്ദങ്ങൾക്കപ്പുറം അത് ആവശ്യമായിരുന്നു. ആ കൃത്യം അവർ ഭംഗിയായി നിർവ്വഹിച്ചു. അവരുടെ കഥകളുടെ സന്ദേശം കുറെയെല്ലാം സഫലമായിട്ടുണ്ട്. അവർക്ക് ഉറച്ച



ലക്ഷ്യവും ആദർശപരമായ കാഴ്ചപ്പാടുമുണ്ടായിരുന്നു. ഭാഗിക മായ കാഴ്ചപ്പാടിലൂടെ കണ്ടെടുത്ത മനുഷ്യജീവിതസത്യങ്ങളെ അവർ റിയലിസ്റ്റിക് ഗദ്യകഥകളാക്കി ആവിഷ്കരിക്കുക യായിരുന്നു. അവർ പാത്രസ്വഭാവചിത്രണത്തിന് പാത്രങ്ങളുടെ ഭൗതിക സാഹചര്യങ്ങളും അവസ്ഥകളും മുഴുവൻ വർണ്ണി ച്ചിരുന്നു. മനുഷ്യരെ അധികവും സാമൂഹികജീവികളെന്ന നിലയിൽ അകന്നു നിന്നു കണ്ടു ചിത്രീകരിക്കുകയാണ് അവരുടെ പതിവ്. ഇക്കാരണങ്ങളാൽ വക്തിജീവിതത്തിലെ കാതലായ സത്യങ്ങൾ പലതും അവർക്കു കാണാനായിട്ടില്ല.

അവർക്കു കാണാനാകാത്തത് കഥാസാഹിത്യത്തിലെ ആധുനി കതയുടെ ആദ്യപ്രതിനിധികളും മൂന്നാം തലമുറക്കാരുമായ പത്മ നാഭനും എം.ടി.ക്കും മാധവിക്കുട്ടിക്കും മറ്റും കാണാൻ കഴിഞ്ഞു. കാക്കനാടൻ തൊട്ടുള്ള നാലാം തലമുറക്കാരിലൂടെയാണ് ആധുനികതയുടെ ദ്വിതീയ ഘട്ടത്തിന്റെ വ്യതിരിക്തധർമ്മങ്ങൾ പ്രകടമാവുന്നത്.

പത്മനാഭന്റെ തലമുറയോടുകൂടി മൂന്നാം ഘട്ടത്തിൽ മലയാള ചെറുകഥ സർഗ്ഗാത്മകമായ ഒരു പരിണാമഘട്ടത്തിലേക്കു വളരുന്നു. സുവർണ്ണദശയിലെ കഥാകാരന്മാർ അഭിമുഖീകരിച്ചതും അവർക്കു ലോഭമില്ലാതെ കഥാവിഷയങ്ങൾ നൽകിയിരുന്നതും ഏതാണ്ട് ഒരേ സാമൂഹ്യ ജീവിതഭൂമികയാണ്.

എന്നാൽ മൂന്നാം തലമുറക്കാരെ സംബന്ധിച്ചിടത്തോളം, അവരെ ഒന്നിച്ചു നിർത്തുന്ന ഒരു പൊതു സാമൂഹികഭൂമികയില്ല. സങ്കീർണ്ണമായ ആധുനിക ജീവിതത്തിൽ മനുഷ്യന്റെ അസ്തി ത്വത്തെ സുഖിതമോ, ദു:ഖിതമോ, ഉദ്വിഗ്നമോ ആക്കുന്ന വൈയ ക്തികവും സാമൂഹികവും രാഷ്ട്രീയവും വൈജ്ഞാനികവുമായ എല്ലാ തലങ്ങളിലെയും കാറ്റുകൾ അവരുടെ അവബോധത്തെയും ഭാവനയെയും സദാ അസ്വസ്ഥമാക്കുന്നു. രണ്ടാം ലോകമഹാ യുദ്ധത്തിന്നിപ്പുറമുള്ള വർഷങ്ങളിൽ കൂടിയാണവർ യുവത്വത്തി ലേക്കു വളർന്നത്. ആദർശങ്ങൾ കൺമുമ്പിൽ തകർന്നടിയുന്നതു കണ്ടുകൊണ്ടായിരുന്നു ഈ വളർച്ച. മൂന്നാം തലമുറക്കാരൻ മിക്കവാറും ഒരു സന്ദേഹവാദിയാണ്, വിഭക്തമനസ്സാണ്. സദാ അസ്വസ്ഥനും അസംതൃപ്തനുമാണയാൾ. പഴയ മൂല്യങ്ങളിൽ

അയാൾക്ക് ഉറച്ച വിശ്വാസമില്ല. അനുഭവപ്രകാശനമാണ് അയാളെ സംബന്ധിച്ചിടത്തോളം മുഖ്യം. മൂല്യത്തെ അന്വേഷിക്കാനല്ലാതെ, മൂല്യത്തെ മുഴുപ്പിച്ചു കാണിക്കാനോ, പ്രതിഷ്ഠിക്കാനോ അയാൾ തുനിയുന്നില്ല. അനുഭവങ്ങൾ മനസ്സിലുളവാക്കുന്ന സൂക്ഷ്മങ്ങളും സങ്കീർണ്ണങ്ങളുമായ മനോഭാവങ്ങളുടെ സ്പന്ദമാനമായ അന്തരീക്ഷത്തെ ആവിഷ്ക്കരിക്കുന്നതിലും വായനക്കാരനെക്കൊണ്ട് അനുഭവിപ്പിക്കുന്നതിലുമാണ് അയാളുടെ ശ്രദ്ധ.

ആർനോൾഡ് ബെന്നറ്റിനെപ്പോലുള്ള റിയലിസക്കാരായ കഥാകാരന്മാർ കഥാസാഹിത്യത്തിൽ കുത്തി നിറച്ച സ്ഥൂലഭൗതിക ജീവിതഘടകങ്ങളുടെ ഭാരത്തിൽ നിന്നു കഥയെ മോചിപ്പിച്ചു മനുഷ്യാത്മാവിനോടു കൂടുതൽ അടുപ്പിക്കുകയായിരുന്നു ജെയിംസ് ജോയ്സും, കാതറിൻ മാൻസ്ഫീൽഡും. വെർജീനയാ വുൾഫും മറ്റും. ഈ പരിണാമത്തിന്റെ പ്രതിഫലനമാണ്, കഥാപാത്രങ്ങളുടെ അന്തർവൃത്തി സത്യങ്ങളെ സർവ്വപ്രധാനമാക്കുകയും അവയ്ക്കു ഹേതുഭൂതമായ വസ്തുതകളെ മനോവൃത്തികളിൽക്കൂടിത്തന്നെ സൂചിപ്പിക്കുകയും കാലഘടകത്തെ ഹൃല്ലീനമാക്കുകയും ബാഹ്യഭൗതിക ജീവിതഘടകങ്ങളുടെയും വാച്യമായ സാമൂഹ്യവിമർശനത്തിന്റെയും ആധിപത്യം ദുരീകരിക്കുകയും ചെയ്ത മൂന്നാം തലമുറക്കാരുടെ സഫലമായ ഉദ്യമത്തിൽ കാണുന്നത്. ആത്മഛരവിരൂഷിതമായ അവരുടെ ആവിഷ്കരണ രീതി കഥയെ കവിതയോടടുപ്പിച്ചു. ജെയിംസ് ജോയ്സ് വാക്കുകളെ അനുഭവങ്ങളാക്കുകയാണ്. പത്മനാഭന്റെയും എം.ടി.യുടെയും മാധവിക്കുട്ടിയുടെയും കഥകളിൽ വാക്കുകളും ഇമേജുകളും കഥയുടെ പ്രാണാംശങ്ങളായിരിക്കുന്നത് ഇതേ നിഷ്ക്കർഷയുടെ ഫലമാണ്.

ഭഗ്നമോഹമായ ഈ നിഷ്ക്രിയതാരുണ്യത്തിന്റെ ആത്മപ്രകാശനം ചിലപ്പോൾ അതിഭാവുകത്വത്തിലേക്ക് വഴുതിപ്പോയിരുന്നു. അതു ധാരാളം അനുകർത്താക്കളെയും സൃഷ്ടിച്ചു. ഈ തലമുറക്കാരുടെ കഥനരീതീ കഥാസാഹിത്യത്തിൽ ഒട്ടിട ആവർത്തന വിരസമായ 'ക്ലീഷേ' സൃഷ്ടിച്ചു. അതിനെ തകർത്തു കൊണ്ട് ഏറ്റവും ആധുനികരായ നാലാം തലമുറക്കാർ അരങ്ങു കയ്യടക്കി.

കാക്കനാടൻ, വിജയൻ, സഖറിയ, സേതു, നാരായണപിള്ള തുടങ്ങിയവരുടേതായ നാലാം തലമുറയിലേക്കു വരുന്നതോടെ,



കഥാസാഹിത്യത്തിലെ ഏറ്റവും ആധുനികമായ പ്രവണതകൾ പ്രത്യക്ഷമാകുന്നു. ഈ തലമുറക്കാർ ബുദ്ധിജീവികളായ റബലുകളാണ്. അവർക്ക് യാതൊരുവിധ വ്യാമോഹങ്ങളുമില്ല; മോഹങ്ങൾ പോലുമില്ല; അതുകൊണ്ട് മോഹഭംഗത്തിന്റെ ദു:ഖങ്ങളുമില്ല. മനുഷ്യജീവിതം ഭദ്രമോ, കുറഞ്ഞപക്ഷം സഹനീയമോ ആക്കുന്നതിൽ മതവും ശാസ്ത്രലബ്ധികളും ഹ്യൂമനിസവും രാഷ്ട്രീയപരിണാമങ്ങളും സംസ്കാരഗതിയും മൂല്യകല്പനകളുമെല്ലാം പരാജയപ്പെട്ടതുകൊണ്ട്, അമ്മാതിരി യാതൊന്നിലും ആധുനികന് താത്പര്യമോ വിശ്വാസമോ ഇല്ല. അംഗീകൃതമായ കലാസമ്പ്രദായങ്ങളടക്കം എല്ലാറ്റിനെയും അയാൾ നിഷേധിക്കുന്നു. സ്വന്തം ക്ഷതങ്ങളിൽ സുഖം കാണുക; പീഡിതമായ ചേതനയോടെ ജീവിക്കുന്നതിൽ മാത്രം നന്മയും സൗന്ദര്യവും കാണുക അതാണയാളുടെ പ്രവണത.

ഇർവിംഗ്ഹോ എന്ന നിരൂപകൻ ഈ പ്രവണതകളെ തന്റെ പ്രബന്ധത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്. ഐറണിയോടുള്ള പ്രേമം, നിഷേധം, ഒഴിഞ്ഞുമാറൽ, അവിശ്വാസം തുടങ്ങിയവയെല്ലാം ആരോഗ്യത്തിന്റെയും, കേവലമായ അംഗീകാരം ലഭിച്ചിട്ടുള്ളതെന്തും രോഗത്തിന്റെയും ലക്ഷണങ്ങളാണെന്ന നീഷേയുടെ അഭിപ്രായത്തെ പ്രമാണമാക്കുന്നവരാണ് ആധുനികർ. സത്യാന്വേഷണമല്ല മുഖ്യം, സ്വാനുഭാവത്തോട് ആത്മാർത്ഥത പുലർത്തലാണ്. സത്യത്തോടുള്ള പ്രേമം ലോകത്തെ, സമൂഹത്തെ മനസ്സിലാക്കാനുള്ള യത്നത്തിനു പ്രേരകമാകും; അവനവനോടുള്ള ആത്മാർത്ഥത എന്നതാകട്ടെ, തന്നിൽതന്നെയുള്ള ചെകുത്താനെ കണ്ടെത്താനും. ഇത് ഭാഷാശൈലിയിലും രൂപത്തിലുമെല്ലാം അപൂർവ്വതയും അസാധാരണത്വവും അനിവാര്യമാക്കുന്നു. എന്നാൽ രൂപപരമായ പുതുമ കൊണ്ടു മാത്രം ആധുനികത്വമാകുന്നില്ല. ആശയസംവേദനങ്ങളുടെ സവിശേഷതയാണ് അതിനു നിദാനം. ഞെട്ടിപ്പിക്കുക, സന്ത്രാസംജനിപ്പിക്കുക, വെറുപ്പും വിദ്വേഷവും ഉദ്വിഗ്നതയും തോന്നിപ്പിക്കുക, അങ്ങനെ ഒരു തലതിരിഞ്ഞമട്ടാണ് അഭികാമ്യം. അവർ എപ്പോഴും ആഴങ്ങൾ തേടുന്നു; നഗരത്തിന്റെ, സ്വീയചേതനയുടെ, ചേരികളുടെ, ലൈംഗികതയും മദ്യവും മയക്കുമരുന്നുകളും പ്രദാനം ചെയ്യുന്ന സംവേദനങ്ങളുടെ, സമുദായത്തിന്റെ വിസ്മൃതസീമകളിലെ ഇരുണ്ട നിഴലു

കളെപ്പോലെയുള്ള അർദ്ധമനുഷ്യരുടെയും കുറ്റവാളികളുടെയും അനുഭവങ്ങളുടെ - അങ്ങനെ എല്ലാറ്റിന്റെയും ആഴങ്ങൾ തേടുകയാണവർക്കു രസം. സംസ്കാര പരിഷ്ക്കാരങ്ങളോടുള്ള പ്രതിഷേധവും പുച്ഛവും, പ്രാകൃതികതയോടുള്ള മമതയും ആരാധനാഭാവവുമാണ് മറ്റൊരു പ്രവണത. ഉത്തരവാദിത്ത രാഹിത്യത്തിൽ അവർ ആനന്ദിക്കുന്നു. അവരോ, അവരുടെ കഥാപാത്രമോ, സ്വകീയാസ്തിത്വത്തെയോ സമൂഹാ സ്തിത്വത്തെയോ പരിഷ്കരിക്കാനൊരുങ്ങുന്നില്ല, അതിനു ശക്തിയുള്ളതായി ഭാവിക്കുന്നുമില്ല. അയാൾക്ക് മൂല്യവിശ്വാസ വുമില്ല, ക്രിയോന്മുഖതയുമില്ല. ക്രിയാരഹിതമായി എല്ലാം അറിയുകയും അനുഭവിക്കുകയും നഗ്നനിർഭയാവിഷ്കാരത്തിലൂടെ ഞെട്ടിക്കുകയും ചെയ്യുന്ന ചേതന മാത്രമാണയാൾ. യുക്തിസഹമായി വ്യാഖ്യാനിച്ചു വിധേയമാക്കാൻ സാധിക്കാത്ത അസ്തിത്വപ്രതിഭാസത്തിന്റെ സന്ത്രാസോദ്വിഗ്നതകളിൽക്കൂടി മരണമെന്ന സത്യത്തിലേക്കു പിടഞ്ഞു വീഴുന്ന മനുഷ്യചേതനയുടെ, നിരാലംബ ജീവിതത്തിന്റെ യുക്തിശൂന്യ പരിണാമം- സാർത്രേ, കാമു, കാഫ്ക, ഷേനേ, അയനസ്ക്കോ തുടങ്ങിയവർ കണ്ട ആ ഗൗരവസത്യം പുതിയ എഴുത്തുകാരെയും ബോധവാന്മാരാക്കിയിട്ടുണ്ട്.

നാലാം തലമുറക്കാർ, പത്മനാഭനും എം.ടി.യും മറ്റും കൊണ്ടുവന്നെത്തിച്ചിടത്തു നിന്ന് മലയാള ചെറുകഥയെ വീണ്ടും ആധുനികീകരിച്ച് ലോക കഥാസാഹിത്യത്തിന്റെ വർത്തമാന കാലനിലവാരത്തിലേക്കു നയിച്ചിരിക്കുന്നു. മുൻ വിവരിച്ച ആധുനിക പ്രവണതകൾ അവരുടെ കഥകളിൽ കാണുന്നു എന്നതു കൊണ്ടു മാത്രമല്ല അങ്ങനെ പറയുന്നത്. ഈ പുതിയ തലമുറക്കാർ കഥാസാഹിത്യത്തെ അദൃശ്യപൂർവ്വങ്ങളായ അനുഭവങ്ങളുടെയും ആശയങ്ങളുടെയും നൂതനോജസ്സു നൽകി, ആക്രാമകമായ ഒരു ശക്തിയാക്കി മാറ്റിയിരിക്കുന്നു എന്ന അനുഭവവേദ്യമായ സത്യമാണ് മുഖ്യപ്രമാണം. പുതിയ അനുഭവസത്യങ്ങളുടെ നേരെ കൺ മിഴിപ്പിക്കാനും പലപ്പോഴും നമ്മുടെ മനസ്സിൽ അവ്യക്തമായി മിന്നി മറയുന്ന പലതിനെയും അല്പം കൂടി വ്യക്തമായി കാണിച്ചു തരാനും, വ്യക്തിചേതനയിലെ അഗാധപ്രാകൃത ചോദനകളുടെ ചുരമാന്തൽ അനുഭൂതമാക്കാനും അവർക്കു കഴിയുന്നുണ്ട്. വായനക്കാരെ ശുണ്ഠി പിടിപ്പിക്കാനും, ഞെട്ടിപ്പിക്കാനും,



അമ്പരപ്പിക്കാനും, അവരെക്കൊണ്ടു ചിലപ്പോൾ തങ്ങളുടെ നേരെ ആക്ഷേപശരവർഷം ചെയ്യിക്കാനും സാധിക്കുന്നുവെന്നത് അവരുടെ സർഗ്ഗവ്യാപാരത്തിന്റെ സാഫല്യമാകുന്നു. അനുഭവാധിഷ്ഠിതമാക്കി പ്രകാശിപ്പിക്കാനാകാത്ത ദർശനങ്ങളും ആശയങ്ങളും ദുർഗ്രഹപ്രതീക സാമഗ്രികളും കൊണ്ട് വായനക്കാരിൽ വൈമുഖ്യം ജനിപ്പിക്കുന്ന എഴുത്തുകാരും കഥകളും വിരളമല്ലെന്ന സത്യവും ഇവിടെ വിസ്മരിക്കുന്നില്ല.

മലയാളത്തിൽ ദീർഘചരിത്രമുള്ളത് കവിതയ്ക്കും കഥയ്ക്കുമാണ്. കവിതയ്ക്ക് ആന്തരികമായ പാരമ്പര്യങ്ങളോടുള്ള ബന്ധത്തിനു ദാർഢ്യം കൂടുതലുള്ളതു കൊണ്ട് സ്വാഭാവികമായും, ചാട്ടവും കുതിയുമായി പുരോഗമിക്കാനോ പരിണാമവിധേയമാകാനോ കഴിയുകയില്ല, കഴിഞ്ഞിട്ടുമില്ല. കവിതയിലെ അത്യാധുനിക വികാസം തലമുറകൾക്കിടയിൽ സൃഷ്ടിച്ചിട്ടുള്ള വിടവ് കൂടുതൽ വലുതായിത്തോന്നുവാനുള്ള കാരണം, ആ വികാസം മന:പൂർവ്വമായ ഒരു നെടുങ്കൻ ചാട്ടമാണ് എന്നതു തന്നെ. എന്നാൽ കഥയിൽ തലമുറകൾക്കു തമ്മിലുള്ള വിടവ് അത്രയും വലുതല്ല. എങ്കിലും അതുണ്ടെന്നത് അനിഷേധ്യമാണ്. അനിവാര്യവും ആരോഗ്യലക്ഷണവുമായ കാലപ്രതിഭാസമാണത്.

കവിഞ്ഞ ബുദ്ധിപരതയും വൈയക്തികതയും അമൂർത്തതയും പ്രതീകാത്മകതയും സാമൂഹ്യ ജീവിതപരാങ്മുഖതയും വൈദേശികാനുകരണത്വരയും മറ്റും ഇന്ന് ചെറുകഥയ്ക്ക് വായനക്കാരിൽ നിന്ന് ഒട്ടൊരകൽച്ചയും വിളറിച്ചയും വരുത്തിയിട്ടുണ്ട് എന്ന സത്യം വിവാദവിഷയമാകാം. ചെറുകഥയുടെ പ്രചാരലോപത്തിന്റെ കാരണമാരായുമ്പോൾ, ഈ സത്യവും ഗണിച്ചേ തീരൂ. മറ്റു കാരണങ്ങളുമുണ്ട്.

ചെറുകഥയ്ക്ക് ഒരു ദശാബ്ദം മുൻപുവരെ ഉണ്ടായിരുന്ന പ്രചാരമോ പദവിയോ ഇന്നുണ്ടോ? ഇന്ന് ജനപ്രീതി പാത്രമായ സാഹിത്യരൂപം നോവലല്ലെ? സൃഷ്ടിപക്ഷത്തും ആസ്വാദന പക്ഷത്തും ചെറുകഥ ഇന്ന് മുഖ്യമായ ആകർഷണഘടകമല്ല. പറയുവാനുള്ളത് കഥയുടെ ക്യാൻവാസിൽ ഒതുങ്ങുന്നില്ല എന്നത് സത്യമാണെന്ന് തകഴി ഏതാനും വർഷങ്ങൾക്കു മുൻപേ പറഞ്ഞു

കഴിഞ്ഞിരുന്നു. എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെ കർശനമായി നിയന്ത്രിക്കുകയും, സിദ്ധിയുടെ ആയാസകരമായ കേന്ദ്രീകരണം ആവശ്യപ്പെടുകയും ചെയ്യുന്ന രൂപശില്പ പരമായ വ്യവസ്ഥകളും സമ്പന്നമായ പാരമ്പര്യവുമുള്ളതാണ് ചെറുകഥ എന്ന രൂപം. ''ചെറുതാകും തോറും എഴുതാൻ ക്ലേശമേറി വരുന്നതാണ് കഥ. ഒരു വാക്കു കൊണ്ടോ, ഒരു സൂചന കൊണ്ടോ, വർണ്ണലേശം കൊണ്ടോ സൃഷ്ടിക്കാനറിയണം; അതൊരഗ്നിസ്ഫുലിംഗമാണ്'' -മിഖായൽ പ്രിഷ്വിൻ എന്ന റഷ്യൻ വിമർശകൻ കഥാരചനയുടെ ദുഷ്കരത ഇങ്ങനെ ചൂണ്ടിക്കാണിച്ചതിനെ അനുസ്മരിച്ച്, അലക്സാണ്ടർ ചുഡ്കോവ് ഈയിടെ റഷ്യയിൽ കഥയ്ക്ക് പ്രാമാണ്യം കുറയാനും നോവലെറ്റ് എന്ന രൂപത്തിന് പ്രചാരം കൂടുവാനും ഇടയായതിന്റെ കാരണം അന്വേഷിക്കുകയുണ്ടായി. ആധുനികഭൗതികതയെ ഏതാനും വാക്കുകൊണ്ട് എത്തിപ്പിടിക്കാനാകില്ല. പ്രിഷ്വിനും ചുഡ്കോവും ചൂണ്ടിക്കാണിച്ച രണ്ടു കാരണങ്ങൾ കൂടുതൽ സ്വാതന്ത്ര്യമുള്ള രൂപം സ്വീകരിക്കാൻ എഴുത്തുകാർക്ക് പ്രേരണ നൽകി. നമ്മുടെ കഥാകൃത്തുകൾ നോവലിന്റെ വലിയ ക്യാൻവാസിലേക്ക് തിരിഞ്ഞു. കുറച്ചു കാലമായി സ്വാതന്ത്ര്യക്കുറവു തോന്നിക്കാത്ത നോവലെറ്റിന്റെ ചെറിയ കാൻവാസ് കഥാകൃത്തുകളെ ആകർഷിച്ചു തുടങ്ങിയിരിക്കുന്നു. പത്രമാസികാദികളിൽ രണ്ടോ മൂന്നോ ലക്കങ്ങളിലായി വ്യാപിക്കുന്ന ദീർഘകഥകളും കഥയുടെയും ചിത്രീകരണത്തിന്റെയും (Sketch)സ്വഭാവം കലർന്ന നിബന്ധങ്ങളും ഈയിടെ ധാരാളം പ്രത്യക്ഷപ്പെടുന്നുണ്ട്. ബഷീറിന്റെ 'മതിലു'കളും എം.ടി.യുടെ മഞ്ഞും തൊട്ടു തുടങ്ങുന്ന ആ പരമ്പരയിൽ കാക്കനാടൻ, എൻ.പി.മുഹമ്മദ്, ഒവി.വിജയൻ, സേതു, കുഞ്ഞബ്ദുള്ള, കോവിലൻ തുടങ്ങിയ പ്രശസ്ത കഥാകൃത്തുകളുടെ നോവലെറ്റുകൾ സ്മരണീയങ്ങളാണ്.

ഒന്നിനെ പിൻതള്ളി മറ്റൊരു സാഹിത്യരൂപം പ്രചാരമാർജ്ജിക്കുന്നു എന്നതു കൊണ്ട് ഒരു രൂപം മൃതമാകുന്നു എന്നർത്ഥമില്ല. ഒരു രൂപം നശിക്കുക, ഉടൻ മറ്റൊന്നുണ്ടാവുക എന്നത് സംഭവ്യമല്ല. ഒന്ന് മറ്റൊന്നിലൂടെ നൂതനത്വമാർജ്ജിച്ച് പുനർജ്ജനിക്കുന്നു എന്നേ പറയാനാവൂ. രണ്ടിനും തമ്മിൽ അത്യധികമായ അകൽച്ചയില്ല. ഭിന്ന രൂപങ്ങൾ നിലനിൽക്കുന്നതു കൊണ്ടാണല്ലോ, ഓരോന്നും സവിശേഷമായി വ്യവച്ഛേദിക്കപ്പെടുന്നത്. കാലത്തിന്റെ ആവശ്യമനുസരിച്ചുള്ള ഗതിവികാസം മാത്രമാണത്.



# 2. മുല്ലവല്ലിയും മാൻകിടാവും

പി.കെ.പരമേശ്വരൻ നായർ

[ജീവചരിത്രകാരൻ, ഉപന്യാസകർത്താവ്, സാഹിത്യചരിത്രരചയിതാവ് എന്നീ നിലകളിലെല്ലാം പ്രശസ്തനാണ് പി.കെ പരമേശ്വരൻ നായർ (1903-1988). അദ്ദേഹത്തിന്റെ പ്രധാനകൃതികളാണ് സാഹിത്യപഞ്ചാനനൻ, സി.വി.രാമൻപിള്ള, മഹാത്മാഗാന്ധി, വോൾട്ടയർ, ഭാവരശ്മികൾ, ഏകഭാരതത്തിന്റെ ദീപശിഖകൾ, മലയാളസാഹിത്യചരിത്രം, ആധുനിക മലയാള സാഹിത്യചരിത്രം തുടങ്ങിയവ. കാളിദാസന്റെ 'അഭിജ്ഞാന ശാകുന്തള'ത്തെ അവലംബമാക്കി അദ്ദേഹം രചിച്ചിട്ടുള്ള ഒരു ഉപന്യാസമാണ് 'മുല്ലവല്ലിയും മാൻകിടാവും.']

കാളിദാസമഹാകവിയുടെ ശാകുന്തളം നാടകത്തിൽ പ്രകൃത്യംശവും മനുഷ്യാംശവും തമ്മിൽ ചേർത്തിണക്കി അദ്ദേഹം സഞ്ജാതമാക്കിയിരിക്കുന്ന ഗാഢമായ സംശ്ലിഷ്ടതയും സൗഹാർദ്ദവും സാഹോദര്യവും മൂലം പ്രസ്തുത നാടകത്തിലെ കഥാപാത്രങ്ങളുടെ കൂട്ടത്തിൽ ചിലപ്പോൾ മൃഗങ്ങളെയും ജഡപദാർത്ഥങ്ങളെയും കൂടി ഉൾപ്പെടുത്തേണ്ടി വരുന്നു. വിശാലഹൃദയനായ ആ മഹാകവിയുടെ ദൃഷ്ടിയിൽ മനുഷ്യരും മൃഗങ്ങളും ജഡങ്ങളും എന്നുവേണ്ട, സർവ്വചരാചരങ്ങളും ഏകമായ ഒരു പ്രകൃതിയുടെ അംശങ്ങളും തൻമൂലം പരസ്പരം സഹോദരങ്ങളുമാണ്. ശാകുന്തളം, രഘുവംശം, കുമാരസംഭവം, മേഘദൂതം മുതലായ പ്രധാന കൃതികളിലെല്ലാം ആവിഷ്ക്കരിച്ചിട്ടുള്ള പല ആശയങ്ങളും ചിത്തവൃത്തികളും കവിയുടെ ഈ വിശ്വാസത്തെ തെളിയിക്കുവാൻ പര്യാപ്തമായിട്ടുണ്ട്. ശാകുന്തളത്തിലെ കഥാപാത്രങ്ങളുടെ കൂട്ടത്തിൽ, ദുഷ്ഷന്തമഹാരാജാവിനെയും അദ്ദേഹത്തിന്റെ പരിവാരങ്ങളെയും പോലെയുള്ള നാഗരികർ ഒരു ഭാഗത്തുണ്ട്. എന്നാൽ ഭാവിയിൽ ആ രാജ പുരുഷന്റെ പട്ടമഹിഷിയായിത്തീരുന്ന ശകുന്തള, 'മാനോടൊത്തു' വളർന്നു വന്ന ഒരു കാനനകന്യകയാണ്. ശകുന്തളയുടെ ഈ പ്രാകൃതികത്വം അവളുടെ മാഹാത്മ്യത്തിനു യാതൊരു ഹാനിയും ചേർക്കുന്നില്ല. പ്രത്യുത,

അനാഗരികത അവളുടെ അഴകിനു മാറ്റു കൂട്ടുന്നതേയുള്ളു വെന്നത്രേ സരസനും പരിഷ്കൃതാശയനുമായ രാജാവിനെ ക്കൊണ്ടുതന്നെ മുക്തകണ്ഠം കവി പ്രശംസിപ്പിച്ചിരിക്കുന്നത്. പരിഷ്കാരത്തിന്റെ യാതൊരു ലക്ഷണവും തികഞ്ഞിട്ടില്ലാത്ത മുനികുമാരന്മാരും മുനികന്യകമാരുമാണ് കഥാപാത്രങ്ങളിൽ മറ്റൊരു വിഭാഗക്കാർ. ഇവരുടെ കൂട്ടുകാരായി മാൻകിടാങ്ങൾ, ആശ്രമവൃക്ഷങ്ങൾ എന്നിങ്ങനെ വേറെ ചില കൂട്ടരുണ്ട്. ഇവരെയും കൂടാതെ മുല്ലവല്ലികൾ, രസാലമരങ്ങൾ, ചമത വൃക്ഷങ്ങൾ, നീവാരാങ്കുരങ്ങൾ എന്നു വേണ്ടാ, പലവിധ ചെടികളും ലതകളും ശാകുന്തളരംഗങ്ങളിൽ സവിശേഷം സ്ഥാനം പിടിച്ചിരിക്കുന്നു. ഒടുവിൽ പറഞ്ഞ മൃഗങ്ങളെയും ചെടികളെയും പറ്റി സാധാരണയായി കവിതകളിലുള്ള വർണ്ണനകളോ സൂചനകളോ മാത്രമേ ഗ്രന്ഥത്തിൽ ഉണ്ടായിരുന്നുള്ളു എങ്കിൽ, ഇവയ്ക്കു നാടകവിമർശനത്തിൽ യാതൊരു സ്ഥാനവും നല്കേണ്ടി വരികയില്ലായിരുന്നു. മറ്റു കവികൾ ചെയ്യാറുള്ളതു പോലെ, ഈവക പ്രകൃതിവസ്തുക്കളെ നാടകത്തിന്റെ ഒരു പശ്ചാത്തലം (Back ground) മാത്രമായേ കവി കരുതിയിരുന്നുള്ളു എങ്കിലും അവയെപ്പറ്റി ഗൗനിക്കേണ്ടിവരികയില്ലായിരുന്നു. നേരെ മറിച്ച് കേവലം കഥാപ്രസംഗത്തിൽ കവി ഉച്ചരിച്ച പദങ്ങൾ മാത്രമല്ല, മേല്പറഞ്ഞ വൃക്ഷലതാദികളും പക്ഷിമൃഗാദികളും. ദുഷ്ഷന്തനോ ശകുന്തളയ്ക്കോ മാഢവ്യനോ സൂതനോ ശാകുന്തളം നാടകത്തിലുള്ള ഭാഗഭാക്ത്വം പോലെ തന്നെ പ്രധാനമായ ഒരു പങ്ക് ഈ തിര്യക്കുകളും വൃക്ഷലതാദികളും നിർവ്വഹിക്കുന്നുണ്ട്. അവയെല്ലാം നാടകത്തിലെ മനുഷ്യാംശ ത്തോടു സ്വച്ഛന്ദം സമ്മേളിച്ചും മനുഷ്യാംശങ്ങൾ അവയോടു ദൃഢമായി സംഘടിച്ചും ആകപ്പാടെ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഏകയോഗക്ഷേമത്തോടും സാഹോദര്യ ത്തോടും വർത്തിക്കുന്നു. മൃഗങ്ങളും ജഢങ്ങളും മനുഷ്യകഥാ പാത്രങ്ങളുടെ വ്യസനോദയ ങ്ങളിൽ സഹഭാവം കൈക്കൊള്ളു ന്നതായി വർണ്ണിക്കപ്പെട്ടിരി ക്കുന്നു. അവ വിവിധവികാരങ്ങളാൽ പ്രചോദിതങ്ങളായി ത്തീരുന്നു. അവയുടെ വികാരപ്രകടനങ്ങൾ, മനുഷ്യചേഷ്ടകളിൽ കലാശിക്കകൂടി ചെയ്യുന്നു. ഇങ്ങനെ കണ്വാശ്രമത്തിലെ പക്ഷിമൃഗാദികളും, വൃക്ഷലതാദികളും ആശ്രമ



വാസികളുടെ ഓരോ അവസ്ഥാന്തരങ്ങളിൽ സന്തോഷിക്കുകയും സന്തപിക്കുകയുമാണ്. പ്രകൃതി മുഴുവൻ മനുഷ്യനോടു സഹോദരത്വേന വർത്തിക്കുന്നു. പ്രപഞ്ചത്തിന്റെ ഒരംശം തന്നെയാണ് ശാകുന്തള ത്തിൽ പ്രതിബംബിക്കുന്നത്. പ്രപഞ്ച വസ്തുക്കൾ നൈസർഗ്ഗികമായ രീതിയിൽ അവയുടെ പ്രവൃത്തികൾ തുടരുകയല്ലേ ചെയ്യുന്നത്? ഗംഭീരമായ ആ നാടകത്തിൽ പ്രകൃതി അതിന്റെ സ്ഥാനം യാതൊരു ബാഹ്യപ്രേര ണയും കൂടാതെ നിർവ്വഹിക്കുന്നു. കണ്വൻ, ശകുന്തള, പ്രിയംവദ, അനുസൂയ മുതലായവരുടെ ചുറ്റും പ്രവർത്തിച്ചുകൊണ്ടിരുന്ന ആ തപോവനം അതേ രൂപത്തിൽ നാടകത്തിലും പ്രതിഫലിക്കുന്നു. അങ്ങനെ ആശ്രമവൃക്ഷങ്ങൾ, വള്ളിക്കുടിലുകൾ, മാൻകിടാങ്ങൾ എന്നിവയെല്ലാം ആ നാടകത്തിൽ അവരുടെ ഭാഗം താനേ അഭിനയിക്കുന്നു. ഇതിൽ നാടകകർത്താവിന്റെ പ്രേരണയോ കൃത്രിമകലയോ ലേശം സ്ഫുരിക്കുന്നില്ല എന്നുള്ളതാണ് അതിന്റെ സ്വാഭാവികതയുടെ മാറ്റു കൂട്ടുന്നത്. അതിനാൽ, സാക്ഷാൽ വിശ്വത്തിന്റെ ഒരു വിഭാഗം അതിലെ സകല ജീവസ്ഫുരണ ങ്ങളോടും ഗതിവിഗതികളോടും കൂടി കളിയാടുന്ന ഒരു നൈസ ർഗ്ഗികചിത്രമായി ശാകുന്തളം പ്രതിഭാസിക്കുന്നു.

സോമവംശാലങ്കാരമായ ദഷ്ഷന്തമഹാരാജാവ് കഥാനാ യകനും അപ്സരസംഭവയായ ശകുന്തള നായികയും ആയുള്ള ഈ നാടകത്തിലെ മിക്കവാറും സംഭവങ്ങൾ രാജഹർമ്മ്യങ്ങളിലോ ദേവനഗരങ്ങളിലോ അല്ല നടക്കുന്നത്. ഒന്നുരണ്ടു രംഗങ്ങൾ ഒഴിച്ചു ബാക്കിയെല്ലാം മാലിനിനദിയുടെ തീരത്തിലുള്ള കണ്വാശ്രമ ത്തിലും ഹേമകൂടസാനുക്കളിലും മറ്റുമാണു സംഭവിക്കുന്നത്. ആ പ്രദേശങ്ങളാകട്ടെ, പ്രകൃതിവിലാസത്തിന്റെ നടനമണ്ഡപങ്ങളാണ്. കേവലം ഒരു മനുഷ്യകഥ മാത്രം വിവരിക്കണമെന്നുള്ള ഉദ്ദേശ്യമേ കാളിദാസനുണ്ടായിരുന്നുള്ളുവെങ്കിൽ ശാകുന്തളത്തിലെ രംഗ സ്ഥാനങ്ങൾ മിക്കവാറും പട്ടണപ്രാന്തങ്ങളിലും ജനപദങ്ങളിലു മായി വിന്യസിക്കപ്പെടുമായിരുന്നു. എന്നാൽ മനുഷ്യകഥയേ ക്കാൾ വ്യാപ്തിയേറിയ ഒരു വിഷയമാണ് ആ വിശ്വമഹാകവിക്കു വിവരിക്കുവാനുണ്ടായിരുന്നത് മനുഷ്യലോകം വിപുലമായ വിശ്വത്തിന്റെ ഒരു വിഭാഗം മാത്രമാണെന്നും അതിനെ മാത്രം അധികരിച്ചുള്ള കഥാനുരചനം അപൂർണ്ണമായിരിക്കുമെന്നും

ക്രാന്തദർശിയായ ആ നാടകകർത്താവ് ധരിച്ചിരുന്നു. അതിനാൽ, സാക്ഷാൽ പ്രകൃതിയെ അതിന്റെ പരിപൂർണ്ണതയിൽത്തന്നെ വിഷയമാക്കി തദനുസരണമായ രംഗവിസ്തൃതിയോടു കൂടി കാളിദാസൻ തന്റെ ശാകുന്തളം വിരചിച്ചു.

അദ്ദേഹം ചിത്രീകരിച്ച പ്രകൃതിയാകട്ടെ ചൈതന്യരഹിതമായ ഒരു ജഡലോകമല്ല. വികാരപ്രചോദിതവും സ്നേഹസമ്പൂർണ്ണവുമായ ഒരു ജീവവിലാസമാണ് കാളിദാസന്റെ പ്രകൃതി. കണ്വാശ്രമത്തിലെ മനുഷ്യജീവികളുടെ എല്ലാവിധ സുഖദു:ഖങ്ങളിലും അവിടത്തെ ബാഹ്യപ്രകൃതി വികാരോത്തേജകമായ വിധത്തിൽ പങ്കു കൊള്ളുന്നു. ശകുന്തളയുടെ വേർപാടിൽ ആശ്രമത്തിലെ സകല ചരാചരങ്ങളും തീവ്രമായ സ്നേഹവാത്സല്യങ്ങളും തജ്ജന്യമായ വിയോഗദു:ഖവും പ്രകടിപ്പിക്കുന്നു. ശകുന്തളതന്നെ നട്ട് ജലസേചനം ചെയ്തു വളർത്തി വന്ന ബാലലതകൾ, അവളുടെ വിരഹത്തിൽ ദു:ഖസൂചനകൾ പുറപ്പെടുവിക്കുന്നു. ആശ്രമവാടം മുഴുവൻ വ്യസനാധിക്യം കൊണ്ട് ഇളകിവശാകുന്നു. തദവസരത്തിൽ പ്രിയംവദ, ശകുന്തളയോടു പറയുന്നു:

''ശകുന്തളേ! നീ ഇ തപോവനം വിട്ടുപോകുന്നതു കൊണ്ടുള്ള വ്യസനം നിനക്കു മാത്രമല്ല, നിന്നോടു വേർപെടുവാൻ ഭാവിക്കുന്ന ഈ തപോവനത്തിന്റെയും അവസ്ഥ നോക്കുക:

''പുല്ലിനെ മാൻ തുപ്പുന്നു
നല്ലിളമയിൽ നർത്തനം നിർത്തുന്നു
വള്ളികളുൾത്താപത്താൽ
വെള്ളില കണ്ണീർകണക്കു ചൊരിയുന്നു.''

എത്ര അനുഭാവസിക്തമായ ഒരു ബാഹ്യപ്രകൃതിയാണിത്. അനുകമ്പയും സ്നേഹപാരവശ്യവും മനുഷ്യജീവികളിൽപോലും ഇത്രമാത്രം ശക്തിയായി കുടികൊള്ളുന്നുണ്ടോ? ദുഷ്ഷന്തമഹാരാജാവിന്റെ രാജഹർമ്മ്യത്തിൽ ആ രാജപുരുഷനാൽ നിഷ്കാസിതയായി നിരാലംബയായി നിലംപതിച്ച ശകുന്തളയ്ക്കു വേണ്ടി ഒരു തുള്ളി കണ്ണുനീർ വാർക്കുവാൻ ഒരൊറ്റ മനുഷ്യവ്യക്തിയെങ്കിലും ഉണ്ടായിരുന്നോ എന്നുള്ള അനന്തരകഥ ഈ അവസരത്തിൽ ചിന്തനീയമായിരിക്കുന്നു. ആ രംഗവും കാളിദാസതൂലിക



യിൽനിന്നുതന്നെ നിർഗ്ഗളിച്ചിട്ടുള്ളതാണല്ലോ. പ്രേമവാത്സല്യങ്ങൾ മനുഷ്യമാത്രസഹജമായ വികാരങ്ങളല്ലെന്നും അവ ചരാചരാത്മകമായ വിശ്വത്തിന്റെഏതൊരംശത്തിലും കുടി കൊള്ളുന്നതാണെന്നുമുള്ള വിശാലമായ തത്ത്വത്തെ കാളിദാസൻ ശാകുന്തളം കൊണ്ടു ചിത്രീകരിച്ചു തെളിയിച്ചിരിക്കുന്നു. ശകുന്തളാദുഷ്ഷന്തന്മാരുടെ പരസ്പരാനുരാഗവും അവരുടെ പരിണയവും മാത്രമല്ല ശാകുന്തളം കഥ. പ്രകൃതിക്കു മനുഷ്യവികാരങ്ങളിലും, മനുഷ്യനു പ്രകൃതിയിലും, പരസ്പരം എത്രമാത്രം സ്നേഹം പുലർത്തുവാൻ കഴിയുമെന്നുള്ള കൂടുതൽ വ്യാപകമായ തത്ത്വത്തെ കാളിദാസൻ നാടകകലയാകുന്ന ഉപാധിമൂലം പ്രസ്പഷ്ടമാക്കുകയാണു ചെയ്തിട്ടുള്ളത്. ശകുന്തള ദുഷ്ഷന്തനെ സ്നേഹിക്കുന്നതിനു മുൻപു തന്നെ കണ്വാശ്രമത്തിലെ ബാലചൂതങ്ങളെയും മാൻകിടാങ്ങളെയും സ്നേഹിച്ചിരുന്നു. അതുപോലെതന്നെ ശകുന്തളയെ ദുഷ്ഷന്തൻ കാണുന്നതിന് എത്രയോ മുൻപ് ആ മാൻകിടാങ്ങളും ആശ്രമവൃക്ഷങ്ങളും ആ വനകന്യകയിൽ സ്നേഹാമൃതം ചൊരിഞ്ഞിരുന്നു.

ഭർത്തൃമന്ദിരത്തിലേക്കു യാത്രോദ്യുക്തയായി നിന്ന ശകുന്തള, കണ്വാശ്രമത്തോടു യാത്ര പറയുന്ന അവസരത്തിൽ അവളുടെ ബന്ധുക്കളായി കരുതിയിട്ടോ എന്ന വണ്ണം തപോവനവൃക്ഷ ങ്ങളെ ഉദ്ദേശിച്ചു കണ്വമഹാമുനി പറയുന്ന വാക്കുകൾ മേല് പറഞ്ഞ സ്നേഹബന്ധത്തെ സ്പഷ്ടമാക്കുന്നു. തപോവനത്തോട് അദ്ദേഹം പറയുന്നു:

''ഇല്ല നിങ്ങളെ നനച്ചിടാതെയൊരു-
നാളെവൾക്കു ജലപാനവും
പല്ലവം തൊടുവതില്ലയേവളത-
ണിഞ്ഞിടാൻ കൊതിയിരിക്കിലും
നല്ലൊരുത്സവമെവൾക്കു നിങ്ങളുടെ-
യാദ്യമായ കുസുമോദ്ഗമം
വല്ലഭന്റെ ഗൃഹമശ്ശകുന്തള ഗ-
മിച്ചിടുന്നു വിട നല്കുവിൻ.''

മൂകങ്ങളായ ആ വൃക്ഷഗണങ്ങൾക്കു കണ്വന്റെ ഈ അഭ്യർത്ഥനയിൽ മൗനം ദീക്ഷിക്കുവാൻ കഴിയുന്നില്ല. അവ കോകിലകൂജിതങ്ങൾ മൂലം ശകുന്തളയ്ക്കു യാത്രാനുമതി നല്കുന്നു.

കാളിദാസൻ തന്റെ ഗ്രന്ഥത്തിൽ ബാഹ്യപ്രകൃതിയെ സംഘടിപ്പിച്ചിട്ടുള്ളതിന്റെ ഏറ്റവും ഹൃദയാവർജ്ജകങ്ങളായ രണ്ടു ദൃഷ്ടാന്തങ്ങളാണ് ശാകുന്തളത്തിലെ ഒരു മുല്ലവല്ലിയും ഒരു മാൻ കിടാവും. ഇവരെ രണ്ടുപേരേയും നാടകത്തിലെ രണ്ടു കഥാപാത്രങ്ങളായി ത്തന്നെ പരിഗണിക്കാവുന്നതാണ്. അത്രയ്ക്കു പ്രാധാന്യം ആ ലതയ്ക്കും മൃഗത്തിനും കവി നൽകിയിട്ടുണ്ട്. ആ മുല്ലവല്ലി അവൾക്കു ശകുന്തള നല്കിയിരിക്കുന്ന പേർ വനജ്യോത്സ്നാ എന്നാണ് - ശകുന്തളയുടെ ഒരുറ്റ സ്നേഹിതയും കണ്വമഹർഷി അവളോടൊപ്പം സ്നേഹപാത്രമാക്കിയിട്ടുള്ള പ്രിയ പുത്രിയുമാണ്. ശകുന്തളയ്ക്ക് ആ മുല്ലവല്ലിയോടുള്ള സ്നേഹം എത്ര മാത്രമെന്നു പ്രിയംവദയുടെ വാക്കുകളിൽ നിന്നു സ്പഷ്ടമാകും. അവൾ ചോദിക്കുന്നു:

''തോഴീ! ശകുന്തളേ! തേൻമാവിൽ തനിയേ പടർന്ന് അതിന്റെ സ്വയംവരവധുവായിത്തീർന്ന മുല്ല ഇതാ നില്ക്കുന്നു. 'വനജ്യോത്സ്നാ എന്നു നീ വിളിക്കാറുള്ള ഇതിനെ നീ മറന്നു പോയോ?''

ശകുന്തള ഇതിനു മറുപടി പറയുന്നത്, ''എന്നാൽ ഞാൻ എന്നെയും മറന്നുകളയും'' എന്നാണ്. എത്രപ്രാണനിർവ്വിശേഷമായ സ്നേഹമാണ് ഈ വാക്കുകളിൽ സ്ഫുരിക്കുന്നത്! അനന്തരം യാത്രാഘട്ടത്തിൽ ശകുന്തള ബാഷ്പാകുലങ്ങളായ നേത്രങ്ങളോടുകൂടി തന്റെ തോഴിമാർക്കും പിതാവിനും ആശ്രമവാടത്തിനും യാത്ര പറയുന്ന ഹൃദയാവർജ്ജകമായ ആ ഘട്ടത്തിൽ അവൾ തന്റെ വനജ്യോത്സ്നയെ വീണ്ടും ഓർമ്മിക്കുന്നു. ''അച്ഛാ! ഞാൻ എന്റെ ലതാഭഗിനിയായ, വനജ്യോത്സ്നയോടു വിടവാങ്ങി വരട്ടെ. ''അദ്ദേഹം ശകുന്തളയുടെ പ്രാർത്ഥനയ്ക്ക് ഇങ്ങനെ മറുപടി പറഞ്ഞു: ''നിനക്ക് അതിനെക്കുറിച്ചു സഹോദരീ സ്നേഹമുണ്ടെന്നു ഞാൻ അറിയുന്നു. ഇതാ അതു വലത്തുവശം നില്ക്കുന്നു.''



ഉടൻതന്നെ ശകുന്തള, വനജ്യോത്സ്നയുടെ അടുത്തു ചെന്ന് അതിനെ ആലിംഗനം ചെയ്തു കൊണ്ടു വാത്സല്യാതിരേകം മൂലമുണ്ടായ സ്വരവൈക്ലബ്യത്തോടു കൂടി ഇപ്രകാരം പറയുന്നു: ''വനജ്യോൽസ്നേ! നീ തേന്മാവുമായി ചേർന്നിരിക്കയാണെങ്കിലും ദൂരവാസിനിയായി പോകുന്ന ഈ സഹോദരിയെ കൊച്ചു ശാഖകളാകുന്ന നിന്റെ കൈകൊണ്ടു പ്രത്യാലിംഗനം ചെയ്യണേ!''

ജ്യേഷ്ഠപുത്രി കനിഷ്ഠപുത്രിയോടു ഹൃയംഗമമായി നടത്തുന്ന ഈ പ്രാർത്ഥനയിൽ തപോനിധിയായ കണ്വ മഹർഷിയുടെ പൗഢഗംഭീരമായ ഹൃദയംപോലും ഉച്ഛലിച്ചു പോകുന്നു.അദ്ദേഹം തന്റെ രണ്ടു പുത്രിമാരേയും ഈവിധം അനുഗ്രഹിച്ചു സമാധാനചിത്തനാകുന്നു:

''മുന്നേ ഞാൻ നിരൂപിച്ചപോൽ സദൃശനാ-
യുള്ളോരു ഭർത്താവിനെ-
ത്തന്നേ ഭാഗ്യവശേന മൽ പ്രിയസുതേ
പ്രാപിച്ചു നീ സാംപ്രതം
ഔന്നത്യം കലരും രസാലവരന-
മ്മുല്ലയ്ക്കുമായ് വല്ലഭൻ
നിന്നെച്ചൊല്ലിയുമില്ല കില്ലിനിയെനി-
ക്കിമ്മുല്ലയെച്ചൊല്ലിയും.''

തന്റെ രണ്ടു പുത്രിമാരെ അനുരൂപരായ ഭർത്താക്കന്മാർക്കു നല്കുവാൻ സാധിച്ചതിൽ ഒരു പിതാവിനുള്ള അളവറ്റ ചാരിതാർത്ഥ്യം ഇവിടെ പ്രകാശിക്കുന്നു. മുല്ലവല്ലിയും ശകുന്തളയും രസാലവരനും ദുഷ്ഷന്തനും എല്ലാം കണ്വദൃഷ്ടിയിൽ തന്റെ പുത്രിമാരും ജാമാതാക്കളുമായിത്തീർന്നിരിക്കുന്നു. സഹോദരീ വാത്സല്യവും പുത്രീസ്നേഹവും ഇതിനേക്കാൾ വ്യാപകമായ പരിധിയിൽ മറ്റെവിടെയാണു വർണ്ണിതമായിരിക്കുന്നത്? മനുഷ്യന്റെ ജ്ഞാതിവർഗ്ഗം സ്വവർഗ്ഗസീമയ്ക്കു വെളിയിൽ അചരലോകത്തു കൂടി വ്യാപിച്ചിട്ടുള്ളതിന്റെ മറ്റൊരു ദൃഷ്ടാന്തം എവിടെ കാണും? കേവലം ഒരു മുല്ലവല്ലിയുടെ ആലിംഗനസുഖം അനുഭവിക്കുവാൻ 'സഹോദരീ' എന്നു സംബോധന ചെയ്തു കൊണ്ട് ആഞ്ഞണയുന്ന ശകുന്തളയുടെ സ്നേഹപ്രചോദിതമായ ഹൃദയഗതി എത്ര

വിശിഷ്ടമായിരിക്കുന്നു! ഗരിഷ്ഠചിത്തനായ ഒരു മാമുനിപ്രവരൻ, മുല്ലവല്ലിയെ 'പുത്രീ' എന്നു വിളിച്ചു കൊണ്ട് അതിനു തേന്മാവാകുന്ന ഭർത്താവിനെ കിട്ടിയതിൽ ശകുന്തളയുടെ ദുഷ്ഷന്ത ലബ്ധിയോടൊപ്പം സന്തോഷജനകമായി കരുതി സംതൃപ്തി യടയുന്നു.

ആശ്രമവാടത്തിൽ ശകുന്തളയ്ക്കുണ്ടായിരുന്ന മറ്റൊരു ബന്ധു ഒരു മാൻ കിടാവാണ്. കണ്വമഹർഷിയോടു ശകുന്തളയ്ക്കുള്ള ബന്ധവും കടപ്പാടും തന്നെയാണ് ഈ മാൻകിടാവിനു ശകുന്തളയോടുമുണ്ടായിരുന്നത്. എന്തെന്നാൽ ശകുന്തള കണ്വന്റെയെന്നപോലെ ഈ മാൻകിടാവ് ശകുന്തളയുടെ വളർത്തു സന്താനമായിരുന്നു. ശകുന്തളയ്ക്കെന്നപോലെ ആ മാൻകുട്ടിക്കും ഒരു പൂർവ്വചരിത്രമുണ്ട്. രണ്ടുപേർക്കും പെറ്റ മാതാവിന്റെ പരിലാളനം ഏല്ക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. ശകുന്തള മേനകയാൽ പരിത്യക്തയായി. ആ മാൻകുട്ടിയെ പെറ്റയുടൻ അതിന്റെ മാതാവ് ഇഹലോകവാസം വെടിഞ്ഞു. പിന്നീട് ആ സാധുവിന് ഏകാവലംബം ശകുന്തളയായിരുന്നു. ആശ്രമവാടത്തിൽ സുലഭമായ ചാമയരി കൊടുത്തു ശകുന്തള തന്റെ ദത്തുപുത്രനെ വളർത്തി. ഒരിക്കൽ കുശമുന കൊണ്ട് ആ കുട്ടിയുടെ മുഖം മുറിഞ്ഞപ്പോൾ വ്യസനാക്രാന്തയായിത്തീർന്ന ശകുന്തള ഓടലെണ്ണ പുരട്ടി അവന്റെ വ്രണം ഉണക്കിയത് ആ മാൻകുട്ടിയുടെ ജീവിതത്തിലെ ഒരു സുപ്രധാന സംഭവമത്രെ! യാത്രാസമയത്ത് അവൻ എങ്ങനെയോ തന്റെ വളർത്തമ്മയുടെ വേർപാടുകാര്യം മനസ്സിലാക്കി പിന്നാലെ എത്തിക്കൂടി. അത് അവിടെ എത്രയും ഹൃദയസ്പൃക്കായ ഒരുരംഗം ഉളവാക്കി-

ശകുന്തള: (എന്തോ കാലിൽ തടഞ്ഞതായി ഭാവിച്ചിട്ട്) ചെടികളിൽ ഉടക്കിയതുപോലെ എന്റെ പുടവ തടയുന്നതെന്താണ് ? (തിരിഞ്ഞു നോക്കുന്നു.)

കണ്വൻ: വത്സേ,

''പണ്ടു നീണ്ട കുശസൂചികൊണ്ടൊരു മൃ
ഗംമുഖത്തിൽ മുറിവേറ്റതായ്
കണ്ടു നീ വ്രണവിരോപണത്തിനുട-
നോടലെണ്ണ തടവീലയോ



ചേർത്തു മുഷ്ടിയിലെടുത്തു ചാമയരി
നല്കിയൻപൊടു വളർത്തൊരാ
ദത്തുപുത്രനവനാണെടോ വഴിവി-
ടാതെ കണ്ടു തുടരുന്നത്.''

ശകുന്തള: വത്സാ, കൂട്ടുവിട്ടു പോകുന്ന എന്നെ നീ എന്തിനു പിൻതുടരുന്നു? പ്രസവിച്ചയുടനെ തള്ള മരിച്ചു പോയിട്ടു നിന്നെ ഞാൻ വളർത്തിവിട്ടു. ഞാൻ പോയിക്കഴിഞ്ഞാൽ അച്ഛൻ നിന്നെ രക്ഷിച്ചുകൊള്ളും. നിൽക്കൂ.

ഇത്രയുമായപ്പോഴേക്കു സങ്കടത്തള്ളൽ സഹിക്കുവാൻ നിവൃത്തിയില്ലാതെ ശകുന്തള കരഞ്ഞു തുടങ്ങി. ഒടുവിൽ തന്റെ സഹോദരിയായ മുല്ലവല്ലിയെ തോഴിമാരുടെ കൈയിലും മാൻകിടാവിനെ അച്ഛന്റെ രക്ഷയിലും ഏല്പിച്ചിട്ട് അവൾ ഒരുവിധത്തിൽ ആ രംഗത്തുനിന്നു പിരിഞ്ഞു.

ശകുന്തളയുടെ വേർപാടുപോലെ ഇത്രമാത്രം ഹൃദയസ്പൃക്കായ ഒരു നാടകരംഗം വളരെ ചുരുക്കമായേ കാണുകയുള്ളൂ. ഒരു പുത്രി ഭർത്തൃഗൃഹത്തിലേക്കു പോകുമ്പോൾ പിതാവിനോടു യാത്രപറയുന്നതും ഇരുകൂട്ടരും വേർപെടുവാൻ സങ്കടപ്പെടുന്നതുമായ രംഗങ്ങൾ അസാധാരണമല്ലായിരിക്കാം. എന്നാൽ ശാകുന്തളത്തിൽ കാളിദാസൻ ചിത്രീകരിച്ചിരിക്കുന്ന ആ രംഗം ഭാരതീയ സാഹിത്യത്തിലെന്നല്ല വിശ്വസാഹിത്യത്തിൽപ്പോലും അനുപമമായ ഒന്നാണ്. അതു കേവലം ഒരു പിതാവും പുത്രിയും തമ്മിലുള്ള വിയോഗരംഗമല്ല. ശകുന്തളയുടെ വേർപാടിൽ ചരാചരാത്മകമായ ഒരു പ്രകൃതിവിഭാഗം മുഴുവൻ ഉത്ക്കടമായ വികാരങ്ങൾക്കു വിധേയമായി അനുഭാവം പ്രദർശിപ്പിക്കുന്ന ഒരസാധാരണചിത്രമാണ് ആ വിശ്വമഹാകവി അവിടെ വിരചിച്ചിരിക്കുന്നത്. സംയമപടുവും തപോനിധിയുമായ മഹാമുനി പോലും തന്റെ ചുറ്റുപാടും നടന്ന പ്രകൃതിയുടെ വികാര വിക്ഷോഭങ്ങൾക്ക് അതീതനായല്ല കാണപ്പെടുന്നത്.

''കാട്ടിൽ പാർക്കുമെനിക്കുമിത്രകഠിനം
സ്നേഹോദിതം കുണ്ഠിതം;
നാട്ടിൽപ്പെട്ട ഗൃഹസ്ഥനെത്രയുളവാം
പുത്രീവിയോഗവ്യഥ.''

എന്നിങ്ങനെ അദ്ദേഹം വിലപിച്ചു പോകുന്നു

ശാകുന്തളത്തിന്റെ ഈ അസാധാരണമായ സ്വഭാവവിശേഷം, അതായത്, സങ്കുചിതമായ മനുഷ്യപ്രേമത്തിനും മറ്റും അതീതമായ വിശ്വപ്രേമത്തിന്റെ ചിത്രീകരണം പ്രസ്തുത ഗ്രന്ഥത്തെ വിശ്വസാഹിത്യത്തിൽ ഏറ്റവും ഉന്നതമായ ഒരു നിലയിൽ എത്തിക്കുന്നു. സാഹിത്യത്തിന്റെ പുരോഗമനമാർഗ്ഗത്തിൽ ഒരു പരിണതസ്വരൂപമാണ് ശാകുന്തളമെന്നു പറയാം. സാധാരണമായ ഒരു കവിഹൃദയത്തിന് ഈ മാതിരി ഒരു ഗ്രന്ഥം ഭാവന ചെയ്യുവാൻപോലും സാദ്ധ്യമല്ല. വൈവിധ്യമയമായ ഈ പ്രപഞ്ചം, ഏകത്വത്തിൽ സ്ഥിതി ചെയ്യുന്നുവെന്നും ബാഹ്യമായി കാണുന്ന വിഭിന്നതകളെല്ലാം യഥാർത്ഥത്തിൽ ഏകത്വത്തിൽ ലയിക്കുന്നുവെന്നും ഓരോ ബാഹ്യമായ ഘടകവും സഹോദര ത്വേന വർത്തിക്കുന്നു എന്നുമുള്ള വിശാലബോധം ഹൃദയമണ്ഡല ത്തിൽ ഉദിച്ചുയർന്നിട്ടുള്ള ഒരു മഹാകവിക്കല്ലാതെ ശാകുന്തള രംഗങ്ങളിൽ ചിലതു രചിക്കുവാൻ സാദ്ധ്യമല്ല. ലോകത്തെ അതിന്റെ വിപുലമായ അർത്ഥത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു യഥാർത്ഥമഹാത്മാവിനല്ലാതെ, ശാകുന്തളത്തിൽ പ്രദർശിതമായി രിക്കുന്ന പ്രേമസാഹോദര്യങ്ങൾ ചിത്രീകരിക്കുവാൻ കഴിയു ന്നതല്ല. മുൻപു പ്രസ്താവിച്ചിട്ടുള്ളതുപോലെ ശാകുന്തളം കേവലം ഒരു പ്രണയകഥയല്ല. സാക്ഷാൽ പ്രേമത്തെ അതിന്റെ ഏറ്റവും വിശാലമായ അർത്ഥത്തിൽ മനസ്സിലാക്കാൻ കഴിയുമെങ്കിൽ, അതത്രെ ശാകുന്തളത്തിലെ വർണ്ണ്യവിഷയം. ഗീതയുപദേശിച്ച ശ്രീകൃഷ്ണഭഗവാനും സകല ചരാചരങ്ങളെയും സ്നേഹിക്കുവാൻ പഠിപ്പിച്ച ബുദ്ധദേവനും ഉപനിഷത്തുകളുടെ ദ്രഷ്ടാക്കളായ പരശതം മഹർഷിമാരും അവതരിച്ച ഭാരതഭൂമിയിലല്ലാതെ വിശ്വപ്രേമത്തിന്റെ ഈ വിശാലമായ വീക്ഷണഗതി ഇതുപോലെ ചിത്രീകരിക്കുവാൻ ഒരാളുണ്ടാകുകയില്ല. കാളിദാസനെപ്പോലെ ഒരു പ്രേമഗായകനോ, ശാകുന്തളം പോലെ ഒരു പ്രേമഗീതമോ വെറും ഭൗതികപരിഷ്ക്കാരം മാത്രം നിറഞ്ഞ സമുദായമണ്ഡല ങ്ങളിൽ ഉണ്ടാകുകയില്ല. സാക്ഷാൽ ആർഷഭൂമിക്കു മാത്രമേ ആ മഹനീയമായ ജനനീപദവിക്കവകാശമുള്ളു. ഒരു മുല്ലവല്ലിയെയും മാൻകിടാവിനെയും യഥാക്രമം സഹോദരി എന്നും പുത്രൻ



എന്നും വിശ്വസിച്ചു കൊണ്ടു സ്നേഹിക്കുവാനും ചുംബി ക്കുവാനും കഴിയുന്ന ഹൃദയസമ്പന്നരായ കഥാപാത്രങ്ങളെ സൃഷ്ടിച്ച കവി ഒരു യഥാർത്ഥവേദാന്തിയായിരിക്കണമെ ന്നുള്ളതിനു തർക്കമില്ല. ശാകുന്തളത്തിന്റെ നാന്ദിശ്ലോകം ആ നാടകത്തിന്റെ സകല അംശങ്ങളെയും ഉൾക്കൊള്ളുന്നുവെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ആ ശ്ലോകം ശുദ്ധമായ വേദാന്തമല്ലാതെ മറ്റെന്താണ്? 'വിത്തെല്ലാത്തിനുമേകപ്രകൃതി' എന്ന് അതിൽ പ്രയോഗിച്ചിട്ടുള്ളതിന്റെ കവിതാമയവും കലാവിലാസപൂർണ്ണവുമായ ഒരു മനോഹരവ്യാഖ്യാനമാണ് ശാകുന്തളം. അതു കേവലം ഭാരതീയവും, അതിന്റെ മാഹാത്മ്യം ഭാരതത്തിനു സ്വായത്തമായിട്ടുള്ളതുമാണ്.

# 3. ഭൂമിയിൽ സമാധാനം

പ്രൊഫ.എം.കെ.സാനു

[സാഹിത്യനിരൂപണരംഗത്തു പ്രശസ്തനായ എം.കെ.സാനു (1928-) ജീവചരിത്രങ്ങളായും സാഹിത്യപഠനങ്ങളായും ധാരാളം കൃതികൾ മലയാള സാഹിത്യത്തിന് സംഭാവന ചെയ്തിട്ടുണ്ട്. അനുഭൂതിയുടെ നിറങ്ങൾ, കാറ്റും വെളിച്ചവും, ചക്രവാളം, പ്രഭാതദർശനം, ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം, നാരായണഗുരുസ്വാമി, മൃത്യുഞ്ജയം കാവ്യജീവിതം, സഹോദരൻ അയ്യപ്പൻ, അശാന്തിയിൽ നിന്നു ശാന്തിയിലേക്കു തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ മുഖ്യകൃതികൾ.

അനുഭൂതിയുടെ നിറങ്ങൾ എന്ന സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ സമാധാനം എന്ന ലേഖനത്തിൽ നിന്നെടുത്തിട്ടുള്ളതാണ് പാഠ്യഭാഗം.]

പുരോഗതിയുടെ യുഗമെന്നാണ് പത്തൊമ്പതാം നൂറ്റാണ്ടിനെക്കുറിച്ച് ചരിത്രകാരന്മാർ പറഞ്ഞുപോരുന്നത്. സയൻസിന്റെ വികാസസാദ്ധ്യതകൾ കണ്ടറിഞ്ഞവരെന്ന നിലയ്ക്ക്, ആ നൂറ്റാണ്ടിലെ മനുഷ്യർ പൊതുവിൽ ഒരു സുവർണ്ണയുഗത്തിന്റെ ആവിർഭാവം സ്വപ്നം കണ്ടിരുന്നു. ആ സുവർണ്ണയുഗം താമസിയാതെ സമാഗതമാകുമെന്ന ശുഭപ്രതീക്ഷയും അവർ പുലർത്തിപ്പോന്നു. അത് അന്ധവിശ്വാസമായിരുന്നില്ല. മനുഷ്യൻ തന്റെ നാനാമുഖമായ കഴിവുകൾ വിവേകത്തോടെ ഉപയോഗിച്ച് യുഗം പടുത്തുയർത്തുമെന്നാണ്, യുക്തിവിചാരത്തിന്റെ പിൻബലത്തോടെ, അവർ കരുതിയത്. ടി.എച്ച്.ഹക്സ്‌ലിയുടെ പ്രബന്ധങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ യുക്തിബദ്ധമായ ഈ ശുഭപ്രതീക്ഷയുടെ തെളിഞ്ഞ സാന്നിദ്ധ്യമാണ് നമുക്കനുഭവപ്പെടുന്നത്. ശാസ്ത്രത്തിന്റെയും ശാസ്ത്രീയവീക്ഷണത്തിന്റെയും പിൻബലത്തോടു കൂടിയാണ് അദ്ദേഹം ആ ശുഭപ്രതീക്ഷയുടെ അന്തരീക്ഷം സൃഷ്ടിച്ചിട്ടുള്ള



തെന്ന് ആർക്കും എളുപ്പം ബോദ്ധ്യമാകും.

സ്വർണ്ണകാലം കഴിഞ്ഞില്ല  
വരുന്നേയുള്ളു കാക്കുവിൻ  
വരുത്തേണ്ടത് മനുഷ്യന്റെ  
ശ്രമത്താലെന്നുമോർക്കുവിൻ. (1921)

എന്ന് 'ഭാവി'യിലും,

കടച്ചൊറി വളർന്നിട്ടു  
മനുഷ്യത്വമെടുക്കുകിൽ  
മനുഷ്യനെത്രയോ മേന്മ  
ഭാവിയിൽ സാദ്ധ്യമോർക്കുക (1935)

എന്ന് 'പരിണാമ'ത്തിലും സഹോദരനയ്യപ്പൻ കുറിച്ചത് ഈ ശുഭപ്രതീക്ഷയുടെ സന്ദേശം മാത്രമാണ്.

എന്നാൽ, ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽത്തന്നെ ഈ ശുഭപ്രതീക്ഷയ്ക്ക് പാശ്ചാത്യദേശങ്ങളിൽ ഉലച്ചിൽ സംഭവിക്കാൻ തുടങ്ങി. അതിന്റെ മുഖ്യകാരണം ഒന്നാം ലോകമഹായുദ്ധം തന്നെയാണ്. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത രീതിയിൽ ഭയങ്കരമായ മനുഷ്യക്കശാപ്പാണ് ഒന്നാം ലോകമഹായുദ്ധത്തിലുണ്ടായത്. മറ്റുതരത്തിലുള്ള നാശനഷ്ടങ്ങൾ വേറെയും. മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ള ഏറ്റവും പൈശാചികമായ ഏർപ്പാടാണ് യുദ്ധമെന്നു മനസ്സിലാക്കിയവർ മുൻകാലത്തുമുണ്ടായിരുന്നു. പക്ഷേ, അവർ ഏകാകികളായിരുന്നു. അതുകൊണ്ട് ജനങ്ങൾ അവരുടെ വചനം ഭക്തിബഹുമാനങ്ങളോടെ കേൾക്കുകയും ആദരിക്കുകയും മാത്രം ചെയ്തുപോന്നു. പ്രായോഗികതലത്തിൽ യുദ്ധം ഇല്ലാതാക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിക്കാൻ അവർ മുതിർന്നില്ലെന്നർത്ഥം. പക്ഷേ, ഒന്നാം ലോകമഹായുദ്ധം ചിന്താശീലരായ ഹൃദയാലുക്കളെയെല്ലാം കിടിലം കൊള്ളിച്ചു. ടി.എസ്. എലിയറ്റിന്റെ 'തരിശുഭൂമി' എന്ന കവിത ഈ യുദ്ധം വരുത്തിവച്ച നാശത്തിന്റെ അന്തരീക്ഷത്തിലാണ് രൂപം പൂണ്ടത്. ലോകസാംസ്കാരികരംഗത്ത് ഇമ്മാതിരി പല പ്രതികരണങ്ങളും അക്കാലത്ത് പ്രത്യക്ഷപ്പെടുകയുണ്ടായി. കേരളം എന്ന കൊച്ചു രാജ്യത്തിലിരുന്ന് കുമാരനാശാൻ ഇങ്ങനെയെഴുതി:

ഐരോപ്യാഹവവഹ്നി ഭൂമിയെ ദഹി-
പ്പിക്കുന്നു, കച്ചോടമാം
പേരാളും ധനരക്തനാഡി നിലവായ്
തെറ്റീ ഗ്രഹാനുഗ്രഹം,
ഓരോ വ്യാധികളായിതാ, യമനു-
മാർന്നെത്തുന്നു...... (പ്രരോദനം)

അതെ, ഒരു ദേശത്തെയല്ല, ഈ ഭൂമിയെയാകെത്തന്നെ ദഹിപ്പിക്കാൻപോരുന്ന മഹാവിപത്താണ് യുദ്ധമെന്ന് ഒന്നാം ലോകമഹായുദ്ധം മനുഷ്യരാശിയെ ധരിപ്പിച്ചു. ധാരാളം കലാകാരന്മാരും കവികളും ദാർശനികരും ആ ആശങ്കയുടെ വക്താക്കളായി പ്രത്യക്ഷപ്പെടുകയും ചെയ്തു.

എന്നിട്ടും, ഗ്രീക്കുട്രാജഡികളിൽ കാണുന്നതുപോലെ, ലോകസംഭവങ്ങൾ അനിവാര്യമാം വിധം മറ്റൊരു യുദ്ധത്തിലേക്കു പിന്നെയും നീങ്ങുകതന്നെ ചെയ്തു. ആ യുദ്ധമോ? ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരതകളെ എത്രയോ തുച്ഛമാക്കുന്ന രീതിയിലാണ് അതിന്റെ സംഹാരാത്മകമായ ആസുരശക്തി പ്രകടമായത്! ആ രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതാകട്ടെ, ഹിരോഷിമയിലും നാഗസാക്കിയിലും പൈശാചികമായ ക്രൂരതയുടെ സംഹാരതീക്ഷ്ണത പ്രകടമാക്കിക്കൊണ്ടുമാണ്. അതറിഞ്ഞ് കവികളും ദാർശനികന്മാരും മാത്രമല്ല ഞടുങ്ങിയത്. ആഴം കാണാത്ത ദു:ഖം നിറഞ്ഞ മുഖവുമായി ശാസ്ത്രജ്ഞനായ ഐൻസ്റ്റയിൻ കുമ്പിട്ടിരുന്നുപോയി. ഓപ്പൻ ഹീമർ ഭഗവദ് ഗീതയിലെ പദ്യമുരുവിട്ടു കൊണ്ട് തന്റെ വ്യഥ വെളിപ്പെടുത്തി. ചുരുക്കത്തിൽ മനുഷ്യമന:സാക്ഷിയാകെ അന്ന് കിടിലം കൊണ്ടു.

ഇവിടെ കുറച്ചു കണക്കുകൾ ഉദ്ധരിക്കാതെ എനിക്ക് ഗത്യന്തരമില്ല. നാഗസാക്കിയിലും ഹിരോഷിമയിലും അണുബോംബുകളുണ്ടാക്കിയ നാശനഷ്ടങ്ങളെക്കുറിച്ച് 1977-ൽ ജപ്പാനിൽ വെച്ചു തന്നെ ഒരു സാർവ്വദേശീയ സെമിനാർ നടക്കുകയുണ്ടായി. ആ സെമിനാറിലെ നിഗമനങ്ങൾ ഇപ്രകാരമാണ്: ബോംബു പൊട്ടിയ ദിവസവും അതിനടുത്ത നാളുകളിലുമായി ഹിരോഷിമയിൽ മാത്രം ഒരു ലക്ഷത്തി നാല്പതിനായിരം പേർ (ആബാലവൃദ്ധം) മരണമടഞ്ഞു. നാഗസാക്കിയിൽ എഴുപതിനായിരം പേരും. ഇത് 1945-ലെ



കഥയാണ്. തുടർന്ന് 1977 വരെയുള്ള കാലയളവിനുള്ളിൽ ഒരു ലക്ഷത്തിലധികം പേർ, അണുവിസ്ഫോടനത്തിന്റെ അനന്തര ഫലമായി, നീറിനീറിയും ചീഞ്ഞളിഞ്ഞും മരിച്ചു. റേഡിയോ പ്രസരം മൂലം മഹാരോഗങ്ങൾ പിടിപെട്ട് മൂന്നുലക്ഷത്തി എഴുപതിനായിരമാളുകൾ മരിക്കാതെ മരിച്ചു കൊണ്ടിരിക്കയും ചെയ്യുന്നു. ആ മഹാരോഗങ്ങളുടെ ലക്ഷണങ്ങൾ കൂടി നാം അറിഞ്ഞിരിക്കണം. തൊലി മുഴുവൻ അളിയുക, എപ്പോഴും ചോര ഛർദ്ദിക്കുകയും വിസർജ്ജിക്കുകയും ചെയ്യുക, ഗർഭസ്ഥ ശിശുക്കൾക്ക് അംഗവൈകല്യം സംഭവിക്കുക ഇങ്ങനെ പോകുന്നു ആ ലക്ഷണങ്ങൾ. അതേക്കുറിച്ചുള്ള വിവരങ്ങൾ വായിച്ചാൽ കുറച്ചു കാലത്തേക്കു നിങ്ങൾക്ക് ഉറങ്ങാൻ കഴിയുകയില്ല. ഈ ലോകത്തിലെ ജീവിതം നാരകീയമായ ദു:സ്വപ്നമായി മാറുന്നതു പോലെ അപ്പോൾ നിങ്ങൾക്കനുഭവപ്പെടും. നിങ്ങളുടെയും എന്റെയും അനുഭവം ഇതാണെങ്കിൽ ലോകത്തിന്റെ മന:സാക്ഷിയായി മാറിയ മഹാത്മാക്കൾ അനുഭവിച്ച ആത്മീയപീഡനം ഇതിലുമെത്രയോ വലുതായിരിക്കും. ഹൃദയവേദനയോടു കൂടി അവർ ലോകജനതയോടു വിളിച്ചു പറഞ്ഞു: ''വിനാശത്തിന്റെ ഈ മാർഗ്ഗമുപേക്ഷിക്കൂ. വിവേകത്തിന്റെ മാർഗ്ഗം അവലംബിക്കൂ.''

ഒരു കൈയിൽ ആറ്റംബോംബും മറുകൈയിൽ പെനിസിലിനുമായി സയൻസ് നമ്മുടെ മുമ്പാകെ നിലകൊള്ളുന്ന ചിത്രം അക്കാലത്ത് റസ്സൽ വരച്ചുകാട്ടി. (പെനിസിലിൻ എന്നതു കൊണ്ട് ജീവനെ രക്ഷിച്ചു നിർത്തുന്ന ഔഷധം എന്നാണർത്ഥമാക്കുന്നത്.) ഏതു വേണമെന്നു തീരുമാനിക്കേണ്ടതു മനുഷ്യനാണ്. അവനിലെ ചെകുത്താൻ ആറ്റംബോംബു സ്വീകരിക്കാൻ പ്രേരിപ്പിക്കുമ്പോൾ, അവനിലെ വിവേകം, 'പെനിസിലിൻ' തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നു. ആരുടെ പ്രേരണയാണ് വിജയിക്കുക? സംശയിക്കേണ്ട, ചെകുത്താനെ അത്ര എളുപ്പത്തിലൊന്നും തോല്പിക്കുക സാദ്ധ്യമല്ല. അതുകൊണ്ട് സമാധാനത്തിന്റെ സന്ദേശവാഹകരെയെല്ലാം ഭ്രാന്തന്മാരായി അവഗണിച്ചു കൊണ്ട് ലോകരാഷ്ട്രങ്ങൾ ആയുധപ്പന്തയത്തിൽ ഏർപ്പെടുകതന്നെ ചെയ്തു. ആറ്റംബോംബിനെ തുച്ഛീകരിക്കുംവിധം, അതിനേക്കാൾ പതിനായിരം മടങ്ങു നശീകരണശക്തിയു അണ്വായുധങ്ങളാണ് ഈ പന്തയത്തിന്റെ ഫലമായി നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ആ ആയുധ

ങ്ങളുടെ നശീകരണ ശക്തിയെക്കുറിച്ചും ലോകശാസ്ത്രജ്ഞന്മാർ നമുക്ക് ഏകദേശരൂപം നല്കിയിട്ടുണ്ട്. അമ്മാതിരിയൊരു ബോംബ് ഒരു നഗരത്തിൽ വീണെന്നു വിചാരിക്കുക.അതിന്റെ ചെകിടടയ്ക്കുന്ന ശബ്ദത്തേക്കാൾ ഭയങ്കരം പ്രളയാഗ്നിപോലുള്ള മിന്നൽപ്രഭയായിരിക്കും. ആ മിന്നൽപ്രഭ കാണാനിടയാകുന്ന മുപ്പത്തയ്യായിരം പേരുടെയെങ്കിലും കാഴ്ചശക്തി അപ്പോൾ ത്തന്നെ നശിക്കും. (ഒരു പ്രത്യേക ചുറ്റുവട്ടത്തിലുണ്ടാവുന്നവരെ കണക്കാക്കിയാണ് മുപ്പത്തയ്യായിരമെന്നു പറയുന്നത്.) നഗരത്തിലെ ജീവജാലങ്ങൾ ഒന്നോടെ കരിഞ്ഞു ചാമ്പലാകും. ബോംബു വീഴുന്ന സ്ഥലം കേന്ദ്രമാക്കിയുള്ള ഇരുപതു ചതുരശ്ര മൈൽ വിസ്തീർണ്ണത്തിനുള്ളിൽ സകലതും കരിയുമെന്നർത്ഥം. ഈ നാശവൃത്തത്തിനു പുറത്തോ? അവിടെ എന്തു സഭവിക്കും? ഇതിനു പുറത്ത്, മുപ്പത്തി മൂന്നു ചതുരശ്രമൈലോളം മാരകമായ കൊടുങ്കാറ്റു ചീറിയടിക്കും. മണിക്കൂറിൽ നൂറ്റിയറുപതു മൈൽ വേഗതയിൽ പായുന്ന ഈ കൊടുങ്കാറ്റ് അവിടെയുള്ള എടുപ്പുകളെയെല്ലാം നിലംപരിശാക്കും. പൊട്ടിത്തെറിയുടെ ചൂടും കൊടുങ്കാറ്റും ചേർന്ന് നഗരത്തിലെ വൈദ്യുതി, പെട്രോൾ മുതലായ ഇന്ധനങ്ങളിൽ തീ കൊളുത്തും. അതിന്റെ ഫലമായുണ്ടാകുന്ന പുക ഒരു മണിക്കൂറിനുള്ളിൽ എട്ടുമൈൽ ഉയർന്നു പൊങ്ങും. ദശലക്ഷക്കണക്കിനു ശവങ്ങളെ പൊതിയുന്ന ആ പുക ച്ചുരുളുകൾ ബോംബാക്രമണത്തിന്റെ വിഷം ഇതര ഭൂഖണ്ഡങ്ങളിലേക്കും വ്യാപിപ്പിച്ചു കൊണ്ട് നാശം വിതയ്ക്കും.

വയ്യ, ഇതിനപ്പുറത്തേക്ക് ആ വിവരണം വ്യാപിപ്പിക്കുക വയ്യ. നമ്മുടെ നാഡീപടലങ്ങളെയാകെ പിടപ്പിക്കുന്ന വിവരണമാണത്. പക്ഷേ. ഐക്യരാഷ്ട്രസഭയുടെ ഒടുവിലത്തെ കണക്കനുസരിച്ച്, ഇമ്മാതിരിയുള്ള നാല്പത്തയ്യായിരം ആയുധങ്ങളാണ് ലോകത്തിലെ അഞ്ചു വൻശക്തികൾ ഇപ്പോൾ സംഭരിച്ചുവച്ചിരിക്കുന്നത്. (സ്റ്റോക്ക് ഹോമിലെ ഇന്റർ നാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്കനുസരിച്ച് ഇത് അറുപതിനായിരത്തിനു മേലെയാണ്!) കണ്ണടച്ചു തുറക്കുന്ന സമയം കൊണ്ട് ലോകത്തിന്റെ സകല മുക്കിലും മൂലയിലും പ്രയോഗിക്കാൻ തക്കവിധമാണ് ഇവ സജ്ജീകരിച്ചിട്ടുള്ളതും. ഇവയുടെ മൊത്തം ദാഹകശക്തി- സ്ഫോടക ശക്തി- ആയിരത്തി മൂന്നുറുകോടി ടൺ ടി.എൻ.ടി.



ആണെന്നു കണക്കാക്കപ്പെടുന്നു. (സ്ഫോടകശേഷിയുടെ അളവാണ് ടി.എൻ.ടി.) അതായത് 1945-ൽ പ്രയോഗിക്കപ്പെട്ട ആറ്റം ബോംബുകളുടെ പത്തുലക്ഷം ഇരട്ടി സ്ഫോടകശക്തി ഇവയ്ക്കുണ്ടെന്നർത്ഥം ലോകത്തിലെ ഓരോ ആളിന്റെയും തലയിൽ മൂന്നു ടൺ ടി.എൻ.ടി. സ്ഫോടക ശക്തി പ്രയോഗിക്കാവുന്നത്രയുണ്ട് ഇത്. (450 കോടിയാണല്ലോ ലോകജനസംഖ്യ.)

ഇതെല്ലാം നിർമ്മിക്കുന്നതിനുള്ള ചെലവ്, ചില്ലറയെങ്ങാനുമാണോ? 1961-ൽ ലോകത്തിലെ മിലിറ്ററി ബഡ്ജറ്റ് തുക 12,000 കോടി ഡോളറായിരുന്നു. അടുത്ത 14 വർഷം കൊണ്ട് അത് ഇരട്ടിയായി. അഞ്ചുവർഷം കൂടി കഴിഞ്ഞപ്പോൾ വീണ്ടും അത് ഇരട്ടിക്കേണ്ടതായി വന്നു. 1980-ൽ അത് 50,000 കോടി ഡോളറായി. മിനിറ്റുതോറും പത്തുലക്ഷം ഡോളർ വച്ച്, മനുഷ്യക്കശാപ്പിനുള്ള നശീകരണായുധങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി, പരിഷ്കൃത മനുഷ്യൻ ചെലവഴിച്ചു കൊണ്ടിരിക്കുന്നു എന്നർത്ഥം. ഇതേ സമയം മറുവശത്ത് എന്തു നടക്കുന്നു? 1780-ൽ ആഹാരം കിട്ടാതെ വിശപ്പിൽ നീറി മരിച്ചവരുടെ സംഖ്യ അഞ്ചു കോടിയാണ്. വിശപ്പടക്കാൻ നിവൃത്തിയില്ലാതെ നീറിക്കൊണ്ടിരിക്കുന്നവരുടെ സംഖ്യ ഇതിലുമേറുമെന്ന് പറയേണ്ടതില്ലല്ലോ. അതിന്റെയെല്ലാം നേർക്ക് പൈശാചികമാംവിധം കണ്ണടച്ചു കൊണ്ടാണ്, ന്യൂക്ലിയർ ആയുധങ്ങൾ ഉണ്ടാക്കിക്കൂട്ടി ഭൂമുഖത്തുനിന്ന് ജീവൻ എന്ന ദിവ്യമായ അദ്ഭുതത്തെ തുടച്ചു നീക്കുന്നതിനായി ആധുനിക നാഗരികതയുടെ നായകന്മാരെന്നു പറയുന്നവർ ശ്രമിച്ചു കൊണ്ടിരിക്കുന്നത് ! ഇവരോടു താരതമ്യം ചെയ്യുമ്പോൾ പുരാണങ്ങൾ ചിത്രീകരിക്കുന്ന അസുരന്മാർ എത്രയോ അഭികാമ്യരായി കാണപ്പെടുന്നു! എന്നിട്ടും, ഈ ലോകരാഷ്ട്രങ്ങളുടെ ഭരണാധികാരം കൈയാളുന്നവർ ലോകജീവിതത്തിന്റെ രാജവീഥികളിൽ ആർഭാടമായി വിഹരിക്കുകയാണു ചെയ്യുന്നത്.

ന്യൂക്ലിയർ ആയുധങ്ങൾ ഉണ്ടാക്കാതെ അതിനു ചെലവിടുന്ന സമ്പത്ത് രചനാത്മകമായ കാര്യങ്ങൾക്കു വിനിയോഗിച്ചാൽ എന്തെല്ലാം അദ്ഭുതങ്ങളാണ് കാട്ടാൻ കഴിയുക സോവിയറ്റ് യൂണിയൻ നടത്തിയ ഒരു പഠനമനുസരിച്ച് സമഗ്രമായ ന്യൂക്ലിയർ നിരായുധീകരണമേർപ്പെടുത്തിയാൽ അതിന്റെ ഫലമായി ഉടനടി

ഇരുപതിനായിരം പ്രഗല്ഭരായ ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ദ്ധരെയും മനുഷ്യനന്മയ്ക്കുപകരിക്കുന്ന ഗവേഷണ ങ്ങൾക്കും പ്രായോഗികപദ്ധതികൾക്കുമായി വിനിയോഗിക്കാൻ കഴിയും. ഒരു ജെറ്റ് ബോംബർ വിമാനത്തിന് ചെലവിടുന്ന തുക കൊണ്ട് ഒരു ലക്ഷം ടൺ പഞ്ചസാര വാങ്ങാം; അണ്വായുധം വഹി ക്കുന്ന ഒരു വിമാനത്തിന്റെ വില കൊണ്ട് ഇരുപത്തെട്ടു ലക്ഷം ടൺ ഗോതമ്പു വാങ്ങാം. ഇങ്ങനെ ഈ തുക നല്ല കാര്യങ്ങൾക്കായി തിരിച്ചാൽ കോടിക്കണക്കിനാളുകൾക്ക് തൊഴിൽ നല്കുന്ന വ്യവസായങ്ങൾ തുടങ്ങാം. മനുഷ്യജീവിതത്തെ ദുരിതപൂരിത മാക്കുന്ന മഹാരോഗങ്ങൾക്കു പ്രതിവിധി കാണാം. ദാരിദ്ര്യം ഭൂമുഖത്തു നിന്ന് തുടച്ചുനീക്കാം. മരുഭൂമികളെ മലർക്കാടുകളാക്കി മാറ്റാം. ജീവന്റെ മന്ദഹാസം കൊണ്ട് ഭൂമിയെ മനോഹരമാക്കാം. ഇതിനെല്ലാം തടസ്സമായി നില്ക്കുന്നത് മനുഷ്യന്റെ അധികാര ദുർമ്മോഹവും സമ്പത്തു കൈയടക്കാനുള്ള അഭിനിവേശവു മാണ്. അവയാണ് അയുക്തികമായ ഭയവും വെറുപ്പും സൃഷ്ടിച്ചു ലോകജീവിതത്തെ സമ്പൂർണ്ണവിനാശത്തിന്റെ വക്കത്തെത്തിച്ചിരി ക്കുന്നത്.

1984-ലേക്ക് കടക്കുന്ന മനുഷ്യർ അഭിമുഖീകരിക്കുന്ന അവസ്ഥ ഇതാണ്. നോക്കെത്താവുന്ന ദൂരത്തിൽ മരണത്തിന്റെ കിങ്കരന്മാർ വേതാളനൃത്തം ചെയ്യുന്നു. ചക്രവാളത്തിൽ ലോകാന്ത്യം സൂചിപ്പിക്കുന്ന പ്രളയകാലമേഘങ്ങൾ ഉരുണ്ടുകൂടി യിരിക്കുന്നു. ഭൂമിയുടെ ഉപരിഭാഗത്ത് ഇരുൾ മൂടുന്നു. ഇതിനിടയിലും മനുഷ്യന്റെ വിവേകം വിളിച്ചു പറയുന്നുണ്ട്: ''ഈ നീക്കം അവസാനിപ്പിക്കൂ. ജീവൻ നശിപ്പിക്കുന്നതിലല്ല, ജീവൻ പരിരക്ഷിക്കുന്നതിലാണ് മനുഷ്യന്റെ വൈശിഷ്ട്യം.''

വിവേകത്തിന്റെ ഈ സന്ദേശം സാക്ഷാത്കരിക്കുമെന്ന പ്രതിജ്ഞയാണ് ഈ 1983-ൽ നാം ഏറ്റെടുക്കേണ്ടത്. അതിനു നമുക്കു കഴിവുണ്ടോ?-ചിലർ ശങ്കിച്ചേക്കും. അവർ ചോദിക്കും: ''വെറുതെ നടക്കുന്ന നിസ്സാരന്മാരായ നമുക്ക് ലോകഗതിയെ തടയാ നാകുമോ? ഇമ്മാതിരി ശങ്കകളിൽ നിന്നും നിസ്സാരതാ ബോധത്തിൽ നിന്നും നാം വിമുക്തരായേ തീരൂ. നാം മനുഷ്യവംശത്തിലെ



അംഗങ്ങളാണ്. ആ നിലയ്ക്ക് മനുഷ്യന്റേതായ അന്തസ്സു നമുക്കോ രോരുത്തർക്കുമുണ്ട്. ആ അന്തസ്സിനെക്കുറിച്ചുള്ള ബോധം അസാ ധാരണമായ ശക്തി വിശേഷമാണ് നമുക്ക് പ്രദാനം ചെയ്യുന്നത്. അതു സൃഷ്ടിയുടെ ശക്തിയാണ്. പ്രകൃതിയുടെ നാനാവിധമായ പ്രാതികൂല്യങ്ങളെയും വെല്ലുവിളിച്ചു കൊണ്ട് നിലനിന്നു പോരുന്ന അതിജീവനശക്തിയാണത്. ആ ശക്തിയുടെ ഉറവിടങ്ങ ളെന്ന അഭിമാനത്തോടുകൂടി സമാധാനപ്രസ്ഥാനം പടുത്തു യർത്താൻ നാം സ്വയം സമർപ്പിക്കേണ്ടിയിരിക്കുന്നു. 'യുദ്ധം മനുഷ്യഹൃദയങ്ങളിലാണു തുടങ്ങുക' എന്ന പഴയ ആശയം ഓർമ്മ വെച്ചുകൊണ്ട്, ബോധപൂർവ്വം നമ്മുടെ ഹൃദയങ്ങളെ ത്തന്നെ ആദ്യമായി സമാധാനപ്രസ്ഥാന ത്തിന്റെ സങ്കേതങ്ങളായി മാറ്റണം. ആ ജാഗ്രതയോടു കൂടി സമൂഹത്തിൽ പ്രവർത്തിക്കാൻ നാം സന്നദ്ധരായാൽ, വിനാശത്തിന്റെ ആസുരശക്തികളെ നമുക്കു ചെറുക്കാൻ കഴിയും. ആ ചെറുത്തുനില്പ് ആഗോള വ്യാപകമായി വികസിക്കാതിരിക്കാൻ സാദ്ധ്യമല്ല. സമാധാന കാംക്ഷികളായ ജനങ്ങളുടെ സമാഹൃതമായ ഇച്ഛയ്ക്കെതിരെ നീങ്ങാൻ ഏതു ഭരണാധികാരിക്കാണ് പിന്നെ ധൈര്യമു ണ്ടാവുക?

പക്ഷേ, ഭ്രാന്തരായ ഭരണാധികാരികളെ നിയന്ത്രിക്കണമെങ്കിൽ ആദ്യമായി നാം സമാധാനകാംക്ഷികളാകണം. ആ അടിസ്ഥാനത്തിൽ നമ്മുടെ ശക്തി സമാഹരിക്കയും വേണം. ആ സമാഹൃതശക്തി, ദൈവത്തിന്റെ ശക്തിപോലെ, അചഞ്ചലമായി നിലനിർത്താൻ കഴിയുന്നതിനെ ആശ്രയിച്ചിരിക്കുന്നു ലോകത്തിന്റെ ഭാവി.

നാല്പതുകളുടെ അന്ത്യത്തിൽ ബർട്രാൻഡ് റസ്സൽ ഇങ്ങനെ എഴുതി: ''ഈ നൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പ്, അപ്രതീക്ഷി തമായ അദ്ഭുതങ്ങളൊന്നുമുണ്ടാവുന്നില്ലെങ്കിൽ, ഇന്നത്തെ സംഭവങ്ങൾക്കു മൂന്നു രീതിയിലേതെങ്കിലുമൊരു തരത്തിൽ പരിണതിയുണ്ടാകാനാണു സാദ്ധ്യതയുള്ളത്.

ഒന്ന്: മനുഷ്യജീവിതം, ഒരു പക്ഷേ, ഭൂമുഖത്തുള്ള ജീവിതമാ കെത്തന്നെ, തിരോഭവിക്കുക.

രണ്ട്: മനുഷ്യരുടെ എണ്ണം ഭയജനകമാംവിധം തുച്ഛമായി ത്തീരുകയും, അവർ കാടത്തത്തിന്റെ അവസ്ഥയിലേക്കു മടങ്ങി പ്പോവുകയും ചെയ്യുക.

മൂന്ന്: ഒരൊറ്റ ഗവൺമെന്റിന്റെ കീഴിൽ-ആയുധങ്ങളുടെയെല്ലാം കുത്തകയുള്ള ഒരൊറ്റ ഗവൺമെന്റിന്റെ കീഴിൽ - ലോകം ഒന്നായിത്തീരുക.

ഇതിൽ ഏതുസംഭവിക്കുമെന്നോ, ഏതിനാണു കൂടുതൽ സാദ്ധ്യതയെന്നോ എനിക്കറിയാമെന്നു ഞാൻ ഭാവിക്കുന്നില്ല. പക്ഷേ, ഒരു കാര്യം തെല്ലുപോലും സങ്കോചം കൂടാതെ എനിക്കു പറയാൻ കഴിയും: നാം നാളിതുവരെ പരിശീലിച്ചു പോന്ന ഈ വ്യവസ്ഥിതി ഇനിയും ഇതേപടി തുടരുക സാദ്ധ്യമല്ല.''

റസ്സൽ ഇതെഴുതിയിട്ട് മുപ്പതിലേറെ വർഷങ്ങൾ കഴിഞ്ഞു. ഈ നൂറ്റാണ്ട് അവസാനിക്കാൻ ഇനി പതിനേഴു വർഷങ്ങളേ ബാക്കിയുള്ളൂ. ഇതിനിടയിൽ, പലതരം വിപത്സന്ധികളുണ്ടായെങ്കിലും അദ്ദേഹം ആശങ്കിച്ച തരത്തിലുള്ള അപകടകങ്ങളൊന്നും ലോകത്തിനു സംഭവിച്ചില്ല. (ലോകഗവൺമെന്റുമുണ്ടായില്ല.) എങ്കിലും അത്തരം അപകടം സംഭവിക്കാനുള്ള സാദ്ധ്യതകൾ ഇനിയും നിലനില്ക്കുകതന്നെ ചെയ്യുന്നു.

ഇതിൽ ഒന്നാമത്തേയും രണ്ടാമത്തേയും സാദ്ധ്യതകൾ ഒരു ലോകയുദ്ധത്തിന്റെ അനന്തരഫലമായിരിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അങ്ങനെയൊരു യുദ്ധമുണ്ടായാൽ, ഇപ്പോഴത്തെ സ്ഥിതിക്ക്, ഭൂമുഖത്തുള്ള ജീവിതത്തിന്റെ സമ്പൂർണ്ണ വിനാശത്തിലേ അതു ചെന്നു കലാശിക്കയുള്ളൂ. (ആദ്യഭാഗത്തു വിവരിച്ചതിൽ നിന്ന് ഇതു വ്യക്തമാണല്ലോ. ജീവധാതുക്കളാകെ നശിച്ചു കഴിഞ്ഞ ഒരു ഭൂമിയിൽ അപ്പോൾ 'ജീവിതമെന്ന അസുഖകരമായ ഏർപ്പാട് അവസാനിക്കുകയും പ്രശാന്തഗംഭീരമായ പാറക്കെട്ടുകൾ മാത്രം സൂര്യഗോളത്തിന്റെ സ്ഫോടനം വരെ മാറ്റമില്ലാതെ കറങ്ങിക്കൊണ്ടിരിക്കയും ചെയ്യും.' ഇതിൽ സങ്കടം തോന്നേണ്ട കാര്യമൊന്നുമില്ലെന്നു വിചാരിക്കുന്നവരുണ്ടാകാം. ദീർഘകാലത്തെ വിഡ്ഢിത്തത്തിന്റെയും ക്രൂരതയുടെയും ചരിത്രമുള്ള മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇതാണ് സ്വാഭാവികമായ പരിസമാപ്തിയെന്നു കരുതി അവർ സമാശ്വസിക്കുകയും ചെയ്തേക്കാം. എന്നാൽ, അങ്ങനെ വിചാരിക്കയും ആശ്വസിക്കയും ചെയ്യുന്നവരായി ഒരു ചെറിയ ന്യൂനപക്ഷമേ കാണൂ.



അവരുടെ വീക്ഷണം വികലമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ചരിത്രത്തിലെ ഒരു വശം മാത്രം പെരുപ്പിച്ചു കാണുന്നതു മൂലം രൂപപ്പെടുന്ന വികലവീക്ഷണം.

സമചിത്തതയാർന്ന മനുഷ്യമനസ്സിന് ഇപ്രകാരം നൈരാശ്യനിർഭരമായ ഒരു ഉദാസീനഭാവത്തിൽ ഒതുങ്ങിക്കൂടുക സാദ്ധ്യമല്ല. ചരിത്രത്തിലൂടെ മനുഷ്യൻ വിഡ്ഢിത്തമോ ക്രൂരതയോ കാട്ടിപ്പോന്നു എന്നതു നിഷേധിക്കാൻ വയ്യ. പക്ഷേ, വാസ്തവത്തിന്റെ ചെറിയൊരംശം മാത്രമാണത്. ആകത്തുകയിൽ നോക്കുമ്പോൾ മാനവചരിതം നേട്ടങ്ങളുടെ മഹാകാവ്യമാണെന്ന് അഭിമാനത്തോടെ പറയാൻ നമുക്കു കഴിയും. അഗ്നി കണ്ടുപിടിച്ച് ഭൗതികതലത്തിലും, അക്ഷരമാല അവതരിപ്പിച്ച് മാനസികവും ആത്മീയവുമായ തലങ്ങളിലും മനുഷ്യൻ നേടിയ സിദ്ധികൾ അദ്ഭുതകരമാണെന്നു പറയുന്നതിൽ തെറ്റില്ല. പ്രകൃതിയുടെ പ്രാതികൂല്യങ്ങളെയും സംഹാരശക്തികളെയും അവൻ വെല്ലുവിളിച്ചു. മഹാസാഗരങ്ങളും അനന്തവിഹായസ്സും തന്റെ സഞ്ചാരപഥങ്ങളും ആശയവിനിമയമാധ്യമങ്ങളുമാക്കി മാറ്റാൻ അവനു കഴിഞ്ഞു. മഹാരോഗങ്ങൾക്കെതിരെ സാഹസികമായി പോരാടാനും, പലതിനെയും കീഴ്പെടുത്താനും അവൻ കരുത്തു നേടി. ഭൂമിയുടെ നിഗൂഢമായ വിഭവശേഷി ജീവിതോൽക്കർഷത്തിനു പകരിക്കുമാറ് ചൂഷണം ചെയ്യുന്നതിൽ അവൻ വിജയം വരിച്ചു. പ്രകൃതിശക്തികളെക്കൊണ്ട് അവൻ വിടുവേല ചെയ്യിച്ചു. അപ്രാപ്യമെന്നു കരുതപ്പെട്ട മേഖലകളിൽ അവൻ കാലൂന്നി. ഈ ഭൂഗോളത്തെ മുഴുവൻ ഒരൊറ്റ ഘടകമായി കാണത്തക്കവിധം സഞ്ചാരസൗകര്യവും വാർത്താവിനിമയോപാധികളും അവൻ സജ്ജമാക്കി. വിധികൃതമെന്നു വിശ്വസിച്ചുപോന്ന പകർച്ചവ്യാധികളെപ്പോലും അവൻ നിയന്ത്രിണാധീനമാക്കി. ജീവിതത്തെ പരിമിതപ്പെടുത്തുന്ന അപരിമേയശക്തികളെ ഇപ്പോഴും അവൻ വെല്ലുവിളിച്ചു കൊണ്ടിരിക്കയാണ്.

മറുവശത്ത്, അവൻ അക്ഷരമാലകളിൽ ആശയം സഞ്ചയിക്കാൻ തുടങ്ങി. ആശയങ്ങളിൽ ചിന്തയുടെ അഗ്നിവീര്യം സന്നിവേശിപ്പിച്ച് ദർശനങ്ങളുടെ നക്ഷത്രങ്ങളാൽ ചരിത്രത്തെ അവൻ പ്രകാശമാനമാക്കിത്തീർത്തു. അവ സാക്ഷാത്കരിക്കാനുള്ള

പരിശ്രമങ്ങളാൽ കർമ്മഭൂവിനെയും. കാവ്യരചനയിലൂടെ അവൻ അസ്തിത്വത്തിന് നൂതനമായ മാനങ്ങൾ നല്കി. വിരസതയുടെയും അലസതയുടെയും ശൂന്യസ്ഥലികളെ ഗാനനൃത്തങ്ങളുടെ നന്ദനോദ്യാനം കൊണ്ട് അവൻ മനോരഞ്ജകമാക്കിത്തീർത്തു.മനോമേഖലയിലെ മോഹനകൃതികളായ കല്പനകൾക്കു ശിലയിലും വെണ്ണക്കല്ലിലും ലോഹത്തിലും നാദത്തിലും വർണ്ണത്തിലും അവൻ അഭിരാമരൂപങ്ങൾ നല്കി. ഇതിഹാസങ്ങൾ, മഹാകാവ്യങ്ങൾ, ദർശനങ്ങൾ, കലാശില്പങ്ങൾ, ഗാനങ്ങൾ ഇവയെല്ലാം ചേർന്ന് മനുഷ്യജീവിതത്തെ എത്രത്തോളം മഹനീയമാക്കി മാറ്റിയെന്നു വിവരിക്കാൻ വാക്കുകളില്ല. ബാഹ്യാഭ്യന്തര പ്രപഞ്ചങ്ങളിൽ ഒരുപോലെ മനുഷ്യൻ ഉദാത്തമായ നേട്ടങ്ങൾ കൈവരിച്ചു എന്നർത്ഥം.

യജമാനരുടെയും സ്വേച്ഛാപ്രഭുക്കളുടെയും ചവിട്ടേറ്റ് അടിമകളും പ്രജകളും ഇതിനിടയിൽ നിലിവിളിച്ചു മരിക്കേണ്ടി വന്നിട്ടില്ലേ? ഉണ്ട്, അനേകം തവണ. എന്നാൽ മനുഷ്യന്റെ നീതിബോധം സാവധാനത്തിലെങ്കിലും ഉണരുകയും അധികാ രത്തിന്റെ ഹിംസാത്മകശക്തികൾക്കെതിരെ പൊരുതുകയും ചെയ്തുപോന്നു. പ്രക്ഷോഭണങ്ങൾ നടന്നു; കലാപങ്ങളുണ്ടായി; വിപ്ലവങ്ങൾ സംഭവിച്ചു. ഇവയെല്ലാം മാനവസമുദായത്തിൽ വരുത്തിത്തീർത്ത ആശാസ്യമായ പരിവർത്തനങ്ങളെക്കുറിച്ച് അഭിമാനവിജൃംഭിതരാകാതെ നമുക്കു സ്മരിക്കുക സാദ്ധ്യമല്ല. ഇനിയും അതെല്ലാം തുടർന്നു കൊണ്ടേയിരിക്കും. എല്ലാ മനുഷ്യരും വിമോചിതരാകുന്നതുവരെ. ഭൂമിയിൽ മനുഷ്യജന്മമെടുത്തവർക്കെല്ലാം സ്വാതന്ത്ര്യവും സുഖവും ലഭിക്കും വരെ. അത്രമാത്രം വിശാലമായ നീതിബോധത്തിന്റെ ഉടമകളാണ് ഇന്നു നാം. വിമോചനത്തിന്റെ വിമോഹന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നവരും.

ഇതെല്ലാം പരമാർത്ഥമാണെങ്കിലും എവിടെയോ തകരാറുണ്ട്. കാര്യങ്ങളെല്ലാം, നാം വിചാരിച്ച രീതിയിലോ നാം ആഗ്രഹിച്ച രീതിയിലോ അല്ല നീങ്ങുന്നത്. പറവകളെ അതിശയിക്കുംവിധം ആകാശത്തിൽ പാറിപ്പറക്കാനും, മത്സ്യങ്ങളെ അതിശയിക്കും വിധം



സാഗരഗർഭത്തിൽ നീന്തിപ്പുളയ്ക്കാനും കഴിവുനേടിയ മനുഷ്യൻ ഇനിയും ഭൂമിയിൽ മനുഷ്യനെപ്പോലെ നടക്കാൻ ശീലിച്ചിട്ടില്ല. വെറുപ്പിൽ നിന്നും സ്പർദ്ധയിൽ നിന്നും മാത്സര്യത്തിൽ നിന്നും ചൂഷണത്തിൽ നിന്നും വിമുക്തി നേടാനും അവനു കഴിഞ്ഞിട്ടില്ല. അവയുടെ ബന്ധനത്തിലമർന്ന് വിവേകം നഷ്ടപ്പെടുന്നതുകൊണ്ടാണ് പിന്നെയും അവൻ യുദ്ധത്തെക്കുറിച്ചാലോചിക്കുന്നത്; യുദ്ധത്തിനായി തയ്യാറെടുക്കുന്നത്. അത് ആത്മനാശത്തിന്റെ വീഥിയാണെന്ന് അവൻ അറിയുന്നില്ല.

ഇവിടെയാണ് ഈ ലോകത്തെ ഒരൊറ്റ കുടുംബമായി കാണേണ്ടതിന്റെ പ്രസക്തി ഉദയം ചെയ്യുന്നത്. മതത്തിന്റെയും വർഗ്ഗത്തിന്റെയും ദേശത്തിന്റെയും അതിർത്തിരേഖകൾ അവിടെ കിടന്നു കൊള്ളട്ടെ. അവയെയെല്ലാം അതിവർത്തിച്ചു കൊണ്ടു മനുഷ്യർക്ക് - കറുത്തവർക്കും വെളുത്തവർക്കും മഞ്ഞച്ചവർക്കുമെല്ലാം - ഒരേ കുടുംബാന്തരീക്ഷത്തിൽ ഏകോപിക്കാൻ കഴിയണം. അങ്ങനെ കഴിയണമെങ്കിൽ സംവിധാനപരവും വീക്ഷണപരവുമായ ഒരു വിപ്ലവം ലോകത്തിൽ സംഭവിച്ചേ തീരൂ. സംവിധാനപരമായ വിപ്ലവം ഈ ഭൂമിയിലെ വിഭവങ്ങൾക്കു മനുഷ്യരാശിയെ മൊത്തത്തിൽ അവകാശികളാക്കും. സമ്പന്നരും ദരിദ്രരുമെന്ന വ്യത്യാസത്തോടൊപ്പം, സമ്പന്ന രാഷ്ട്രങ്ങളും ദരിദ്രരാഷ്ട്രങ്ങളുമെന്ന വ്യത്യാസവും അസ്തമിക്കാതെ ഈ അവസ്ഥ സംജാതമാകയില്ല. ഈ വ്യത്യാസം അസ്തമിക്കണമെങ്കിൽ ലോകഘടനയെത്തന്നെ പുന:സംവിധാനം ചെയ്യേണ്ടതാവശ്യമാണ്. ലോകഗവൺമെന്റ് എന്ന റസ്സലിന്റെ ആശയം ഈ സംവിധാന ത്തിന്റെ നേർക്കാണു വിരൽ ചൂണ്ടുന്നത്. ആ പുന:സംവിധാന ത്തിനുള്ള സാഹസികയത്നത്തിന്റെ പ്രഭാവ കേന്ദ്രമായി വീക്ഷണ പരമായ ഒരു വിപ്ലവവും സംവഭവിക്കണം. അവിടെ 'ഞാൻ ഇന്ത്യാക്കാരനാണ്; എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരന്മാരാണ്" എന്നായിരിക്കയില്ല ഞാൻ ഉരുവിടുക. മറിച്ച് 'ഞാൻ മനുഷ്യനാണ്; ലോകത്തിലെ എല്ലാ മനുഷ്യരും എന്റെ സോദരരാണ്" എന്നായിരിക്കും. മതവർഗ്ഗങ്ങളുടെ പരിമിതികളെ അതിലംഘിക്കാൻ കഴിയുന്ന ഈ വീക്ഷണം സ്വന്തം നിലനില്പിനെ ക്കരുതിയെങ്കിലും നാം ഇന്നു വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. അമ്മാതിരിയൊരു വീക്ഷണം വളർത്തിയെടുക്കാൻ കഴിയുന്ന ലോകജനതയുടെ ശക്തി

അജയ്യമായിരിക്കും. ആ ശക്തിയുടെ മുമ്പിൽ ചൂഷകരും സ്വേച്ഛാധിപതികളും യുദ്ധക്കൊതിയന്മാരും കിടിലം കൊള്ളാതെ നിർവ്വാഹമില്ല. കിടിലം കൊള്ളുന്നതിന്റെ അടുത്തപടി അവരുടെ തിരോധാനവുമായിരിക്കും. മനുഷ്യന്റെ കണ്ണുനീരും ചോരയും കൊണ്ട് ഈർപ്പമണിഞ്ഞ ഈ വസുന്ധര അന്നായിരിക്കും അഭിമാനപൂർവ്വം മന്ദഹാസം തൂവുക!



# 4. സാഹിത്യവും അന്ധവിശ്വാസവും

ഡോ കെ.എൻ. എഴുത്തച്ഛൻ

[ഗവേഷകനും സാഹിത്യനിരൂപകനുമായിരുന്ന കെ.എൻ.എഴുത്തച്ഛൻ (1921–81) സാഹിത്യകാരന്റെ സാമൂഹികപ്രതിബദ്ധത അംഗീകരിച്ചു കൊണ്ടാണ് സാഹിത്യരംഗത്തു പ്രവർത്തിച്ചത്. ഉപന്യാസസമാഹാരങ്ങളായും ചെറുകഥാ സമാഹാരങ്ങളായും കവിതകളായും അനേകം കൃതികൾ അദ്ദേഹത്തിൽ നിന്നു നമുക്കു ലഭിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കിരണങ്ങൾ, കതിർക്കുല, ദീപമാല, കഥാഭൂഷണം, കഥാമഞ്ജുഷ, കുസുമോപഹാരം തുടങ്ങിയവ അവയിൽ പെടുന്നു.

കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച തെരഞ്ഞെടുത്ത പ്രബന്ധങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സാഹിത്യവും അന്ധവിശ്വാസവും എന്ന ലേഖനം.]

ഭാഷകൊണ്ടു നിർമ്മിക്കുന്ന കലയാണ് സാഹിത്യം. ആശയങ്ങളുടെ പ്രകാശനത്തിന്നുള്ള ഉപകരണമാണ് ഭാഷ. ഭാവത്തെയും ഭാവനയെയും ഉദ്ദീപിപ്പിക്കുന്ന തരത്തിൽ ഭാഷ ഉപയോഗിക്കുമ്പോൾ അത് സാഹിത്യമായിത്തീരുന്നു. കലയുടെ പ്രഥമോദ്ദേശ്യം ഉപയോഗമല്ല, ആനന്ദമാണ് എങ്കിലും ഈ ആനന്ദത്തിന്റെ സ്വഭാവത്തിൽ ചില വ്യത്യാസം കാണും. ജീവിത ചിത്രമാണ് ഏതു കലയുടേയും ജീവനാഡി; ഇതിലും ചില ഏറ്റക്കുറവുകൾ ഇല്ലായ്കയില്ല. ഒരു നല്ല ചിത്രവും കവിതയും ഗാനവും നമ്മെ തികച്ചും ഒരേ നിലയ്ക്കല്ല ആനന്ദിപ്പിക്കുന്നത്. ആദ്യത്തേത് പ്രകൃതിയെ അഥവാ ജീവിതത്തെ ഒരു പ്രത്യേക ദശാസന്ധിയിൽ മുറിച്ചു കാണിക്കുന്നു; ഭാവനകൊണ്ട് അതിന്റെ സൗഭാഗ്യത്തെ പ്രേക്ഷകർ മുഴുവനാക്കുകയാണ് പതിവ്. ചിത്രത്തിന്റെ മൗനത്തിനു മുഴുവൻ സംഗതികൾ പറഞ്ഞൊപ്പിക്കുവാൻ വയ്യ. കവിതയാണെങ്കിൽ പദങ്ങൾ കൊണ്ടു നിർമ്മിക്കുന്ന കലയാകയാൽ അതിന്നു വ്യക്തത കൂടും; അതോടൊപ്പം കൂടുതൽ കാര്യങ്ങൾ ധ്വനിപ്പിക്കുവാനുള്ള കഴിവും അധികമാണ്. കഥ, നോവൽ, നാടകം തുടങ്ങിയ സാഹിത്യശാഖകൾ

ജീവിതത്തിന്റെ നാനാഭാഗങ്ങളെയും പ്രതിഫലിപ്പിക്കുകയും വിവരിക്കുകയും ചെയ്യുന്നു. ആശയങ്ങൾക്ക് ഈ കലാവ്യാപാരത്തിലുള്ള സ്ഥാനം ഏറ്റവും വമ്പിച്ചതാകയാൽ സാഹിത്യകാരൻ സമുദായത്തിന്റെ ആചാര്യനായിത്തീരുന്നതിൽ അത്ഭുതമില്ല. സംഗീതം കൂടുതൽ ഇന്ദ്രിയസംവേദ്യമാകയാൽ അതിന്നു സാർവ്വജനീനത്വം കൂടും. എങ്കിലും താൽക്കാലികമായ ഭാവോത്തേജനത്തിൽ കവിഞ്ഞു സ്ഥായിയായ ചിന്താധാരകൾ ഉണ്ടാക്കുവാൻ അതിന്നുള്ള കഴിവ് പരിമിതമാണ്. ആശയങ്ങൾ കൊണ്ടല്ലാതെ സ്വരങ്ങൾകൊണ്ടുള്ള കലാനിർമ്മിതിയാകയാൽ ഗാതാവിന്റെയും ശ്രോതാവിന്റെയും താൽക്കാലികമായ മന:സുഖത്തിൽ അത് ജന്മസാഫല്യം നേടുന്നു. നൃത്യകലയുടെയും നില ഇതിൽ നിന്നു വളരെ ഭിന്നമല്ല. ചലനത്തിലുള്ള ആനന്ദമാണതിന്റെ ജീവൻ. അതിൽ പ്രതിഫലിക്കുന്ന സ്തോഭാദികളെല്ലാം ദ്രഷ്ടാവിന്റെ ഹൃദയത്തിൽ പതിഞ്ഞ് അവനെ ആനന്ദിപ്പിക്കാറുണ്ടെങ്കിലും നീണ്ടുനിൽക്കുന്ന ജീവിതചിന്തകൾക്കൊന്നും അതിൽ സ്ഥാനമില്ല. ഇതിൽ നിന്നു ലളിതകലകളെല്ലാം പൊതുവിൽ ജീവിതത്തിന്റെ പകർപ്പുകളാണെന്നിരുന്നാലും ആകൃതിയിലും പ്രകൃതിയിലും ഉള്ള വ്യത്യാസം കൊണ്ട് അവ സമുദായത്തിൽ വ്യത്യസ്ത സ്ഥാനങ്ങളിലാണ് ഇരിക്കുന്നതെന്നു സ്പഷ്ടമത്രെ. ലോകത്തിന്റെ ആശയങ്ങളെയും ആദർശങ്ങളെയും പൂർണ്ണമായി പ്രതിഫലിപ്പിക്കുന്ന സാഹിത്യത്തിന് ഇതരകലകളെക്കാൾ ഉള്ള ഔൽകൃഷ്ട്യം അതിന്റെ ശക്തിയുടെയും വ്യക്തിയുടെയും ഫലമായി സിദ്ധിച്ചതാണ്. പുരാതനകാലം മുതൽക്കുതന്നെ മഹത്തായ ആശയങ്ങൾ പ്രചരിപ്പിക്കാൻ സാഹിത്യകൃതികളെയാണ് പരിഷ് കൃതസമുദായങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. 'കല കലയ്ക്കു വേണ്ടി' എന്ന വാദം, അതായത് കലയിൽ നിന്ന് ആനന്ദമല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്ന വാദം പൊന്തിവന്നത് അടുത്തകാലത്തു മാത്രമാണ്. പണക്കാരന് സമുദായത്തോട് ഉത്തരവാദിത്വമില്ലെന്ന മട്ടിൽ വ്യക്തിപ്രാധാന്യവാദം സാമ്പത്തിക മണ്ഡലത്തിൽ ഉയർന്നു വന്നതോടൊപ്പം സാഹിത്യമണ്ഡലത്തിൽ ഉണ്ടായ പ്രത്യാഘാതമാണിത്. സമുദായത്തിന്റെ അതതുകാലത്തെ ആശയങ്ങളെയും ആദർശങ്ങളെയും പ്രചരിപ്പിക്കാനുള്ള ഒരു ഉപകരണമായിട്ടു മാത്രമെ ഗൗരവമുള്ള ഏതു സാഹിത്യ വ്യാപാരത്തെയും



പൗരാണികന്മാർ ഗണിച്ചിട്ടുള്ളു. രാമായണഭാരതാദികൾ വെറും വിനോദത്തിനുവേണ്ടി എഴുതിയതല്ല. സമുദായം ശ്രേഷ്ഠമായിക്കരുതിയിരുന്ന തത്ത്വങ്ങളെ പ്രചരിപ്പിക്കാനാണ് അവയെല്ലാം എഴുതപ്പെട്ടിട്ടുള്ളത്. ലോകത്തിലെ മഹത്തായ സാഹിത്യകൃതികളുടെയെല്ലാം നില ഇതാണ്. ആനന്ദദാനത്തോടുകൂടി കൃത്യോദ്ബോധനം നടത്തുന്നവയാണ് എല്ലാം.

നിലവിലുള്ള സമുദായഘടനയുടെ ആചാരങ്ങൾ, വിചാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയെ പ്രതിഫലിപ്പിക്കുന്നവയാണ് പ്രധാന സാഹിത്യഗ്രന്ഥങ്ങളെല്ലാമെങ്കിലും അവയുടെ നിർമ്മാതാക്കളുടെ സ്വന്തമായ ആദർശങ്ങളും അഭിപ്രായങ്ങളും അവയിൽ ധാരാളം പ്രതിഫലിക്കാറുണ്ട്. എന്നാൽ പഴയ ഫ്യൂഡൽവ്യവസ്ഥയ്ക്കു കീഴിലുള്ള സാഹിത്യഗ്രന്ഥങ്ങളിൽ കവി സാമ്പത്തികമായി ധനികവർഗ്ഗത്തിന്റെ അടിമയാകയാൽ, വേണ്ടത്ര സ്വാതന്ത്ര്യം പ്രയോഗിപ്പാൻ ശക്തനായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. നമ്മുടെ കുഞ്ചൻനമ്പ്യാർ സാമുദായികദോഷങ്ങളെ എത്ര ശക്തിയായി കളിയാക്കിയിട്ടുണ്ടെങ്കിലും സുസമ്മതമായ സാമൂഹ്യതത്ത്വങ്ങളെ വെല്ലുവിളിക്കാൻ ശക്തനായില്ല. രാജഭക്തി, ബ്രാഹ്മണഭക്തി തുടങ്ങി നാം ഇന്നു തള്ളിക്കളഞ്ഞിട്ടുള്ള പലതും പഴയ കവികൾ-അവർ എത്രതന്നെ പുരോഗമനവാദികളായാലും വേണ്ടില്ല- അംഗീകരിക്കുക തന്നെ ചെയ്തു. ഇതിന്റെ കാരണം സ്പഷ്ടമാണ്. മുതലാളിത്ത ത്തിന്റെ ഉയർച്ചയോടു കെട്ടുപിടഞ്ഞുകിടക്കുന്ന പ്രജാധിപത്യ ചിന്തകളും ശാസ്ത്രത്തിന്റെ പുരോഗതിയോടു ചേർന്നു കിടക്കുന്ന യുക്തിവാദഗതികളും ആ കവികൾ ജീവിച്ച കാലത്തുണ്ടായി രുന്നില്ല. സമുദായം നിർമ്മിച്ച പരിമിതികളിൽ നിന്നുകൊണ്ട് അവർ പ്രവർത്തിച്ചു. ചിലർ സമുദായത്തിന്റെ പഴയ വിശ്വാസ ങ്ങളെ അപ്പടി അംഗീകരിച്ചു; മറ്റു ചിലർ മൗലികമായ പ്രശ്നങ്ങളെ സ്പർശിക്കാതെ ചില ഒളിയമ്പുകൾ എയ്യുകയും ഉപദേശങ്ങൾ നടത്തുകയും ചെയ്തു. ഇന്ത്യയിലെ പൗരാണികകവികളിൽ ജാതി വ്യത്യാസത്തിന്റെ നിരർത്ഥകത തെളിയിച്ചവർ ധാരാളമുണ്ട്; എന്നാൽ ജാതിക്കെതിരായി സമരം നടത്തുവാൻ നിലവിലുള്ള സമുദായഘടന അവരെ അനുവദിച്ചിരുന്നില്ല. പാശ്ചാത്യ സംസ്കാരത്തിന്റെ സമ്മർദ്ദത്തിൽ

ഒരു പ്രത്യേകതരത്തിലുള്ള സാമ്പത്തികതത്ത്വങ്ങളനുസരിച്ച് സമുദായം ക്രമേണ മാറ്റങ്ങൾക്കു വിധേയമായിത്തീർന്നപ്പോഴാണ് കവികളുടെയും സന്യാസികളുടെയും ധാർമ്മികശാസനങ്ങൾക്കു പ്രായോഗികത്വം ലഭിച്ചത്. സമുദായത്തിലെ മറ്റ് അംഗങ്ങളെപ്പോലെ കവിയും വിപ്ലവകാരി യായിത്തീർന്നത് കുറെ അടുത്തകാലത്താണ്. ഫ്രഞ്ച് വിപ്ലവ ത്തിന്നു ശേഷം പാശ്ചാത്യ ചിന്താഗതിയിൽ വന്ന നിരവധി മാറ്റങ്ങൾ എഴുത്തുകാരന്നു കൂടുതൽ ഉത്തരവാദിത്വം ഉണ്ടാക്കി യിട്ടുണ്ട്. സമുദായത്തിന്റെ നിലവിലുള്ള വിചാരവിശ്വാസാദികളെ നിരൂപണം ചെയ്‌വാനുള്ള അധികാരം കൈവന്നത് സാമ്പത്തി കവും രാഷ്ട്രീയവുമായ രംഗങ്ങളിൽ സാഹിത്യകാരൻ കൂടുതൽ സ്വതന്ത്രനായിത്തീർന്നപ്പോഴാണ്. സമുദായ പുരോഗതിക്കു വേണ്ടിയുള്ള സമരത്തിൽ കവി ഭാഗഭാക്ത്വം വഹിക്കണമെന്ന ആശയം ക്രമത്തിൽ വളർന്നു വന്നു. പുരോഗമന സാഹിത്യത്തിന്റെ വാദങ്ങളിൽ ഇതിന്റെ മൂർദ്ധന്യദശ കാണാം.

അന്ധവിശ്വാസങ്ങളെ എതിരിടുവാനും അടിമത്തത്തെ നശിപ്പിക്കാനും ഉള്ള കവിയുടെ ആഹ്വാനങ്ങൾക്കു സാമൂഹ്യവിപ്ല വങ്ങളുടെ ചരിത്രത്തിൽ ഉള്ള സ്ഥാനം വമ്പിച്ചതാണ്. ഫ്രഞ്ച് വിപ്ലവത്തിന്റെ ജനയിതാക്കൾ റൂസ്സോ, വാൾട്ടയർ തുടങ്ങിയ സാഹിത്യമഹാരഥന്മാരായിരുന്നുവെന്ന സംഗതി അറിയാത്ത വരില്ല. നമ്മുടെ ഭാഷയിൽതന്നെ ജാതിമതാദികളെ സംബന്ധിച്ച മർദ്ദനങ്ങൾക്കെതിരായി ആശാൻ, വള്ളത്തോൾ, ഉള്ളൂർ തുടങ്ങിയ മഹാകവികൾ നടത്തിയ തൂലികാസമരം വമ്പിച്ചതായിരുന്നു. ഇന്ത്യയുടെ നവോത്ഥാനം, മറ്റു രാജ്യങ്ങളുടേതുപോലെതന്നെ ഒരു മതച്ഛായ കലർന്ന അന്തരീക്ഷത്തിലാണ് രൂപമെടുത്തത്. ഭാവനാ മധുരമായ ഒരു ആദ്ധ്യാത്മികപൂർണ്ണത ചിന്തകന്മാർ നമ്മുടെ രാജ്യത്തിൽ ദർശിക്കാതിരുന്നില്ല. അനാചാരങ്ങളിൽ നിന്നു ചിന്താഗതിയെ മോചിപ്പിക്കുവാനുള്ള ശ്രമത്തിൽ ടാഗോർ പ്രഭൃതികളായ കവികളും വിവേകാനന്ദപ്രഭൃതികളായ സന്യാസി മാരും ഒപ്പം പങ്കുകൊണ്ടു. ഈ ഒടുവിൽ പറഞ്ഞ കൂട്ടത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ശ്രീനാരായണ ഗുരുസ്വാമികൾ, ബ്രഹ്മാനന്ദസ്വാമി, ശിവയോഗി തുടങ്ങിയർക്കെല്ലാം വലിയ



ഭാഗമുണ്ടെന്നതിന്നു സംശയമില്ല.

സാഹിത്യവ്യാപാരം - കവിയുടെയായാലും സന്യാസിയു ടെയായാലും രാഷ്ട്രീയ പ്രവർത്തകന്റെയായാലും - അടിമത്ത ത്തിനും അന്ധവിശ്വാസത്തിനും എതിരായിരിക്കുക സാധാരണ യാണ്; അതങ്ങനെയായിരിക്കുകയും വേണം. കാരണം ബുദ്ധിപരമായ നേതൃത്വം സമുദായത്തിന്നു നൽകുന്നത് മുൻപറഞ്ഞവരാണല്ലൊ. എന്നാൽ ഇവിടെ ഒരു സംഗതി എടുത്തുപറയേണ്ടതുണ്ട്. അന്ധവിശ്വാസാദികളായ പദങ്ങളെല്ലാം ആപേക്ഷികങ്ങളാണ്, കേവലങ്ങളല്ല. സത്യം, അഹിംസ തുടങ്ങിയ ധർമ്മങ്ങളെപ്പറ്റി ചുഴിഞ്ഞാലോചിക്കുംതോറും അവയ്ക്കു സ്ഥിരമായ അർത്ഥമി ല്ലെന്നുതോന്നും. പരിത:സ്ഥിതിയും മറ്റും അനുസരിച്ച് ധർമ്മങ്ങളുടെ വ്യാഖ്യാനം മാറിപ്പോകുന്നു. ഗീതയുടെ അർത്ഥം തന്നെ സന്ദർഭമനുസരിച്ച് ധർമ്മവ്യാഖ്യാനം മാറിപ്പോകും എന്നതല്ലെങ്കിൽ മറ്റെന്താണ്? യുദ്ധം വ്യക്തമായ ഹിംസയാണെന്ന് എല്ലാവർക്കും അറിയാം. എങ്കിലും പരിസരം ആ ഹിംസയെ ധർമ്മമാക്കിത്തീർക്കുന്നു. ഈ ധർമ്മകൽപനയുടെ രഹസ്യമെന്ത്? ഐഹികജീവിതത്തെ സുഗമമാക്കലാണ് അതിന്റെ യഥാർത്ഥ പ്രയോജനം. രാജ്യത്തിനു വേണ്ടിയാണ് പാണ്ഡവന്മാർ യുദ്ധം നടത്തിയത്; രാജ്യം അനുഭവത്തിനാണ്, സംന്യാസ ത്തിനുള്ളതല്ല. അപ്പോൾ, ധാർമ്മികതത്ത്വങ്ങളുടെ യെല്ലാം അടിസ്ഥാനം ജീവിത മാണെന്നു വരുന്നു. പറയുമ്പോൾ സ്പഷ്ടമാ ണെന്നു തോന്നുമെങ്കിലും ഈ ആശയം ഇന്നും വേണ്ടത്ര അംഗീകരിക്കപ്പെടുന്നില്ല. ഒരിക്കൽ നാം ഇതു മനസ്സിലാക്കി ക്കഴിഞ്ഞാൽ വളരെ തെറ്റി ദ്ധാരണകൾ എളുപ്പം തീർന്നുപോകും. എല്ലാ ആചാര ങ്ങളും, എല്ലാ വിശ്വാസങ്ങളും ജീവിതയാത്രയിൽ മനുഷ്യൻ രൂപപ്പെടുത്തിയിട്ടുള്ളതാണ്. യാതൊന്നും ലോകാതീത മായ ശക്തിയിൽ നിന്ന് വന്നതല്ല.

സാഹിത്യം അന്ധവിശ്വാസത്തെ എതിർക്കണം എന്നു പറയുമ്പോൾ ആർക്കും വിഭിന്നാഭിപ്രായമില്ല; എന്നാൽ ഏതാണ് അന്ധവിശ്വാസം എന്നതിലാണ് സംശയം. മുമ്പ് കാണിച്ചപോലെ അറുത്തു മുറിച്ചു കാണിക്കാവുന്ന ഒരു തത്ത്വമല്ല ഇത്. ബഹുദൈവാരാധന അന്ധവിശ്വാസമാണെന്നു വാദിക്കാം; അതു

മാത്രമാണ് പ്രായോഗികമായതെന്നും വാദിച്ചുകൂടെന്നില്ല. എങ്കിലും ഏകദൈവാരാധന ബഹുദൈവാരാധനയുടെ മേൽ ഒരു പുരോഗതിയാണെന്നാണ് ഭൂരിപക്ഷാഭിപ്രായം. ഏകദൈവാരാധന അന്ധവിശ്വാസമായി ഗണിക്കുന്നവരുണ്ട്. അവർക്കും ധാരാളം വാദങ്ങൾ കാണും. അപ്പോൾ ആസ്തികന്റെ കണ്ണിൽ നാസ്കിതന്റെയും, നാസ്തികന്റെ കണ്ണിൽ ആസ്തികന്റെയും വിശ്വാസസംഹിത തെറ്റായിരിക്കുന്നു. ഓരോരുത്തന്റെയും സാഹിത്യവ്യവസായം എതിരാളിയുടെ നേർക്കായാൽ അതു കൊണ്ട് എന്തു പുരോഗതിയാണുണ്ടാവുക?

ഇവിടെയാണ് സഹിഷ്ണുതയുടെ ആവശ്യം. ആശയങ്ങളും ആദർശങ്ങളും വിശ്വാസങ്ങളും എല്ലാം ജീവിതത്തെ സഹായിക്കുന്നവയാണ് എന്നു നാം മുമ്പു പറഞ്ഞുവല്ലോ. ഭൂരിപക്ഷം ജനങ്ങളുടെ ദൈനംദിനജീവിതത്തെ നന്നാക്കിത്തീർക്കുകയാണ് നമ്മുടെ ലക്ഷ്യം. ഈ മാനദണ്ഡം വെച്ചാണ് എല്ലാറ്റിനെയും നാം അളക്കേണ്ടത്. ഇവിടെയും ഒരു കുഴപ്പം വരുന്നു. 'നന്നാക്കിത്തീർക്കൽ' എന്നാൽ എന്താണർത്ഥം? ഭൗതികവാദിയുടെ പക്ഷത്തിൽ ഭൗതികേതരമായ മൂല്യങ്ങളില്ല. ആത്മീയവാദിക്കാണെങ്കിൽ ആധ്യാത്മിക വിശ്വാസങ്ങൾ വിട്ടവൻ നിന്ദ്യനുമാണ്.

ആധുനികചിന്ത ഈ അപകടത്തിൽ നിന്നു രക്ഷപ്പെടാൻ കണ്ട വഴി ഇതാണ്: നിരീക്ഷണപരീക്ഷണങ്ങൾ കൊണ്ടു തെളിയിക്കാവുന്ന ശാസ്ത്രീയസത്യങ്ങളെ വ്യാവഹാരികസത്യങ്ങളായി സ്വീകരിക്കുക; വിശ്വാസ്യകോടിയിൽ നിൽക്കുന്നതിനെ അയഥാർത്ഥമായി തള്ളുക. അജ്ഞാതമായതിനാൽ ഇന്ന് അസത്യമായിത്തോന്നുന്ന തത്ത്വം നാളെ ശാസ്ത്രീയഗവേഷണത്തിൽ ശരിയാണെന്നു തെളിഞ്ഞാൽ അതിനെ സത്യകോടിയിൽ പെടുത്തുന്നു. അതുകൊണ്ട് നിഷേധിക്കുന്നതിനേക്കാൾ പരീക്ഷിക്കുന്നതിനാണ് ആധുനിക ശാസ്ത്രജ്ഞന്റെ സംരംഭം. ഏതു വിശ്വാസവും, അതൊരു വിശ്വാസം മാത്രമായിരിക്കുന്നിടത്തോളംകാലം, വെച്ചുകൊണ്ടിരിക്കാനുള്ള അധികാരം ഓരോരുത്തനുമുണ്ട്. അന്യരുടെ ജീവിതത്തെ അതു ബാധിക്കരുതെന്നേ ഉള്ളൂ. ഇന്നത്തെ അന്ധവിശ്വാസം നാളത്തെ സത്യപ്രമാണമാകാം. എങ്കിലും എഴുതിയ



തിനുള്ള മാർക്കു മാത്രമേ വിദ്യാർത്ഥിക്കു കിട്ടാൻ യോഗ്യതയുള്ളൂ എന്നാണ് ആധുനികശാസ്ത്രവാദം. ഒരു സംഗതികൂടി ഇവിടെ എടുത്തു പറയേണ്ടതുണ്ട്. അന്ധവിശ്വാസം എന്നതിനു പൊതുവിൽ ഉള്ള ദുരർത്ഥപ്രതീതി ശാസ്ത്രീയമായ ഉപയോഗത്തിൽ ഇല്ല. നിരീക്ഷണപരീക്ഷണങ്ങൾ കൊണ്ട് തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത തത്ത്വങ്ങൾ എന്നേ അതിന്നർത്ഥമുള്ളു. അവ ഒരിക്കലും തെളിയിക്കാൻ വയ്യാത്തവയാണെന്ന വാദവുമില്ല.

ജീവിതം വിശ്വാസപ്രധാനമാണെന്ന ഒരു സംഗതി വേറെയും കിടപ്പുണ്ട്. വിചാരത്തേക്കാൾ, വികാരമാണ് ലോകത്തെ നയിക്കുന്നതെന്ന പരമാർത്ഥം നോക്കുമ്പോൾ വികാരാംശപ്രധാനമായ വിശ്വാസങ്ങൾക്കുള്ള പ്രാധാന്യം വെളിപ്പെടും. യഥാർത്ഥത്തിൽ ജനനം, വിദ്യാഭ്യാസം, പരിസരം തുടങ്ങിയവ നമ്മിൽ നിരന്തരം വളർത്തിവന്നിട്ടുള്ള ധാരണകളെ നാം ശരിയായ വിശ്വാസങ്ങളായി ഗണിക്കുന്നു; പുറമെനിന്നു വരുന്നവയെ പക്ഷപാതം കൊണ്ട് തടഞ്ഞുനിർത്തുകയും ചെയ്യുന്നു. യുക്തിപൂർവ്വമായതിനെയല്ല നമുക്കിഷ്ടമായിത്തോന്നുന്നതിനെയാണ് നാം സമ്മതിക്കുന്നതും സ്വീകരിക്കുന്നതും. ഇതുകൊണ്ടു മായില്ല. അന്ധവിശ്വാസങ്ങളിൽ പലതും സമുദായത്തിനു നന്മ ചെയ്യുന്നുണ്ട്. സ്വരാജ്യത്തിന്റെ കൊടി ഇതരരാജ്യക്കാരൻ ചവിട്ടുന്നതു കണ്ടാൽ ക്ഷോഭിക്കാതിരിപ്പാൻ നമുക്കു സാധിക്കുകയില്ല. എന്തുകൊണ്ട്? ആ കൊടി വെറും ഒരു ശീലക്കഷ്ണമല്ലേ? നാട്ടിന്റെ ഒരു പ്രതീകമായി നാം കൊടിയെ കൽപിക്കുന്നു. നാം തന്നെയാണ് ആ കൊടി. അതിനെ ചവിട്ടുന്നത് നമ്മെ ചവിട്ടുന്നതായി നാം കണക്കാക്കുന്നു. ശാസ്ത്രത്തിനൊന്നും എത്താത്ത വികാരലോകത്തിലാണ് ഈ തത്ത്വങ്ങളുടെ യെല്ലാം സ്ഥിതി. ഇതിൽ നിന്ന് അന്ധവിശ്വാസങ്ങളെപ്പറ്റി പല പ്രധാനസംഗതികളും വ്യക്തമാകുന്നുണ്ട്. അവ സ്ഥിരങ്ങളല്ല, ആപേക്ഷികങ്ങളാണ്. ജ്ഞാനഗതിയിലുള്ള ഒരു പ്രത്യേകഘട്ടത്തെ മാത്രം കുറിക്കുന്നതാണത്. ചില അന്ധവിശ്വാസങ്ങൾ അനുഭവത്തിൽ ഗുണപ്രദങ്ങൾ കൂടിയാകാം. ആദർശങ്ങളിൽ പലതും അന്ധവിശ്വാസങ്ങളാണെങ്കിലും, യഥാർത്ഥത്തിൽ അവയില്ലാത്ത ജീവിതം നിസ്സാരമായിത്തീരുന്നു.

സാഹിത്യകാരൻ അന്ധവിശ്വാസങ്ങൾക്കെതിരായി സമരം നടത്തണമെന്ന സാധാരണ വാദത്തെപ്പറ്റി ചുഴിഞ്ഞാലോചിച്ചപ്പോൾ വന്ന ദുർഘടമാണിതൊക്കെ. ഇതിൽ നിന്നു വ്യക്തമായ എന്തു നിർദ്ദേശമാണ് ലഭിക്കുന്നത് എന്നു ചിലർ ശങ്കിക്കാം. കാര്യം ഇതാണ് : സാമൂഹ്യപുരോഗതിക്ക് യുക്തമെന്നു തോന്നുന്ന,ശാസ്ത്രീയ ചിന്തയുടെ വെളിച്ചത്തിൽ സ്വീകാര്യമെന്നു തോന്നുന്ന വിശ്വാസങ്ങളെയും ആദർശങ്ങളെയും സ്വീകരിക്കുക. ഈ പുരോഗതിയുടെ സ്വരൂപം സ്വപ്നത്തെ ആസ്പദിച്ചല്ല അനുഭവത്തെ ആസ്പദിച്ചാണ് നിർണ്ണയിക്കേണ്ടത്. കാലം മാറുന്നതോടുകൂടി വിശ്വാസാദികളിൽ നൂതനവീക്ഷണം അംഗീകരിക്കേണ്ടത് സാഹിത്യകാരന്റെ കടമയത്രെ. എന്തെന്നാൽ സാമൂഹ്യമണ്ഡലത്തിലെ നേരിയ ഇളക്കങ്ങൾ പോലും ആദ്യം പ്രതിബിംബിക്കുന്നത് എഴുത്തുകാരന്റെ തൂലികയിലാണ്. സഹിഷ്ണുതയും വിശാലഹൃദയവും ആണ് ഏതു സമുദായ പരിഷ്കർത്താവിനും ഉണ്ടായിരിക്കേണ്ട മുഖ്യഗുണങ്ങൾ. സാഹിത്യകാരൻ യഥാർത്ഥ സമുദായ പരിഷ്ക്കർത്താവാണ്. പരിസരം മാറുമ്പോൾ സമുദായം ത്യജിക്കേണ്ട വിശ്വാസങ്ങളെ കണ്ടറിഞ്ഞ് അവയെ എതിർക്കുവാനും അംഗീകരിക്കേണ്ട വിശ്വാസങ്ങളെ മനസ്സിലാക്കി ബുദ്ധിപൂർവ്വം അവയെ അംഗീകരിക്കുവാനും ഉള്ള നേതൃത്വം ഉൽഭവിക്കേണ്ടത് അവനിൽ നിന്നാണ്.



# 5. അമ്പലമേടിന്റെ കഥ

എം.കെ.കെ.നായർ

[വ്യവസായികരംഗത്തു വിജയം കൈവരിച്ച നമ്മുടെ ഉന്നതോദ്യോഗസ്ഥന്മാരിൽ പ്രമുഖനാണ് എം.കെ.കെ.നായർ. 'ഫാക്ടി'ന്റെ വളർച്ചയ്ക്കു നേതൃത്വം കൊടുത്ത വ്യക്തി എന്ന നിലയിലാണ് കേരളീയർക്കു അദ്ദേഹത്തെ കൂടുതൽ പരിചയം.

'ആരോടും പരിഭവമില്ലാതെ' എന്ന പേരിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ആത്മകഥയിലെ ഒരു ഭാഗമാണ്, അമ്പലമേടിൽ 'ഫാക്ടി'ന്റെ ഒരു ശാഖ സ്ഥാപിച്ചതിനെക്കുറിച്ചു വിവരിക്കുന്ന ഈ ലേഖനം.]

അന്ന് എഫ്.എ.സി.ടി.ക്ക് ഒരു ഫാക്ടറി മാത്രമേയുണ്ടായിരുന്നുള്ളു. അത് ഉദ്യോഗമണ്ഡലിലായിരുന്നു. എഫ്.എ.സി.ടി. 1944-ൽ ആരംഭിച്ചപ്പോൾ അവിടെ തുടങ്ങിയ തപാലാഫീസിന് ഇട്ട പേരാണ് ഉദ്യോഗമണ്ഡൽ. ഹിന്ദിയിൽ വ്യവസായത്തിന് ഉദ്യോഗം എന്നാണു പറയുക. ഉദ്യോഗമണ്ഡൽ എന്നു പറഞ്ഞാൽ വ്യവസായകേന്ദ്രം എന്നാണ് അർത്ഥം. പക്ഷേ, നമ്മുടെ നാട്ടിൽ പലരും മനസ്സിലാക്കിയിരുന്നത് മണ്ടന്മാർക്ക് ഉദ്യോഗം ലഭിക്കുന്ന സ്ഥലമാണ് ഉദ്യോഗമണ്ഡൽ എന്നായിരുന്നു.

''സാർ, എന്റെ മൂത്തമകൻ നന്നായി പഠിക്കും. അവൻ ബി.എ. ഒന്നാം ക്ലാസിൽ പാസ്സായി,ഇപ്പോൾ നല്ല ജോലിയിലിരിക്കുന്നു. രണ്ടാമത്തെ ചെക്കൻ ഒരു മണ്ടനാണ്. പഠിക്കില്ല.അതുകൊണ്ടു സാർ അവന് കമ്പനിയിൽ ഒരു ജോലി കൊടുക്കണം.''

ഈ പല്ലവിഞാൻ ദിവസവും കേൾക്കാറുള്ള ഒന്നായിരുന്നു.

കമ്പനിജോലിക്കു മന്ദബുദ്ധികൾമതിയെന്ന് എങ്ങനെ ഒരു വിചാരം കേരളീയരുടെയിടയിൽ പരന്നുവെന്നെനിക്കറിയില്ല. ഒരുപക്ഷേ, കയർ, കശുവണ്ടി മുതലായ പരമ്പരാഗതമായ

വ്യവസായങ്ങളുടെ അനുഭവം ആസ്പദമാക്കിയായിരിക്കാം ഇപ്രകാരം വിചിത്രമായൊരു മനോഗതി വളരാനിടയായത്.

വൻതോതിലുള്ള വികസനപരിപാടിക്കു തയ്യാറെടുക്കുമ്പോൾ അതിന് ഉപോൽബലകമായ ചുറ്റുപാടുകളുണ്ടാവണം. ഒരു കമ്പനിയെ സംബന്ധിച്ചിടത്തോളം ചുറ്റുപാടുകളെന്നു പറയുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങളുൾപ്പടും-ആവശ്യത്തിനു വേണ്ട സ്ഥലം പൊന്നും വിലയ്ക്കെടുക്കുക, വ്യവസായത്തിനും കുടിക്കാനുമുള്ള വെള്ളത്തിനുള്ള ഏർപ്പാടുകൾ മുൻകൂട്ടി ചെയ്യുക, തൊഴിലാളികളെ അപ്രന്റീസുകളായി എടുത്തു പരിശീലനം നല്കുക, ജീവനക്കാർക്ക് അവശ്യം വേണ്ടതായ താമസസൗകര്യങ്ങൾ ഏർപ്പെടുത്തുക, ഗതാഗതസൗകര്യങ്ങൾ വിപുലമാക്കുക, സേവനക്കാരുടെ ആരോഗ്യപരമായ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് ആശുപത്രിയുൾപ്പടെയുള്ള സംവിധാനം സൃഷ്ടിക്കുക, ജീവനക്കാരുടെ കുട്ടികൾക്ക് പഠിക്കുവാനുള്ള സ്കൂളുകൾ നിർമ്മിക്കുക, ഒരു ടൗൺഷിപ്പിനാവശ്യമായ മറ്റു സാഹചര്യങ്ങൾ അതായതു കളിസ്ഥലങ്ങൾ, ചന്തസ്ഥലങ്ങൾ, പീടികകൾ, തിയേറ്റർ, ക്ലബ്ബ് തുടങ്ങിയവ സൃഷ്ടിക്കുക.

വികസനപരിപാടിയെപ്പറ്റി ചിന്തിച്ചു തുടങ്ങിയപ്പോൾ ത്തന്നെ ഉദ്യോഗമണ്ഡൽ പ്രദേശം ഒരു മാസ്റ്റർ പ്ലാൻ അനുസരിച്ച് വികസിപ്പിക്കുവാൻ തീരുമാനിച്ചു. അങ്ങനെ ഭാവിയിൽ ഒരു എഴുപത്തഞ്ചു കൊല്ലത്തെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും ആ സ്ഥലം ആസൂത്രിത രീതിയിൽ വികസിപ്പിക്കുന്നതിനുമായി ഒരു മാസ്റ്റർ പ്ലാൻ രൂപീകരിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗമണ്ഡലിൽ മറ്റു പ്രവർത്തനങ്ങളെല്ലാം നടത്തിയത്.അതുവരെ വളരെ കഷ്ടി പിഷ്ടിയായി കഴിഞ്ഞിരുന്ന കമ്പനിയാകയാൽ ജീവനക്കാർക്കു വേണ്ടത്ര ജീവിത സൗകര്യങ്ങളില്ലായിരുന്നു. റോഡുകളെല്ലാം വീതി കുറഞ്ഞതും പൊടിപടലം പരത്തുന്നതു മായിരുന്നു. വീടുകളുടെ പ്ലാൻ തന്നെ വളരെ മോശമായിരുന്നു. കുളിമുറികളിലും മറ്റും നിന്നു തിരിയാൻ തക്ക സ്ഥലം പോലുമില്ലായിരുന്നു. 1944-ൽ നിർമ്മാണസംബന്ധമായി ചുമതലയേറ്റിരുന്ന ഒരു അമേരിക്കൻ സാങ്കേതികവിദഗ്ദ്ധൻ തനിക്കു താമസിക്കുന്നതിനായി നിർമ്മിച്ച



ഒരു വീടു മാത്രമേ പരിഷ്കൃതമായ രീതിയിൽ ഉണ്ടായിരുന്നുള്ളു. വികസന പരിപാടി ആരംഭിച്ചതോടെ റോഡുകൾക്ക് വീതി കൂട്ടുകയും അവയിലെല്ലാം ആസ്ഫോൾട്ട് ഇടുകയും പുതിയ പ്ലാൻപ്രകാരം സൗകര്യപ്രദമായ വീടുകൾ നിർമ്മിക്കുകയും മറ്റും ചെയ്തപ്പോൾ അതുവരെ വൻതോതിൽ യാതൊന്നും ചെയ്തു കണ്ടിട്ടില്ലാത്ത പരിസരവാസികളും ചെറുകിടജീവനക്കാരും അമ്പരന്നു. ഇവയെല്ലാം ഒരു നവീന വ്യവസായസംസ്കാരത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകങ്ങളാണെന്നു മനസ്സിലാക്കാനുള്ള പഠിപ്പോ വിവരമോ മനസ്ഥിതിയോ ഇല്ലായിരുന്ന പലരും ഇവ ആവശ്യമില്ലാത്ത ധൂർത്തുകളായി ചിത്രീകരിച്ചു.

അതേസമയം ഉത്പാദിപ്പിക്കുന്ന രാസവളം ഉടനടി വിറ്റഴിയണ മെങ്കിൽ അതു വാങ്ങുവാനും ഉപയോഗിക്കുവാനും കർഷകരെ പ്രബുദ്ധരാക്കേണ്ടിയിരുന്നു.കൃഷിവകുപ്പുമായി സഹകരിച്ച് കേരളത്തിൽ ഉടനീളം വിപുലമായ തോതിൽ മാതൃകാകൃഷി സ്ഥലങ്ങളും കർഷകരുടെ ചർച്ചായോഗങ്ങളും റ്റും സംഘടിപ്പി ക്കേണ്ടി വന്നു. വളങ്ങളുടെ ഗുണത്തെയും ഉപയോഗിക്കേണ്ട പ്രയോഗക്രമങ്ങളെയും പറ്റി കർഷകരെ മനസ്സിലാക്കുന്നതിന് വളരെയധികം പരിപാടികൾ ആവിഷ്കരിക്കേണ്ടിവന്നു. അവയെല്ലാം അനാവശ്യമായ ചെലവായിട്ടാണ് കേരളത്തിൽ പലരും കണ്ടത്. അവയെ അപഹസിക്കാനല്ലാതെ എന്താണ് അവയുടെ ഉദ്ദേശ്യമെന്നോ അവ കൊണ്ടെന്തു നേടിയെന്നോ അറിയുവാൻ സർവ്വജ്ഞാനികളായ മാന്യന്മാർ ഒരുമ്പെട്ടില്ല. കാലക്രമേണ കർഷകർ ഉദ്ബുദ്ധരായി. ഗോപാലകൃഷ്ണൻ നായരുടെ നേതൃത്വത്തിൽ വളമഹോത്സവങ്ങൾ പരക്കെ സംഘടിപ്പിച്ചു തുടങ്ങി. അങ്ങനെ എഫ്.എ.സി.ടി.യിൽ ഉത്പാദിപ്പിക്കുന്ന വളങ്ങൾ ഉടനടി കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും വിറ്റഴിഞ്ഞു തുടങ്ങി. എഫ്.എ.സി.ടി.ഈ രംഗത്തവതരിപ്പിച്ച പരിപാടികൾ ലോകബാങ്കും എഫ്.എ.ഒ.യും മുക്തകണ്ഠം പ്രശംസിക്കുകയും ആ വിധത്തിലുള്ള പരിപാടികൾ മറ്റു വികസ്വരരാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനു വേണ്ട നടപടികളെടുക്കുകയും ചെയ്തു.അങ്ങനെ ഉത്പാദനവും വില്പനയും ഒപ്പത്തിനൊപ്പം മുന്നോട്ടു പോവുകയാൽ ഭാവി

പരിപാടികൾ ധൈര്യപൂർവ്വം ഏറ്റെടുക്കുന്നതിനുള്ള ആത്മവിശ്വാസം എല്ലാപേർക്കുമുണ്ടായി.

1963-ൽ ഇന്ത്യാഗവൺമെന്റ് രാസവളവ്യവസായത്തിന്റെ ഭാവിയെപ്പറ്റി വിശദമായൊരു പഠനം നടത്തി. ഒരു ദശലക്ഷം ടൺ നൈട്രജൻ ഉൽപാദിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുകയാൽ അമേരിക്കയിലെ ബെച്ചൽ എന്നൊരു കമ്പനിയുമായി ഇന്ത്യാ ഗവൺമെന്റ് ചർച്ചകളാരംഭിച്ചു. അമേരിക്കയിലെ വൻകിട കമ്പനികൾക്ക് അവരുടെ നേട്ടങ്ങളെപ്പറ്റിയല്ലാതെ, വ്യവസായം സ്ഥാപിക്കുന്ന രാജ്യത്തെ സംബന്ധിച്ചോ അതു കൊണ്ടുണ്ടാവുന്ന പ്രയോജനങ്ങളെപ്പറ്റിയോ യാതൊരു ആകാംക്ഷയുമില്ലായിരുന്നു. അധികം താമസിയാതെ ഇന്ത്യാഗവൺമെന്റിനു മനസ്സിലായി ബെച്ചൽ അവരുടെ സ്വാർത്ഥതാൽപര്യങ്ങൾക്കായി മാത്രം നിലനില്ക്കുന്ന ഒരു സ്ഥാപനമാണെന്ന്. അതോടുകൂടി ചർച്ചകൾ അലസിപ്പിരിഞ്ഞു. വിദേശരാജ്യങ്ങളിൽ നിന്നും സാങ്കേതികസഹായം ലഭിച്ചാലുമില്ലെങ്കിലും ഇന്ത്യയിൽരാസവള ഉത്പാദനം എത്രയോ മടങ്ങ് വർദ്ധിപ്പിക്കേണ്ടതായ ആവശ്യം മനസ്സിലാക്കി രാസവളവ്യവസായശാലകൾ ഇന്ത്യൻ എൻജിനീയർമാരുടെ പ്രയത്നംമൂലം സ്ഥാപിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്നു വ്യക്തമായി. പുതിയ രാസവളനിർമ്മാണശാലകൾ നിർമ്മിക്കുമ്പോൾ അതിനാവശ്യമായ എൻജിനീയറിങ്ങ് പ്രവൃത്തികളും, ഡിസൈൻ, ഉത്പാദനപ്രക്രിയ മുതലായ കാര്യങ്ങളും കൈകാര്യം ചെയ്യുന്ന ഒരു സ്ഥാപനത്തിന്റെ കുറവു ബോദ്ധ്യമാവുകയാൽ എഫ്.എ.സി.ടി. അതുവരെ സംഭരിച്ചിട്ടുള്ള സാങ്കേതിക വിജ്ഞാനത്തെ ആസ്പദമാക്കി രാസവളനിർമ്മാണശാലകൾ ആസൂത്രണംചെയ്ത്, നിർമ്മിച്ച്, ഉത്പാദനക്ഷമമാക്കുവാൻ തക്കതായ ഒരു സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചു. അതായിരുന്നു ആരംഭിച്ച് രണ്ടു വർഷത്തിനുള്ളിൽ രാസവ്യവസായലോകത്ത് പ്രശസ്തി നേടിയഫെഡോ (ഫാക്റ്റ് എൻജിനീയറിങ്ങ് ആൻഡ് ഡിസൈൻ ഓർഗനൈസേഷൻ). രൂപീകരിച്ചകാലത്ത് ഭാരതത്തിൽ അപ്രകാരമുള്ള സാങ്കേതികജടിലങ്ങളായ കാര്യങ്ങൾ നിർവ്വഹിക്കത്തക്ക സ്ഥാപനങ്ങൾ വിരലിൽ എണ്ണാവുന്നവ മാത്രമേ ഉണ്ടായിരുന്നുള്ളു.



ഉത്പാദനപ്രക്രിയകളിൽ ഏറ്റവും പ്രശസ്തമായവ ഇംഗ്ലണ്ടിൽ ഐ.സി.ഐ, ജർമ്മനിയിൽ കെമിബാവോ മുതലായ കമ്പനികളുടേതായിരുന്നതിനാൽ അവയുമായി സാങ്കേതിക കരാറുകളിലേർപ്പെടുകയും സ്വന്തമായി പലപ്രക്രിയകളും കണ്ടുപിടിക്കുന്നതിനും നടപ്പിലുള്ളവയെ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു നല്ല ഗവേഷണകേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. അക്കാലത്ത്ഗോവ,മംഗലാപുരം, തൂത്തുക്കുടി മുതലായ സ്ഥലങ്ങളിൽ വൻകിട രാസവളശാലകൾ നിർമ്മിക്കുന്നതിനുള്ള ചുമതല ഫെഡോയ്ക്കു ലഭിക്കുമെന്നായിരുന്നു പ്രതീക്ഷ. അതുകൊണ്ട് അവയ്ക്കെല്ലാം വിശദമായ പദ്ധതികൾ തയ്യാറാക്കുകയുണ്ടായി. ആ പദ്ധതികൾ വളരെ ആകർഷകമായിരുന്നതിനാൽ സ്വകാര്യമേഖലയിലുള്ള പല കമ്പനികളും അവ ഏറ്റെടുക്കാൻ മുന്നോട്ടുവന്നു. അങ്ങനെ ഗോവ ബിർളയും, തൂത്തുക്കുടി സ്പിക്കും മംഗലാപുരം കർണ്ണാടക ഗവൺമെന്റും ഏറ്റെടുത്തു. അപ്പോൾ എഫ്.എ.സി.ടി.ക്കു സ്വന്തമായ ഒരു രാസവളശാലയും ബാക്കിയുണ്ടായില്ല. അന്നത്തെ കേന്ദ്രനയം ഒരു സംസ്ഥാനത്തിന് ഒരു വൻകിട രാസവളശാലയെന്നതായിരുന്നതു കൊണ്ട് കേരളത്തിൽ രണ്ടാമതൊന്നിനു യാതൊരു സാദ്ധ്യതയുമില്ലെങ്കിലും ഒരു രാസവളശാല കൂടി കേരളത്തിൽ ലഭ്യമാകുമോ എന്ന് ഒരു കൈനോക്കാൻ തീരുമാനിച്ചു. അക്കാലത്ത് കേരളത്തിൽ രാഷ്ട്രപതിഭരണമായിരുന്നു. മുന്ദ്രയും ലൈഫ് ഇൻഷ്വറൻസ് കോർപറേഷനുമായുള്ള കമ്പനി ഷെയർവില്പന ഇടപാടിൽ അഴിമതി ഉണ്ടായെന്ന ആരോപണത്തെ അടിസ്ഥാനമാക്കി ബോംബെ ചീഫ് ജസ്റ്റിസ് ചഗ്ളനാടകീയമായി മൈക്ക് വച്ച് അന്വേഷണം നടത്തിയതിന്റെ ഫലമായി മൗലികമായ ചുമതല മന്ത്രിതലത്തിലാണെന്ന് അംഗീകരിച്ച് ധനകാര്യമന്ത്രിസ്ഥാനം ടി.ടി.കൃഷ്ണമാചാരി രാജി വെച്ചു. പകരം സച്ചിൻ ചൗധരി എന്നൊരു ബംഗാളിയായിരുന്നു ധനകാര്യമന്ത്രി. നെഹ്റുവിന്റെ നിര്യാണശേഷം ലാൽ ബഹദൂർ ശാസ്ത്രി പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് കൊച്ചിയിൽ അമ്പലമേട്ടിൽ കൊച്ചിൻ റിഫൈനറിയിൽ നിന്നും ലഭിക്കുന്ന നാഫ്ത്തയെ ആസ്പദമാക്കി ഒരു വൻകിട രാസവളശാല നിർമ്മിക്കുന്നതിനുള്ള പദ്ധതി ഞാൻ ഡൽഹിയിലേക്കു സമർപ്പിച്ചത്. ലാൽ ബഹദൂർ ശാസ്ത്രിയുമായി

വളരെയടുത്ത് പഴകുവാൻ എനിക്കു സൗകര്യം ലഭിച്ചിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന എൽ.കെ.ഝായും ഞാനുമായുള്ള സുഹൃദ്ബന്ധം മൂലം ശാസ്ത്രിയെ കാണുന്നതിനും കൊച്ചിൻ പദ്ധതിയെപ്പറ്റി വിശദീകരിക്കു ന്നതിനും എനിക്കു സന്ദർഭം ലഭിച്ചു. കേന്ദ്രനയത്തിൽ നിന്ന് ഒരു വ്യതിയാനം കേരളത്തിനുവേണ്ടി ചെയ്യുകയാണെങ്കിൽ അത് ന്യായീകരിക്കാമെന്ന എന്റെ വാദം ശാസ്ത്രി അനുഭാവപൂർവ്വം പരിഗണിച്ചു. എഫ്.എ.സി.ടി.യുടെ പരിശ്രമം മൂലം ഇന്ത്യയിൽ ഏക്കർ നിലവാരത്തിൽ ഏറ്റവും കൂടുതൽ രാസവളങ്ങളു പയോഗിച്ചിരുന്നത് കേരളസംസ്ഥാനമായിരുന്നു.പോരെങ്കിൽ വിദേശനാണ്യവിളകളായ തേയില, കാപ്പി, ഏലം, ചുക്ക്, കുരുമുളക് മുതലായവ ഏറ്റവും കൂടുതൽ വളം ഉപയോഗിക്കുന്ന വിളകളാകയാൽ അവയുടെ വളർച്ചയും വികസനവും കേന്ദ്രദൃഷ്ടിയിൽ പ്രാധാന്യമർഹിച്ചിരുന്നു.മാത്രമല്ല, വിദേശനാണ്യം കൂടുതൽ കൂടുതലായി ചെലവായിക്കൊണ്ടിരുന്ന റബ്ബർ ഇറക്കുമതി കുറയണമെങ്കിൽ കേരളത്തിൽ റബ്ബർകൃഷി വികസിച്ചാൽ മാത്രമേ സാദ്ധ്യമാവുകയുള്ളു എന്നും കേന്ദ്രത്തിന്നറിയാമായിരുന്നു. ഇവയെല്ലാം കൊണ്ടും തൊട്ടടുത്ത പറമ്പിൽ നിന്നും കുഴൽവഴി നാഫ്ത്താ സ്വീകരിക്കാമെന്ന സാഹചര്യം ഉണ്ടായിരുന്നതു കൊണ്ടും കൊച്ചിയിൽ ഒരു രാസവളശാലകേന്ദ്രം അനുവദിക്കാനിടയുണ്ടെന്ന് ഏതാണ്ട് തീർച്ചയായി.അക്കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനങ്ങളിൽ സ്ഥാപിക്കുന്നത് മത്സരബുദ്ധിയോടുകൂടി ഓരോരോ സംസ്ഥാനങ്ങളും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് കൊച്ചിയിൽ ഒരു രാസവളശാല സ്ഥാപിക്കുവാനുള്ള പദ്ധതി കേന്ദ്രപരിഗണനയിലാണെന്ന കാര്യം വളരെ രഹസ്യമായി സൂക്ഷിക്കേണ്ടിയിരുന്നു. ഒടുവിൽ ലാൽ ബഹദൂർ ശാസ്ത്രിയും ഗുൽസാരിലാൽ നന്ദയും സച്ചിൻ ചൗധരിയും കൂടിയുള്ള ക്യാബിനറ്റ് കമ്മിറ്റി ഘനവ്യവസായമന്ത്രി സി.സുബ്രഹ്മണ്യത്തിന്റെ പ്രത്യേക താത്പര്യം കൂടി പരിഗണിച്ച് കൊച്ചിയിൽ രാസവളശാല സ്ഥാപിക്കണമെന്നും അത് എഫ്.എ.സി.ടി.യുടെ രണ്ടാമത്തെ ഉത്പാദനശാലയായി നടത്തണമെന്നും തീരുമാനിച്ചു. അതിലേ ക്കാവശ്യമായ വിദേശനാണ്യം മറ്റു രാജ്യങ്ങളിൽ നിന്നു വായ്പകളായി ലഭിക്കാത്തപക്ഷം ഇന്ത്യാഗവൺമെന്റ് തന്നെ



സ്വന്തം കൈക്കലുള്ള വിദേശനാണ്യമുപയോഗിച്ചു പദ്ധതി നടപ്പിലാക്കുമെന്നു സച്ചിൻ ചൗധരി പാർലമെന്റിൽ പ്രഖ്യാപിച്ചപ്പോഴാണ് കേരളത്തിൽ ഒരു രാസവളശാലകൂടി സ്ഥാപിതമാകുന്നുവെന്ന വാർത്ത മറ്റു സംസ്ഥാനങ്ങളോടൊപ്പം കേരളീയരും മനസ്സിലാക്കിയത്.

ഈ രാസവളശാലയ്ക്ക് കൊച്ചിൻ റിഫൈനറിയുടെ തൊട്ടടുത്ത പ്രദേശമാണ് തിരഞ്ഞെടുത്തത്. ഭാവിയിൽ പത്തമ്പതു കൊല്ലത്തേക്ക് നിരന്തരമായ വികസനപരിപാടികൾ അവിടെയുണ്ടാകുമെന്നായിരുന്നു പ്രതീക്ഷ. അതുകൊണ്ട് ദിവസം ആയിരം ടൺ ഉത്പാദിപ്പിക്കാവുന്നതായ ഒരു സിമന്റ് ഫാക്ടറിയും രാസവളശാലയുടെ പല വികാസഘട്ടങ്ങളും പെട്രോ കെമിക്കൽ വ്യവസായങ്ങളും കണക്കിലെടുത്ത് ആയിരത്തിനാനൂറ് ഏക്കർ പൊന്നും വിലയ്ക്കെടുത്തു. അവിടം വലിയ ആൾപ്പാർപ്പില്ലാത്ത പ്രദേശമായിരുന്നു.പക്ഷേ സ്ഥലം പൊന്നും വിലയ്ക്കെടുക്കുവാനുള്ള പ്രാരംഭനടപടികളാരംഭിച്ചപ്പോൾ സ്ഥലവാസികൾ സംഘടിച്ച് പ്രതിഷേധിച്ചു. സർവ്വേ ചെയ്യാൻ പോലും ആരേയും ആ ദിക്കിൽ പ്രവേശിപ്പിക്കുകയില്ലായെന്ന് അവർ പ്രഖ്യാപിച്ചു. ഒരു വൻകിടവ്യവസായശാല വരുന്നതിന് ഇത്രയേറെ എതിർപ്പുണ്ടാകാനുള്ള കാരണമെനിക്കു മനസ്സിലായില്ല. ആ പ്രദേശത്തെ ബഹുമാന്യനും വയോധികനുമായ കൃഷ്ണൻ നമ്പ്യാരോട് ഞാൻ അതിനുള്ള കാരണങ്ങളെപ്പറ്റിയാരാഞ്ഞു. അദ്ദേഹം പറഞ്ഞതിൽ നിന്നും, പ്രതിഷേധം ഉയർന്നത് ന്യായീകരിക്കാമെന്ന് എനിക്കു തോന്നി. മൂന്നു കൊല്ലത്തിനു മുൻപ് കൊച്ചിൻ റിഫൈനറിക്ക് സ്ഥലമെടുക്കുന്ന സന്ദർഭത്തിൽ കേന്ദ്രമന്ത്രി മാളവ്യ അവിടെ വന്ന് സ്ഥലവാസികൾക്കു പല ഉറപ്പുകളും കൊടുത്തു. അതിലൊന്ന് അവിടെയുള്ള താമസക്കാരുടെ കുടുംബങ്ങളിൽ പത്താംക്ലാസ് പാസ്സായിട്ടുള്ളവർക്കെല്ലാം റിഫൈനറിയിൽ ജോലി കൊടുക്കാമെന്നായിരുന്നു. അതുപോലെ തന്നെ സ്ഥലമെടുപ്പോടു കൂടി ഭൂമി തീരെയില്ലാത്തവർക്കു പുനരധിവാസസൗകര്യങ്ങൾ ചെയ്തു കൊടുക്കാമെന്നും അദ്ദേഹം ഏറ്റിരുന്നു.എന്നാൽ ഇത്രയും കാലമായിട്ടും റിഫൈനറി മാനേജ്മെന്റ് വാഗ്ദാനങ്ങൾ പലതും നിറവേറ്റിയില്ലായെന്നു മാത്രമല്ല, അവയെപ്പറ്റി അന്വേഷിക്കാൻ ചെന്നവരോട് നിഷ്കരുണം പെരുമാറുകയും ചെയ്തുവത്രെ.

ഞാൻ ജില്ലാ കലക്ടറുമൊത്തു ആ സ്ഥലനിവാസികളെ അഭിസം ബോധനചെയ്യാൻ തീരുമാനിച്ചു. നമ്പ്യാരുടെ നേതൃത്വത്തിൽ അവിടത്തെ സ്ഥലവാസികളെല്ലാം ക്ഷണപ്രകാരം സമ്മേളിച്ചു. അവർക്ക് താഴെ പറയുന്ന ഉറപ്പുകൾ ഞാൻ നല്കി.

പത്താംക്ലാസ്സ് പാസ്സാകുകയോ പത്താംക്ലാസ്സുവരെ പഠിക്കുകയോ ചെയ്തിട്ടുള്ള എല്ലാ യുവാക്കൾക്കും അവിടെ പ്രത്യേക പരിശീലനം നല്കി ജോലി കൊടുക്കുന്നതാണ്.

കുടികിടപ്പുകാർക്കും സ്ഥലമെടുപ്പു കഴിഞ്ഞാൽ ഭൂമിയില്ലാതെ വരുന്നവർക്കും പത്തു സെന്റ് സ്ഥലം വീതം അതിനടുത്തു തന്നെയുള്ള കരിമുകൾപ്രദേശത്ത് ഒരു പുനരധിവാസകോളനിയുണ്ടാക്കി നല്കുന്നതാണ്.

കോളനിയിൽ റോഡുകൾ, വെള്ളം, ഇലക്ട്രിസിറ്റി എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കും. കുടികിടപ്പുകാർക്കും ഹരിജനങ്ങൾക്കും അവർ താമസിക്കുന്ന വീടുകൾ സൗജന്യമായി പൊളിച്ചു കൊണ്ടു പോകാവുന്നതാണ്. സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള ചെലവ് കമ്പനി വഹിക്കും.

വീടുകൾ, മരങ്ങൾ മുതലായവയ്ക്കുള്ള വില കമ്പനിയിലെ എൻജിനീയർമാരും ഡെപ്യൂട്ടി കളക്ടറും ചേർന്നുള്ള ഒരു കമ്മിറ്റി നിശ്ചയിക്കും. ആ തുക വാങ്ങിക്കൊണ്ട് സ്ഥലം കൈവശം തരാൻ സന്നദ്ധതയുള്ളവർക്ക് പണം ഉടനടി നല്കും. ഭൂവില നിയമ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി റവന്യൂ ഡിപ്പാർട്ട്മെന്റ് നല്കുന്നതാണ്.

രാസവളനിർമ്മാണശാലകൾ അതിവേഗത്തിൽ നിർമ്മിക്കേണ്ടത് രാജ്യത്തിന്റെ ആവശ്യമാണെന്നും കൊച്ചിയിൽ ഇപ്രകാരമൊരു രാസവളശാല അനുവദിച്ചത് വിശ്വസിക്കാൻ സാധിക്കാത്ത വിധത്തിലുള്ള ഭാഗ്യാതിരേകം ഒന്നു കൊണ്ടുമാത്രമാണെന്നും അതു നിർമ്മിക്കുന്നതിന് ജനങ്ങൾ തടസ്സമുണ്ടാക്കിയാൽ തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ സ്ഥലവും മറ്റു സൗകര്യങ്ങളും കിട്ടുന്നിടത്തേക്ക് ഫാക്ടറി കൊണ്ടുപോകുമെന്നും ഞാൻ അവിടെ കൂടിയിരുന്നവരെ അറിയിക്കുകയും ചെയ്തു. സാധാരണ പുനരധിവാസത്തിനു നിലവിലുള്ള ചട്ടങ്ങൾപ്രകാരം മൂന്നു



സെന്റിൽ കൂടുതൽ കൊടുക്കേണ്ടിയിരുന്നില്ല. അതുകൊണ്ട് പത്തു സെന്റ് നല്കാമെന്നു പറഞ്ഞപ്പോൾ എല്ലാപേർക്കും അതിയായ സന്തോഷമായി മറ്റാനുകൂല്യങ്ങൾ വല്ലതും വേണോ എന്നു ചോദിച്ചപ്പോൾ, ഇത്രയും തന്നെ ധാരാളം എന്നായിരുന്നു മറുപടി. ഈ ഉറപ്പുകൾ രേഖാമൂലം തരണോ എന്നു ചോദിച്ചപ്പോൾ,അതു വേണ്ടാ, ഞങ്ങൾക്കു വിശ്വാസമുണ്ടെന്നായിരുന്നു അവരുടെ പ്രതികരണം.

മറ്റൊരു പ്രധാനകാര്യം നാട്ടുകാർ ആവശ്യപ്പെട്ടത് ഫാക്ടറി നിർമ്മിക്കുന്ന സ്ഥലത്ത് അന്ന് സ്ഥിതി ചെയ്യുന്ന ശിവക്ഷേത്രവും വിഷ്ണുക്ഷേത്രവും അവിടെ നിന്നും മാറ്റി വിധിപ്രകാരം സൗകര്യമുള്ള മറ്റൊരു സ്ഥലത്ത് സ്ഥാപിക്കണമെന്നതായിരുന്നു. അതും ചെയ്യാമെന്ന് ഞാനേറ്റു. അതിനു ശേഷം സ്ഥലവാസികളുടെ സൗഹൃദവും സഹകരണവും നിസ്സീമമായിരുന്നു. പത്താംക്ലാസ്സു വരെ പഠിച്ചവരും പാസ്സായവരും കൂടി നൂറ്റഞ്ചു പേർ മാത്രമേയുണ്ടായിരുന്നുള്ളു. അവരെയെല്ലാം അപ്രന്റീസുകളായിട്ടെടുത്ത് മൂന്നുകൊല്ലത്തെ പ്രത്യേക പരിശീലനത്തിനുള്ള ഏർപ്പാടുകൾ ചെയ്തു. കൊടുത്ത ഉറപ്പുകളെല്ലാം ഉടനടി നടപ്പിലാക്കുകയും ചെയ്തു. ഫാക്ടറി, ഓഫീസുകൾ മുതലായവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമെല്ലാം രണ്ടുമാസത്തിനകം കൈവശം വന്നു ചേർന്നു.

രാസവളശാല നിർമ്മിക്കുന്നതിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചത് രണ്ടേ രണ്ടു ഘടകങ്ങൾ മാത്രമായിരുന്നു. ഒന്നാമതായി വിദേശനാണ്യത്തിന്റെ ദാരിദ്ര്യം മൂലം ഏതെങ്കിലും രാജ്യം വായ്പ നല്കുകയാണെങ്കിൽ അതുകൊണ്ട് നിർവ്വഹിക്കാൻ ശ്രമിക്കണമെന്നായിരുന്നു ഇന്ത്യാഗവൺമെന്റിന്റെ നിലപാട്. അമേരിക്ക, ബ്രിട്ടൻ,ജർമ്മനി,ജപ്പാൻ ഈ നാലു രാജ്യങ്ങൾ മാത്രമേ രാസവളരംഗത്ത് അത്യന്താധുനികപ്രക്രിയകൾ സ്വായത്തമാക്കി രാസവളനിർമ്മാണശാല സംവിധാനം ചെയ്യാൻ പ്രാപ്തരായിരുന്നുള്ളു. ഹോളണ്ട്, 'യൂറിയ' എന്നു പറയുന്ന ഒരു രാസവളം മാത്രം നിർമ്മിക്കുന്നതിൽ പേരുകേട്ടവരായിരുന്നു. പക്ഷേ, ഇവരാരും തന്നെ ഭാരിച്ചതോതിൽ വായ്പകൾ നല്കാൻ തയ്യാറായിരുന്നില്ല. അപ്പോഴാണ് ഇറ്റലിയിലെ മോണ്ടി ക്യാറ്റിനി

എഡിസൺ എന്ന കമ്പനി ആവശ്യമുള്ള വായ്പ തരാമെന്നു പറഞ്ഞ് മുമ്പോട്ടുവന്നത്. ഒരുകാലത്ത് രാസവ്യവസായരംഗത്ത് ഈ കമ്പനി പ്രശസ്തിനേടിയിരുന്നു. വ്യവസായനിലവാരത്തിൽ അമോണിയ ആദ്യമായി ഉണ്ടാക്കിയത് മോണ്ടി ക്യാറ്റിനിയായിരുന്നു. പക്ഷേ, കാലക്രമേണ മറ്റു രാജ്യങ്ങൾ സാങ്കേതികമായി വളരെയധികം പുരോഗമിച്ചപ്പോൾ മോണ്ടി ക്യാറ്റിനി പഴയ പ്രതാപത്തിന്റെ പേരിൽ അലംഭാവം പൂണ്ടിരിക്കുകയായിരുന്നു. മോണ്ടി ക്യാറ്റിനി മറ്റുള്ളവരുടെ പിന്നിലായിരുന്നുവെങ്കിലും വിദേശനാണ്യം വായ്പ തരാൻ തയ്യാറായപ്പോൾ അവരുടെ പ്രക്രിയയും യന്ത്രോപകരണങ്ങളും സ്വീകരിക്കാതെ ഗത്യന്തരമില്ലാതായി. എന്നാൽ, ഫെഡോയ്ക്ക് ഇംഗ്ലണ്ടിലെ ഐ.സി.ഐ.യും മറ്റുമായുള്ള സാങ്കേതികകരാറുകൾ ഉണ്ടായിരുന്നതിനാൽ അവയെ അടിസ്ഥാനമാക്കി ഉത്പ്പാദിപ്പിക്കുന്ന അമോണിയ മുതലായവയുടെ കാര്യത്തിൽ ഇന്ത്യാഗവൺമെന്റു തന്നെ സ്വന്തമായി വിദേശ നാണ്യം തരണമെന്ന് ഞാൻ നിർബന്ധിക്കുകയും ഒടുവിൽ ധനകാര്യവകുപ്പ് അതിന് സമ്മതം മൂളുകയും ചെയ്തു. അങ്ങനെ ഇറ്റലിയിൽ നിന്നും വായ്പയെടു ത്തതു കൊണ്ട് പുതിയ ഉത്പന്നശാലകൾക്ക് തകരാറുകളൊന്നും വരാതെ ശ്രദ്ധിക്കുവാൻ സാധിച്ചു.



# 6. രുദ്രാക്ഷ മാഹാത്മ്യം

സഞ്ജയൻ

[ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മലയാളത്തിലെ ഹാസ്യസാഹിത്യത്തെ സമ്പന്നമാക്കിയ പ്രതിഭാശാലിയായിരുന്നു, സഞ്ജയൻ എന്ന തൂലികാനാമം സ്വീകരിച്ചു സാഹിത്യരചന നടത്തിയിരുന്ന എം.ആർ. നായർ (1903-1943). മനുഷ്യസ്വഭാവത്തിലെ വൈകല്യങ്ങളെയും സമൂഹത്തിലെ അനീതികളെയും വ്യക്തിവിദ്വേഷത്തിന്റെ കറപുരളാതെ അദ്ദേഹം തന്റെ ലേഖനങ്ങളിലൂടെയും കവിതകളിലൂടെയും പരിഹസിക്കുകയും വിമർശിക്കുകയും ചെയ്തു. ആ ലേഖനങ്ങളുടെയും കവിതകളുടെയും സമാഹാരങ്ങളാണ് സഞ്ജയൻ, ഹാസ്യാഞ്ജലി എന്നിവ. സഞ്ജയന്റെ ഹാസ്യലേഖനങ്ങളിലൊന്നാണ് രുദ്രാക്ഷ മാഹാത്മ്യം.

കഥനായകൻ പല വൈകുന്നേരവും ചെയ്യാറുണ്ടായിരുന്നതുപോലെ ഒരു വൈകുന്നേരം മാനാഞ്ചിറവക്കിൽ കിടക്കുകയായിരുന്നു. അങ്ങനെ കിടന്നുകൊണ്ടിരിക്കെ, തന്നെക്കാൾ ദുറാവായി, തന്നെക്കാൾ ലൂട്ടിമസ്സായി, തന്നേക്കാൾ പാംസുസ്നാതനായി, തന്നെക്കാൾ അക്ലീമനായി. തന്നെക്കാൾ മെലിഞ്ഞവനായി ഒരു സ്വരൂപം അവിടെ ആവിർഭവിച്ചു. ആ ദേഹം ഇന്ന് മലബാറിലെ മറ്റൊരു കുബേരനായ പൂഴിപ്പറമ്പിൽ പറങ്ങോടനായിരുന്നു. പറങ്ങോടനും സഞ്ജയനും അയൽവീ ട്ടുകാരായിരുന്നു. അവർ ഒരുമിച്ചാണ് എഴുത്തുപള്ളിയിൽ പഠിച്ചത് . അവരെ ഹൈസ്കൂൾ ക്ലാസിന്റെ പടിവാതില്ക്കൽ വച്ച് തികഞ്ഞ ബുദ്ധിശൂന്യതയുടെ കൂടെ വിളഞ്ഞ തെമ്മാടിത്തരവും കാണിച്ചതിനാൽ സ്കൂളിൽ നിന്ന് ''ഇങ്ങിനിച്ചവിട്ടരു''തെന്ന അധികൃതാജ്ഞാസമേതം വെളിയിലേക്ക് തള്ളിയയച്ചത്; ഒരുമിച്ചാണ്, മുക്കാൽ പൈസയുടെ വരവില്ലാതെ അവർ കോഴിക്കോടു മുനിസിപ്പാലിറ്റിയിലെ പൊടികൊണ്ട് മുഖദ്വാരങ്ങൾ നിറച്ച് ഒരു വ്യാഴവട്ടക്കാലം സകല തെരുവുകളിൽ ക്കൂടിയും രാപ്പകൽ തെണ്ടിയത്, ഒരുമിച്ചാണ്, അവരുടെ മൂക്കുകൾ

മേപ്പടി മുനിസിപ്പാലിറ്റിയിലെ നാനാതരം ദുർഗന്ധങ്ങൾ അനുഭവിച്ചു പഴകിയത്; ഒരുമിച്ചാണ് അവർ അനേകം വായനാ ശാലകൾക്കും പ്രദർശനങ്ങൾക്കും പ്രക്ഷോഭണങ്ങൾക്കും പണ പ്പിരിവുകൾ നടത്തി, പിരിവിന്റെ പകുതിയിലധികം ഭാഗം കൊണ്ട് കാപ്പിക്ലബ്ബിലേയും സിഗരറ്റുകടയിലേയും കണക്കു തീർത്ത് തടിയൊഴിച്ചത്; ഒരുമിച്ചാണ് അവർ നിർദ്ദിഷ്ട സായാഹ്നത്തിൽ മാനാഞ്ചിറയുടെ വക്കിൽ മേളിച്ചത്.

ഈ സ്നേഹിതന്മാർ തമ്മിൽ ഇങ്ങനെയൊരു സംഭാഷണം നടന്നു:

സഞ്ജയൻ : ''എന്താ ചങ്ങാതീ, ഒന്നുമായില്ലേ?''

പറങ്ങോടൻ : ''എല്ലാമായി''.

സഞ്ജയൻ : ''എല്ലാമായെന്നുവച്ചാൽ?''

പറങ്ങോടൻ : ''എല്ലാം ആയെന്നുതന്നെ. 'ഐഹികപാരത്രിക വിജ്ഞാനജ്ഞാന സംവർദ്ധിനി വായന ശാല,യുടെ പേരിൽ നൂറുറുപ്പിക പിരിച്ചി ട്ടുണ്ട്.''

സഞ്ജയൻ : ''നൂറുറുപ്പിക കൊണ്ടെന്താവും? കാപ്പി കുടിച്ച വകയിൽ ശത്രുഘ്നയ്യർക്കു തന്നെ എഴുപതു റുപ്പികയിലധികം രണ്ടാളും കൂടി കൊടുപ്പാനു ണ്ടാവുകയില്ലേ?''

പറങ്ങോടൻ : ''താൻ ബുദ്ധിശൂന്യനായ ഒരു മരക്കഴുതയാണ്; വകതിരി വില്ലാത്ത ഒരു മ്ലേച്ഛനാണ്. അതല്ലെ ങ്കിൽ ഈ നൂറുറുപ്പിക ശത്രുഘ്നയ്യർക്ക് കൊടുപ്പാനാണെന്നാണോ താൻ വിചാരിച്ചിരി ക്കുന്നത്? തന്റെ തലയുടെ കല്ല് ഇളകിപ്പോയി രിക്കുന്നു.! താൻ നിയമേന നെല്ലിക്ക ഉപയോഗി ക്കണം.''

സഞ്ജയൻ : ''പണം പിരിക്കുന്നത് കടംതീർക്കുവാനാ ണെന്നല്ലേ ഞാൻ കരുതിയത്?''



പറങ്ങോടൻ : ''അതാണ് തന്റെ വങ്കത്തമെന്നു പറഞ്ഞത്. പണം പിരിച്ചത് ധനമുണ്ടാക്കുവാനാണ്.''

സഞ്ജയൻ : ''പിരിഞ്ഞ പണം ധനമല്ലേ?''

പറങ്ങോടൻ : ''അതെ. പക്ഷേ അത് സാധനമല്ല. ഉപായം മാത്രമാണ്. അതു ചൂണ്ടലിന്റെ ഇരയാണ്; ഇരയെ മത്സം ഭക്ഷിക്കും; മത്സ്യത്തെ നമ്മൾ ഭക്ഷിക്കും.''

സഞ്ജയൻ : ''ഈ ഇര ഭക്ഷിക്കുന്ന മത്സ്യങ്ങൾ ഏതാണ്?''

പറങ്ങോടൻ : ''പത്രവായനക്കാർ!''

സഞ്ജയൻ : ''ഏതു പത്രത്തിന്റെ വായനക്കാർ?''

പറങ്ങോടൻ : ''നൂറുറുപ്പികകൊണ്ട് ഏതെല്ലാം പത്രങ്ങളിൽ ഞാനുദ്ദേശിക്കുന്ന ഒരു പരസ്യം പ്രസിദ്ധപ്പെ ടുത്തുവാൻ സാധിക്കുമോ അവയുടെയൊക്കെ വായനക്കാർ''........

സഞ്ജയൻ : ''താൻ എന്തു പരസ്യമാണ് പ്രസിദ്ധപ്പെടുത്തു വൻ വിചാരിക്കുന്നത്? 'നമ്മൾ രണ്ടു നിസർഗ്ഗ നിസ്തേജന്മാർ ഗതികെട്ടമ്പലവാസികളായി നടക്കുന്നതിനാൽ പൊതു ജനങ്ങളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു' എന്നോ? ചിത്രമായി!''

പറങ്ങോടൻ : ''അതു വരുമ്പോൾ കണ്ടോള്ളൂ.''

സഞ്ജയൻ : ''അല്ലാ നേരമ്പോക്കു പോട്ടെ! സത്യമായും ഇങ്ങനെ കഷ്ടപ്പെട്ടു നേടിയ പണം വല്ല ഭ്രാന്തിന്റെയും വലിന്മേൽ കെട്ടി ആകാശ ത്തിലേക്കു വിടുവാൻ താൻ ആലോചിക്കുക യല്ലല്ലോ!''

പറങ്ങോടൻ : ''ആകാശത്തിലേക്കു വിടുവാൻ തന്നെയാണു പോകുന്നത്. പക്ഷേ ഭ്രാന്തിന്റെ വാലിന്മേൽ കെട്ടീട്ടല്ല; പരസ്യത്തിന്റെ കഴുത്തിൽ തൂക്കീ ട്ടാണ്. അത്രയേ വ്യത്യാസമുള്ളൂ.''

അന്നു രാത്രി ഞാൻ വളരെ കുറച്ചേ ഉറങ്ങിയുള്ളൂ. സ്വപ്ന മാണെങ്കിൽ കുറെയധികം കാണുകയും ചെയ്തു.

കണ്ണു തുറന്നപ്പോൾ നമ്മുടെ പറങ്ങോടനുണ്ട് കട്ടിലിന് മേലിരിക്കുന്നു.

''എന്താണിത്ര പുലർച്ചെ പുറപ്പെട്ടത്?''

''പുലർച്ചയോ? പുലർന്നിട്ട് നാഴിക നാലായി.''

ഞാൻ എഴുന്നേറ്റിരുന്നു. മിസ്റ്റർ പറങ്ങോടൻ അന്നത്തെ കേരളകാഹളത്തിന്റെയും മലയാളമദ്ദളത്തിന്റെയും ഓരോ കോപ്പി കിടക്കയിൽ വച്ചു. 'കാഹള'ത്തിലുള്ള ഒരു പരസ്യത്തിന്റെ നേർക്ക് വിരൽ ചൂണ്ടി. ഞാൻ വായിച്ചു. പരസ്യം ഇതായിരുന്നു:

''അദ്ഭുതം! അത്യദ്ഭുതം! ഇങ്ങനെയൊന്നു കണ്ടിട്ടില്ല'' എന്നാണ് ഉപയോഗിച്ചവരെല്ലാം ഒന്നൊഴിയാതെ പറയുന്നത്. ഹിമാലയത്തിൽ നിന്ന് ഞങ്ങൾ നരിട്ടു വരുത്തിയ സാക്ഷാൽ ത്രൈയംബക രുദ്രാക്ഷങ്ങളെപ്പറ്റി നിങ്ങൾ ഇനിയും കേട്ടിട്ടില്ലെ ങ്കിൽ അത് കേൾക്കുമ്പോഴേക്ക് ഞങ്ങളുടെ സ്റ്റോക്കു തീർന്നു പോയെന്നു വരാവുന്നതാണ്. കഷ്ടിച്ച് മൂന്നൂറെണ്ണം മാത്രമേ ബാക്കിയുള്ളൂ.

ഈ രുദ്രാക്ഷങ്ങളിലോരോന്നും പതിനായിരം ഉരു ത്രൈ യംബകഹൃദയമഹാമന്ത്രം ജപിച്ച് ആവാഹിക്കപ്പെട്ടതാണ്. ഹിമാലയമഹാഗിരിയുടെ ഗഹ്വരങ്ങളിലൊന്നിൽ തപസ്സു ചെയ്തു കൊണ്ടിരിക്കുന്ന ഒരു മഹാസിദ്ധനാണ് ഇവയെ സംസ്കരിച്ചി ട്ടുള്ളത്. ഈ രുദ്രാക്ഷം കഴുത്തിൽ ധരിക്കുന്നവർക്ക് ലോകത്തിൽ അസാദ്ധ്യമായി യാതൊന്നും ഉണ്ടാവുകയില്ലെന്നു പറയുന്നത് അതിശയോക്തിയാണെന്നു കരുതുന്നവർ ഇതൊന്നു പരീക്ഷിച്ചു നോക്കുകയേ വേണ്ടൂ. രുദ്രാക്ഷം ഒന്നിന് വില 10ക. മാത്രം. ഒരു ഡസൻ ഒന്നായി വാങ്ങുന്നവർ 19ക. മണിയോർഡർ ചെയ്താൽ മതി. ഉടനെ അപേക്ഷിക്കുക. അപേക്ഷിക്കേണ്ട മേൽവിലാസം:

രുദ്രാക്ഷസിദ്ധ ഡിപ്പോ,
ഡിപ്പാർട്ടുമെന്റ് K-/379,
കോഴിക്കോട്.



''മദ്ദള''ത്തിലെ പരസ്യം കുറച്ചുകൂടി ഗംഭീരമായിരുന്നു.

''ഇക്കണ്ടതൊന്നും കണക്കല്ല മന്നവ!''

പാശ്ചാത്യശാസ്ത്രങ്ങൾ കണ്ടതിലും അപ്പുറത്ത് ഇനിയും അനേകമനേകം രഹസ്യങ്ങൾ ഉണ്ടെന്ന് ബോധ്യമാകാത്തവർ ആരെങ്കിലുമുണ്ടോ? മന്ത്രത്തിന്റെ അദ്ഭുത ഫലങ്ങളെക്കുറിച്ച് ഒരു അനുഭവമെങ്കിലും നേരിട്ടുണ്ടാവുകയോ പത്രങ്ങളിൽ വായിച്ചറി യുകയോ വിശ്വസ്തരായവർ പറഞ്ഞു കേൾക്കുകയോ ചെയ്യാത്ത വർ ലക്ഷത്തിലൊന്നുണ്ടോ? ഉണ്ടെങ്കിൽ അവരെ ഞങ്ങളുടെ സിദ്ധരുദ്രാക്ഷം (ത്രൈയംബക രുദ്രാക്ഷം) വിശ്വസിപ്പിക്കും! അവൾ നിങ്ങളെ സ്നേഹിക്കുന്നില്ലേ? അദ്ദേഹം നിങ്ങളിൽ വിരക്തി കാണിക്കുന്നുണ്ടോ? പരീക്ഷ പാസ്സാകുവാൻ സാധിക്കുകയില്ലെന്ന് നിങ്ങൾ തീർച്ചപ്പെടുത്തിക്കഴിഞ്ഞുവോ ഉദ്യോഗക്കയറ്റത്തിന്റെ കാര്യത്തിൽ നിങ്ങൾ ഹതാശനായിരിക്കുകയാണോ? നിങ്ങളുടെ രോഗം മാറുകയില്ലെന്ന് വൈദ്യന്മാർ തീർച്ചപ്പെടുത്തിയോ? വിവാഹം ചെയ്തിട്ട് ഒരു കുട്ടിയുടെ മുഖം കാണാതെ മരിക്കേണ്ടി വരുമെന്നാണോ നിങ്ങളുടെ ഭയം? - എങ്കിൽ നിങ്ങൾ ഞങ്ങളുടെ ത്രൈയംബക രുദ്രാക്ഷം ഒന്നു വരുത്തി ഉപയോഗിച്ചു നോക്കുക!

ത്രൈയംബക രുദ്രാക്ഷത്തിന് ഒരുറുപ്പികയേ വിലയുള്ളൂ. എത്ര പണം നിങ്ങൾ ചികിത്സയ്ക്കു വേണ്ടിയും മറ്റുപായങ്ങൾക്കു വേണ്ടിയും ചെലവാക്കി! കൂട്ടത്തിൽ ഒരുറുപ്പികയ്ക്ക് ഒരവസാന പരീക്ഷകൂടി കഴിച്ചു കൂടന്നോ?

ഈ ഉറുപ്പിക വെറുതെ പോവുകയില്ലെന്ന് ഞങ്ങൾ ഉറപ്പു തരുന്നു. ഹിമാലയത്തിലെ ഒരു സിദ്ധയോഗിയാണ് ഈ രുദ്രാക്ഷങ്ങളെ മന്ത്രപൂതമാക്കിയിരിക്കുന്നത്. ഇന്നുതന്നെ ഒന്നിന് എഴുതുക! ഉപയോഗിച്ച് തൃപ്തിയടയുക! 10ക. മണിയോർഡർ ചെയ്യുന്നവർക്ക് 11 രുദ്രാക്ഷം അയയ്ക്കും.

സിദ്ധ രുദ്രാക്ഷ ഡിപ്പോ
ഡിപ്പാർട്ടുമെന്റ് K-/379
കോഴിക്കോട്.

പറങ്ങോടന്റെ തലയ്ക്കു സുഖമില്ലായ്മയെപ്പറ്റി മുമ്പൊരു സംശയം മാത്രമേ എനിക്കുണ്ടായിരുന്നുള്ളുവെങ്കിൽ ഇപ്പോൾ അത് ദൃഢപ്പെട്ടു. ഇങ്ങനെയൊരു ഭ്രാന്ത് ആരെങ്കിലും ഇതുവരെ കേട്ടിട്ടുണ്ടോ? ഇതെന്തു പച്ചക്കളവാണ്! ഏതു ഹിമാലയ യോഗി? എന്തു രുദ്രാക്ഷം? എന്നു മാത്രമല്ല, ഈ കളവുകൾ പ്രസിദ്ധപ്പെടുത്തിയതിന് വല്ല പോലീസ് പ്രോസിക്യൂഷൻ കൂടി വരുവാൻ തരമുണ്ടോ എന്ന് ഞാൻ ആലോചിച്ചു. പക്ഷേ ആ ശങ്ക അസ്ഥാനത്തിലാണെന്ന് എനിക്കു തന്നെ ബോദ്ധ്യമായി. പരസ്യങ്ങളിൽ എന്തും എത്രയും പറയാമെന്നാണ് നിയമം! എന്നാലും മറ്റുള്ള സംഗതികളോ? ഞാൻ ചോദിച്ചു:-''എടോ, സത്യമായും താനാണോ ഈ പരസ്യങ്ങളുടെ കർത്താവ്?''

''അതേ''

''തന്റെ കൈവശം രുദ്രാക്ഷങ്ങളുണ്ടോ?''

''ഉണ്ട്: മൂന്നു ചാക്കു നിറയെ ഉണ്ട്.''

''അവ മന്ത്രപൂതങ്ങളാണോ?''

''അല്ലെന്ന് ആരു പറയുന്നു?''

ഞാൻ ആലോചിച്ചു, അതു ശരി തന്നെ.

''ഇതിന് ഒരു സമയം ആളുകൾ ആവശ്യപ്പെട്ടാലോ'' ''മഹാബുദ്ധിമാനേ അത് ആളുകൾ അവശ്യപ്പെടണമെന്നു കരുതിയല്ലേ ഇല്ലാത്ത പണം ചെലവാക്കി പരസ്യം പ്രസിദ്ധപ്പെടുത്തിയത്?''

''ഇവയ്ക്കു താൻ പറഞ്ഞ ഫലങ്ങൾ എങ്ങനെ കാണും ''

''പോട്ടെ. ഞാനൊരു വീരവാദം പറയട്ടെ; ഇന്നു മുതൽ മൂന്നു മാസത്തിനകത്ത് നമ്മുടെ രുദ്രാക്ഷം ഉപയോഗിച്ച് രോഗം മാറിയവരുടെ, പരീക്ഷ പാസ്സായവരുടെ, ഉദ്യോഗക്കയറ്റം കിട്ടിയവരുടെ, വ്യവഹാരത്തിൽ ജയിച്ചവരുടെ, അത്യാപത്തിൽ നിന്നു രക്ഷപ്പെട്ടവരുടെ സ്വന്തം കൈയക്ഷരത്തിലുള്ള മുന്നൂറിൽ കുറയാതെ എഴുത്തുകൾ നമ്മൾക്കു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാൻ കഴിയുമെന്നു ഞാൻ ഉറപ്പു തരുന്നു. വാതുവയ്ക്കുന്നോ?''



ഞാൻ മിഴിച്ചു. പറങ്ങോടനെപ്പറ്റി അതുവരെയില്ലാതിരുന്ന ഒരു ബഹുമാനം എന്റെ മനസ്സിൽ അങ്കുരിച്ചു. കാര്യം അങ്ങോരുടെ വാക്കുകളിലെ ശാന്തതയും ഉറപ്പും അത്ര അധൃഷ്യങ്ങളായിരുന്നു. സവിനയം ഞാൻ ചോദിച്ചു:

''അപ്പോൾ തന്റെ ഈ രുദ്രാക്ഷങ്ങൾക്ക് യഥാർത്ഥമായ വല്ല ദിവ്യശക്തിയുമുണ്ടോ?''

പറങ്ങോടൻ കട്ടിലിന്മേൽ നിന്ന് എഴുന്നേറ്റ് ക്യാൻവാസ് കസാലയിന്മേൽ പോയി ചാരിക്കിടന്ന് കൈകെട്ടി മേല്പോട്ടു നോക്കി അത്യുച്ചത്തിൽ ''ഹാ...ഹാ...ഹാ'' എന്നു പൊട്ടിച്ചിരിച്ചു. ഒരു ചിരി കഴിഞ്ഞപ്പോൾ വേറൊരു ചിരി ആരംഭിച്ചു. അങ്ങനെ തിരുവാതിര ഞാറ്റുവേലയിലെ മഴപോലെ ഏകദേശം അര മണിക്കൂർ നേരം ചിരിച്ചു. എനിക്കു കുറേശ്ശെ ശുണ്ഠി വന്നു തുടങ്ങി. ''താനെന്താണ് കഴുതയെപ്പോലെ ഇളിക്കുന്നത്?'' എന്നു ഞാൻ ചോദിച്ചു. പറങ്ങോടൻ ക്ഷോഭ്യനായി മറുപടി പറഞ്ഞു: ''തന്റെ ഉപമ പ്രകൃതിശാസ്ത്രവിജ്ഞാനത്തെ കുറിക്കുന്നില്ല; പ്രതിയോഗിയെ വല്ലതും പറഞ്ഞ് അവമാനിക്കണമെന്നുള്ള ദുരുദ്ദേശ്യത്തെ മാത്രമേ കുറിക്കുന്നുള്ളൂ.അതുപോട്ടെ, ശുദ്ധാത്മാവേ, കൂപമണ്ഡൂകമേ, മരമസ്തിഷ്കമേ, നിർവിചാരസത്വമേ, വങ്കശിരോമണേ, ആജന്മ ഗർദ്ദഭമേ-.''

ഞാൻ: ''നില്ക്കൂ! നില്ക്കൂ! ഞാനും കുറച്ചു പറയട്ടെ. കർദ്ദമശിരസ്സേ. സമ്പൂർണ്ണോന്മാദമേ, നിസർഗ്ഗദീപാളിത്തമേ, നിർഭരതെമ്മാടിത്തമേ, ദുസ്സഹവിഡ്ഢിത്തമേ, കുതിരവട്ടമേ! ഇനിപറഞ്ഞോളൂ.''

പറങ്ങോടൻ: ''ഹൂ, തന്റെ സിദ്ധാന്തം. ആട്ടെ ഞാൻ പറയാം. ഈ രുദ്രാക്ഷങ്ങൾക്ക് ആ മുറ്റത്തു കാണുന്ന ഉരുളൻ കല്ലുകളെക്കാൾ യാതൊരു മഹത്ത്വവുമില്ല. സർവവ്യാപിയായ ബ്രഹ്മം അവയിലെന്നപോലെ ഇവയിലുമുണ്ടെന്ന് വേണമെങ്കിൽ സിദ്ധാന്തിക്കാം.''

ഞാൻ: ''എന്നാൽ താൻ എങ്ങനെയാണ് തന്റെ രുദ്രാക്ഷങ്ങൾ ഉപയോഗിക്കുന്നവർ തനിക്കു സർട്ടിഫിക്കറ്റു തരുമെന്നു പ്രതീക്ഷിക്കുന്നത്.''

പറങ്ങോടൻ കീശയിൽ നിന്ന് ഒരു സിഗററ്റെടുത്തു കൊളുത്തി ഇങ്ങനെ പറഞ്ഞു: ''ആദ്യമായി ഞാൻ ചോദിക്കുന്ന ചില ചോദ്യങ്ങൾക്ക് ഉത്തരം പറയണം. കാര്യം ഞാൻ ഒടുക്കം പറയാം. ഈ ലോകത്തിൽ രോഗം പിടിച്ചവരൊക്കെ മരിക്കുന്നുണ്ടോ?''

''ഇല്ല''

''പരീക്ഷയ്ക്കു പോയവരൊക്കെ തോല്ക്കുന്നുണ്ടോ?''

''ഇല്ല''

''വിവാഹം കഴിക്കുന്നവരിൽ നൂറിൽ നൂറും തങ്ങൾക്ക് തീരെ പ്രണയമില്ലാത്ത സ്ത്രീപുരുഷന്മാരെയാണോ വിവാഹം കഴിക്കുന്നത്?''

''അല്ല.''

''കോടതികളിൽ കേസ്സുള്ളവർ എല്ലാം ചെലവുസഹിതം തോല്ക്കാറുണ്ടോ?''

''ഇല്ല''.

''ശരി, എന്നാൽ നമുക്ക് സർട്ടിഫിക്കറ്റു കിട്ടും. നൂറു വിദ്യാർത്ഥികൾ നമ്മുടെ രുദ്രാക്ഷം വാങ്ങിയാൽ അവരിൽ ഇരുപതു പേർ - ഇല്ലെങ്കിൽ രണ്ടാളുകൾ - എങ്കിലും പാസ്സാവുകയില്ലേ? അവർ തീർച്ചയായും നമ്മൾക്ക് ആ വിവരം എഴുതി അയയ്ക്കും. രുദ്രാക്ഷം വാങ്ങുന്ന നൂറു രോഗികളിൽ, ഈ കോഴിക്കോടു നഗരത്തിൽ കൂടി, രണ്ടാളുടെയെങ്കിലും രോഗം മാറിക്കിട്ടുകയില്ലേ ആ രണ്ടാളുകൾ നമ്മൾക്ക് സസന്തോഷം സർട്ടിഫിക്കറ്റ് തരും.''

''ബാക്കിയുള്ള തൊണ്ണൂറ്റെട്ടാളുകളോ?''

''അവർ തങ്ങൾക്കു പറ്റിയ വിഡ്ഢിത്തത്തെപ്പറ്റി ഒരക്ഷരം മിണ്ടുകയില്ല. ഒരു പക്ഷേ, നമ്മൾക്ക് എഴുതിയേക്കാം. ആ എഴുത്തുകൾ നമ്മൾ പ്രസിദ്ധപ്പെടുത്തിക്കൊള്ളണമെന്നു നിയമമുണ്ടോ? അതുമല്ല, ഉപയോഗിച്ചു ഫലം കണ്ടു എന്നു വിശ്വസിക്കുന്നവർ അവിശ്വാസികളുടെ വാക്ക് എടുക്കുകയുമില്ല.''

''അതിരിക്കട്ടെ, 'ഡിപ്പാർട്ടുമെന്റ് K-/379* എന്നുവച്ചാലെന്താ? ഏതു K-/379 ഡിപ്പാർട്ടുമെന്റുകൾ എന്തിനു വേണ്ടിയാണ്?''



''അതൊക്കെ വിഡ്ഢികൾക്ക് വിഴുങ്ങാനാണ് മൂപ്പരേ! K/379 എന്നു വച്ചാൽ A/1 എന്നു മാത്രമാണർത്ഥം. കിം ബഹുനാ? 'എട്ടു നാളിനകം പുറം ചില ചട്ടമൊന്നു പകർന്നു പോം' എന്നു മാത്രമേ ഞാൻ തത്ക്കാലം പറയുന്നുള്ളൂ.''

''ശരി! ശരി! ഭേഷ്! - തന്നെപ്പറ്റി പറഞ്ഞതൊക്കെ ഞാൻ മാപ്പുസമേതം മടക്കിയെടുത്തിരിക്കുന്നു. 'തേരിലേറി നടക്കുമമ്പൊടു ഞാനുമെന്നുടെ പാർത്ഥനും' എന്നു കൂടി ഞാൻ പറയാൻ വിചാരിക്കുന്നു. പാർത്ഥൻ എന്നു വച്ചാൽ പ്രകൃതത്തിൽ പറങ്ങോടൻ ഇത്യർത്ഥം.''

''താൻ എന്തെങ്കിലും പറഞ്ഞുകൊള്ളൂ. ഞാൻ പോകുന്നു. പിന്നെക്കാണാം.''

പറങ്ങോടൻ പോയി പിന്നെ എന്തെന്നില്ലാത്ത ഒരു ഉന്മേഷത്തോടു കൂടി ആസന്നമായ ലോകവഞ്ചനാസമാരംഭം ഗതിവേഗം കൂട്ടിയ ഹൃത്സ്പന്ദനത്തോടു കൂടി ഞാൻ ദിനകൃത്യങ്ങൾക്കൊരുങ്ങി.

ദിവസം പത്തുപതിനഞ്ചു കഴിഞ്ഞു. ഓർഡറുകൾ ഒന്നും വന്നുചേർന്നില്ല. ശത്രുഘ്നയ്യരുടെ കാപ്പിക്ലബ്ബിനു മുൻവശത്തു കൂടി പോകുവാൻ നിവൃത്തിയില്ലാത്തതു കൊണ്ട് പറങ്ങോടനും ഞാനും ചിലപ്പോൾ ഒന്നും രണ്ടും ഫർലോങ് വഴി വളച്ചാണ് പോകാറുള്ളത്.

കുറച്ചു ദിവസം കൂടി കാത്തു. അതിനകത്ത് തിരുവിതാംകൂറിൽ കരുനാഗപ്പള്ളിയിൽ നിന്ന് അബ്രഹാം കപ്പമൂട്ടിൽ എന്ന ഒരു വിദ്വാൻ മാത്രം ഒരെഴുത്തെഴുതി. കാർഡായിരുന്നു. പറങ്ങോടനും ഞാനും ഒരുമിച്ചിരിക്കുമ്പോഴാണ് തപാൽ ശിപായി അതു കൊണ്ടുവന്നുതന്നത്. പരസ്യത്തിലുള്ള മേൽവിലാസം കണ്ടപ്പോൾ തന്നെ പറങ്ങോടൻ വിജയസൂചകമായ ഒരു പുഞ്ചിരിയോടു കൂടി എന്നെ ഒന്നു നോക്കി. എന്റെ നെഞ്ഞിടിപ്പ് ദുർഭരമായിരുന്നു. ''ഗണപതിക്കയ്യല്ലേ? ഉറക്കെ വായിക്കൂ!'' എന്നു ഞാൻ പറങ്ങോടനോടു പറഞ്ഞു. അങ്ങേർ വായിച്ചു

''കേരള കാഹളത്തിൽ നിങ്ങളുടെ പരസ്യം കണ്ടതിൻ വണ്ണമാണ് ഞാനിതെഴുതുന്നത്. ഞാൻ ഏഴു വർഷമായി ഒരു വയറുവലി

കൊണ്ട് എന്തോന്നില്ലാത്ത വിമ്മിട്ടം അനുഭവിക്കുന്നു. നിങ്ങളുടെ രുദ്രാക്ഷം കൊണ്ട് വല്ല പൊറുതിയുമൊണ്ടാവുമോ? ഉണ്ടാവുമെങ്കിൽ ഒരെണ്ണം മറുവശത്തെഴുതിയ മേൽവിലാസത്തിൽ അയച്ചേക്കണം. ആദ്യം തന്നെ പണമൊന്നും തരികേല. നോവു മാറിയെങ്കിൽ ഒന്നല്ല രണ്ടോ നാലോ രൂപതന്നെ കൂടുതൽ തന്നേക്കാം. നിങ്ങളെപ്പറ്റി വളരെയൊക്കെ പ്രശംസിച്ചു നടക്കുകയും ചെയ്യാം.''

ഈ കാർഡു വായിച്ചു തീർന്നതോടു കൂടി പറങ്ങോടന്റെ കോപത്തിനു തുല്യമായി ഈ ലോകത്തിൽ മറ്റൊന്നുണ്ടെങ്കിൽ അത് എന്റെ നിരാശത മാത്രമായിരുന്നു. ആ കരുനാഗപ്പിള്ളിയിലെ നിസർഗ്ഗനിസ്തേജന്റെ വയറ്റുനോവ് ''ധരാഹന്ത കല്പാന്ത തോയേ'' കുളിക്കുമ്പോഴെങ്കിലും മാറിപ്പോകുമല്ലോ എന്നായിരുന്നു ഞങ്ങളുടെ ഒറ്റ വ്യസനം. കപ്പമൂട്ടിനെ കഠിനമായി ശകാരിച്ചു കൊണ്ടു ഒരു കാർഡ് എഴുതി അയയ്ക്കുവാൻ ഞങ്ങൾ ആലോചിച്ചുവെങ്കിലും അതിന്നാവശ്യമായ ഒമ്പതു പൈസ തത്ക്കാലം കൈവശമില്ലാത്തതു കൊണ്ട് അതു നിവൃത്തിയില്ലാതെ വന്നു. ഈ കാർഡു കിട്ടി ഒരാഴ്ച കഴിഞ്ഞതിനു ശേഷമാണ് തൃക്കരിപ്പൂരിൽ നിന്ന് ഒരാൾ, സ്വകാര്യമായ ഒരു കാര്യലാഭത്തെ ഉദ്ദേശിച്ചു കൊണ്ടാണെന്ന മുഖവുരയോടു കൂടി ഞങ്ങളുടെ രുദ്രാക്ഷത്തിനാവശ്യപ്പെട്ടത്. പക്ഷേ ഇത്തവണ കാർഡിന്റെ കൂടെ മണിഓർഡറും ഉണ്ടായിരുന്നു. രുദ്രാക്ഷം അയയ്ക്കുവാനുള്ള തുക മാത്രം ഒരുറുപ്പികയിൽ നിന്നെടുത്ത് ബാക്കി ആവശ്യങ്ങൾ നൂറായിരം ഉണ്ടായിരുന്നുവെങ്കിലും ഞങ്ങൾ ഒരു പെട്ടിയിൽ നിക്ഷേപിച്ചു. പിന്നീടുള്ള ചരിത്രം ചുരുക്കിപ്പറയാം: മൂന്നുമാസം കൊണ്ട് രണ്ടിടങ്ങഴി രുദ്രാക്ഷം ഞങ്ങൾ പല സ്ഥലങ്ങളിലേക്കുമായി അയച്ചു കൊടുത്തു. നാലു മാസം കഴിഞ്ഞപ്പോഴേക്കും മദ്രാസ്, കൽക്കത്ത, ബോംബേ എന്നീ നഗരങ്ങളിലെ ഇംഗ്ലീഷ് ദിനപത്രങ്ങളിൽ ഓരോ ചെറിയ പരസ്യവും മലയാളപത്രങ്ങളിൽ സർട്ടിഫിക്കറ്റുകളോടു കൂടിയ അര പേജ് പരസ്യങ്ങളും കൊടുക്കുവാൻ ഞങ്ങൾക്കു സാധിച്ചു.

പറങ്ങോടൻ പ്രതീക്ഷിച്ചിരുന്നതുപോലെ അന്നേ ഞങ്ങൾക്കു സർട്ടിഫിക്കറ്റുകൾ വരാതിരുന്നില്ല. അവയിൽ ചിലതിൽ കൂടി പ്രസ്ഫുരിച്ച ഞങ്ങളുടെ രുദ്രാക്ഷത്തിന്റെ മാഹാത്മ്യത്തിലുള്ള അതിരറ്റ ഭക്തിവിശ്വാസങ്ങൾ കണ്ടപ്പോൾ ''ഒടുക്കം ഇതിൽ



നമ്മളറിയാത്ത വല്ല അഭൗമശക്തികളും ഉണ്ടായിരിക്കുമോ?'' എന്നു കൂടി ഞാൻ പറങ്ങോടനോടു ചോദിക്കുവാൻ പ്രേരിതനായി. ആ വഞ്ചക മഹാസാമ്രാട്ടാകട്ടെ, 'വെൺചന്ദ്രികയ്ക്കു നിറം കൂടുമാറൊന്നു പുഞ്ചിരിക്കൊ ള്ളുക മാത്രം ചെയ്തു!'

ഒരെഴുത്ത് ഇതാ:

S.2400

ഗുരുപാദങ്ങളേ,

ലോക രക്ഷ ചെയ്വാൻ അവതരിച്ചിരിക്കുന്ന അങ്ങുന്ന് ആരാണെന്ന് ഞാൻ അറിയുകയില്ല. പക്ഷേ ആരായിരുന്നാലും അങ്ങ് ലോകത്തിനു പ്രദാനം ചെയ്തിരിക്കുന്ന ഈ ദിവ്യവരം - അതി വിശിഷ്ടമായ ത്രൈയംബക രുദ്രാക്ഷം - ലോകത്തിലെ അവതാര പുരുഷന്മാരുടെ ഇടയിൽ അങ്ങയുടെ സ്ഥാനത്തെ ഉറപ്പച്ചിരിക്കുന്നു. എനിക്കയച്ചു തന്ന രുദ്രാക്ഷം ഞാൻ ധരിക്കുവാൻ തുടങ്ങിയതിന്റെ ശേഷം ഞാനൊരിക്കലും ജയിക്കുമെന്ന് പ്രതീക്ഷിക്കാതിരുന്ന ഒരു കേസ് ജയിച്ചു എന്റെ ഭാര്യ ഒരാൺകുട്ടിയെ പ്രസവിച്ചു. കഴിഞ്ഞ ആഴ്ച ഒരു വലിയ പ്രൈസ് കുറിയുടെ ഒന്നാം നറുക്കും എനിക്കു കിട്ടി. ഇങ്ങനെ അടുത്തടുത്ത് ഒരു ഭാഗ്യസന്നിപാതം ഞാൻ എന്റെ ജീവകാലത്ത് അനുഭവിച്ചിട്ടില്ല. ദയ ചെയ്ത് പന്ത്രണ്ടു രുദ്രാക്ഷം കൂടി ഈ എഴുത്തു കണ്ട ഉടനെ അയച്ചു തരുവാനപേക്ഷ. പത്തുറുപ്പിക ഇന്നലെ മണിയോർഡർ ചെയ്തിട്ടുണ്ട്. ഈ പരസ്യം നിങ്ങൾക്ക് ഏതു വിധത്തിൽ വേണമെങ്കിലും ഉപയോഗിക്കാം.

കൃതജ്ഞതാകുലൻ

കോറോത്ത് കൃഷ്ണൻനായർ

സാമ്പിളിന് ഒരെഴുത്തു കൂടി താഴെ ചേർക്കുന്നു.

P.2009

സർ, നിങ്ങളുടെ രുദ്രാക്ഷം ധരിച്ചതിന്റെ ശേഷം ചിരകാലമായി ഞാനാഗ്രഹിച്ചിരുന്ന കാര്യം ഏഴു ദിവസത്തിനകം സാധിച്ചിരിക്കുന്നു. നന്ദി പറയുന്നു. മൂന്നു രുദ്രാക്ഷത്തിന്റെ വില ഇതു സഹിതം അയയ്ക്കുന്നു. സ്നേഹിതന്മാർക്കു വേണ്ടിയാണ്.

ഔസേഫ് മാത്തൻ ബി.എ.

(പറയുന്നതിനിടയ്ക്ക് എഴുത്തിനു മീതെയുള്ള നമ്പർ പറങ്ങോടൻ ചേർത്തതാണ്. രണ്ടായിരത്തിലധികം എഴുത്തുകൾ ഞങ്ങൾക്ക് കിട്ടിയെന്ന് അതു കണ്ടാൽ തോന്നുമെങ്കിലും ആദ്യത്തെ എഴുത്തിന്നു കൊടുത്ത നമ്പർ 2000 ആണെന്നു കൂടി ഇവിടെ പ്രസ്താവ്യമാണ്. Sഎന്നും Pഎന്നുമുള്ള അക്ഷരങ്ങൾ എഴുത്ത് ആദ്യം വായിച്ചത് സഞ്ജയനോ പറങ്ങോടനോ ആണെന്നു മാത്രമേ കുറിക്കുന്നുള്ളൂ).

പക്ഷേ രണ്ടായിരത്തിലധികം എഴുത്തുകൾ വരാൻ വളരെ യൊന്നും താമസിക്കേണ്ടി വന്നില്ല. രുദ്രാക്ഷം പാർസലായി അയയ്ക്കുവാൻ നിശ്ചയിക്കപ്പെട്ട കൂലിക്കാരുടെ എണ്ണം പ്രതിമാസം രണ്ടുവീതം വർദ്ധിച്ചു. ഒരു കൊല്ലത്തിനകത്ത് എഴുത്തുകൾക്ക് മറുപടി അയയ്ക്കുവാൻ രണ്ടുക്ലാർക്കുമാരെയും ഞങ്ങൾ നിശ്ചയിക്കേണ്ടി വന്നു. ഇംഗ്ലീഷ് ദിനപത്രങ്ങളിൽ ത്രൈയംബകരുദ്രാക്ഷത്തിന്റെ പരസ്യം ആരും പെട്ടെന്ന് കാണുവാനിടയില്ലാത്ത ഒരു മൂലയിൽ ഒരിഞ്ച് (ഒറ്റക്കോളം) ആയിരുന്നത് പോയി ഒരു മുഴുവൻ പേജായിത്തീർന്നു. 1934 ജനുവരി 1-ാം തീയതി മുതൽ ഒരു വലിയ മാളികക്കെട്ടിടം ഞങ്ങൾ 50ക വാടകയായെടുത്തു. രുദ്രാക്ഷം സപ്ലൈ ചെയ്യുന്ന ഏജൻസികളുടെ എണ്ണം ആറായിരുന്നു. വേറെയും പരിഷ്കാരങ്ങൾ ഞങ്ങൾ വരുത്തി. വെള്ളികെട്ടിച്ച രുദ്രാക്ഷം അഞ്ചുറുപ്പികയ്ക്കും സ്വർണ്ണം കെട്ടിച്ചത് ഇരുപതുറുപ്പികയ്ക്കും ഞങ്ങൾ അയയ്ക്കുവാൻ തുടങ്ങി. (ആ വഴിക്കും ആദായമുണ്ടാ യിരുന്നു) സ്ത്രീകൾക്കു ധരിക്കുവാൻ ഒരു മാതിരി ചെറിയ രുദ്രാക്ഷം അതിമനോഹരമായ ഒരു ലോക്കറ്റിൽ അടക്കി സ്വർണ്ണ ചെയിൻ സമേതം 100ക. വിലയായി ഞങ്ങൾ സ്റ്റോക്കു ചെയ്തു,

1935 പിറന്നു. പറങ്ങോടനും ഞാനും പണക്കാരായി. ഞങ്ങൾക്ക് രാഷ്ട്രീയകാര്യങ്ങളിൽ അഭിരുചി വർദ്ധിച്ചു. പറങ്ങോടനും ഞാനും ഓരോ പ്രാദേശിക ബോർഡിന്റെ അധ്യക്ഷന്മാരായി. കാറുകൾ ഞങ്ങൾക്ക് പ്രത്യേകമുണ്ടായിരുന്നു. ശത്രുഘ്നയ്യർ പൊളിഞ്ഞു ദീപാളിയായി. ടൗണിലുള്ള അയാളുടെ കാപ്പിക്ലബ് കെട്ടിടം ലേലത്തിൽ വിറ്റപ്പോൾ അതു ഞങ്ങൾ വാങ്ങി



ആ സ്ഥലത്ത് അതിഗംഭീരമായ ഞങ്ങളുടെ രുദ്രാക്ഷ ഡിപ്പോ പണിയിച്ചു. ഗൗരീശങ്കർബാങ്ക് മാനേജരായിരുന്ന ശങ്കർലാൽസേട്ട് ഇൻസോൾവെന്റായപ്പോൾ കടപ്പുറത്തുള്ള അദ്ദേഹത്തിന്റെ അമരാവതീസദൃശമായ മൂന്നു നില ബംഗ്ലാവും ഞങ്ങൾ വില കൊടുത്തു വാങ്ങി. പറങ്ങോടൻ എന്ന പേരിന് അവസ്ഥ പോരായ്കയാൽ അങ്ങോർ തന്റെ പേരു മാറ്റി പി. എൻ.പൂഴിപ്പറമ്പ് എന്നാക്കി. നിലവിലുള്ള രണ്ടു കാറുകൾക്കു പുറമെ ഒരു റോൾസ് റോയ്സ് ഞങ്ങൾ ഇരുവരും കൂടി വാങ്ങി.

ആറു മാസം മുൻപ് ഒരു ദിവസം ഞങ്ങളുടെ റോൾസ്റോയ്സ് ബംഗ്ലാവിന്റെ ഗെയ്റ്റിനടുത്ത് എത്താറായപ്പോൾ പന്ത്രണ്ടണ വിലയുള്ള ചുരുട്ടിന്റെ 'അന്ത്യദ്രേക്കാണ'ത്തെ പുറത്തേക്കെറിഞ്ഞ് ഞാൻ പറങ്ങോടനോടു പറഞ്ഞു:

''അന്നൊരു ദിവസം നമ്മുടെ രുദ്രാക്ഷത്തിൽ വാസ്തവത്തിൽ നമ്മൾ കാണാത്ത വല്ല മഹത്ത്വവും ഒളിഞ്ഞു കിടക്കുന്നു ണ്ടായിരിക്കുമോ എന്നു ഞാൻ ചോദിച്ചപ്പോൾ താൻ പുച്ഛരസത്തോടു കൂടി ചിരിച്ചത് ഓർമ്മയുണ്ടോ?''

പറങ്ങോടൻ: ''എന്തോ എനിക്കോർമ്മയില്ല. പക്ഷേ അങ്ങനെ വല്ല മഹത്ത്വവും ഉണ്ടെന്നാണോ തന്റെ വിശ്വാസം?

ഞാൻ: ''അതേ.''

പറങ്ങോടൻ: ''തെളിവ്?''

ഈ സമയത്ത് കാർ നാനാസുമസുരഭിലമായ നടയിൽക്കൂടി വീടിന്റെ മുൻവശത്തെത്തി നിന്നു. ഞാൻ പുറത്തേക്കിറങ്ങി , സ്വർണ്ണം കെട്ടിച്ച ആനക്കൊമ്പു വടി ബംഗ്ലാവിന്റെയും കാറിന്റെയും പൂന്തോട്ടത്തിന്റെയും നേരെ ചൂണ്ടിക്കൊണ്ടു പറഞ്ഞു. ''തെളിവോ? അതാ! ഇതാ! അതാ!''

പറങ്ങോടൻ ചിരിച്ചു. പക്ഷേ ഇത്തവണ ആ ചിരിയിൽ പുച്ഛരസം തീരെ ഉണ്ടായിരുന്നില്ല.

(ഇതിശീരുദ്രാക്ഷമാഹാത്മ്യം സമാപ്തം)

# 7 . നാടുകടത്തലിനുശേഷം

ബി.കല്യാണി അമ്മ

[സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പത്നിയായ ബി.കല്യാണി അമ്മയുടെ പ്രശസ്തകൃതിയാണ് വ്യാഴവട്ടസ്മരണകൾ. തിരുവിതാംകൂറിൽ നിന്നു ഭർത്താവിനെ നാടുകടത്തിയതിനെത്തുടർന്നു അന്യനാടുകളിൽ തങ്ങൾ നയിച്ച കഷ്ടതകൾ നിറഞ്ഞ ജീവിതത്തിന്റെ കഥയാണ് അവർ ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളത്. ഓർമ്മയിൽ നിന്ന്, മഹതികൾ, കർമ്മഫലം, താമരശ്ശേരി തുടങ്ങിയവയാണ് അവരുടെ മറ്റു കൃതികൾ.

വ്യാഴവട്ട സ്മരണകളിൽ നിന്നു ഒരു ഭാഗമാണ് ഇവിടെ എടുത്തു ചേർത്തിട്ടുള്ളത്.]

സ്മരണീയമായ ആ ദിവസം ഉച്ച തിരിഞ്ഞ് ഭർത്താവിന്റെ പത്രമാപ്പീസിൽ എന്തോ ചില സംഭവങ്ങൾ നടക്കുന്നുണ്ടെന്നും എന്റെ സാന്നിദ്ധ്യം വീട്ടിൽ ആവശ്യമായേക്കാമെന്നും അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ എന്നെ അറിയിച്ചു. ഉടൻ തന്നെ ഞാൻ പാഠശാലയിൽ നിന്നു കല്പന വാങ്ങി വീട്ടിലേക്ക് പുറപ്പെട്ടു. വഴിമധ്യേ പലദിക്കുകളിലും ജനങ്ങൾ കൂട്ടം കൂടിനിന്നു വണ്ടിയിൽപ്പോയിരുന്ന എന്നെ അനുകമ്പാപൂർവ്വം നോക്കിയിരുന്നു. ഞാൻ വീട്ടിലെത്തി പടി കടന്നപ്പാൾ വീടു മുഴുവൻ പോലീസുകാർ നില്ക്കുന്നതും കണ്ടു. ഭർത്താവ് ഒരു വേള അക്കൂട്ടത്തിലുണ്ടായേക്കുമെന്ന് ആദ്യം ഞാൻ സംശയിച്ചു. ആരേയും നോക്കാതെയും ഒന്നും ചോദിക്കാതെയും വേഗത്തിൽ എന്റെ മുറിക്കുള്ളിൽ അഭയം പ്രാപിക്കാമെന്നു വിചാരിച്ച് കോലായിൽ കയറി, കൈയിലുണ്ടായിരുന്ന താക്കോൽ കൊണ്ട് മുറിയുടെ വാതിൽ തുറക്കുവാൻ തുടങ്ങി. ''വാതിൽ മുദ്ര വച്ചിരിക്കുകയാണ്; അതിപ്പോൾ തുറക്കാൻ പാടില്ല.'' എന്ന് പിറകിൽ നിന്ന് ഒരു പോലീസുദ്യോഗസ്ഥൻ മെല്ലെ പറഞ്ഞപ്പോഴാണ് കാര്യഗൗരവം ഞാൻ മനസ്സിലാക്കിയത്. ഉടൻ ആ



സ്ഥലത്തു നിന്നും പിൻതിരിഞ്ഞ് മറ്റൊരു ഭാഗത്തേക്ക് പോയപ്പോൾ അവിടെയുള്ള മുറികളും പൂട്ടി മുദ്ര വച്ചിരിക്കുന്നതായി കണ്ടു. ആൾക്കൂട്ടത്തിൽ നിന്നു നട്ടം തിരിയുമ്പോൾ 'അമ്മേ കാപ്പി കുടിച്ചില്ല, വെശക്കുന്നു' എന്നു ഒരു കുട്ടിയും 'എനിക്കു പേടിയാകുന്നു അമ്മേ, എന്നെ എടുത്തോളൂ' എന്നു മറ്റൊരു കുട്ടിയും പറഞ്ഞു കൊണ്ട് എന്റെ വസ്ത്രത്തിൽ തൂങ്ങി. കുട്ടികൾക്ക് ആഹാരം കൊടുക്കുവാൻ വെപ്പുകാരനോട് പറഞ്ഞപ്പോൾ കലവറ മുറി പോലും പൂട്ടി മുദ്ര വച്ചിരിക്കുകയാണെന്നും, കുറെ അരിയല്ലാതെ വേറൊന്നും വെളിയിലില്ലെന്നും അവൻ പറഞ്ഞു. കുട്ടികളോട് ഓരോ സമാധാനം പറഞ്ഞു കൊണ്ട് അല്പനേരം അങ്ങനെ കഴിച്ചു കൂട്ടി.

ഇതിനിടയിൽ പല ബന്ധുക്കളും വന്ന് എന്നോട് എന്റെ വീട്ടിലേക്കോ ഭർത്തൃസഹോദരിയുടെ ഗൃഹത്തിലേക്കോ പോകാനുപദേശിച്ചു. ഭർത്താവിന്റെ അനുവാദം കൂടാതെ എനിക്ക് അവിടം വിടാൻ പാടില്ലെന്നു പറഞ്ഞ് ഞാൻ അവിടെത്തന്നെ ഇരുന്നു. ഈ നടപടികളെല്ലാം എന്തോ തെറ്റിദ്ധാരണയുടെ ഫലമായിരിക്കുമെന്നാണ് ഞാൻ പൂർണ്ണമായി വിശ്വസിച്ചിരുന്നത്. ഇതിൽ നിന്നും വലിയ ആപത്തുകളൊന്നും വരുവാനിടയില്ലെന്നും ഞാൻ വിശ്വസിച്ചു. അതിനാൽ ജനമധ്യത്തിൽ ബന്ധുക്കളുടെ സപ്രത്യാശങ്ങളായ നോട്ടങ്ങളെയും ശത്രുക്കളുടെ അപഹാസ ഗർഭങ്ങളായ വാക്കുകളെയും കണ്ടും കട്ടും കൊണ്ടിരിക്കുവാൻ എനിക്കശേഷം ധൈര്യക്കുറവുണ്ടായില്ല. ഏകദേശം രണ്ടു മണിക്കൂർ സമയം ഇങ്ങനെ കഴിഞ്ഞപ്പോൾ, ഭർത്താവിന്റെ നിയോഗമെന്തെന്നന്വേഷിപ്പാനായി അയച്ചിരുന്ന ഭൃത്യൻ മടങ്ങിയെത്തി; അദ്ദേഹത്തിന്റെ വരുതി പ്രകാരം ഞാൻ ഭർത്തൃസോദരിയുടെ ഗൃഹത്തിലേക്ക് പോരുകയും ചെയ്തു.

പിന്നീടുണ്ടായ സംഭവങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ വീണ്ടും ഇവിടെ പ്രസ്താവി ക്കേണ്ട ആവശ്യമില്ല. അദ്ദേഹം നാടുകടത്തപ്പെട്ട്, തിരുവിതാംകൂർ വിട്ട് ബ്രിട്ടീഷ് രാജ്യമായ തിരുനെൽവേലിയിൽ എത്തിയ ഉടൻ, തന്നെ അനുഗമിച്ചിരുന്ന ഭൃത്യൻമാരിലൊരാളെ എന്റെയടുക്കൽ മടക്കിയയക്കുക

യും ഞാൻ ഉടൻ തന്നെ തിരുനെൽവേലിക്ക് പുറപ്പെട്ടു ചെന്ന് ഭർത്താവിനെക്കണ്ടു സമാധാനപ്പെടുകയും ചെയ്തു.

അപ്രതീക്ഷിതമായി സംഭവിച്ച ആപത്തുകളും ദ്രവ്യനാശവും രാജ്യഭ്രംശവും അദ്ദേഹത്തെ വ്യാകുലനാക്കിയേക്കുമെന്ന് ഞാൻ ശങ്കിച്ചിരുന്നു. എന്നാൽ എന്റെ ശങ്ക തീരെ അസ്ഥാനത്തിലായിപ്പോയി. ഞാനും കുട്ടികളും തിരുനെൽവേലിയിലെത്തിയ സമയം ഞങ്ങളെ എതിരേറ്റ് തന്റെ തത്ക്കാല വാസസ്ഥലമായ സത്രത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാനായി അദ്ദേഹം തീവണ്ടി സ്റ്റേഷനിൽ കാത്തു നിന്നിരുന്നു. ഉടുത്ത വസ്ത്രത്തോടു കൂടി മാത്രം നാടുവിട്ടു പോകേണ്ടി വന്നതിനാൽ, ഞങ്ങൾ ചെന്നു ചേർന്നതുവരെ കുളിച്ച് വസ്ത്രം മാറ്റുന്നതിന് മറ്റ് വസ്ത്രമോ കുപ്പായമോ ഇല്ലായിരുന്നു. പുതിയതു വാങ്ങി ഉപയോഗിക്കുന്നതിന് കൈയിൽ കാശുമില്ലായിരുന്നു. അതിനാൽ യാത്രകൊണ്ട് ക്ഷീണിച്ച് മലിന വസ്ത്രധാരിയായിട്ടാണ് അദ്ദേഹം അവിടെ കാണപ്പെട്ടത്. മുഖത്ത് വളർന്നു നിന്നിരുന്ന ശ്മശ്രുശകലങ്ങൾ മുഖശോഭയെ ഏതാണ്ട് മറച്ചിരുന്നു. എന്നാൽ ആ കണ്ണുകൾ! ഹാ! ആ തേജോഗോളങ്ങളുടെ പ്രഭയെ കുറയ്ക്കുന്നതിന് യമദൂതന്മാർക്കല്ലാതെ മറ്റാർക്ക് കഴിയും? ധൈര്യവും സ്ഥൈര്യവും സ്നേഹവും കരുണയും ഒന്നുപോലെ പ്രതിബിംബിച്ചിരുന്ന ആ പുണ്യനേത്രങ്ങളാൽ ചെയ്ത ഒറ്റക്കടാക്ഷത്താൽ എന്റെ സകലഭയങ്ങളും ആശങ്കകളും സൂര്യസാന്നിദ്ധ്യത്തിൽ ഇരുൾ എന്ന പോലെ ഓടിയൊളിച്ചു. 'മലകളിളകിലും മഹാജനാനാം മനമിളകാ' എന്ന മഹദ്വചനതത്ത്വം ഈ അവസരത്തിൽ എനിക്കനുഭവസിദ്ധമായി.

കഴിഞ്ഞ സംഭവങ്ങളെപ്പറ്റിയും ഞങ്ങളുടെ ഭാവിയെപ്പറ്റിയും ഞങ്ങൾ പലതും സംസാരിക്കുകയും ആലോചിക്കുകയും ചെയ്തിരുന്ന മദ്ധ്യേ അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''തിരുവിതാംകൂറിനോടുള്ള എന്റെ ബന്ധം വേർപെട്ടു. മാതൃഭൂമിയോടുള്ള എന്റെ കടമ ഞാൻ നിർവ്വഹിച്ചു കഴിഞ്ഞു. എനിക്കിനി അവിടേക്ക് മടങ്ങിപ്പോകണമെന്നാഗ്രഹമില്ല; അതിനിടവരികയുമില്ല. എന്റെ വൃദ്ധയായ മാതാവിനെക്കണ്ട് വിടവാങ്ങിപ്പോരുവാൻ സാധിച്ചില്ലെന്നുള്ള ഒരൊറ്റ മനസ്താപമേ എനിക്കുള്ളു. ഇനി ഈശ്വരസന്നിധിയിൽ ഞങ്ങൾ തമ്മിൽ കണ്ടു കൊള്ളാം.''



അദ്ദേഹം തിരുവിതാംകൂർ അതിർത്തി കടന്നു തിരുനെൽവേലിയിൽ പ്രവേശിച്ച് എഴുത്തുസാമഗ്രികൾ ലഭിച്ച ഉടൻ തന്റെ ജ്യേഷ്ഠന് താഴെപ്പറയും പ്രകാരം ഒരു കത്തെഴുതി അയച്ചു.

തിരുനെൽവേലി

29.9.1910

ശ്രീ

ഇന്നലെ രാത്രി എട്ടു മണിക്ക് ഇവിടെ എത്തി. വഴിയിൽ യാതൊരസൗകര്യവുംഉണ്ടായില്ല. യാത്രാക്ഷീണമല്ലാതെ സുഖക്കേടില്ല. ഇന്നു രാവിലെ തന്നെ തിരുവനന്തപുരത്തെ വിശേഷങ്ങൾക്ക് കമ്പി അടിച്ച് ചോദിച്ചു...ഇവിടെ നിന്നു മദിരാശിക്ക് പോകാമെന്ന് വിചാരിക്കുന്നു. തമ്മിൽ പിരിഞ്ഞ സമയം ചില കാര്യങ്ങൾ പറയാനുണ്ടായിരുന്നു. ജ്യേഷ്ഠന്റെ വ്യസനം കണ്ടതിൽ അതിനു മനസ്സുറപ്പിക്കാൻ കഴിഞ്ഞില്ല. ഇപ്പോഴത്തെ സംഭവത്തെപ്പറ്റി നിങ്ങളാരും വ്യസനിപ്പാനോ മറ്റാരേയും കുറ്റം പറയാനോ ഇല്ല. ഈശ്വരേച്ഛ തടുത്തുകൂടാത്തതാണ്. അവിടെ അമ്മ മുതലായവരുടെ ദുഃഖം കാണാൻ കഴിയാഞ്ഞാണ് ഞാൻ അവിടെ (നെയ്യാറ്റിൻകരെ) അധികനേരം താമസിക്കയോ, വഴിയിൽ വെച്ച് വീട്ടിൽ നിന്ന് അവരെ വിളിച്ചറിയിക്കയോ ചെയ്യാഞ്ഞത്. അമ്മയെ ആരും മുള്ളു വാക്കു പറഞ്ഞ് വ്യസനിക്കാതിരിക്കാൻ ജ്യേഷ്ഠൻ പ്രത്യേകം ശ്രദ്ധ വയ്ക്കണമെന്നപേക്ഷയുണ്ട്. ഞാൻ നിങ്ങളോട് ചെയ്തിട്ടുള്ള അപരാധങ്ങളൊക്കെ പൊറുത്തു കൊണ്ട് മാപ്പ് തരുന്നതിനപേക്ഷിക്കണം....അമ്മയോട് പ്രത്യേകം എന്തു പറയേണ്ടൂ എന്ന്...എന്റെ മനസ്സിന് ധൈര്യമില്ല. അമ്മയെ...ഇതാ കണ്ണുനീർ നിറഞ്ഞിരിക്കുന്ന നയനങ്ങളാൽ ദൈവത്തിന്റെ പാദത്തിങ്കൽ സമർപ്പിക്കുന്നു....ഈ എഴുത്ത് സ്വജനങ്ങളെയെല്ലാം കേൾപ്പിപ്പാൻ കൂടെ അപേക്ഷിക്കുന്നു.

ഞാൻ മരിച്ചു പോകുന്ന കാലത്ത് ജ്യേഷ്ഠന്റെ ദയാദൃഷ്ടി എന്റെ കുട്ടികളുടെ മേൽ പതിപ്പാനും അപേക്ഷയുണ്ട്.

എന്ന്, അനുജൻ

അദ്ദേഹത്തിന്റെ അതുവരെയുള്ള സമ്പാദ്യം മുഴുവനും പത്രത്തിലും മാസികകളിലുമായി മുടക്കിയിരുന്നതിനാൽ അവ ഗവൺമെന്റ് പിടിച്ചടക്കിയതോടു കൂടി തന്റെ സർവ്വസ്വവും നശിച്ചു എന്ന നിലയിലായി. തന്റെ കുപ്പായക്കീശയിൽ ക്കിടന്നിരുന്ന പേന മാത്രം എടുത്തു കൊൾവാൻ അനുവദി ച്ചിരുന്നു. ഈ പേനയുടെ സഹായത്താൽ തന്നെ ഭാവിജീവിതം കഴിച്ചു കൂട്ടേണമെന്നായിരുന്നു വിധിമതം. എന്നാൽ നിയമ പരീക്ഷയ്ക്കുള്ള വായന വീണ്ടും തുടരണമെന്നും, പരീക്ഷയിൽ ജയിച്ച് കുടുംബം പുലർത്തത്തക്ക സമ്പാദ്യം അദ്ദേഹത്തിനു ണ്ടാകുന്നതു വരെ ഞാനും കുട്ടികളും തിരുവനന്തപുരത്ത് താമസിക്കുന്നതാണ് നല്ലതെന്നും അദ്ദേഹം ആദ്യം എന്നോടുപ ദേശിച്ചു. ഞങ്ങൾ ദാരിദ്ര്യക്ലേശം അനുഭവിക്കാൻ ഇടവരരു തെന്നുള്ള ഉദ്ദേശത്താൽ മാത്രമാണ് ഇങ്ങനെ ഉപദേശിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ ഈ ആപൽക്കാലത്ത് എന്റെ ധർമ്മം മറന്ന് പ്രവർത്തിക്കാൻ ഞാൻ തയ്യാറല്ലെന്നറിയിച്ചപ്പോൾ, തന്റെ ദാരിദ്ര്യജീവിതത്തിൽ പങ്കു കൊള്ളുന്നതിന് അനുവാദം നല്കി

എന്റെ ജോലി സംബന്ധിച്ചും വീട്ടുകാര്യങ്ങൾ സംബന്ധിച്ചും പലതും ഏർപ്പാടു ചെയ്യാനുണ്ടായിരുന്നതിനാൽ ഭർത്താവി നോടുകൂടി ഉടൻ തന്നെ മദിരാശിക്കു പോകുന്നതിന് എനിക്ക് സാധിച്ചില്ല. ഞാൻ തിരുനെൽവേലിയിൽ എത്തിയ പിറ്റേ ദിവസം തന്നെ, അദ്ദേഹം മദിരാശിക്കും ഞാൻ തിരുവിതാംകൂറിലേക്കും പുറപ്പെട്ടു. രണ്ടാഴ്ചയ്ക്കകം വീണ്ടും ഞങ്ങൾ തമ്മിൽ ചേരുകയും, മദിരാശിയിൽ പെരിമേടിനു സമീപം ആഡംബരര ഹിതമായ ഒരു തെരുവീഥിയിൽ ഒരു ചെറുഭവനം വാടകയ്ക്കു മേടിച്ചു ഞങ്ങൾ ഞങ്ങളുടെ പുതിയ ജീവിതം ആരംഭിക്കുകയും ചെയ്തു. പോസ്റ്റാപ്പീസ് സേവിംഗ്സ് ബാങ്കിൽ എന്റെ പേരിൽ ഇരുനൂറുറുപ്പികയും രൊക്കം തൊണ്ണൂറുറുപ്പികയും ഇങ്ങനെ 290 ഉറുപ്പിക ഈ സമയത്ത് ഞങ്ങൾക്ക് മൂലധനമായുണ്ടായിരുന്നു.

മലബാറിലും കൊച്ചിയിലുമുള്ള പല പത്രങ്ങളും ഭർത്താ വിനെ ഈ ഘട്ടത്തിൽ പത്രാധിപത്യം വഹിപ്പാൻ ക്ഷണിച്ചു. മദിരാശിയിലെ ചില പ്രതിദിനപത്രമാപ്പീസുകളിലും അദ്ദേഹത്തിന് മാന്യമായ ഒരു സ്ഥാനം ലഭിക്കുവാൻ സൗകര്യമുണ്ടായിരുന്നു.



എന്നാൽ രാജ്യകാര്യസംബന്ധമായി നടത്തപ്പെടുന്ന ഏതൊരു വാദപ്രതിവാദത്തിലും മേലാൽ ഏർപ്പെടുന്നതിലുള്ള വിമുഖത കൊണ്ട് അദ്ദേഹം യാതൊരു ജോലിയും സ്വീകരിച്ചില്ല. ധനദൗർലഭ്യ ത്താൽ ചില്ലറ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും ഉണ്ടായെങ്കിലും പ്രിയ സന്താനങ്ങൾ ശീലിച്ചു വന്ന പല സുഖങ്ങളും നിറുത്തേണ്ടി വന്നതിനാൽ ചിലപ്പോൾ ഞങ്ങൾക്ക് കുണ്ഠിതമുണ്ടായെങ്കിലും ആറേഴുമാസക്കാലം ഞങ്ങൾ മദിരാശിയിൽ ആകപ്പാടെ സുഖ മായും സന്തോഷമായും സ്വൈരമായും ശാന്തമായും ജീവിച്ചു.

ഏപ്രിൽ മാസാവസാനത്തിൽ മാത്രമേ ഈ ശാന്തജീവിതത്തിന് ഉടവ് പറ്റിയുള്ളൂ. ഇതിന് കാരണമാക്കിയ സംഭവം അദ്ദേഹത്തിന്റെ മാതാവിന്റെ മരണമാണ്. തന്റെ രാജ്യഭ്രംശം കൊണ്ടുണ്ടായ വ്യസനഭാരം അധികവും തന്റെ മാതാവാണ് വഹിക്കുന്നതെന്നും ആ സാധ്വി തന്റെ വാർദ്ധക്യം നിമിത്തം ഈ ദു:ഖം ദീർഘകാലം വഹിച്ചു കൊണ്ടിരിക്കാൻ ശക്തയല്ലെന്നും അദ്ദേഹം അറിഞ്ഞി രുന്നു. എന്നാൽ മധ്യവേനൽ കല്പനക്കാലത്തു മാതാവിനെ മദിരാശിക്കു കൂട്ടിക്കൊണ്ടു വരാമെന്ന് അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ പ്രതിജ്ഞ ചെയ്തിരുന്നതിനാലും, മധ്യവേനൽ കല്പനക്കാലം ആരംഭിച്ചിരുന്നതിനാലും അമ്മയെ കാണാൻ കൗതുകത്തോടുകൂടിയിരിക്കെ പെട്ടെന്ന് കേൾപ്പാനിടയായ ഈ മരണവാർത്ത ഭർത്താവിനെ അസാമാന്യമായി പരിതപിപ്പിച്ചു. ഈ സംഭവത്തിന് ഒരു മാസം മുമ്പ് അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ എഴുതി അയച്ചിരുന്ന കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: ''ഞാൻ ഇന്നലെ ഇലഞ്ഞിമ്മൂടു വീട്ടിൽ പോയി അമ്മയെ കണ്ടു. പുത്ര ദു:ഖത്താൽ കൃശയായി ദീനയായി മലിനവസ്ത്രധാരിയായി പുറത്ത ളത്തിൽ തൂണും ചാരിയിരുന്ന് 'രാമകൃഷ്ണാ, രാമകൃഷ്ണാ' എന്നു ജപിച്ച് കണ്ണുനീർ വാർത്തു കൊണ്ടിരുന്ന ആ സാധ്വിയെ കണ്ട പ്പോൾ ഭർത്തൃവിരഹത്താൽ ക്ലേശിച്ച് പരവശയായി ശിംശ പാവൃക്ഷച്ചുവട്ടിൽ രാമരാമേതി ജപത്തോടു കൂടി വിലപിച്ചു കൊണ്ടിരുന്ന സീതാദേവിയുടെ രൂപം ഓർമ്മയിൽ വന്നു.'' ഈ കത്ത് വായിച്ച സമയത്തും മാതാവിന്റെ ചരമവൃത്താന്തം യദൃച്ഛയാ പത്രത്തിൽ കണ്ടറിഞ്ഞപ്പോഴും, ഇങ്ങനെ രണ്ടു സന്ദർഭ ങ്ങളിൽ മാത്രമേ ഞങ്ങളുടെ ദാമ്പത്യത്തിനിടയിൽ ഭർത്താവിന്റെ കണ്ണുനീർ കാണ്മാൻ എനിക്ക് സംഗതിയായിട്ടുള്ളൂ. അമ്മ മരിച്ച

സമയം, അദ്ദേഹത്തിനു പരീക്ഷ സമീപിച്ചിരിക്കുകയാൽ പരീക്ഷ കഴിഞ്ഞ ശേഷം വിവരമറിയിച്ചാൽ മതിയെന്നു കരുതി ബന്ധുക്കൾ ഈ മരണവാർത്ത മറച്ചു വച്ചു. എന്നാൽ പരീക്ഷയുടെ തലേന്നാൾ രാവിലെ ഒരു മലയാളപത്രത്തിൽ നിന്നും യദൃച്ഛയാ വിവരം വായിച്ചറിയാനിടയായി.

അക്കൊല്ലം ഭർത്താവ് എഫ്. എൽ പരീക്ഷയ്ക്കും ഞാൻ ബി.എ.യ്ക്കു തത്ത്വശാസ്ത്രത്തിലും ചേർന്നിട്ടുണ്ടായിരുന്നു. അദ്ദേഹം അക്കുറി ജയിച്ചു ഞാൻ തോല്ക്കുകയും ചെയ്തു. പരീക്ഷ കഴിഞ്ഞ് മദ്ധ്യവേനല്ക്കാലത്ത് ചൂടിന്റെ ആധിക്യത്താൽ കുട്ടികൾക്ക് ശരീരാസ്വാസ്ഥ്യം നേരിട്ടതു നിമിത്തം ഞങ്ങൾ മദിരാശി വിട്ട് പാലക്കാട്ടേക്ക് പോന്നു. ഇതിനിടയിൽ 'എന്റെ നാടുകടത്തൽ' എന്ന പുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും വെവ്വേറെ എഴുതി പ്രസിദ്ധപ്പെടുത്തി. 'വൃത്താന്തപത്രപ്രവർത്തനം' എന്ന പുസ്തകവും എഴുതി തയ്യാറാക്കി.

മധ്യവേനൽ മൂന്നു മാസവും ഞങ്ങൾ മലബാറിൽ താമസിച്ച തിനിടയിൽ രണ്ടു മാസം പാലക്കാട്ടും ഒരു മാസം കോഴിക്കോട്, തേങ്കുറിശ്ശി, മഞ്ഞളൂർ, കോട്ടയ്ക്കൽ എന്നീ സ്ഥലങ്ങളിൽ ഓരോ സ്നേഹിതരുടെ ക്ഷണം സ്വീകരിച്ചു സർക്കീട്ടിലും കഴിച്ചു കൂട്ടി. ഇക്കാലത്ത് ഞങ്ങൾക്ക് പറയത്തക്ക ബുദ്ധിമുട്ടുകളോ സുഖക്കേടോ മറ്റ് ക്ലേശങ്ങളോ ഉണ്ടായിട്ടില്ല. ഒതുങ്ങിയ മട്ടിൽ ജീവിക്കുന്നതിനുള്ള സൗകര്യവും സുഖവും ഇവിടെയുണ്ടെന്ന് കണ്ടപ്പോൾ പാലക്കാട്ടു തന്നെ സ്ഥിരതാമസമാക്കണമെന്ന് ഞങ്ങൾക്ക് ആഗ്രഹം തോന്നി. എന്നാൽ ഭർത്താവ് അപ്പോൾ 'ഇൻഡ്യൻ പേട്രിയറ്റ്' എന്ന പത്രത്തിന്റെ മേൽ നടത്തിയിരുന്ന വ്യവഹാരം നിമിത്തം കൂടെക്കൂടെ മദിരാശിക്കു പോകേണ്ട ആവശ്യമുണ്ടായിരുന്നതിനാൽ, വ്യവഹാരം അവസാനിക്കുന്നതു വരെയോ അദ്ദേഹം ബി.എൽ പരീക്ഷ ജയിക്കുന്നതുവരെയോ മദിരാശിയിൽ പാർക്കാതെ ഗത്യന്തരമില്ലായിരുന്നു. ഇക്കാരണ ത്താൽ 1911 ആഗസ്റ്റ് അവസാനത്തിൽ ഞങ്ങൾ മദിരാശിക്കു തന്നെ മടങ്ങി.

ഇക്കാലത്ത് ഞങ്ങൾക്ക് സ്ഥിരമായ വരവ് യാതൊന്നും ഉണ്ടായിരുന്നില്ല. പുസ്തകങ്ങളിൽ നിന്നു കിട്ടിയിരുന്ന ലാഭം



കൊണ്ടു മാത്രമാണ് ഉപജീവനം കഴിച്ചിരുന്നത്. എന്നാൽ പുസ്തക കച്ചവടക്കാർ കാണിച്ചിരുന്ന അമാന്തം നിമിത്തവും ചില കൂട്ടരുടെ ചതിപ്രയോഗം നിമിത്തവും പണത്തിന് അസാമാന്യ ഞെരുക്കം നേരിട്ടിരുന്നു. തന്റെ പല ക്ഷേമകാംക്ഷികളും സ്നേഹിതന്മാരും പത്രബന്ധുക്കളും അദ്ദേഹത്തിന് ഗണ്യമായ ധനസഹായം ചെയ്തിരുന്നു. എന്നാൽ ഇങ്ങനെ ലഭിച്ച സഹായധനം മുഴുവനും 'പേട്രിയറ്റ്' പത്രത്തിന്റെ മേൽ നടത്തിയിരുന്ന വ്യവഹാരച്ചെലവുകൾക്ക് വേണ്ടിവന്നു. ഇക്കാലത്ത് ജസ്റ്റിസ്. സർ. ശങ്കരൻനായരവർകളുടെ രണ്ടു പുത്രി മാരെ പഠിപ്പിക്കുന്നതിന് എന്നോടാവശ്യപ്പെടുകയും ഞാൻ ആ പണി കൈയേല്ക്കുകയും ചെയ്തു. ആ ജോലിയും ബി.എ.യ്ക്കു വായനയും ഗർഭക്ലേശങ്ങളും നിമിത്തം ഞാൻ കുഴങ്ങുന്നതു കണ്ട്, ഗൃഹഭരണക്ലേശങ്ങൾ എന്നിൽ നിന്ന് വിടർത്തുന്നതിന് ഭർത്താവു ശ്രമിച്ചു. ഇതു നിമിത്തം എന്റെ ക്ലേശങ്ങൾ കുറഞ്ഞുവെങ്കിലും പുതിയ ജോലിയിൽ തനിക്കുണ്ടായിരുന്ന പരിചയക്കുറവു നിമിത്ത വും ഒരു പണിക്കാരിയെ കൂടുതലായി നിയമിക്കേണ്ടി വന്നതിനാ ലുണ്ടായ ചെലവു വർദ്ധനയാലും അദ്ദേഹം കുഴങ്ങുകയും തന്നിമിത്തം തന്റെ പല അത്യാവശ്യങ്ങളേയും നിറവേറ്റാതിരി ക്കുകയും ചെയ്തു. എന്നാൽ ഈ കുഴപ്പങ്ങൾ യാതൊന്നും എന്നെ ധരിപ്പിക്കാതിരിക്കാനുള്ള ശ്രമം കുറെ നാളത്തേക്ക് സഫലമായി. ഭാവി ഫലമോ? രോഗം, ക്ലേശ, ജീവാപായം, വൈധവ്യം, അനന്യശരണത്വം - ഇതൊക്കെത്തന്നെ. ഭാവി ഫലത്തെ കണ്ടറി യാനുള്ള ശക്തി മനുഷ്യർക്ക് ലഭിച്ചിരുന്നുവെങ്കിൽ, ലോകത്തിൽ പാപമോ, ദു:ഖമോ, ക്ലേശമോ, നാശമോ യാതൊന്നും ഉണ്ടാകുന്ന തല്ലല്ലോ. എന്നാൽ സംസാരദു:ഖം പ്രകൃതിവിഹിതമായിരിക്കേ അതിനെ നിവാരണം ചെയ്വാൻ ആർക്കു സാധിക്കും?

ഇങ്ങനെ ഭാവിചിന്ത കൂടാതെ, തന്റെ അത്യാവശ്യ സുഖങ്ങളെ പ്പോലും ഈ നിർഭാഗ്യമൂർത്തിക്കുവേണ്ടി ബലി കഴിച്ച കാലത്താണ്, അദ്ദേഹത്തിന്റെ ജീവാപഹരണം ചെയ്ത രോഗം ഉത്ഭവിച്ചത്. ആദ്യകാലത്തു തന്നെ ഈ രോഗോത്ഭവത്തെ കണ്ടറി യാനും ശരിയായ ചികിത്സ നടത്തുവാനും സാധിച്ചിരുന്നുവെങ്കിൽ പക്ഷേ ഇത്ര വേഗത്തിൽ അദ്ദേഹത്തിനു ജീവാപായം നേരിടുക യില്ലായിരുന്നു. വിധിവിഹിതം മറിച്ചാകയാൽ അതിനു സംഗതി യില്ല.

# 8. പരിസ്ഥിതി വിനാശവും യന്ത്രവത്ക്കരണവും

ഡോക്ടർ എ.എൻ.പി.ഉമ്മർകുട്ടി

[കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായും കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ് ചാൻസലറായും സേവനം അനുഷ്ഠിച്ചിട്ടുള്ള ഡോക്ടർ എ.എൻ.പി. ഉമ്മർകുട്ടി (1933-) ശാസ്ത്രം, വിദ്യാഭ്യാസം, സാഹിത്യം, തത്ത്വശാസ്ത്രം എന്നിങ്ങനെ വിവിധ മണ്ഡലങ്ങളെ സ്പർശിക്കുന്ന അനേകം ലേഖനങ്ങൾ രചിച്ചിട്ടുണ്ട്. പരിസ്ഥിതിയെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുള്ള ഒരു ലേഖനമാണ് പാഠ്യഭാഗമായി ചേർത്തിട്ടുള്ളത്.]

യന്ത്രം എന്ന പദത്തിനു നിഘണ്ടുവിൽ കൊടുത്തിരിക്കുന്ന അർഥം സൂത്രപ്പണിയെന്നാണ്. സ്വന്തം അവയവങ്ങൾ കൊണ്ടല്ലാതെ, താൻ ആവിഷ്കരിച്ച ഉപകരണങ്ങളുടെയും ഉപായങ്ങളുടെയും സൂത്രപ്പണികളുടെയും സഹായത്താൽ തനിക്കാവശ്യമുള്ള പ്രവൃത്തികൾ മനുഷ്യൻ ചെയ്തു തീർക്കുന്ന പ്രക്രിയയാണ് യന്ത്രവത്ക്കരണം. യന്ത്രവത്ക്കരണത്തിന്റെ വ്യാപ്തി ഇന്നു ഭാവനയെ വെല്ലും വിധം വിപുലമായിരിക്കുന്നു. സ്വന്തം കൈകൾ കൊണ്ട് മാറ്റുവാൻ സാധിക്കാത്ത വലിയ ഒരു കല്ല് തടിക്കഷണം കൊണ്ട് മറിച്ചിട്ടപ്പോൾ ഏറ്റവും ലളിതമായ യന്ത്രമാണ് ആദിമമനുഷ്യൻ ഉപയോഗിച്ചത്. യന്ത്രങ്ങളുടെ പ്രയോഗത്തിനു മാനവചരിത്രത്തോളം തന്നെ പഴക്കമുണ്ടെന്നർഥം. നാഗരിക പ്രക്രിയയുടെ അവിഭാജ്യഘടകമാണ് യന്ത്രവത്ക്കരണ പ്രക്രിയ എന്നു പറയാം. വാസ്തവത്തിൽ, വാനരനെ നരനാക്കിയതു യാന്ത്രികതയെ തേടിയുള്ള അന്വേഷണങ്ങളല്ലാതെ മറ്റൊന്നുമല്ല. യന്ത്രവത്ക്കരണം മനുഷ്യമേധയുടെ ബഹി:സ്ഫുരണമാകുന്നു. സർവയന്ത്രങ്ങളും മനുഷ്യഹസ്തങ്ങളുടെ വ്യാപനങ്ങളാണെന്നു പറഞ്ഞാൽ തെറ്റില്ല. തന്റെ അധ്വാനഭാരം കുറയ്ക്കുവാനും സുഖസൗകര്യങ്ങൾ വർധിപ്പിക്കുവാനും മനുഷ്യർ എന്നും



ശ്രമിച്ചിട്ടുണ്ട്. സ്വന്തം കൈകളുടെ പ്രവർത്തനങ്ങളെ യാന്ത്രിക പ്രവർത്തനങ്ങളെക്കൊണ്ടു പൂരിതമാക്കുകയെന്നതായിരുന്നു ഇതിനുള്ള മാർഗം. ഈ ഭൂമുഖത്ത് ഇന്നു കാണുന്ന മഹാനേട്ടങ്ങളെല്ലാം തന്നെ നേരിട്ടോ അല്ലാതെയോ യന്ത്രവത്ക്കരണത്തിന്റെ ഫലങ്ങളാകുന്നു. ആദികാലം തൊട്ടു മനുഷ്യന്റെ കൂട്ടാളിയായിട്ടാണു യന്ത്രം പ്രവർത്തിച്ചത്. എന്നാൽ, ചരിത്രത്തിന്റെ ഏതോ ഒരു ഘട്ടത്തിൽ യന്ത്രം മനുഷ്യനെ പിൻതള്ളിയതായി കാണേണ്ടിയിരിക്കുന്നു. അന്നു തുടങ്ങി യാന്ത്രികനേട്ടങ്ങളുടെ ഗുണങ്ങൾ സന്തുലിതമല്ലാതായി. യന്ത്രവത്ക്കരണം അനുഗ്രഹമെന്നതിലേറെ ശാപമായിത്തീർന്ന അനുഭവമാണ് അതിനുശേഷം പലപ്പോഴും വിവിധ ജനങ്ങൾക്കുണ്ടായിട്ടുള്ളത്.

യന്ത്രവത്ക്കരണം പരിസ്ഥിതിവിനാശത്തിനു വഴി തെളിയിക്കുന്നു എന്ന കാര്യം ആധുനിക മനുഷ്യമനസ്സിനെ അലട്ടുന്ന പ്രധാനപ്രശ്നങ്ങളിലൊന്നാണ്. അമിതമായാൽ അമൃതും വിഷം എന്നാണല്ലോ ആപ്തവചനം. അമിതവും അനിയന്ത്രവുമായ യന്ത്രവത്ക്കരണമാണു പരിസ്ഥിതി വിനാശത്തിനു വഴി തെളിച്ചത്. മാനവരാശിയുടെ ചെറിയ ഒരു ഭാഗത്തിനു മാത്രമേ യന്ത്രവത്ക്കരണത്തിന്റെ മെച്ചങ്ങൾ ലഭ്യമായിട്ടുള്ളൂ. അവികസിതം എന്ന പേരിൽ വിവരിക്കപ്പെടുന്ന രാജ്യങ്ങൾക്കു യന്ത്രവത്ക്കരണത്തിന്റെ ഗുണങ്ങൾ ലഭ്യമായിത്തുടങ്ങുന്നതേയുള്ളൂ. ഈ രാജ്യങ്ങളിൽ വികസനമാണ് ഇന്നത്തെ മുഖ്യാവശ്യം. യന്ത്രവത്കരണം വികസനത്തിന്റെ അനിവാര്യഘടകവുമാണ് അതിനാൽ യന്ത്രവത്ക്കരണത്തെ മാറ്റി നിർത്തുകയെന്നത് അവികസിതരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഊഹിക്കുവാൻ പോലും സാധ്യമല്ല. ഇന്ത്യയെത്തന്നെ ഉദാഹരണമായെടുക്കുക. പകുതിയിലേറെ ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന ഈ മഹാരാജ്യത്ത് അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാക്കുവാനും ഉത്പാദനം വർധിപ്പിക്കുവാനും യന്ത്രവത്ക്കരണം അനിവാര്യമാണ്. കൃഷിയിലായാലും വ്യവസായത്തിലായാലും ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവനമേഖലകളിലായാലും രാജ്യരക്ഷയിലായാലും പുരോഗതി പ്രാപിക്കുവാൻ യന്ത്രവത്ക്കരണം ഒഴിച്ചുകൂടാൻ പറ്റാത്ത ഉപാധിയാണ്. മറ്റു വികസ്വരരാജ്യങ്ങളുടെയും കഥ ഇതു തന്നെ. പട്ടിണിയും ദാരിദ്ര്യവും രോഗവും മറ്റു യാതനകളും

ലഘൂകരിക്കുവാനും ഒടുവിൽ ഇല്ലായ്മ ചെയ്യുവാനും ആധുനിക സാങ്കേതികവിദ്യകളും അവയുടെ സന്തതസഹചാരിയായ യന്ത്രവത്കരണവും വ്യാപകമായി ഉപയോഗിക്കുകയല്ലാതെ മാർഗമില്ല. പരിസ്ഥിതിവിനാശത്തിന്റേയോ മൂല്യശോഷണ ത്തിന്റേയോ പേരിൽ വികസ്വരരാജ്യങ്ങളിൽ യന്ത്രവത്കരണം തടയാൻ ശ്രമിക്കുന്നതു തികഞ്ഞ സ്വാർത്ഥതയാണ്.

വികസ്വരരാജ്യങ്ങളിൽ യന്ത്രവത്ക്കരണം പരിസ്ഥിതി വിനാശത്തിനു വഴിതെളിക്കേണ്ടതില്ല എന്നതാണു സത്യം. യന്ത്രവത്ക്കരണം, വ്യാപകമായിത്തീർന്നിട്ടില്ലാത്ത ഇന്ത്യയെ പ്പോലുള്ള രാജ്യങ്ങളിൽ പരിസ്ഥിതിക്കു നാശമേല്പിക്കാതെ യന്ത്രവത്ക്കരണം സാധിക്കുവാനുള്ള അവസരം നിലവിലുണ്ട്. പരിസ്ഥിതിയുടെ മേൽ കുതിരകയറാതെ, അതുമായി ഒരു സക്രിയബന്ധം സ്ഥാപിക്കുകയാണ് ഇതിന്നാവശ്യം. അത്യധികം ലോലവും അതേ സമയം ഗഹനവുമായ ഒരാശയമാണിത്. യന്ത്രവത്ക്കരണവും പരിസ്ഥിതിപോഷണവും ഒരേ സമയം സാധിക്കുകയെന്ന മഹാശയം ഉയർത്തിപ്പിടിക്കുകയാണ് ബുദ്ധി ജീവികളും എഴുത്തുകാരും ചെയ്യേണ്ടത്.

വ്യക്തി, സമൂഹം, പരിസ്ഥിതി എന്നീ മൂന്നു തലങ്ങളിൽ മാനവയാഥാർഥ്യം വീക്ഷിക്കപ്പെടേണ്ടതുണ്ട്. ജനിച്ച നാൾ തുടങ്ങി ഓരോ മനുഷ്യനിലും സ്വയമേവ വികസിതമാവുന്നതു വ്യക്തി ബോധമാകുന്നു. സഹജീവികളും ജന്മനാ ലഭിച്ച ബുദ്ധിമിടുക്കും വ്യക്തിവികസനത്തെ സഹായിക്കുന്നു. എന്നാൽ, വ്യക്തിവികാസം നടക്കുന്നതു സമൂഹവലയത്തിനകത്താകുന്നു. അതായത്, മറ്റു വ്യക്തികളുമായുള്ള ബന്ധങ്ങളിലൂടെ. തന്നിമിത്തം, വ്യക്തിവി കാസം സമൂഹഭദ്രതയുമായി പൊരുത്തപ്പെട്ടു പോകുന്നതിനു സ്ഥാപനപരമായ സംവിധാനങ്ങൾ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. ധർമ്മശാസ്ത്രങ്ങളും സാന്മാർഗികതത്ത്വങ്ങളും നമ്മെ പഠിപ്പി ക്കുന്നതു വ്യക്തികൾ സമൂഹവുമായി പൊരുത്തപ്പെടേണ്ടതിന്റെ ആവശ്യകതയാണ്. എന്നാൽ, വ്യക്തി, സമൂഹം എന്നിവ മാനവ യാഥാർത്ഥ്യത്തിന്റെ രണ്ടുതലങ്ങൾ മാത്രമേ ആവുന്നുള്ളൂ. തുല്യ പ്രധാന്യമുള്ള മൂന്നാമത്തെ തലം പരിസ്ഥിതിയാണ്. സമൂഹവു മായുള്ള സമന്വയം മാത്രമല്ല, പരിസ്ഥിതിയുമായുള്ള സമന്വയവും



നമ്മുടെ ധാർമിക ചിന്തകളുടെയും സാന്മാർഗികബോധത്തി ന്റെയും അനിവാര്യ ഭാഗമാകേണ്ടിയിരിക്കുന്നു. നമ്മുടെ നിലനില് പിന്റെ ദീർഘകാല ഭദ്രതയ്ക്കും തികച്ചും പുത്തനായ ഈ ധാരണ നാം കൈവരിച്ചേ പറ്റൂ. നമ്മുടെ നിലനില്പിന്റെ മൗലികമായ സ്ഥലകാലബദ്ധ ഭൂമിക പരിസ്ഥിതിയാണ്. മനുഷ്യൻ സാമൂഹിക ജീവിയാണ് എന്നു പറയുന്നതു പോലെ സത്യമാണ് അവൻ പരിസ്ഥിതിജീവിയാണ് എന്നു പറയുന്നതും.

ഒരു സമൂഹത്തിന്റെ ഗുണം നിശ്ചയിക്കുന്നത് അതിലെ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളാണ്. സഹവ്യക്തികളോട് എത്തര ത്തിൽ നാം പെരുമാറുന്നുവോ അത്തരത്തിലുള്ള പെരുമാറ്റം തന്നെ സമൂഹത്തിൽ നിന്നു നമുക്കും പ്രതീക്ഷിക്കാ മെന്നതു ഗുണദോഷവിചാരം മാത്രമല്ല, നിത്യയാഥാർഥ്യം കൂടിയാണ്. നമ്മുടെ പെരുമാറ്റങ്ങൾ വളരെയേറെ സ്വാർഥപരമാകുമ്പോൾ അതു തിരിച്ചറിയുവാൻ സമൂഹത്തിന് (എന്നു വച്ചാൽ മറ്റു വ്യക്തികൾക്ക്) ഏറെ സമയം വേണ്ട. നമ്മുടെ സ്വാർഥഭാവം സമൂഹം തിരിച്ചറിയുമ്പോൾ അതിന്റെ തിക്തഫലം സ്വാർത്ഥികൾ അനുഭവിക്കേണ്ടതായും വരുന്നു. പരിസ്ഥിതിയുമായുള്ള ബന്ധ ങ്ങളിലും ഇത്തരം പ്രതികരണമാണു ണ്ടാവുന്നത്. പരിസ്ഥിതി പെരുമാറ്റം സമൂഹപെരുമാറ്റത്തിൽ നിന്നു വ്യത്യസ്തമാകുന്നതു ഗുണത്തിലല്ല, അളവിലാണ് എന്നു പറഞ്ഞാൽ തെറ്റില്ല. സസ്യജാലവും ജന്തുജാലവും കല്ലും മണ്ണും നദിയും മലയും വായുവും വെള്ളവുമെല്ലാം സങ്കീർണരീതിയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നു മാത്രമല്ല, ഓരോ വിഭാഗത്തിനും അതിന്റേതായ സമ്പൂർണവ്യവസ്ഥകൾ ഉണ്ടു താനും. ഈ നിയമസംഹിതകളെക്കുറിച്ചുള്ള അവബോധം സന്തുലിതമാനവ നിലനില്പിന് ആവശ്യമാണ്. സാമൂഹിക വിരുദ്ധനടപടികളെ ക്കുറിച്ചു നാം സംസാരിക്കാറുണ്ട്. അതുപോലെ പരിസ്ഥിതി വിരുദ്ധനടപടികളുമുണ്ട് എന്നതാണു സത്യം. സാമൂഹ്യവിരുദ്ധ നടപടികൾ അരുത് എന്ന് പഴയ സദാചാര ബോധം നമ്മെ അനുശാസിക്കുന്നു. സാമൂഹ്യവിരു ദ്ധനടപടികൾ സമൂഹനാശ ത്തിനെന്ന പോലെ, പരിസ്ഥിതി വിരുദ്ധനടപടികൾ പരിസ്ഥിതി വിനാശത്തിനു വഴി തെളിക്കും. സമൂഹത്തെയും പരിസ്ഥിതി

യെയും മാനവനിലനില്പിന്റെ രണ്ടു തലത്തിലുള്ള പശ്ചാത്തല ങ്ങളായി നാം കാണേണ്ടിയിരിക്കുന്നു. ഈ കാഴ്ചപ്പാടിലാണു യന്ത്രവത്കരണപ്രക്രിയയെ നാം വീക്ഷിക്കേണ്ടത്.

യന്ത്രവത്കരണം പരിസ്ഥിതിവിനാശത്തിനു കാരണമാ കുന്നത് എങ്ങനെയൊക്കെയാണ്? നേരത്തെ സൂചിപ്പിച്ചതു പോലെ താങ്ങാനാവാത്ത തോതിൽ യന്ത്രവത്കരണം നടക്കു മ്പോഴാണ് പരിസ്ഥിതിക്കു പ്രഹരമേല്ക്കുന്നത്. കൃഷി, വ്യവ സായം, ധാതുവിഭവങ്ങളുടെ ചൂഷണം തുടങ്ങിയ മേഖലകളിൽ യന്ത്രങ്ങളുടെ സഹായത്തോടെ വൻതോതിൽ ഉത്പാദന പ്രവർത്ത നങ്ങൾ സംഘടിപ്പിക്കപ്പെടുമ്പോൾ, നമുക്ക് ആവശ്യമില്ലാത്ത പല ഉത്പന്നങ്ങളും നിർമിക്കപ്പെടുന്നുണ്ട്. മുഖ്യ ഉത്പന്നങ്ങളിൽ മാത്രമാണല്ലോ നമ്മുടെ താത്പര്യം. അവ മാത്രം സമാഹരിച്ചു സംഭരിക്കുവാനും വിതരണം ചെയ്യുവാനും ഏർപ്പാടുകളു ണ്ടാവുന്നു. മറ്റുത്പന്നങ്ങൾ സമാഹരിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, ഉപദ്രവകാരികളായ ഈ പദാർത്ഥങ്ങൾ വായുവിലും വെള്ളത്തിലും പരിസ്ഥിതിയുടെ മറ്റു ഭാഗങ്ങളിലും സ്വതന്ത്രമായി തള്ളപ്പെടുന്നു. ഈ ഉപോത്പന്നങ്ങളിൽ പലതും മലീമസമാണ്. ജലമലിനീകരണം, വായുമലിനീകരണം, ഭൂമലിനീകരണം എന്നിവയ്ക്ക് ഇതു വഴി തെളിക്കുന്നു. കഴിഞ്ഞ അനവധി സഹസ്രാബ്ദത്തിൽ നടന്നതു പോലെ മലിനീകരണം പരിമിതവും ഹ്രസ്വകാലത്തേക്ക് മാത്രവുമാകുമ്പോൾ പ്രകൃതിക്ക് ആഘാതമേല് ക്കുന്നില്ല. മലിനീകരണത്തോടൊപ്പം ശുദ്ധീകരണ വും നടക്കുന്ന തിനാൽ സക്രിയമായ ഒരു സംതുലനം പ്രകൃതിയിൽ നിലനില് ക്കുന്നു. ഈ സന്തുലിതാവസ്ഥയാണു സമീപകാലത്തു തകിടം മറിഞ്ഞിരിക്കുന്നത്.

വായു, വെള്ളം എന്നിവ മാനവനിലനില്പിന്റെ അടിസ്ഥാനാ വശ്യങ്ങളാണല്ലോ. ഭൂതലത്തിൽ ശുദ്ധജലം ഇഷ്ടം പോലെ ലഭ്യമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഹിമസാനുക്കളിൽ മാത്രമല്ല സമതലങ്ങളിലും ശുദ്ധജലാശയങ്ങൾ അനവധിയായി രുന്നു. ഇന്നു വകതിരിവില്ലാത്ത വ്യവസായവത്ക്കരണത്തിന്റെ ഫലമായി നമ്മുടെ ജലാശയങ്ങൾ മിക്കവാറും മലീമസമായിരി ക്കുന്നു. സർവവ്യവസായികൾക്കും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു



തരത്തിൽ വെള്ളമാവശ്യമാണ്. വ്യവസായത്തിനും വീട്ടാവശ്യ ത്തിനും മറ്റും ഉപയോഗിച്ചു കഴിഞ്ഞ വെള്ളമാണു മലിനജലമായി മാറുന്നത്. ഈ മലിനജലവും പുറംതള്ളപ്പെടുന്നതു വിവിധജലാ ശയങ്ങളിലേക്കു തന്നെയാണ്. ഗംഗാനദിയുടെ കഥയാണ് ജലമലിനീകരണത്തിന്റെ ഏറ്റവും നല്ല ഉദാഹരണം. സഹസ്രാബ്ദ ങ്ങളായി അനേകകോടിമാനവർക്കു കുടിവെള്ളം പ്രദാനം ചെയ്ത ഗംഗാമാതാവു കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തെ വ്യവസായ വത്കരണപ്രക്രിയയുടെ ഫലമായി ലോകത്തിലെ ഏറ്റവും വിഷലിപ്തനദിയായി മാറിയിരിക്കുന്നു. ഗംഗയുടെ ഇരുതീര ത്തിലും വളർന്നു വന്നിട്ടുള്ള ചെറുതും വലുതുമായ നൂറുകണ ക്കിനു നഗരങ്ങൾ ഗംഗാസമതലത്തിലെ യന്ത്രവത്ക്കരണപ്രക്രിയ യുടെ അപകടകരമായ പ്രതീകമാണ്. അടുത്തകാലത്ത് ആരംഭിച്ചി ട്ടുള്ള ഗംഗാശുദ്ധീകരണപദ്ധതി പരിസ്ഥിതിവിനാശം തടയുന്ന തിലുള്ള പ്രശംസാർഹമായ ഒരു നടപടിയാണ്. ജലാശയങ്ങളിലെ പരിസ്ഥിതി വിനാശം ഒഴിവാക്കുന്നതിനു നിയമനിർമാണം സമീപ കാലത്തു നടന്നിട്ടുണ്ട് എന്നതു ശരിയാണ്. ഇവ കർക്കശമായി നടപ്പാക്കിയാൽ യന്ത്രവത്ക്കരണം ഉപേക്ഷിക്കാതെ തന്നെ ജലശുദ്ധി നിലനിർത്തുവാൻ, വ്യവസായവത്ക്കരണം വളരെ യേറെ മുന്നോട്ടു പോയിട്ടില്ലാത്ത, ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ക്ഷിപ്രസാധ്യമാണ്.

സമുദ്രജലവും അടുത്തകാലത്തു മലീമസമായിത്തുടങ്ങി യിരിക്കുന്നു. കരയിൽ നിന്ന് ഒഴുകിച്ചെല്ലുന്ന മാലിന്യങ്ങൾക്കു പുറമെ എണ്ണശുദ്ധീകരണം തുടങ്ങിയ യന്ത്രവത്കരണ പ്രക്രിയകളുടെ ഫലമായി കടൽതലത്തിൽ തന്നെ കുന്നു കൂടുന്ന എളുപ്പത്തിൽ ദഹിപ്പിക്കപ്പെടാത്ത മാലിന്യങ്ങൾ സമുദ്രജലത്തിനു വൻഭീഷണിയായിരിക്കുന്നു. മത്സ്യങ്ങളും മറ്റു കടൽജീവികളും വൻതോതിൽ ചത്തൊടുങ്ങുന്നതിന് ഇത് വഴിവെച്ചിട്ടുണ്ട്. 1970-80 കാലത്തുമാത്രം 20 ലക്ഷത്തോളം ടൺ എണ്ണ കടൽതലത്തിൽ വ്യാപിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഭൂതലത്തിന്റെ കാലാവസ്ഥകളെ മൊത്തത്തിൽ നിയന്ത്രിക്കുന്ന സമുദ്രജലം ഇവ്വിധം മലിനീകൃതമാവുകയാണെങ്കിൽ ഭൂതലത്തിലെ മനുഷ്യ വാസത്തെ ദീർഘകാലാടിസ്ഥാനത്തിൽ അതു വിപരീതമായി

ബാധിക്കുന്നതാണ്. കാലാവസ്ഥയിലെ സാരമായ മാറ്റങ്ങൾ ജനജീവിതത്തെ ഗണ്യമായി ഭീഷണിപ്പെടുത്തിയേക്കാം.

വായു മലിനീകരണം കൂടുതൽ ഗൗരവമാർജിച്ചിരിക്കുന്നു. ഭോപാൽദുരന്തം ലോകമന:സാക്ഷിയെ ഇന്നും മഥിച്ചു കൊണ്ടിരിക്കുകയാണല്ലോ. ജലമലിനീകരണത്തിന് അതിർവരമ്പു കളുണ്ടെങ്കിൽ അന്തരീക്ഷമലിനീകരണത്തിന് അതിരില്ല. വായു മലിനീകരണം വഴിയുള്ള പരിസ്ഥിതിവിനാശം, തന്നിമിത്തം, വലിയ അപകടനിലയിലെത്തിയിരിക്കുന്നു. മലിനജലത്തെ ഒരു പക്ഷേ തടഞ്ഞു നിർത്താനോ അതുപയോഗിക്കുന്നതിൽ നിന്ന് ആളുകളെ മാറ്റി നിർത്തുവാനോ കഴിഞ്ഞേക്കാം. എന്നാൽ വാതകമാലി ന്യങ്ങൾ അപ്രതിരോധ്യമാണ്. അന്തരീക്ഷത്തിൽ പ്രവേശിച്ചാൽ, പ്രതീക്ഷിക്കാത്ത രീതിയിൽ അതിദൂരം വ്യാപിക്കുവാനും മലിനീകൃതവായുവിനു സാധിക്കും. വ്യവസായസ്ഥാപനങ്ങൾ, വാഹനങ്ങൾ എന്നിവയാണ് വായുമലിനീകരണത്തിന്റെ മുഖ്യ ഉറവിടങ്ങൾ. ഇവ രണ്ടും യന്ത്രവത്ക്കരണ പ്രക്രിയയുടെ പര്യായങ്ങളാണെന്നു പറയേണ്ടതില്ലല്ലോ ഫാക്ടറികളിൽ നിന്നും വാഹനങ്ങളിൽ നിന്നും പലതരം വിഷവാതകങ്ങൾ അന്തരീക്ഷ ത്തിൽ പ്രവേശിക്കുന്നുണ്ട്. കാർബൺമോണോക്സൈഡ്,. സൾഫർ ഡയോക്സൈഡ്, ലെഡ്, അമോണിയ, ക്ലോറിൻ ഹൈഡ്രോകാർബണുകൾ, നൈട്രജൻ ഓക്സൈഡ് തുടങ്ങിയവ ഇതിൽപ്പെടുന്നു. ഇവയിൽ ചില വാതകങ്ങൾ (സൾഫർ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡ്) അമ്ലങ്ങളായി രൂപാന്തരപ്പെട്ട് അമ്ലമഴ പെയ്യുകയെന്നതു യൂറോപ്പിൽ പല രാജ്യങ്ങളിലും സർവസാധാരണമായിരിക്കുന്നു.

ഇന്ത്യയിലെ നഗരങ്ങളിൽ അറുപതുശതമാനം വായുവി നാശനം സംഭവിക്കുന്നതു വാഹനങ്ങൾ വമിക്കുന്ന വാതകത്തിൽ നിന്നാണ്. പലതരം വാതകങ്ങളും പൊടിപടലവും ചേർന്ന് ഉണ്ടാകുന്ന പുകമഞ്ഞു നമ്മുടെ നഗരങ്ങളെ ചിലപ്പോഴൊക്കെ വലയം ചെയ്യാറുണ്ട്. അത്യധികം അപകടകരമായ അവസ്ഥ ഇതുമൂലം സംജാതമാകാറുണ്ട്. ഒരു നഗരത്തിലെ ജനങ്ങളെയാകെ അസ്വസ്ഥരാക്കുവാൻ പുകമഞ്ഞിനുശേഷിയുണ്ട്. തലവേദന,



ഛർദി, ഹൃദ്രോഗം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ഇതുമൂലം ഉണ്ടാകാവുന്നതാണ്. ഗ്രേറ്റർ ബോംബെയിൽ മാത്രം 5 ലക്ഷത്തി ലേറെ വാഹനങ്ങളുണ്ട്. ഇവ നിത്യം 400 ടൺ കാർബൺ മോണോക്സൈഡ് അന്തരീക്ഷത്തിലേക്കു തുപ്പുന്നു. ആധുനികയു ഗത്തിൽ യന്ത്രവത്കരണത്തിന്റെ ഏറ്റവും പ്രകടമായ പ്രതീകം വാഹനമാണ്. യന്ത്രവത്ക്കരണം പരിസ്ഥിതിവിനാശത്തിനു നേരിട്ടു കാരണമാകുന്നതും വാഹനങ്ങൾ വഴി തന്നെ. വാഹനങ്ങൾ മൂലമുള്ള വായുമലിനീകരണം തടയേണ്ടത്, തന്നിമിത്തം, അടിയന്തരാവശ്യമാണ്.

വായുമലിനീകരണം ദീർഘകാലാടിസ്ഥാനത്തിലും ഭൂമിയുടെ അന്തരീക്ഷത്തെ ഹനിക്കുന്നുണ്ട്. അന്തരീക്ഷത്തിലെ ഓസോൺ സംഭരണത്തിനു ഹാനിവരുത്തുവാൻ വായുവിലെ മാലിന്യ ങ്ങൾക്കു സാധിക്കുന്നു. അൾട്രാവയലറ്റ് തുടങ്ങിയ നിരവധി അദൃശ്യരശ്മികളിൽനിന്നു ഭൂമിയിലെ ജീവജാലങ്ങളെ സംരക്ഷി ക്കുന്നത് ഓസോൺ വലയമാണ്. അന്തരീക്ഷത്തിനു രണ്ടു പാളികളുണ്ട് - അധോമണ്ഡലവും ഉപരിമണ്ഡലവും. ഭൂതലത്തിൽ നിന്ന് ഏതാണ്ട് 15-20 കിലോമീറ്റർ വരെ പൊക്കമുള്ള അന്തരീക്ഷപാളി അധോമണ്ഡലവും അതിനുമുകളിൽ 50 കിലോമീറ്റർ വരെ ഉയരമുള്ള അന്തരീക്ഷപാളി ഉപരിമണ്ഡല വുമാകുന്നു. അധോമണ്ഡലത്തിൽ ഉയരം കൂടുന്തോറും താപനില കുറഞ്ഞു വരുന്നു. ഉപരിമണ്ഡലത്തിലാകട്ടെ ഉയരം വർധിക്കുന്നതിനനുസരിച്ചു താപവും വർധിക്കുന്നു. ഈ താപാവസ്ഥകൾ നിയന്ത്രിക്കുന്നത് ഓസോൺ വലയമാണ്. ഓസോണിന്റെ അസാന്നിധ്യം മേല്പറഞ്ഞ നിയന്ത്രണത്തെ ഇല്ലാതാക്കുന്നു. താപത്തിന്റെ മാത്രമല്ല, പൊടിപടലങ്ങളുടെയും മിശ്രണത്തിന് ഇതു വഴി വയ്ക്കുന്നു. അസാധാരണമായ ഈ അന്തരീക്ഷപ്രതിഭാസം ഭൂതലത്തിൽ മനുഷ്യനുൾപ്പടെയുള്ള ജീവജാലങ്ങൾക്കു ഭീഷണിയാവുന്നു. ഓസോണിന്റെ അളവിൽ 1 ശതമാനം കുറവു വരുകയാണെങ്കിൽ ഭൂമിയിലെത്തുന്ന അൾട്രാ വയലറ്റു കിരണങ്ങൾ 2 ശതമാനം കണ്ടു വർധിക്കുന്നു. ക്യാൻസർ ഉൾപ്പടെ പല ഘടനാപരമായ രോഗങ്ങളും ഇതിന്റെ ഫലമായി മനുഷ്യനെ പിടികൂടിയേക്കാം. സസ്യങ്ങളിൽ അവയുടെ

നിലനില്പിന്നാവശ്യമായ ക്ലോറോഫിലിന്റെ ഉത്പാദനത്തെ പ്പോലും കൂടിയ അൾട്രാവയലറ്റു രശ്മികൾ അസാധ്യമാക്കി യേക്കാം. മറ്റു ജന്തുജാലങ്ങളെയും അൾട്രാവയലറ്റു രശ്മികൾ സാരമായി ഭീഷണിപ്പെടുത്തുന്നുണ്ട്.

യന്ത്രവത്കരണത്തിന്റെ അത്യാധുനികമായ പ്രതീകം ആണവോർജമാണ്. മനുഷ്യന്റെ ഊർജ്ജാവശ്യങ്ങൾ പൂർണമായി നിർവഹിക്കുവാൻ ശേഷിയുള്ളത് ആണവോർജത്തിനാണെന്നതു സുവിദിതമാണ്. ഏറ്റവും സ്ഥിരവും വിലകുറഞ്ഞതുമായ ഊർജോറവിടം അണുകേന്ദ്രം തന്നെയെന്നതു ശരിയാണ്. റിയാക്ടറുകൾക്കുസമീപം താമസിക്കുന്നവർക്കു ശാശ്വതഭീഷ ണിയാണ് റേഡിയേഷൻ. അണുകേന്ദ്രത്തിൽ നിന്നുണ്ടാകുന്ന ഉപോത്പന്നങ്ങൾക്ക് ഒരു ലക്ഷം വർഷത്തോളം പ്രസരണശക്തി യുണ്ടാകുന്നതാണ്. അതിനാൽ ഉപയോഗശൂന്യമായ ഉപോത്പ ന്നങ്ങൾ എങ്ങനെ, എവിടെ സുരക്ഷിതമായി കളയുമെന്നത് ഇന്നും പ്രശ്നമാണ്. ആണവ ഊർജ കേന്ദ്രത്തിനു കേടുപാടുകളോ ചോർച്ചയോ സംഭവിക്കുകയാണെങ്കിൽ ഗുരുതരമായ ഭവിഷ്യ ത്തുകൾ ഉണ്ടാകുന്നതാണ്. അടുത്തകാലത്തു സോവിയറ്റു യൂണിയനിലുണ്ടായ അപകടം ഇന്നും നമ്മുടെ സ്മൃതിപഥത്തി ലുണ്ടല്ലോ. അണുകേന്ദ്രവികിരണം തികച്ചും മാരകമാകാം. ക്യാൻസർ വ്യാധിയാണു പ്രധാനഭീഷണി. കൂടാതെ, ദേഹത്തിന്റെ പ്രതിരക്ഷീകരണസംവിധാനമാകെ താറുമാറായെന്നു വരാം. ഇതിന്റെ ഫലമായി മാറാരോഗങ്ങളും അംഗവൈ കല്യങ്ങളും സംഭവിക്കാം. സർവോപരി പ്രസരണം മൂലമുണ്ടാകുന്ന രോഗാണു തലമുറകളിലൂടെ കടന്നുപോയെന്നു വരാം. കാരണം അതു പലപ്പോഴും ഹാനിപ്പെടുത്തുന്നതു ദേഹത്തിന്റെ ജനിതക സമ്പത്തിനെയാണ്. വായുമലിനീകരണത്തെപ്പോലെ, അണു പ്രസരണം മനുഷ്യനിർമിതമായ അതിരുകളെ കടന്ന് അനവധി ജനവിഭാഗങ്ങളെ ഭീഷണിപ്പെടുത്തിയെന്നു വരാം. ഇത്രയൊക്കെ അപകടസാധ്യതയുണ്ടെങ്കിലും വികസ്വരമായ ഊർജാവശ്യം കണക്കിലെടുത്ത് ആണവനിലയങ്ങൾ സ്ഥാപിക്കുവാൻ പല രാജ്യങ്ങളും പരിപാടിയാവിഷ്കരിച്ചിരിക്കുന്നു. ഈ നൂറ്റാണ്ടു കഴിയുമ്പോഴേക്കും ലോകത്ത് ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി



യുടെ നാലിലൊന്ന് ആണവാധിഷ്ഠിതമായിരിക്കുമെന്നു കണക്കാ ക്കപ്പെട്ടിരിക്കുന്നു. പരിസ്ഥിതിവിനാശം ഒഴിവാക്കുവാൻ മുൻ കരുതലുകൾ എടുക്കുവാനല്ലാതെ, ഏറ്റവും അപകടകരമായ യന്ത്രവത്കരണപ്രക്രിയയെപ്പോലും കൈവിടാൻ മനുഷ്യൻ തയ്യാറില്ലെന്നു സാരം.

യന്ത്രവത്കരണത്തിന്റെ മറ്റൊരു സന്തതി ശബ്ദമലിനീ കരണമാണ്. ഏതുയന്ത്രവും ശബ്ദമുണ്ടാക്കും. യന്ത്രത്തിന്റെ സങ്കീർണതയ്ക്കനുസരിച്ചു ശബ്ദവും കൂടിയെന്നു വരാം. നഗരത്തിൽ ഏറ്റവുമധികം ശബ്ദമുണ്ടാക്കുന്നതു വാഹനങ്ങളും പലതരം വ്യവസായശാലകളുമാണ്. ഇതൊന്നും പോരാഞ്ഞിട്ട് എന്നവണ്ണം കൃത്രിമമായി ശബ്ദം പെരുപ്പിക്കുവാനുള്ള ശ്രമങ്ങളും ഇന്ന് അനവധിയാണ്. പാട്ട്, ഭക്തിപ്രകടനം, പ്രസംഗം, പ്രക്ഷോഭങ്ങൾ, ആഘോഷങ്ങൾ, ഉത്സവങ്ങൾ എന്നിങ്ങനെ പോകുന്നു ഇവയുടെ പട്ടിക. അധികരിച്ച ശബ്ദങ്ങൾ അന്ത രീക്ഷത്തെ മലിനമാക്കുന്നു. ശബ്ദമലിനീകരണം എന്നാണ് ഇതു വി വരിക്കപ്പെടുന്നത്. വ്യവസായത്തൊഴിലാളികളെയാണു ശബ്ദമലി നീകരണം ഏറ്റവും കൂടുതൽ ബാധിക്കുന്നതെങ്കിലും നഗരവാസി കൾക്കു പൊതുവേ ശബ്ദം ഒരു ഭീഷണിയായിത്തീർന്നിരി ക്കുകയാണ്

യന്ത്രവത്കരണത്തിന്റെ ഫലമായുണ്ടാകുന്ന പരിസ്ഥിതി വിനാശത്തെ തടയുവാൻ കൂടുതൽ വിപുലമായ നിയമസംഹി തയും അവ കർക്കശമായി നടപ്പാക്കുവാൻ സുശക്തമായ പരിസ്ഥിതിസംരക്ഷണസേനയും ആവശ്യമായിരിക്കുന്നു. സമാധാനപൂർണമായ സാമൂഹികജീവിതം ഉറപ്പു വരുത്തുവാൻ വേണ്ടത്ര നിയമങ്ങൾ നമുക്കുണ്ട്. അവ പ്രായോഗിമാക്കുവാൻ പോലീസ് സംവിധാനവും സേനാസംവിധാനവും ഉണ്ട്. പരിസ്ഥിതിഭദ്രത കൈവരിക്കാനും ഇത്തരം സംവിധാനങ്ങൾ ആവശ്യമാണ്. പരിസ്ഥിതിബോധം മനുഷ്യരിൽ രൂഢമൂലമാകേണ്ടി യിരിക്കുന്നു. മനുഷ്യൻ സാമൂഹ്യജീവിയാണ് എന്നതു പോലെയുള്ള സത്യപ്രസ്താവനയാണ് അവൻ പരിസ്ഥിതിജീവി യാണ് എന്നത്. മനുഷ്യനെന്ന യാഥാർത്ഥ്യം വ്യക്തിവികാസം, സാമൂഹികഭദ്രത, പരിസ്ഥിതി എന്നീ മൂന്നു ഘടകങ്ങളെ ആശ്രയിക്കുന്നു വെന്നർത്ഥം.

# 9. നമ്പ്യാരുടെ പൊടിക്കൈകൾ

ടി.എം.ചുമ്മാർ

[പദ്യസാഹിത്യചരിത്രം, ഭാഷാഗദ്യസാഹിത്യചരിത്രം എന്നീ പ്രശസ്ത സാഹിത്യചരിത്രഗ്രന്ഥങ്ങളുടെ കർത്താവാണ് ടി.എം. ചുമ്മാർ (1899-1988). മഹാകവി കുഞ്ചൻ നമ്പ്യാർ, സി.വിയുടെ ചരിത്രാഖ്യായികകൾ, സുവർണ്ണ കൈരളി, സാദരസ്മരണകൾ കവിരാമായണയുദ്ധം തുടങ്ങിയ മറ്റുപലകൃതികളും അദ്ദേഹത്തിന്റേതായി നമുക്ക് ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സരസവും വിജ്ഞാനപ്രദവുമായ ലേഖനങ്ങളിലൊന്നാണ് ഇവിടെ എടുത്തു ചേർത്തിട്ടുള്ളത്]

ഫലിതപരിഹാസങ്ങളുടെ തനിസ്വരൂപമായിരുന്നു മഹാകവി കുഞ്ചൻ നമ്പ്യാർ. അദ്ദേഹത്തിന്റെ തുള്ളൽക്കഥകളിൽ കാണുന്നതു പോലെ അത്ര ബഹുലമായും സരസമായുമുള്ള ഫലിതപരിഹാസങ്ങൾ മലയാളത്തിൽ മറ്റൊരു കൃതിയിലും ഇല്ലെന്നുള്ളതു നിർവ്വിവാദമാണ്. ഫലിതത്തിന്റെ ഒരു പര്യായമായിട്ടു കൂടി തുള്ളലുകളെ കണക്കാക്കാമെന്നു തോന്നുന്നു നേരായ മാർഗ്ഗം വെടിഞ്ഞ് അപഥസഞ്ചാരം ചെയ്യുന്ന സമുദായാംഗങ്ങളെ സുപഥത്തിലേക്കു നയിച്ചു കർത്തവ്യകുതുകികളാക്കിത്തീർക്കണമെന്നുള്ള വിചാരമാണ് നമ്പ്യാർക്ക് ഈ വിഷയത്തിൽ ഉണ്ടായിരുന്നത്. സമുദായാംഗങ്ങളിൽ ഉള്ള ഗുണഭാഗങ്ങളെക്കാൾ ദോഷഭാഗങ്ങളെയാണ് അദ്ദേഹം എന്നും ദർശിക്കയും സ്പർശിക്കയും ചെയ്തിരുന്നതെന്നും പറയേണ്ടതുണ്ട്. എന്നാൽ ശകാരബഹളങ്ങൾക്കിടയിൽത്തന്നെ പൊട്ടിച്ചിരികളും തുടർന്നു കേൾക്കാം. തുള്ളലുകളിൽ പ്രയോഗിച്ചിട്ടുള്ള ഫലിതോക്തികളോളം പ്രാധാന്യമില്ലെങ്കിലും, സന്ദർഭവിശേഷം കൊണ്ട് അവയേക്കാൾ രസനിഷ്യന്ദികളായി തോന്നുന്ന ചില ഫലിതങ്ങൾ, നമ്പ്യാർ അമ്പലപ്പുഴയിലും തിരുവനന്തപുരത്തും താമസിച്ചിരുന്നകാലത്തു പ്രയോഗിച്ചിട്ടുള്ളതായി കേട്ടുകേൾവിയുണ്ട്. അത്തരം ഫലിതപ്രയോഗങ്ങളിൽ ചിലതിനെയാണ് നമ്പ്യാരുടെ പൊടിക്കൈകൾ എന്ന പേരിൽ ഇവിടെ വിവരിക്കുവാൻ തുടങ്ങുന്നത്.



മനുഷ്യമനസ്സ് എല്ലായ്പ്പോഴും ആനന്ദത്തെ അഭിലഷിച്ചു കൊണ്ടിരിക്കുന്നുവെന്നുള്ളതു നമുക്കനുഭവമാണ്. മനസ്സിന്റെ ഈ തൃഷ്ണയെ മനസ്സിലാക്കി മനുഷ്യാത്മാവ് ആനന്ദ സ്വരൂപനാണെന്നു പോലും വേദാന്തികളിൽ ചിലർ നിർണ്ണയിച്ചിട്ടുണ്ട്. മനസ്സിന് ഉല്ലാസത്തെയും ഉന്മേഷത്തെയും അനുഭവയോഗ്യമാക്കിത്തീർക്കുന്ന വിഷയത്തിൽ ഫലിതോക്തിയോളം ശക്തി മറ്റൊന്നിനും ഇല്ല തന്നെ. പുരാതനകാലങ്ങളിൽ രാജാക്കന്മാർ ഫലിതപ്രയോഗചതുരന്മാരായ വിദൂഷകന്മാരെ സന്തതസഹചാരികളായി ഏർപ്പെടുത്തിയിരുന്നതിന്റെ രഹസ്യം ഇതു തന്നെയായിരുന്നു. കുലശേഖരചക്രവർത്തിയുടെ സഹചാരിയായിരുന്ന തോലന്റെ കഥ പ്രസിദ്ധമാണല്ലോ. ശാകുന്തളത്തിലെ മാഢവ്യനും, സ്വപ്നവാസവദത്തയിലെ വസന്തകനും അനുവാചകരുടെ സ്മൃതിപഥത്തിൽ നിന്ന് ഒരിക്കലും മറഞ്ഞു മാറുകയില്ല. അവർ എന്നും വായനക്കാരുടെ പ്രീതിഭാജകങ്ങളത്രേ.

സന്ദർഭങ്ങൾ വളരെ സൂക്ഷിച്ചു പ്രയോഗിക്കപ്പെടുന്ന ഫലിതോക്തികൾക്ക് ആളുകളെ ആകർഷിക്കുവാൻ ഒരു പ്രത്യേകശക്തിയുണ്ട്. വിപരീതമായാലുള്ള ഫലവും അതുപോലെത്തന്നെ. അനേകവിധത്തിലുള്ള പരിശ്രമം കൊണ്ടു മാത്രം സാധിക്കേണ്ടതായ ചില സംഗതികൾ, ഒരു പക്ഷേ, വിവിധപ്രയത്നം കൊണ്ടും സാധിക്കാൻ കഴിയാത്തതായ ചില സംഗതികൾ, സരസ്വതീവിലാസഭാസുരന്മാരായ ചിലരുടെ ഫലിതപ്രയോഗങ്ങൾ കൊണ്ടു സാധിച്ചിട്ടുള്ളതായി നമുക്ക് പല അനുഭവങ്ങളുമുണ്ട്. മത്തഗജത്തെ മർമ്മപ്രയോഗം കൊണ്ട് ആനക്കാരൻ പിടിച്ചൊതുക്കാറുള്ളതുപോലെ, അധൃഷ്യനും ദുർവ്വാരകോപാനലനുമായ ഏതു രാജാവിനെയും ലളിതശാന്തനാക്കിത്തീർക്കുവാനുള്ള ശക്തി ഫലിതപ്രയോഗചതുരന്മാർക്കു സ്വായത്തമാണ്. ഫലിതപ്രയോഗത്തിന് ഇങ്ങനെ ഭുവനമോഹനമായ ഒരു വശീകരണശക്തിയുണ്ടെങ്കിലും ജനസഞ്ചയത്തിൽ ദുർല്ലഭം ചിലരിൽ മാത്രമേ ഈ അനുഗ്രഹശക്തി കാണപ്പെടുന്നുള്ളൂ. അപ്രകാരമുള്ള ആ അപൂർവ്വശക്തി സുലഭമായി നേടിയിരുന്ന ഒരു അനുഗൃഹീത പുരുഷനാണ് കുഞ്ചൻ നമ്പ്യാർ.

രസികശിരോമണിയായ കുഞ്ചൻനമ്പ്യാർ അമ്പലപ്പുഴ താമസിച്ചു കൊണ്ടിരുന്ന കാലത്ത് ഒരു നേരംപോക്കുണ്ടായി.

വെറും നേരംപോക്കല്ല, അസാദ്ധ്യമായ ഒരു കാര്യസിദ്ധി തന്നെയായിരുന്നു അത്. ചെമ്പകശ്ശേരി രാജാവായ ദേവനാരായണസ്വാമിയുടെ ആചാര്യനും ഉപദേഷ്ടാവുമായി 'കൈപ്പിഴ' എന്നൊരു നമ്പൂതിരി ആ രാജധാനിയിൽ താമസിച്ചിരുന്നു. കൈപ്പിഴ പറയുമ്പോലെയാണ് രാജാവ് സകലതും പ്രവർത്തിച്ചിരുന്നത്. തനിക്ക് എന്തും സാധിക്കും എന്നൊരു ഗർവ്വ് നമ്പൂതിരിക്കുമുണ്ടായിരുന്നു. ഇതു മറ്റു സേവകന്മാർക്കു ചിത്തശല്യമായിത്തീർന്നിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. കൊട്ടാരത്തിൽ നിത്യവും വന്നുചേരുന്ന തിരുമുൽക്കാഴ്ചകൾ ഒന്നൊഴിയാതെ നമ്പൂതിരി ഇല്ലത്തേക്കു കൊണ്ടുപോകുകയായിരുന്നു പതിവ്. സേവകന്മാരിൽ പലർക്കും ഈ പ്രവൃത്തിമൂലം കൈപ്പിഴയുടെ നേരെ അസൂയയും കോപവും മുഴുത്തു. പക്ഷേ, നമ്പൂതിരിയുടെ സേവാശക്തിയെ ഭയന്ന് ആരും ഒന്നും പറയാറുണ്ടായിരുന്നില്ല. ഇക്കാലത്തു നമ്മുടെ കവീന്ദ്രൻ അവിടെ താമസിച്ചു വരികയായിരുന്നു. കൈപ്പിഴയെ രാജാവിൽ നിന്നകറ്റുവാൻ സേവകന്മർ വിരുതനായ നമ്പ്യാരെത്തന്നെ ചട്ടം കെട്ടി; അതിലേക്കു പ്രേരിപ്പിച്ചു. നമ്പ്യാർക്കും നമ്പൂതിരിയുടെനേരെ അത്ര തൃപ്തിയുണ്ടായിരുന്നില്ല. ഒരിക്കൽ ചെമ്പകശ്ശേരി രാജാവ് കൈപ്പിഴയോടൊന്നിച്ച് എഴുന്നള്ളിവരികയായിരുന്നു. ആ സന്ദർഭത്തിൽ നമ്പ്യാർ ഒരു പാത്രവുമെടുത്തു കൊണ്ട് എതിരെ നടന്നു ചെന്നു. രാജാവിന്റെ എഴുന്നള്ളത്തു സമീപത്തായപ്പോൾ കൈയിൽ പിടിച്ചിരുന്ന പാത്രം നമ്പ്യാർ മന:പൂർവ്വം താഴെ ഇട്ടുകളഞ്ഞു. ശബ്ദം കേട്ട ഉടനെ രാജാവു നമ്പ്യാരെ വിളിച്ച്, പാത്രം താഴെ ഇട്ടതെന്തിനാണെന്നു കല്പിച്ചു ചോദിച്ചു. നമ്പ്യാരാകട്ടെ, ഒട്ടും കൂസൽ കൂടാതെ, ''കൈപ്പിഴ വന്നതു കൊണ്ടുള്ള ഗ്രഹപ്പിഴ''യാണെന്നു തിരുമനസ്സുണർത്തിച്ചു. ഇംഗിതജ്ഞരായ രാജാവും നമ്പൂതിരിയും ഒന്നുപോലെ പൊട്ടിച്ചിരിച്ചുപോയി. നമ്പ്യാരുടെ ഫലിതചാതുര്യം ഓർത്തു രാജാവു വളരെ സന്തോഷിച്ചു. അന്നുമുതൽ കൈപ്പിഴയുടെ ലോഭചാഞ്ചല്യങ്ങൾക്കും കുചേഷ്ടിതങ്ങൾക്കും വളരെ ഒതുക്കമുണ്ടായി എന്നാണു പറയപ്പെടുന്നത്.

നമ്മുടെ ഈ രസികാഗ്രഗണ്യൻ തിരുവനന്തപുരത്തു താമസിച്ചിരുന്നപ്പോൾ അനേകം നേരംപോക്കുകൾ തട്ടി



മൂളിച്ചിട്ടുള്ളതായി പല കഥകളുമുണ്ട്. കുഞ്ചൻ നമ്പ്യാർ ഒരു ദിവസം രാവിലെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ തൊഴുന്നതിനായി ചെന്നു. അവിടത്തെ പ്രധാന ശാന്തിക്കാരനായിരുന്ന നമ്പി, നമ്പ്യാരോടു ആരാണെന്നു ചോദിച്ചു. അതിനു നമ്മുടെ സരസൻ 'നമ്പിയാര്' എന്ന ഉത്തരം ചോദ്യരൂപത്തിൽ തട്ടിവിട്ടു. ഈ തിരിച്ചടി നമ്പിയെ കോപാക്രാന്തനാക്കിത്തീർത്തു. നമ്പ്യാർ പ്രവർത്തിച്ചതു ധിക്കാരമാണെന്നു ധരിച്ച്, നമ്പി വിവരം തിരുമനസ്സറിയിച്ചു. മഹാരാജാവ് നമ്പ്യാരെ വരുത്തി ഉണ്ടായ പരമാർത്ഥം പറയുവാൻ കല്പിച്ചപ്പോൾ,

''നമ്പി ആരെന്നു ചോദിച്ചു
നമ്പിയാരെന്നു ചൊല്ലിനേൻ
നമ്പി കേട്ടഥ കോപിച്ചു
തമ്പുരാനേ പൊറുക്കണം.''

എന്നൊരു ശ്ലോകം ചൊല്ലി വിവരം ഉണർത്തിച്ചതായും നമ്പ്യാരുടെ രസികത്വം മനസ്സിലാക്കി തിരുമനസ്സു കൊണ്ട് വളരെ സന്തോഷിച്ചതായും കേൾവിയുണ്ട്

ഒരിക്കൽ മാർത്താണ്ഡവർമ്മ മഹാരാജാവ് അമ്പലപ്പുഴയ്ക്ക് എഴുന്നള്ളി. അമൃതേത്തു കഴിഞ്ഞ് അദ്ദേഹം സേവകന്മാരുടെ അടുക്കലെത്തി. നേരംപോക്കിനും സേവകന്മാരുടെ മന:സ്ഥിതി അറിയുന്നതിനും വേണ്ടി, 'ഇന്നത്തെ പാല്പായസത്തിന് അല്പം കയ്പുണ്ടെ'ന്നു അവിടന്ന് അവരോട് അരുളിച്ചെയ്തു. പാൽപ്പായസത്തിൽ അതിയായ ബുഭുക്ഷയുണ്ടായിരുന്നിട്ടും രാജപ്രീതിയെ ലാക്കാക്കി അവർ എല്ലാവരും വിളമ്പിയ പാല്പായസം കയ്ക്കുന്നു എന്നു പറഞ്ഞ് ഉണ്ണാതിരുന്നു. എന്നാൽ നമ്പ്യാരാകട്ടെ വാരിക്കോരിക്കുടിച്ചു തുടങ്ങി. ഇതു കണ്ടു നിന്നിരുന്ന മഹാരാജാവ് 'എന്താ കുഞ്ചാ, പായസം കയ്ക്കുന്നില്ലേ?' എന്നു കല്പിച്ചു ചോദിച്ചു. അതിനു നമ്പ്യാർ, 'പാല്പായസത്തിന് അല്പം കയ്പുണ്ട്. പാലിന്റെയും പഞ്ചസാരയുടെയും കയ്പാണ്. പക്ഷേ, അടിയന് അതു വളരെ പത്ഥ്യമാണ്' എന്നാണ് തിരുമനസ്സുണർത്തിച്ചത്. ബുദ്ധിമാനായിരുന്ന മഹാരാജാവ് ഈ ഫലിതോക്തി കേട്ടു വളരെ സന്തോഷിച്ചു. അമ്പലപ്പുഴ പാല്പായസം കയ്ക്കുന്നു എന്നു പറഞ്ഞ് അതു ഭക്ഷിക്കാതിരുന്ന

സേവകന്മാർ വിഡ്ഢികളായി തലതാഴ്ത്തേണ്ടി വന്നു എന്നു പറയേണ്ടതില്ലല്ലോ.

വേറൊരു സന്ദർഭത്തിൽ ആ മഹാരാജാവ് ആശ്രിതന്മാരായിരുന്ന കവികളൊന്നിച്ച് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ എഴുന്നള്ളി. ആയിടെ പുതുതായി പണിയിച്ചിരുന്ന കമ്പവിളക്കു തൃക്കൺപാർക്കുവാനാണ് തിരുമേനി അങ്ങോട്ടെഴുന്നള്ളിയത്. വിളക്കിന്റെ വിചിത്രമായ പണി കണ്ടു മഹാരാജാവ് വളരെ സന്തുഷ്ടനായി. കൂടെയുണ്ടായിരുന്ന കവികളോട് ആ ദീപസ്തംഭത്തെ വർണ്ണിച്ചു ശ്ലോകങ്ങളുണ്ടാക്കുവാൻ അവിടുന്നാജ്ഞാപിച്ചു. ഓരോരുത്തരും അവരവരുടെ മനോധർമ്മത്തിനൊത്തവണ്ണം ശ്ലോകങ്ങൾ നിർമ്മിക്കുവാൻ തുടങ്ങി. അനേകമനേകം അലങ്കാരങ്ങളും അർത്ഥവൈചിത്ര്യങ്ങളും നിറഞ്ഞുള്ള നെടുനെടുങ്കൻ ശ്ലോകങ്ങൾ എഴുതി, അവർ മഹാരാജാവിനെ ചൊല്ലിക്കേൾപ്പിച്ചു. എന്നാൽ നമ്പ്യാരോ? ഒരു ചെറിയ ശ്ലോകം മാത്രമാണ് ചൊല്ലിയത്:

''ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണം പണം
ഇത്യർത്ഥ ഏഷാം ശ്ലോകാനാം
അല്ലാതൊന്നും ന വിദ്യതേ.''

ഇതായിരുന്ന ആ ശ്ലോകം. നമ്പ്യാരുടെ ഈ പൊടിക്കൈ മറ്റുള്ള കവികളെ എത്രമാത്രം ലജ്ജിതരാക്കിത്തീർത്തുവെന്നു പറയേണ്ടതില്ലല്ലോ.

മാർത്താണ്ഡവർമ്മ മഹാരാജാവ് 933-ൽ നാടുനീങ്ങിയപ്പോൾ അവിടുത്തെ ഭാഗിനേയനായ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവാണ് പിന്നീട് രാജ്യം ഭരിക്കുവാൻ തുടങ്ങിയത്. പണ്ഡിതവരേണ്യനായിരുന്ന ആ തിരുമേനിയുടെ കാലത്ത് അനേകം പ്രശസ്തകവികൾ അവിടുത്തെആശ്രയിച്ചു തിരുവനന്തപുരത്തു താമസിച്ചിരുന്നു. അവരിൽ ഒരാളാണ് ആട്ടക്കഥാകർത്താക്കളിൽ അഗ്രഗണ്യനായ ഉണ്ണായിവാര്യർ. വാരിയരുടെ ജീവിതകാലം നമ്പ്യാർക്ക് ഒരുനൂറ്റാണ്ടിനു മുമ്പായിരുന്നുവെന്നും മറ്റും മഹാകവി ഉള്ളൂർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം വിസ്മരി



ക്കുന്നില്ല. എന്നാൽ ആ വിഷയത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇവിടെയധികം പ്രസക്തിയില്ലല്ലൊ. എന്നു തന്നെയുമല്ല, ഉണ്ണായിവാര്യർ, കാർത്തിക തിരുനാൾ തമ്പുരാന്റെ ആശ്രിതനും, നമ്പ്യാരുടെ സ്നേഹിതനും ആയിരുന്നുവെന്നുള്ള ഐതിഹ്യത്തെ തീരെ പരിത്യജിക്കത്തക്ക തെളിവുകളൊന്നും ഇനിയും ആരും പ്രദർശിപ്പിച്ചു കഴിഞ്ഞിട്ടുമില്ല. ആ സ്ഥിതിക്കു നിലവിലുള്ള ഐതിഹ്യങ്ങളെത്തന്നെ നമുക്കു പിന്തുടരാം

ഒരിക്കൽ ഉണ്ണായിവാര്യരും കുഞ്ചൻ നമ്പ്യാരും പത്മതീർത്ഥക്കരയിൽ വെച്ചു കണ്ടുകൂടി. ആ അവസരത്തിൽ പത്മതീർത്ഥത്തിൽ കുളിക്കുവാനായി കാതിൽ ഓല ധരിച്ചിട്ടുള്ള ഒരു പ്രഭുതരുണി, താലിയും മറ്റും കൈയിലെടുത്ത സുന്ദരിയായ ഒരു ദാസിയോടു കൂടി വരുന്നതു കണ്ട്' അവർ തങ്ങളെ കടന്നു പോയ നിമിഷത്തിൽ 'കാതിലോല' എന്നു വാര്യർ ഉദീരണം ചെയ്തു. രസികപുംഗവനായ നമ്പ്യാരാകട്ടെ, 'നല്ലതാളി' എന്ന മറുപടിയും നല്കി. കാതിലോല എന്നതിന്, കാ അതിലോല? ഇവരിൽ അതിസുന്ദരി ആര്? എന്നും, നല്ലതാളി എന്നതിന് നല്ലത് ആളി (ദാസി) എന്നും വ്യംഗ്യമായ ഒർത്ഥമുണ്ടല്ലോ. അവരുടെ ഫലിതപ്രയോഗചാതുര്യവും ആ വ്യംഗ്യാർത്ഥത്തിലാണ് സ്ഥിതി ചെയ്യുന്നത്. വാര്യരും നമ്പ്യാരും തമ്മിലുള്ള ആദ്യപരിചയവും പത്മതീർത്ഥക്കരയിൽ വച്ച് ഇങ്ങനെ മേല്പറഞ്ഞ ഫലിതപ്രയോഗത്തോടു കൂടിയായിരുന്നുവെന്നാണ് ഐതിഹ്യം.

ഇവർ തമ്മിൽ വേറൊരു നേരംപോക്കുമുണ്ടായിട്ടുണ്ട്. അത് ഇതിനേക്കാൾ രസാവഹമാണ്. ഒരിക്കൽ, രാവിലെ എഴുന്നേറ്റ് വാര്യർ മുറിയിൽ നിന്നു വെളിയിലേക്കു കടന്നു പോവുകയായിരുന്നു. നമ്പ്യാർ അപ്പോഴും ശയ്യാതലത്തിൽ നിന്ന് എഴുന്നേറ്റിരുന്നില്ല. വാര്യർ കടന്നു പോകുമ്പോൾ വഴിക്ക് നമ്പ്യാരെ ഒന്നു ചവിട്ടുവാനിടയായി ''അറിയാതെ ചവുട്ടിയാൽ, ഗുരുപാദം കൊണ്ടാണെന്നു കരുതി ക്ഷമിക്കണം'' എന്നു വാര്യർ ഭംഗിയായി അതിനു ക്ഷമയാചനം ചെയ്തു. ആ നിമിഷത്തിൽത്തന്നെ, ''വല്ലതും കിട്ടിയാൽ അതു ദക്ഷിണയായും കരുതിക്കൊള്ളണ''മെന്നു പ്രത്യുത്പന്നമതിയായ നമ്പ്യാർ സമുചിതമായ മറുപടിയും നല്കി. നോക്കുക, നമ്പ്യാരുടെ സന്ദർഭോചിതമായ

ഫലിതപ്രയോഗചാതുര്യം. ഇതല്ലേ അനുഗൃഹീതമായ സരസ്വതീ നടനം!

ഈ കവികളെ സംബന്ധിച്ചു മറ്റൊരു കഥ പറഞ്ഞു കേട്ടിട്ടുള്ളത് ഇങ്ങനെയാണ്: ഒരിക്കൽ ഇവരുടെ സഹൃദയത്വം പരീക്ഷിക്കണമെന്ന് മഹാരാജാവ് നിശ്ചയിച്ചു. ഇവർ പതിവായി കുളിക്കുന്ന ശ്രീവരാഹത്തുകുളം ഒരാനയെ ഇറക്കി കലക്കിച്ചു. അന്നു പതിവനുസരിച്ചു കുളിയും കഴിഞ്ഞ് ഇരുവരും തിരുമുമ്പിൽ വന്നുചേർന്നു. ഇന്നത്തെ കുളി എവിടെയായിരുന്നുവെന്ന് മഹാരാജാവ് ഇവരോടുചോദിച്ചു. അതിനു ശ്രീവരാഹത്തു കരി കലക്കിയ കുളത്തിലായിരുന്നുവെന്നു വാര്യർ മറുപടി നല്കി. നമ്പ്യാരാകട്ടെ, നല്ല ചന്തത്തോടു കൂടി ശ്രീവരാഹത്തു കളഭം കലക്കിയ കുളത്തിലാണ് കുളിച്ചതെന്നു തിരുമനസ്സുണർത്തിച്ചു. ഇതു കേട്ട് മഹാരാജാവ്, അടുത്തു നിന്നിരുന്ന അശ്വതി തിരുനാൾ കൊച്ചു തമ്പുരാനോട്., ഇവരുടെ ബുദ്ധിചാതുര്യവും രസികതയും ഇതുകൊണ്ടു നിശ്ചയിക്കരുതോ എന്നു പറയുകയുണ്ടായിപോലും!

കുഞ്ചൻ നമ്പ്യാർക്കു കൊട്ടാരത്തിൽ നിന്നു ദിവസം പ്രതി രണ്ടേകാലും കോപ്പും കൊടുക്കുന്നതിനു മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലം മുതൽക്കേ കല്പനയുണ്ടായിരുന്നു. നമ്പ്യാർ പതിവായി അതു വാങ്ങി വരികയും ചെയ്തിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവു നാടുനീങ്ങിയതു മുതൽ കൊട്ടാരം കലവറക്കാർ തിരുമനസ്സിലെ കല്പനയെ മറ്റൊരു വിധത്തിൽ വ്യാഖ്യാനിച്ചു നമ്പ്യാരെ വഷമിപ്പിക്കുവാനുള്ള ശ്രമമായി. രണ്ടേകാൽ - രണ്ട് കാൽ അതായത് ഇരുന്നാഴി - അരി മാത്രമേ അവിടെ നിന്നു കൊടുക്കുകയുള്ളുവെന്ന് അന്നത്തെ കലവറ അധികാരിയായിരുന്ന ഒരു അയ്യർ ശഠിച്ചു തുടങ്ങി. ഉണ്ടാൽ പോരേ? കാൽ ഇടങ്ങഴി ഉണ്ടോളൂ, ഊണിനുപുറമെ അരി കല്പിച്ചിട്ടില്ല, എന്നിങ്ങനെ കലവറക്കാരനായിരുന്ന ഒരു പണ്ടാലയും നമ്പ്യാരെ ശകാരിച്ച് അരി കൊടുക്കുകയില്ലെന്നായി. കല്പനയെ കവിഞ്ഞു നടക്കുന്ന കലവറപ്രമാണികളിൽ നിന്ന്, തനിക്കു സിദ്ധിച്ചിരുന്ന അവകാശം വാങ്ങിയെടുക്കുവാൻ പ്രയാസമാണെന്നു നമ്പ്യാർ മനസ്സിലാക്കി. ഗത്യന്തരമൊന്നു



മില്ലായ്കയാൽ ഒടുവിൽ തിരുമുമ്പാകെ പരാതി ബോധിപ്പിക്കാമെന്നു തന്നെ അദ്ദേഹം തീർച്ചപ്പെടുത്തി അതിങ്ങനെ ഒരു ശ്ലോകരൂപത്തിലുമായിരുന്നു:

''രണ്ടേകാലെന്നു കല്പിച്ചു,
രണ്ടേ കാലെന്നിതയ്യനും
ഉണ്ടോ കാലെന്നു പണ്ടാല
ഉണ്ടില്ലിന്നിത്രനേരവും.''

ശ്ലോകത്തിലെ ആശയം മനസ്സിലാക്കി സന്തുഷ്ടനായിത്തീർന്ന മഹാരാജാവ് മുൻപതിവിനു കാമാകാണിക്കും നീക്കുപോക്കില്ലാതെ നമ്പ്യാർക്ക് അരിയും കോപ്പും കൊടുത്തുകൊള്ളണമെന്നു വീണ്ടും ഉത്തരവായി. അത്ര തന്നെയുമല്ല, പണ്ടു കോഴിക്കോട്ടു പതിനെട്ടരക്കവിസമാജത്തിൽ വെച്ച് 'താരിൽത്തന്വീ'ത്യാദി ശ്ലോകം കേട്ട് സന്തുഷ്ടനായ ഉദ്ദണ്ഡശാസ്ത്രി, തനിക്കു കിട്ടിയ പട്ട് പുനത്തിനു സമ്മാനിച്ചതു കൂടാതെ 'അധികേരളമഗ്ര്യഗിര:' എന്നു തുടങ്ങുന്ന ഒരു ശ്ലോകം കൊണ്ട് അരക്കവിയായിരുന്ന പുനം നമ്പൂരിയെ അഭിനന്ദിക്കുകയും ചെയ്തതുപോലെ, തിരുമനസ്സുകൊണ്ട് നമ്പ്യാർക്കു രണ്ടുനേരം ഇടപ്പക്കത്ത് ഊണു കൊടുക്കുവാനും വിശേഷാൽ കല്പനയായി എന്നു പറഞ്ഞാൽ മതിയല്ലോ.

പക്ഷേ, ഈ ശുഭനില നമ്പ്യാർക്ക് ഏറെനാൾ അനുഭവിക്കാൻ കഴിഞ്ഞില്ല. കൊട്ടാരം സേവകന്മാരിൽ ചിലർക്കു നമ്പ്യാരുടെ നേരെ അസൂയ മൂത്തു. ഏഷണിക്ക് എവിടെയും സ്ഥാനമുണ്ടല്ലോ. വിശേഷിച്ചു രാജധാനികളിൽ അതിനു പ്രത്യേക സ്ഥാനവുമുണ്ട്. ഒരിക്കൽ മഹാരാജാവിനു നമ്പ്യാരുടെ പേരിൽ എങ്ങനെയോ അല്പം തിരുവുള്ളക്കേടുണ്ടായി. ഇതു തന്നെ തരമെന്നു കണ്ടു രന്ധ്രപ്രതീക്ഷികളായ ആ ഏഷണിക്കാർ നമ്പ്യാരെപ്പറ്റി പലവിധ അപവാദങ്ങൾ തക്കവും തരവും നോക്കി തിരുമനസ്സറിയിച്ചു തുടങ്ങി. രാജസേവ മൂർച്ചയുള്ള കത്തി ലേപനം ചെയ്യുന്നതുപോലെയും മൂർഖപ്പാമ്പിന്റെ മുഖം ചുംബനം ചെയ്യുന്നതുപോലെയും ആപൽക്കരമായ ഒന്നാണല്ലോ. ഏഷണിക്കാരായ സേവകന്മാരാൽ വഞ്ചിതനായതുമൂലം രുഷ്ടനായിത്തീർന്ന മഹാരാജാവ്, നമ്പ്യാർക്കു രാജധാനിയിൽ നിന്നുള്ള യാതൊരു പതിവും കൊടുത്തു കൂടെന്നു കല്പനയുമായി. അത്രതന്നെ

യുമല്ല, നമ്പ്യാരെ തിരുമുമ്പിൽ കാണുവാൻ പാടില്ലെന്നുകൂടെയും വിരോധിച്ചു. ഈ വിഷമസ്ഥിതിയിൽ നമ്പ്യാർ നന്നേ കുഴങ്ങി എന്നു പറയേണ്ടതില്ലല്ലോ.

''ഇന്നതു പ്രയോഗിച്ചാൽ കോപിക്കും മഹീപതി
ഇന്നതു പ്രയോഗിച്ചാൽ മന്നവൻ പ്രസാദിക്കും.''

എന്നുള്ള സേവാപ്രമാണം നല്ല നിശ്ചയമുണ്ടായിരുന്ന നമ്പ്യാർ, രാജകോപം അല്പം ശമിക്കുന്നതു വരെ ''വിധി വിധിച്ചതിപ്രാണികൾക്കൊക്കവേ ഹിതമഹിതമെങ്കിലും ലംഘ്യ മല്ലേതുമേ'' എന്നു സമാധാനിച്ചു അടങ്ങിപ്പോകുക തന്നെ ചെയ്തു. ഇങ്ങനെ ദിവസങ്ങൾ ഏതാനും കഴിഞ്ഞു കൂടിയശേഷം, ഒരു ദിവസം ദ്വയാർത്ഥപ്രയോഗമുള്ള ഒരു ശ്ലോകമെഴുതി നമ്പ്യാർ തിരുമുമ്പാകെ അടിയറ വെക്കാൻ കൊടുത്തയച്ചു. ഇങ്ങനെ യായിരുന്നു, ആ ശ്ലോകം:

''പൂജ്യസ്ത്വം സുജനൈരഹഞ്ച വടുഭി:
ശത്രുക്കളാലന്വഹം
കേറാൻ വാരണമുണ്ടു തേ, മമയഹോ
കൊട്ടാരവാതുക്കലും
ഒട്ടും തന്നരിയില്ല തേ, മമ തഥാ-
പുഷ്ടിക്കു കുപ്പാട്ടിലും
സേവിച്ചിട്ടിടടിയൻ ചിരേണ നൃപതേ,
ത്വത്തുല്യനായീടിനേൻ.''

അല്ലയോ മഹാരാജാവേ അവിടുന്ന് വടുക്കൾ (ബ്രഹ്മ ചാരികൾ) ആയ സജ്ജനങ്ങളാൽ പ്രതിദിനം പൂജ്യനാണ്. ഞാനും വടുക്കൾ (അടികൊണ്ടു ശരീരത്തിലുണ്ടാകുന്ന ഓരോ പാടുകൾ) ആയ ശത്രുക്കളാൽ അനുദിനം പൂജ്യനാണ്. അങ്ങേക്കു കയറുവാൻ വാരണം (ആന) ഉണ്ട്; എനിക്കു കയറുവാൻ കൊട്ടാരവാതുക്കലും വാരണം (തടസ്സം) ഉണ്ട്; അങ്ങേക്ക് ഒട്ടും തന്നെ അരി(ശത്രു)യില്ല; അപ്രകാരം എനിക്ക് കുപ്പാട്ടിലും അരി (നെല്ലരി) ഒട്ടും തന്നെയില്ല. വളരെക്കാലം അവിടുത്തെ സേവിച്ചതിന്റെ ഫലമായി അടിയനിപ്പോൾ അങ്ങയോടു സമനായിത്തീർന്നിരിക്കുന്നു. ഇതാണ് ശ്ലോകത്തിന്റെ അർത്ഥം. പ്രസ്തുത ശ്ലോകത്തിന്റെ സ്വാരസ്യം



വഴിപോലെ ഗ്രഹിച്ച ആ പണ്ഡിതരാജൻ അത്യന്തം സന്തുഷ്ടനായി ത്തീർന്നു. അന്നുതന്നെ മഹാരാജാവ് നമ്പ്യാർക്കു പതിവുള്ള വകകൾ കുടിശ്ശികതീർത്തു കൊടുക്കുവാൻ കല്പന നല്കിയെ ന്നാണ് കേട്ടിട്ടുള്ളത്.

കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തു താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ ഊണ് 'പക്ക'ത്തായിരുന്നു. രാജസേവക ന്മാർക്കു ഭക്ഷണം കൊടുക്കുന്ന സ്ഥലത്തിനത്രെ പക്കം എന്നു പറയുന്നത്. പക്കത്തെ ഊണ് അത്ര തൃപ്തികരമല്ലെന്നുള്ളതു പ്രസിദ്ധമാണ്. നമ്പ്യാർ തന്നെ ഈ വസ്തുത നളചരിതം, പൗണ്ഡ്രകവധം മുതലായ തുള്ളലുകളിൽ ചിലേടത്തെല്ലാം പ്രകാശിപ്പിച്ചിട്ടുമുണ്ട്.

''പക്കച്ചോറും കാളൻകറിയും
ചക്കച്ചുകിണിയുമെന്നിവയല്ലാ-
തിക്കുഞ്ഞുങ്ങൾക്കൊരു സുഖഭോജന-
മിക്കാലങ്ങളിലില്ലിഹ താത.''

എന്നും,

''ഇക്കണ്ട കിങ്കരന്മാരെക്കണക്കിനെ
പക്കത്തിലഷ്ടി കഴിച്ചങ്ങു പാർക്കയും''

എന്നും

''പക്കത്തിൽച്ചെന്നു ഭക്ഷിച്ചു പോരിക
ദു:ഖത്തിൽ ദു:ഖം നമുക്കെന്റെ ചേട്ടാ
ചക്കച്ചുള രണ്ടുകൂടെത്തരികില്ല-
ടുക്കളവെക്കുന്ന പട്ടന്മാരും പിന്നെ
കാളകം വെക്കും ചില ദിവസങ്ങളിൽ
കോളല്ലിനിക്കതുമിഷ്ടമല്ലല്ലോ.''

എന്നും മറ്റുമുള്ള പ്രസ്താവങ്ങൾ നോക്കുക. കാർത്തി കതിരുനാൾ മഹാരാജവ് നമ്പ്യാർക്കു ഇടപ്പക്കത്ത് ഭക്ഷണമാക്കിയ കഥ മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ അതും കാലാന്തരത്തിൽ മോശമായിത്തീർന്നു. ഈ ഊണു കൊണ്ട് നമ്പ്യാരുടെ വയറ്റിനു സുഖമില്ലാതെതീരുകയാൽ അതിനൊരു

നിവൃത്തിമാർഗ്ഗം തേടണമെന്ന് അദ്ദേഹം തീർച്ചയാക്കി; അതിലേക്കു തക്ക അവസരവും കാത്തു കൊണ്ടിരിക്കയായിരുന്നു. അങ്ങനെയിരിക്കെ ഒരു സന്ദർഭം വന്നു ചേർന്നു. ഒരു ദിവസം മഹാരാജാവ് കുഞ്ചൻ തുടങ്ങിയ രസികജനങ്ങളുമായി മാളിക മുകളിലിരുന്നു വെടിപറഞ്ഞു രസിച്ചു കൊണ്ടിരിക്കേ, മാളികത്താഴെക്കൂടി ഒരു പശു പോകുന്നുണ്ടായിരുന്നു. അത് ഇളകി ചാണകമിടുന്നതിനെ കണ്ടിട്ട്, ഫലിതപ്രയോഗചതുരനായ നമ്പ്യാർ ഇങ്ങനെ പറഞ്ഞു: ''അല്ലാ, പയ്യേ! നിനക്കും പക്കത്താണോ ഊണ്?'' രസികാഗ്രഗണ്യനായ നമ്പ്യാരുടെ ഫലിതോക്തിയുടെ വ്യംഗ്യാർത്ഥം മനസ്സിലാക്കിയ മഹാരാജാവ് അന്നു മുതൽ നമ്പ്യാരുടെ ഭക്ഷണം പക്കത്തു നിന്നു മാറ്റിക്കൊടുത്തുവെന്നാണു കേൾവി.

മനസ്സാക്ഷിക്കു വിപരീതമായി അഭിപ്രായങ്ങൾ പുറപ്പെടുവിക്കേണ്ട ചില അവസരങ്ങൾ മനുഷ്യജീവിതത്തിൽ ചിലർക്കു വന്നു കൂടാറുണ്ടല്ലോ. അത്തരം ധർമ്മസങ്കടങ്ങളിൽപ്പെട്ടു ചിലർ നന്നേ വിഷമിക്കാറുണ്ട്. എന്നാൽ അതിസമർത്ഥന്മാരായ അപൂർവ്വം ചിലർക്കു മാത്രം അങ്ങനെയുള്ള വിഷമസ്ഥിതികളെ തരണം ചെയ്യുവാൻ യാതൊരു പ്രയാസവുമില്ല. സരസ്വതീ വിലാസഭാസുരന്മാരായ അത്തരക്കാർക്ക് സ്വാശയങ്ങളെ അന്തർഗൂഢരസോദയമായി പൊതിഞ്ഞു വെച്ചു കൊണ്ട് അപേക്ഷകന്മാരെ പ്രസാദിപ്പിക്കുവാനുള്ള ഒരു പ്രത്യേകവാസന തന്നെയുണ്ട്. വിവക്ഷിതാർത്ഥത്തെ പ്രതിപാദിക്കുന്നതിനുതകുന്ന പദസന്നിവേശശക്തിയുള്ളവർക്കേ അത്തരം ജാലവിദ്യകൾ പ്രയോഗിക്കുവാൻ സാധിക്കുകയുള്ളു. വിദഗ്ദ്ധനായ ഒരു കവി ഒരു കാവ്യത്തെപ്പറ്റി പുറപ്പെടുവിച്ച അഭിപ്രായം നോക്കുക:

''കുറ്റം പാർക്കിലശേഷമില്ല, രസികൻ-
    മട്ടും പദച്ചേർച്ചയും
പറ്റീട്ടില്ല കളങ്ക,മെങ്ങുമൊരുപോ-
    ലുണ്ടേ രസം പാർക്കുകിൽ
ചെറ്റില്ലിക്കൃതിയിങ്കൽ ദോഷ,മിനി ഞാ-
    നെന്തൊന്നു ചൊല്ലേണ്ടതും?
മറ്റില്ലിത്തരമുള്ള സൽക്കൃതി, ഇനി-
    ക്കാണുന്നതും ദുർല്ലഭം!''



പ്രത്യക്ഷത്തിൽ എത്രയോ പ്രശംസാവഹമായ ഒരു സർട്ടിഫിക്കറ്റ്. ശുദ്ധഭാഷാപദങ്ങളെക്കൊണ്ടു നിർമ്മിച്ച പ്രസ്തുത ശ്ലോകത്തിൽ സ്വാശയത്തെ കവി എങ്ങനെ ഗോപനം ചെയ്തിരിക്കുന്നുവെന്നു കണ്ടറിയേണ്ടതാണല്ലോ. നോക്കുക:

''കുറ്റം പാർക്കിലശേഷം, ഇല്ല രസികൻ
    മട്ടും, പദച്ചേർച്ചയും
പറ്റീട്ടില്ല, കളങ്കമെങ്ങുമൊരുപോ-
    ലുണ്ടേ, രസം പാർക്കുകിൽ
ചെറ്റില്ലി, ഇക്കൃതിയിങ്കൽ ദോഷമിനി ഞാ-
    നെന്തൊന്നു ചൊല്ലേണ്ടതും?
മറ്റില്ലിത്തരമുള്ള സൽക്കൃതി, ഇനി-
    ക്കാണുന്നതും ദുർല്ലഭം!''

ഇതിൽകൂടുതൽ എങ്ങനെയാണ് ഒരു കൃതിയിലെ കുറ്റങ്ങളെ ചൂണ്ടിക്കാണിക്കുക! ഇത്തരം പൊടിക്കൈകൾ പ്രയോഗിക്കുന്നതിൽ നമ്മുടെ കവിവര്യനും ഒട്ടും പിന്നോക്കമായിരുന്നില്ല.

ഒരിക്കൽ കാർത്തികതിരുനാൾ മഹാരാജാവ് അമ്പലപ്പുഴയിലെ സദ്യയുടെ സമ്പ്രദായം എങ്ങനെയായിരുന്നുവെന്നു നമ്പ്യാരോടു കല്പിച്ചു ചോദിച്ചു. അതിനുത്തരമായി നമ്പ്യാർ ചൊല്ലിക്കേൾപ്പിച്ച ശ്ലോകം ഇതാണ്:

''പത്രം വിസ്തൃതമത്ര തുമ്പമലർതോ-
    റ്റോടീടി നോരന്നവും,
പുത്തൻ നെെ, കനിയപ്പഴുത്ത പഴവും
    കാളിപ്പഴം കാളനും,
പത്തഞ്ഞൂറു കറിക്കു ദാസ്യമിയലും
    നാരങ്ങയും മാങ്ങയും
നിത്യം ചെമ്പകനാട്ടിലഷ്ടി തയിർ മോർ
    മുട്ടാതെ കിട്ടും സുഖം.''

ഇതിന്റെ അർത്ഥം മഹാരാജാവിന്റെ പ്രീതിക്കനുകൂലമായ വിധത്തിൽ, നമ്പ്യാർ തന്നെ വർണ്ണിച്ചു കേൾപ്പിച്ചു. അതു കേട്ടു മഹാരാജാവ് അത്യന്തം പ്രീതനായി, നമ്പ്യാർക്കു ചില സമ്മാനങ്ങൾ നല്കുകയുണ്ടായി. പ്രസ്തുത ശ്ലോകം അമ്പലപ്പുഴ വച്ച് നിർമ്മിച്ചിട്ടുള്ളതും, ദേവനാരായണസ്വാമിയെ ചൊല്ലിക്കേൾപ്പിച്ച്

അവിടെ നിന്നു ചില പാരിതോഷികങ്ങൾ ഒരിക്കൽ വാങ്ങിയിട്ടുള്ളതുമാണെന്ന സംഗതിയും അനന്തരം നമ്പ്യാർ തിരുമനസ്സറിയിച്ചു. നോക്കുക. കവിയുടെ വൈഭവം! ഇത്തരത്തിലുള്ള സരസ്വതീ വിലാസത്തെ ആരുതന്നെ ആദരിക്കയും അഭിനന്ദിക്കയും ചെയ്യുകയില്ല! വശ്യവചസ്സായിരുന്ന ഈ രസികശിരോമണിയുടെ ബുദ്ധിചാതുര്യവും ഫലിതപ്രയോഗകൗശലവും ഇതു പോലെ പല ഘട്ടങ്ങളിലും അദ്ദേഹം പ്രകാശിപ്പിക്കയുണ്ടായിട്ടുണ്ട്.

പദപ്രയോഗവിഷയത്തിൽ പാണ്ഡിത്യപ്രകടനാഭിലാഷം നമ്പ്യാർക്കു തീരെ കുറവായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ഏതു കൃതിയും സാക്ഷ്യം വഹിക്കുന്നു. എന്നാൽ അപൂർവ്വം ചില സ്ഥലങ്ങളിൽ ചില പൊടിക്കൈകൾ നമ്പ്യാർ പ്രയോഗിച്ചിട്ടുള്ളതായും കാണുന്നുണ്ട്. വേദാന്തം, പുരാണം, ഇതിഹാസം എന്നിവയിൽ കവിക്കുള്ള പാണ്ഡിത്യം പ്രകടിപ്പിക്കുന്ന ഒരു ഈശ്വരസ്തുതി കല്യാണസൗഗന്ധികത്തിൽ കാണുന്നതു ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ് അതു താഴെ എടുത്തു ചേർത്തു കൊള്ളട്ടെ.

''അംഭോജനാളത്തിലുന്മീലിതം പൊരു-
ളൻപതു പത്തുരണ്ടിൽ പെരുക്കീട്ടറു-
പഞ്ചാക്ഷരം തടി ശാഖാലതാപുഷ്പ-
സഞ്ചയംതന്നിൽ മറഞ്ഞു നികരുന്ന
സന്താനവേദപ്പൊരുളുകൾ വെച്ചിട്ട്,
താമരസാക്ഷന്റെ മെത്തേടെ താഴത്തു
താങ്ങിക്കിടക്കുന്നവനെച്ചുമക്കുന്ന
വമ്പന്റെ കൊമ്പന്റെ കൊമ്പൊന്നൊടിച്ചോന്റെ
ജ്യേഷ്ഠനെപ്പേടിച്ചു നാട്ടീന്നു പോയോന്റെ
ചാട്ടിന്റെ കൂട്ടിന്റെ കോട്ടം തിമിർപ്പവ-
നുണ്ണിക്കഴുത്തറുത്തോരു പുരുഷനെ-
ന്നുള്ളം തെളിവോടു വന്നു തുണയ്ക്കണം.''

''ഹൃദയമാകുന്ന താമരയുടെ തണ്ടാകുന്ന പ്രധാന നാഡിയിൽ നിന്നു മുകളിലോട്ടു ജ്വലിച്ചു കൊണ്ടിരിക്കുന്ന ആത്മചൈതന്യത്തെ സഹസ്രം, അതായത് അസംഖ്യം തരത്തിലായി പരിണമിപ്പിച്ചിട്ട്, പ്രപഞ്ചരീതിയിൽ വ്യാപ്തവും നാശമില്ലാത്തതുമായ,



അഥവാ 'നമശ്ശിവായ' എന്ന മന്ത്രത്തിൽ അടങ്ങുന്ന ഈ ലോകത്തിലെ ചരാചരങ്ങളിൽ സദാ അന്തർല്ലീനമെങ്കിലും, ആവശ്യം നേരിടുമ്പോൾ പ്രത്യക്ഷമായി കല്പവൃക്ഷം പോലെ അഭീഷ്ടദാനം ചെയ്‌വാനവതരിക്കാറുണ്ടെന്നു വേദങ്ങളിൽ ഉദ്ഘോഷിക്കുന്ന ദേവന്മാരിൽ വെച്ച്....ഉണ്ണിക്കഴുത്തറുത്ത പുരുഷൻ അനുഗ്രഹബുദ്ധ്യാ പ്രസന്നനായി എന്റെ ഹൃദയത്തെ പരിപൂതമാക്കേണമേ'' എന്നു സാരം. ആരുടെ ഉണ്ണിക്കഴുത്തറുത്ത പുരുഷൻ എന്നും വിവരിക്കുന്നു:

താമരസാക്ഷന്റെ മെത്തേടെ (അനന്തന്റെ) താഴത്തു താങ്ങിക്കിടക്കുന്നവനെ (ആദികൂർമ്മത്തെ) ചുമക്കുന്നവന്റെ (പാലാഴിയിലെ) കൊമ്പന്റെ (ഐരാവതത്തിന്റെ) കൊമ്പൊടിച്ചോന്റെ (കുംഭകർണ്ണന്റെ) ജ്യേഷ്ഠനെപ്പേടിച്ചു നാട്ടീന്നു പോയോന്റെ (രാവണനേപ്പേടിച്ചു ലങ്കാവാസമുപേക്ഷിച്ചുപോയ വൈശ്രവണന്റെ) ചാട്ടിന്റെ കൂട്ടിന്റെ കോട്ടം തിമിർപ്പവന്റെ (പുഷ്പകവിമാനത്തിന്റെ മേൽക്കൂട്ടിനു കോട്ടം വർദ്ധിപ്പിച്ച രാവണന്റെ) ഉണ്ണിക്കഴുത്തറുത്ത പുരുഷൻ (പുത്രനായ അക്ഷകുമാരനെ ഹനിച്ച ഹനുമാൻ എന്നും രാവണന്റെ ഉണ്ണിക്കഴുത്തു മുറിച്ച ശ്രീരാമൻ എന്നും)..അതായതു മഹാവിഷ്ണുവിന്റെ പള്ളിമെത്തയായ അനന്തന്റെ താഴത്തായി അതിനെ താങ്ങിക്കിടക്കുന്ന ആദിമകൂർമ്മത്തെ ചുമക്കുന്ന പാലാഴിയിലെ നാല്ക്കൊമ്പനാനയായ ഐരാവതത്തിന്റെ കൊമ്പൊന്നൊടിച്ചവനായ കുംഭകർണ്ണന്റെ ജ്യേഷ്ഠനായ രാവണനെപ്പേടിച്ചു ലങ്കാവാസമുപേക്ഷിച്ചു പോയ വൈശ്രവണന്റെ വാഹനമായ പുഷ്പകവിമാനത്തിനു നാനാവിധമായ കോട്ടം വരുത്തിവെച്ച ദശകണ്ഠന്റെ ഉണ്ണിയായ അക്ഷകുമാരന്റെ കഴുത്തറുത്ത ഹനുമാൻ അഥവാ ദശകണ്ഠന്റെ മനോഹരമായ കഴുത്തറുത്ത ശ്രീരാമൻ തുണയ്ക്കണം എന്നർത്ഥം. ഇതിനു പുറമേ, നരകാസുരന്റെ ഉണ്ണിക്കഴുത്തറുത്ത ശ്രീകൃഷ്ണൻ എന്നു കൂടി ഒരർത്ഥം പ്രസ്തുത ഭാഗത്തിനു സിദ്ധിക്കുന്നതാണ്. നോക്കുക, എത്ര കണ്ടു രസപ്രദമായ ഒരു പൊടിക്കൈയാണിത്! നമ്പ്യാരുടെ ഭക്തിയും വിഭക്തിയും ഒന്നുപോലെ ഇവിടെ പ്രത്യക്ഷപ്പെടുന്നില്ലേ? പാണ്ഡിത്യത്തിന്റെയും വാസനയുടെയും ചെല്ലസ്സന്താനമായിരുന്നു കുഞ്ചൻ നമ്പ്യാർ എന്നു പറയുവാൻ ഇതിലധികം തെളിവു മറ്റെന്തു വേണം?

# 10. അഭിഷേകനിശ്ചയം

സി.എൻ. ശ്രീകണ്ഠൻ നായർ

[ചെറുകഥാകാരനായിട്ടാണ് സാഹിത്യരംഗത്തു പ്രവേശിച്ചതെങ്കിലും നാടകകൃത്ത് എന്ന നിലയിലാണ് ശ്രീകണ്ഠൻ നായർ (1928-76) പ്രശസ്തി നേടിയത്. രാമായണകഥയെ അവലംബിച്ചു അദ്ദേഹം രചിച്ച നാടകങ്ങളാണ് സാകേതം, ലങ്കാലക്ഷ്മി, കാഞ്ചനസീത എന്നിവ. പിച്ചിപ്പൂവ്, തിളയ്ക്കുന്ന മണ്ണ്, (ചെറുകഥാസ മാഹാരങ്ങൾ), ഏട്ടിലെ പശു, നഷ്ടക്കച്ചവടം, മാന്യതയുടെ മറ, കലി (നാടകങ്ങൾ) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ മറ്റു ചിലകൃതികൾ.

സാകേതത്തിലെ ഒന്നാമങ്കമാണ് അഭിഷേകനിശ്ചയം എന്ന പേരിൽ ഇവിടെ പാഠ്യഭാഗമായി ചേർത്തിട്ടുള്ളത്.]

സൂത്രധാരൻ: സൂത്രധാരനായാൽ പോരാ; നാടകത്തിൽ വേഷവും കെട്ടണമെന്നാണ് ഈ നാടകകൃത്തിനു നിർബന്ധം. എന്തായാലും ചെയ്തുനോക്കുക തന്നെ. കഥ ഇങ്ങനെയാണ്: ശതാബ്ദങ്ങൾക്കപ്പുറം, സരയുവിന്റെ തീരത്ത് ഒരു സാമ്രാജ്യം പുലർന്നിരുന്നു. ആ സാമ്രാജ്യത്തിന്റെ രാജസ്ഥാനത്താണ് നാം നിൽക്കുന്നത്....അതാ കാണുന്നില്ലേ, ഉയർന്ന മണിസൗധങ്ങൾ, ചിത്രവിമാനഗൃഹങ്ങൾ, ചത്വരങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൊത്തളങ്ങൾ, നാനാദേശക്കാരായ വണിക്കുകൾ തിങ്ങുന്ന അങ്ങാടികൾ, ആയുധപ്പുരകൾ, ക്രീഡാമന്ദിരങ്ങൾ, കളിത്തട്ടുകൾ, നെടുങ്കൻ കാലിത്തൊഴുത്തുകൾ, പൂന്തോട്ടങ്ങൾ, മാന്തോപ്പുകൾ, നീണ്ട നെല്ലരിപ്പാടങ്ങൾ, ആളും ആനയും കുതിരയും അങ്ങിങ്ങ് ഒട്ടകവും കഴുതയും നീങ്ങുന്ന നിരത്തുകൾ, വെള്ളം തൂവി പൂവിരിച്ച രാജവീഥികൾ. ബ്രാഹ്മണരും ആയുധധാരികളായ ഭടജനങ്ങളും അണിഞ്ഞൊരുങ്ങിയ വേശ്യാംഗനമാരും സാമന്തരാജസംഘങ്ങളും ആ വീഥികളെ പകിട്ടണിയിക്കുന്നു. സദാ മൃദംഗപണവങ്ങളും വീണയും പെരുമ്പറയും ഇവിടെ തുടികൊള്ളുന്നു. ഇവിടമാണ് അയോദ്ധ്യ. ഇക്ഷ്വാകുവിന്റെ വംശത്തിൽ പിറന്ന ദശരഥൻ ഇവിടെ വാണരുളുന്നു. ദശരഥൻ,



രാജാധിരാജൻ, വീരൻ, വിശ്വനാഥൻ. പക്ഷേ, ദു:ഖം ദശരഥനുമുണ്ടായി. ദശരഥന്റെ പട്ടമഹിഷി കൗസല്യക്കോ, ഇഷ്ടപത്നി കൈകേയിക്കോ, മൂന്നാമത്തെ പത്നി സുമിത്രയ്ക്കോ മുന്നൂറ്റമ്പതോളം വരുന്ന മറ്റു ദയിതമാർക്കോ കുട്ടികളുണ്ടായില്ല. 'പുത്രശോകത്താൽ നീയും മരിക്കും' എന്ന് ഒരു ശാപം ദശരഥന് ഏറ്റിട്ടുണ്ട്. ആ ശാപം ഈ വിധത്തിലോ ഏൽക്കേണ്ടി വരിക എന്ന് ദശരഥൻ വിഷാദിച്ചു. വാർദ്ധക്യവും വന്നെത്തി. നൃപേന്ദ്രൻ അത്യധികം ശോകത്തിൽ ആണ്ടു. ഒടുവിൽ വസിഷ്ഠമഹർഷിയുടെ ഉപദേശപ്രകാരം പുത്രകാമ്യക്കു യാഗം നടത്തി. അപ്പോൾ രാജ്ഞിമാർ മൂവരും ഗർഭം ധരിച്ചു. കൗസല്യക്കു രാമനും, കൈകേയിക്കു ഭരതനും, സുമിത്രയ്ക്കു ലക്ഷ്മണ- ശത്രുഘ്നൻമാരും ജനിച്ചു. ഇക്ഷ്വാകുവംശത്തിന് അലങ്കാരമായി അവർ വളർന്നു. നവയൗവനത്തിൽ മിഥിലാധിപതിയായ ജനകന്റെ പുത്രിമാരെ അവർ വേൾക്കുകയും ചെയ്തു. അങ്ങനെ സരയുവിൽ നാകസൗന്ദര്യം ബിംബിച്ചു. പണ്ടൊരുഷസ്സിൽ, നീഹാരക്കോടിയിട്ട സരയൂതീരത്തിൽ ഓമൽപുത്രൻ ഒളിയമ്പേറ്റു പിടയുമ്പോൾ ദു:ഖം പൊറാഞ്ഞ് ശപിച്ച വൃദ്ധതാപസന്റെ പൊട്ടിയ കണ്ണുകൾ ദശരഥൻ മറന്നു...

(സുമന്ത്രർ പ്രവേശിക്കുന്നു.)

സുമന്ത്രർ : ആരവിടെ?

സൂത്രധാരൻ : (തലപ്പാവ് അണിഞ്ഞു വണങ്ങിക്കൊണ്ട്) ഉത്തരവ് !

സുമന്ത്രർ : എല്ലാ ഭൃത്യജനങ്ങളും രാജഗൃഹോപാന്തത്തിൽ അണി നിരക്കട്ടെ.

സൂത്രധാരൻ : സേവകവൃന്ദം കല്പന കാത്തു നിൽക്കുന്നു.
(സുമന്ത്രർ തിരിച്ചു പോകുന്നു.)

ഇതാണ്. ചക്രവർത്തിയുടെ എട്ടു മന്ത്രിമാരിൽ മുഖ്യനായ സുമന്ത്രർ. രാജസാരഥിയും സുമന്ത്രർ തന്നെ. അദ്ദേഹത്തിന്റെ മുഖം സാധാരണയിൽ കവിഞ്ഞ് ഗംഭീരമായിരിക്കുന്നു. കോസല സാമ്രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്ന മുഹൂർത്തമാണ്. അതാ, അവിടെ രാജസദസ്സ് അതിപ്രധാനമായ ആലോചനകളിൽ

മുഴുകിയിരിക്കുന്നു. നാനാനഗരപതികളും നാട്ടു മുമ്പരും മന്നിലെ മുഖ്യരാജാക്കന്മാരും പ്രത്യേക ക്ഷണപ്രകാരം എത്തിയിട്ടുണ്ട്. ദശരഥന്റെ സീമന്തപുത്രന് യൗവരാജ്യം നൽകാനുള്ള നിശ്ചയം നിമിഷങ്ങൾക്കകം ഉണ്ടാകും. അതാ, സദസ്സ് എഴുന്നേറ്റു.

സുമന്ത്രർ : മഹാരാജാവു തിരുമനസ്സിലെ സീമന്തപുത്രൻ രാമന് നാളെ പൂയം നാളിൽ അഭിഷേകം നിശ്ചയിച്ചിരിക്കുന്നു; ദൂതന്മാർ ദിക്കുകൾ താണ്ടി ഈ വരവാർത്ത അറിയിക്കട്ടെ!

സൂത്രധാരൻ : ഉത്തരവ്!
(പെരുമ്പറകൾ തുടിക്കുന്നു.)

സുമന്ത്രർ : കോസലം അണിഞ്ഞൊരുങ്ങി ഉത്സവം കൊണ്ടാടട്ടെ. വീഥികളും സൗധങ്ങളും സുഗന്ധ മാല്യങ്ങൾ അണിയട്ടെ. അഷ്ടഗന്ധം എമ്പാടും നിറയട്ടെ. തളിച്ചു പൂ വിരിച്ച രാജപാതയിൽ കൊടിക്കൂറകൾ പാറട്ടെ. നെടുവാൾ തൂക്കിയും നല്ലുടുപ്പണിഞ്ഞും ഭടജനങ്ങൾ കൊട്ടാരമുറ്റത്ത് അണിചേരട്ടെ. രാജമന്ദിരത്തിൽ രണ്ടാംമതിൽക്കകം മേളക്കാരും മെയ്യഴകാർന്ന വേശ്യാംഗനമാരും നില്ക്കട്ടെ. നൂറായിരം ദ്വിജന്മാർക്ക് അന്നവും മലരും തൈരും നറുനെയ്യും നാണ്യവും നാളെ പ്രാത: കാലത്തിൽ നൽകട്ടെ.

സൂത്രധാരൻ : ഉത്തരവ്.

സുമന്ത്രർ : കുലഗുരു വസിഷ്ഠമഹർഷിയുടെ ശാസനം കേട്ടിട്ടു പൊയ്ക്കൊള്ളൂ.

സൂത്രധാരൻ : ഉത്തരവ്.
(വസിഷ്ഠമഹർഷി പ്രവേശിക്കുന്നു).

സുമന്ത്രർ : മഹർഷി അരുളിച്ചെയ്താലും.

വസിഷ്ഠൻ : അഭിഷേകസംഭാരങ്ങൾ ഉദയത്തിനു മുമ്പ് അഗ്നിശാലയിൽ എത്തണം. ഉപഹാരങ്ങൾക്കുള്ള



സ്വർണ്ണവും വെള്ളിയും നാനാരത്നങ്ങളും നറുതേനും നെയ്യും മലരും വിത്തും പൂവും ദർഭയും നാലു കുതിരയെ പൂട്ടിയ പള്ളിത്തേരും നാലംഗപ്പടയും ആനയും വെൺചാമരങ്ങളും കുടയും കൊടിമരവും സിംഹാസനവും മുഴുപ്പുലിത്തോലും. സർവ്വധാന്യങ്ങളുടെയും കതിർക്കുലകൾ, വെള്ള മാല്യങ്ങൾ, കോടിവസ്ത്രങ്ങൾ, പൊന്നുകെട്ടിയ കൊമ്പുള്ള വെള്ളക്കാള, സുന്ദരികളായ കന്യകമാർ എട്ട്, ഗംഗാസമുദ്രസലിലങ്ങൾ നിറച്ച പൊന്നിൻ കുടങ്ങൾ ആറ്.

സൂത്രധാരൻ : ഉത്തരവ്. (പോകുന്നു.)

വസിഷ്ഠൻ : സുമന്ത്രരേ! രാമനെ ഉടനെ വരുത്തുക. അഭിഷേക നിശ്ചയം ഉണ്ണിയെ അറിയിക്കുവാൻ മഹാരാജാവിനു തിടുക്കമായി.

സുമന്ത്രർ : മഹർഷേ! മഹാരാജാവിന്റെ ജന്മം സഫലമായി. അടിയങ്ങളുടെ ഉള്ളവും ഓളം തല്ലിത്തകർക്കുന്നു. ഭാർഗ്ഗവരാമനെ കുമ്പിടുവിച്ച കുട്ടി നാളെ പൂയം പുലരുമ്പോൾ കോസലത്തിന്റെ കിരീടം ചൂടുകയാണ്. ഞാൻ തന്നെ യുവരാജാവിനെ കൂട്ടിക്കൊണ്ടുവരാം.

വസിഷ്ഠൻ : (നർമ്മത്തോടെ) യുവരാജാവോ? നെറുകയിൽ ഒഴുകുന്ന അഭിഷേക ജലത്തിൽ നാളത്തെ ഇളംവെയിൽ ആ മുത്തണിക്കിരീടം ചാർത്തുമ്പോൾ, ഊഴിപൻ ആ വാക്ക് ഉൾക്കുളിരോടെ ഉച്ചരിക്കുമ്പോൾ, നമുക്കും അതു വിളിക്കാറാകും.

സുമന്ത്രർ : മഹാജനം മനം കൊണ്ട് എന്നേ ആ കിരീടം ചാർത്തിക്കഴിഞ്ഞു! അയോദ്ധ്യക്ക് ആ കുമാരൻ ഉഷസ്സാണ്. ഉഷസ്സിന്റെ ഓംകാരമാണ് (പോകുന്നു.)

വസിഷ്ഠൻ : രാമൻ ലോകാഭിരാമൻ തന്നെ. പക്ഷേ, ഈ ലോകാരാധന എന്നും നിലനിർത്താൻ കഴി

യുമോ? രാജ്യലക്ഷ്മിക്ക് എന്നും ചാമരം വീശി നിൽക്കുമോ ജനപ്രീതി? ഇന്നോളം കണ്ടിട്ടില്ല. ഒരു പക്ഷേ, രാമന്റെ പരീക്ഷണം അതായിരിക്കും.

('പട്ടമഹിഷി കൗസല്യാദേവി' എന്ന് സൂത്രധാരൻ അണിയറയിൽ ഘോഷിക്കുന്നു. വാർദ്ധക്യത്തിലേക്കു കടക്കുന്ന കൗസല്യ സോൽക്കണ്ഠം പ്രവേശിക്കുന്നു.)

കൗസല്യ : മഹർഷിക്കു വന്ദനം. ഈയുള്ളവളുടെ പ്രാർത്ഥന ഫലിച്ചോ മഹർഷേ?

വസിഷ്ഠൻ : രാമനു മാതൃത്വം നൽകിയപ്പോൾ തന്നെ നീ പ്രാർത്ഥിച്ചതെല്ലാം സഫലമായി. നിന്റെ പുത്രന് നാളെ യൗവരാജ്യം നൽകാൻ നിശ്ചയിച്ചു.

കൗസല്യ : നാളെയോ? നാളെത്തന്നെയോ? മഹാവിഷ്ണോ! ആര്യപുത്രനു മംഗളം ഭവിക്കട്ടെ! വാക്കിലോ നോക്കിലോ വിചാരത്തിലോ ഞാൻ ആര്യപുത്രന് അനിഷ്ടമുണ്ടാക്കിയെങ്കിൽ അതെല്ലാം ആ ദയാലു പൊറുത്തിരിക്കുന്നു. ഇവൾ കൃതാർത്ഥയായി. സപത്നീദു:ഖം ഇനി ഇൾക്കില്ല. ഇവൾക്കിനി പരമപദം മാത്രമേ കാംക്ഷിക്കാനുള്ളൂ. നാളെ പുലരുമ്പോൾ എന്റെ മകൻ കോസലത്തിന്റെ കിരീടം അണിയും. സപ്തസാഗരതീർത്ഥങ്ങൾ അവന്റെ ശിരസ്സിൽ വീഴും. അന്ത:പുരജനങ്ങൾ നോക്കി നില്ക്കവേ എന്റെ ഉണ്ണി പള്ളിത്തേരിൽ, നാലംഗപ്പടയുടെ അകമ്പടിയോടെ എഴുന്നള്ളും. ജഗന്നിയന്താവായ മഹാവിഷ്ണോ! എന്റെ കൊച്ചു കീരീടപതിയെ ഞാനവിടുത്തെ തൃച്ചേവടികളിൽ അർപ്പിക്കുന്നു.

വസിഷ്ഠൻ : നിന്റെ ക്ഷമയും നിന്റെ ദമവും എങ്ങുപോയി മകളേ? അന്ത:പുരത്തിൽ കാത്തിരിക്കേണ്ടവൾ രാജഗൃഹത്തിലോടിയെത്തിയിരിക്കുന്നു. പട്ടമഹിഷിയുടെ ഗാംഭീര്യം വെടിഞ്ഞ്, തളർന്നു



തരളയായി, നീ ഉദയാകാശത്തിലെ പറവയെപ്പോലെ പലതും പുലമ്പുന്നു.

കൗസല്യ : ക്ഷമിക്കണം മഹർഷേ! ഇവളുടെ ഇരുണ്ട ജീവിതാകാശത്തിൽ ഇനി ഒരു ഉദയമേ ഉണ്ടാകാനുള്ളൂ. ആ ഉദയം കണ്ടു ദിക്കുകൾ തുടുക്കുകയും മേഘങ്ങൾ ഇളകി മറിയുകയും തരളപതംഗങ്ങൾ ചിലച്ചു തകർക്കുകയും ചെയ്തു കൊള്ളട്ടെ. ഇത് ഈയുള്ളവളുടെ അവസാനത്തെ അഭിലാഷവും അവസാനത്തെ പ്രതീക്ഷയുമാണ്.

വസിഷ്ഠൻ : ഭർത്തൃവൈശിഷ്ട്യം കാണാനുള്ള കണ്ണുകൾ ഒരുപക്ഷേ, കൗസല്യക്കുപോലും ഇല്ലെന്നു വരുമോ? വൃദ്ധനായ ദശരഥന്റെ ഹസ്താവലംബങ്ങൾ സത്യവും ധർമ്മവുമാണെന്നോർമ്മിക്കുക. രാമനാണെങ്കിൽ രാജാവിനു പ്രാണനെക്കാൾ പ്രിയനും. കോസലത്തിന്റെ മുടിചൂടാൻ ശീർഷം ഒന്നേയുള്ളൂവെന്ന് ആരെക്കാളും കോസലാധിപന് അറിയാം.

കൗസല്യ : ആര്യപുത്രനെ അറിയാത്തവളല്ല കൗസല്യ. ആര്യപുത്രൻ കൗസല്യയെ അറിഞ്ഞില്ലെന്നേയുള്ളൂ. എങ്കിലും ഇനി ഇവൾക്കു പരാതിയില്ല.

വസിഷ്ഠൻ : മകളേ, ഉണ്ണിക്കിടാങ്ങളും ഉത്തമന്മാരും തെറ്റിയാൽ പൊറുക്കണം. ചെങ്കോലാണ്ട മന്നവന്റെ തീയാളുന്ന ആത്മാവ് ഒരു കടാക്ഷത്തിന്റെ നിമിഷം നുകർന്നുകൊള്ളട്ടെ.

കൗസല്യ : മഹർഷേ! സപത്നി കൈകേയിക്കു രാജ്യശുല്ക്കം വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.

വസിഷ്ഠൻ : ഇത്രകാലവും നീ അതു മറന്നില്ലേ?

കൗസല്യ : സപത്നിയുടെ പുത്രൻ നാടുവാഴണമെന്ന പള്ളിക്കെട്ടുടമ്പടി ഒരു രാജപത്നിയും മറക്കുകയില്ല.

വസിഷ്ഠൻ : കൈകേയിയുടെ പിതാവ് അന്ന് അങ്ങനെ ശഠിച്ചു. അന്യരാജ്യത്തേക്കയയ്ക്കുന്ന മകളുടെ ഭാവി ഭദ്രമാക്കാൻ ഏതു പിതാവ് ഇച്ഛിക്കുക യില്ല? മകളുടെ ലാവണ്യജ്വാലയിൽ ഏതു ശിലയും ദ്രവിക്കുമെന്നും അശ്വപതിക്കറിയാമാ യിരുന്നു. ദശരഥന് അന്ന് നിന്നിൽ സന്താനങ്ങളുമില്ല. അങ്ങനെ ശുല്ക്കവ്യവസ്ഥ രാജാവു സമ്മതിച്ചു. പക്ഷേ, അശ്വപതി ഇന്നില്ല. കൈകേയിക്കു രാമനും അരുമക്കിടാവ്. ഭരതന്റെ ജ്യേഷ്ഠനെ ക്കാണുമ്പോൾ അവളുടെ മുഖവും പൂർവ്വാം ബരം പോലെ തുടുക്കും. കമിതാവിന്റെ രൂപം കൈയിലെടുത്തു ലാളിക്കാൻ അവളും നീയും കാത്തിരുന്നു പിടികൂടുന്നത് ആ കുസൃതിക്കുട്ട നെയാണ്.

കൗസല്യ : എങ്കിലും ശുല്ക്കം ശപഥമല്ലേ? ലംഘിച്ചു കൂടാത്ത സത്യവുമല്ലേ?

വസിഷ്ഠൻ : മകളേ, നിന്റെ മന:സാന്നിദ്ധ്യം നിശ്ശേഷം നഷ്ടപ്പെ ട്ടിരിക്കുന്നു. സ്വീകർത്താവിനു വേണ്ടെങ്കിൽ ദാതാവ് എങ്ങനെ സത്യം പാലിക്കും? കൈകേ യിക്കു ശുല്ക്കം രാജ്യമാണ്, അവൾ ഇന്നോളം രാജ്യം ചോദിച്ചിട്ടില്ല. അവളുടെ പുത്രൻ രാജ്യ മോഹിയുമല്ല. ഭരതൻ ധർമ്മിഷ്ഠൻ, ജിതേ ന്ദ്രിയൻ, അഗ്രജദാസനെന്ന് അഭിമാനിക്കു ന്നവൻ.

കൗസല്യ : കൈകേയി രാജ്യം ചോദിച്ചാൽ?

വസിഷ്ഠൻ : കൊടുത്താൽ ഭരതൻ കൈക്കൊള്ളുമെന്നു നീ കരുതുന്നുണ്ടോ?

കൗസല്യ : അല്ലെങ്കിലും ഉണ്ണിക്കെന്നോടാണു പ്രിയം കൂടുതൽ.

വസിഷ്ഠൻ : നിന്നിൽ മാതൃത്വം ഏറി നിൽക്കുന്നു. അത് ഉണ്ണി കൾക്ക് അറിയാം. രാമൻ അഗ്രജനെന്നും അഗ്രജൻ കിരീടാവകാശിയെന്നും ആരും ഭരതനെ



പഠിപ്പിക്കേണ്ടതില്ല. രാജാവ് ആരെന്ന് രാമനും പ്രജ ആരെന്ന് ഭരതനും പുരുഷാന്തരങ്ങളെ പഠിപ്പിക്കുമെന്നു ധരിച്ചു കൊൾക. മകളേ, നിന്റെ മകൻ അയോദ്ധ്യക്കു പുകളേറ്റും. അഭിഷേ കനിശ്ചയം അറിയിച്ചപ്പോൾ ആ മഹാസദസ്സ് പുളകം കൊണ്ടു.

കൗസല്യ : മഹർഷേ! ഒരു സംശയം...നാനാനഗരക്കാരെയും നാട്ടുമുമ്പരെയും മന്നിലെ മുഖ്യരാജാക്കന്മാ രെയും ക്ഷണിച്ചുവരുത്തിയിട്ടും കേകയത്തിലെ യുധാജിത്തിനെയും മിഥിലയിലെ ജനകനൃ പേന്ദ്രനെയും എന്തുകൊണ്ടു ക്ഷണിച്ചില്ല?

വസിഷ്ഠൻ : മിഥിലയും കേകയവും കോസലത്തിന്റെ സാമന്ത രാജ്യങ്ങളല്ലല്ലോ. കേകയം തികച്ചും വിദേശവും. എന്തിന് അവരെ ബദ്ധപ്പെടു ത്തുന്നു? അവർ യഥാകാലം ഈ പ്രിയത്തെ കേൾക്കുകയില്ലേ?

കൗസല്യ : മഹർഷി ക്ഷമിച്ചാലും! മാതുലന്റെ രാജധാനിയിൽ പാർക്കുന്ന ഭരതനെയും ശത്രുഘ്നനെയും ഈ നിശ്ചയം അറിയിക്കേണ്ടതായിരുന്നില്ലേ?

വസി ഷ്ഠൻ: അവർ എത്ര അകലെയാണ്! അല്ലെങ്കിലും രാമനെയും ലക്ഷ്മണനെയും അറിയിക്കുമ്പോൾ അവരെയു യഥാവിധി അറിയിച്ചു കൊള്ളും. കുഞ്ഞേ, നീ ആവശ്യത്തിലേറെ മനോവിചാരം കൊള്ളുന്നു. നീ ഒരമ്മയാണെങ്കിലും കോസലസ മ്രാട്ടിന്റെ പട്ടമഹിഷിയാണെന്നു മറക്കരുത്. ഇന്ന് നിനക്കാഹ്ലാദിക്കാനുള്ള ദിവസമാണ്. അന്ത: പുരം അണിയിച്ചൊരുക്കി ആര്യപുത്രനെ എതിരേ ൽക്കാൻ കാത്തു നിൽക്കൂ. അയോദ്ധ്യയിലെ രാജപത്നി അഭിഷേകനിശ്ചയം അറിയേണ്ടത് ഉപശാലകളിൽ നിന്നല്ല.

കൗസല്യ : ഈ തപ്തഭൂമിക്കു വർഷത്തെക്കാൾ നിർവൃതി മറ്റെന്താണ്? ആര്യപുത്രൻ അന്ത:പുരത്തിൽ വന്ന്

ഉണർത്തിച്ചില്ലെങ്കിലും എനിക്കു പരിഭവമില്ല.
(രാമൻ - ഇരുപത്തിയഞ്ചു വയസ്സു പ്രായമുള്ള യുവാവ് - പ്രവേശിക്കുന്നു. കൗസല്യ സന്തോഷാ ശ്രുക്കൾ തൂകുന്നു.)

രാമൻ : (ഗുരുവിനെ ഭക്തിപൂർവ്വം നമസ്കരിച്ചു കൊണ്ട്) ഈ ശിഷ്യനെ അവിടുന്നനുഗ്രഹി ച്ചാലും!

വസിഷ്ഠൻ : ആയുഷ്മാനായി ഭവിക്ക!

രാമൻ : (കൗസല്യയുടെ കൈപിടിച്ച് ചുംബിച്ചു കൊണ്ട്) അമ്മ രാജഗൃഹത്തിൽ ആരെക്കാത്തു നിൽ ക്കുന്നു?

കൗസല്യ : (സന്തോഷാധികൃത്താൽ നിരുദ്ധകണ്ഠയായി) നിന്റെ വരവും കാത്ത്....അമ്മയ്ക്ക് എല്ലാ സൗഭാഗ്യ ങ്ങളും ഇപ്പോൾ തികഞ്ഞു. ആര്യപുത്രൻ, ആര്യപുത്രൻ...

(‘രഘുവംശകിരീടമണി രാജാ ദശരഥരാജേന്ദ്രൻ’ എന്ന് സൂത്രധാരൻ അണിയറയിൽ ഘോഷിക്കുന്നു. വൃദ്ധനെങ്കിലും ഓജസ്വിയായ ദശരഥൻ പ്രവേശിക്കുന്നു. രാമൻ ദശരഥനെ കുമ്പിട്ടു വണങ്ങുന്നു. ദശരഥൻ സാവധാനം നടന്ന് കൗസല്യയുടെ അരികിലെത്തി അവളുടെ തോളിൽ കൈപിടിച്ചു നിൽക്കുന്നു.)

ദശരഥൻ : ഉണ്ണീ, നമ്മുടെ ധർമ്മപത്നിയിൽ പിറന്ന സീമന്തപുത്രൻ. പ്രജാവലിക്കു നീ പ്രിയനും. അതിനാൽ നാളെ പൂയം നാളിൽ നീ യൗവരാജ്യം കൈക്കൊള്ളുക.

(രാമൻ വീണ്ടും ദശരഥനെ നമസ്കരിക്കുന്നു.)

ഭണ്ഡാരങ്ങളും ആയുധപ്പുരകളും ഈടുവയ്പുകളും ഇരട്ടിച്ച് ഈ ഭൂമിയെ പരിരക്ഷിക്കാൻ നിന്നെ നാം ഭരമേല്പിക്കുന്നു. നമ്മുടെ പ്രജകൾ സദാ സന്തുഷ്ടരായിരിക്കണം. ഭരിക്കുന്ന സുഖം നിനക്കും ഭരിക്കപ്പെടാത്ത സുഖം അവർക്കും ഉണ്ടാകട്ടെ! നീ വിനീതനാണ് എങ്കിലും ഏറെ വിനയം നന്ന്. കാമക്രോധങ്ങൾ കൈവിട്ട് ജിതേന്ദ്രിയൻ എന്ന് അഭിമാനിക്കുവാൻ



ശീലിക്കണം. സ്വന്തം മനസ്സിനെ കീഴടക്കുക; സാമ്രാജ്യങ്ങൾ സ്വയം കീഴടങ്ങും. (രാമൻ വീണ്ടും കുമ്പിടുന്നു).

മകനേ! ദിക്കുകൾ എട്ടും നിന്നെ കുമ്പിടട്ടെ. ഇരവുപകലുകൾ നിനക്കൂഴം വച്ചു കാവൽ നിൽക്കട്ടെ. പഞ്ചഭൂതങ്ങൾ നിന്റെ പാദാന്തികത്തിൽ ദാസ്യം വഹിക്കട്ടെ. കാലചക്രം നിന്നെ കീർത്തിച്ചു കൊണ്ടു കറങ്ങട്ടെ.

രാമൻ : ഗുരുവരനും അച്ഛനും അമ്മയും അനുഗ്ര ഹിച്ചാൽ അടിയൻ ഏതു ഭാരവും വഹിക്കാം.

വസിഷ്ഠൻ : കുമാരാ, യശോമംഗളങ്ങൾ നിന്നെ പരിചരിക്കു മാറാകട്ടെ.

കൗസല്യ : മകനേ, നിന്റെ ധർമ്മപത്നി സീതയെ ഈ വരവാർത്ത വൈകാതെ അറിയിക്കൂ. അവൾ ആനന്ദത്തിൽ ആറാടട്ടെ.

വസിഷ്ഠൻ : നീയും നിന്റെ ധർമ്മപത്നിയും ഇന്നു വ്രതം അനുഷ്ഠിച്ച് ദർഭയിൽ ശയിക്കണം.

ദശരഥൻ : അന്ത:പുരത്തിൽ ചെന്ന് കർമ്മങ്ങൾ ആരംഭിച്ചു കൊള്ളൂ.

(രാമൻ മൂവരെയും വണങ്ങിയിട്ടു പോകുന്നു).

(ദശരഥൻ ആനന്ദതുന്ദിലനായി കൗസല്യയെഉറ്റുനോക്കുന്നു).

യുവരാജാ രാമനിൽ ഭവതിക്കോ അയോദ്ധ്യക്കോ കൂടുതൽ അവകാശം? അവന്റെ മാതൃത്വം ആർക്കാണ് അധികം എന്ന ശണ്ഠയുണ്ടാകുമോ?

കൗസല്യ : രാജമാതാവെന്ന പദവിയും ഈയുള്ളവൾ വീനീ തമായി കൈക്കൊള്ളും

ദശരഥൻ : നിറഫലങ്ങൾ നമിക്കുമ്പോൾ മഹാജനം അവയെ കണി കണ്ടു വന്ദിക്കുന്നു.

കൗസല്യ : അതേ, ചില്ലയിൽ നിന്ന് ഒടിച്ചകറ്റി കാഴ്ചയ്ക്കു വയ്ക്കുന്നു.

ദശരഥൻ : ദേവീ, കിരീടപതികൾ ഒന്നിനു പുറകേ ഒന്നായി മറ്റാരുടെ കാൽക്കലും അർച്ചന നടത്തിയിട്ടില്ല. സൗഭാഗ്യത്തിൽ ഭവതി ആർക്കും പിന്നിലല്ലെന്ന് അറിയുക.

കൗസല്യ : ആര്യപുത്രാ! അങ്ങയുടെ ദാസി ചരിതാർത്ഥയായി. അങ്ങയിലും അങ്ങയുടെ പുത്രനിലും ഇവൾ അയോദ്ധ്യയെപ്പോലെ അഭിമാനം കൊള്ളുന്നു.

വസിഷ്ഠൻ : വീരപ്രസുവായ രാജപത്നീ! ദാനധർമ്മങ്ങൾക്കുള്ള ദിവസമാണ് ഇന്ന്. യഥോചിതം ആ കർമ്മം നിർവ്വഹിക്കൂ.

കൗസല്യ : ദാനവസ്തുക്കൾ ഒരുക്കിയിട്ടാണ് ഈയുള്ളവൾ ഇങ്ങോട്ടു വന്നത്. ഇതാ വിടകൊള്ളുകയുമായി. (പോകുന്നു).

ദശരഥൻ : മഹർഷേ! നാം ജീവിതത്തിന്റെ സായംസന്ധ്യയോടടുത്തു. തളർന്ന ശരീരം ഇച്ഛാശക്തിയുടെ ആജ്ഞകൾ അനുസരിക്കാൻ മടിക്കുന്നു. എങ്കിലും ഏതു നിമിഷവും നമ്മുടെ ശരീരം ഓജസ്സും ഉന്മേഷവും വീണ്ടെടുക്കും. കൊതിയാവുന്നു വീണ്ടും ഒന്നു കാടിളക്കി വേട്ടയാടാൻ. കാട്ടാനകളുടെ ഘോഷം കേട്ട നാളുകൾ മറന്നു. പൂത്തുലഞ്ഞ വേങ്ങക്കൊമ്പ് ഒടിഞ്ഞു വീഴും പോലെ വ്യാഘ്ര സുന്ദരികൾ കുതിച്ചടുത്ത നിമിഷങ്ങളും മറന്നു. ഈ പടുകിഴവനോ വേട്ടക്കൊതിയെന്ന് അങ്ങ് ആശ്ചര്യപ്പെടും. നമ്മുടെ കൈ ഇന്നും വില്ലെടുക്കുവാൻ തരിക്കുന്നു.

വസിഷ്ഠൻ : യൗവനത്തിന്റെ അനുഭൂതികൾ വാർദ്ധക്യം സ്വപ്നത്തിൽ വീണ്ടും ദർശിക്കുകയാവാം.

ദശരഥൻ : യൗവനവും വാർദ്ധക്യവും ആയുർഗ്ഗണിതത്തിലെ അർത്ഥശൂന്യമായ പ്രകരണങ്ങളെന്നേ നാം കരുതുന്നുള്ളൂ. സരയുവിന്റെ തടങ്ങളിൽ ഇളവെയിൽ ഉടുത്ത കാട്ടിലഞ്ഞികൾ കാർകൂന്തലഴിച്ചിട്ടു മയങ്ങുമ്പോൾ അതു വഴി ചാടുന്ന ചമരിമാൻ കൂട്ടങ്ങൾക്കു പിമ്പേ കുതിക്കാൻ ഇനിയും നമുക്കു കഴിയും. കുംഭീരവം കേട്ടു നാം കടിഞ്ഞാൺ പിടിക്കും.



വസിഷ്ഠൻ : ചിലപ്പോൾ ആപത്തിൽ കലാശിക്കുകയും ചെ യ്യും.

ദശരഥൻ : ശൂദ്രമുനിയുടെ ശാപമല്ലേ മഹർഷി സൂചിപ്പിക്കുന്നത്? ആ ശാപം എങ്ങനെ ഫലിക്കും? നാം മുനികുമാരനെ കൊല്ലാൻ അമ്പയച്ചില്ല. കുമാരന്റെ കാലം അടുത്തിരുന്നു. വൃദ്ധതാപസൻ ദു:ഖം പൊറാഞ്ഞു നമ്മെ ശപിച്ചുവെന്നു മാത്രം. ആ ശാപം എന്നേ കാലഹരണപ്പെട്ടു! നാം അതു മറന്നു. ബാല്യത്തിൽ എത്ര പടവുകളിൽ കാൽ വഴുതിവീഴുന്നു. അതൊന്നും ആരും ഓർമ്മിക്കാറില്ല. പക്ഷേ, നാം ഇന്നു കർത്തവ്യം മറന്നു മദിച്ചുപോകുന്നു.

ആരവിടെ?

(സൂത്രധാരൻ പ്രവേശിക്കുന്നു.)

നാനാദിക്കുകളിലേക്കും ദൂതന്മാരെ അയച്ചുവോ?

സൂത്രധാരൻ : അടിയൻ!

ദശരഥൻ : ആയിരം പശുക്കളും ഏഴു ശകടം സ്വർണ്ണരത്നങ്ങളും ദാനശാലയിൽ സംഭരിക്കട്ടെ. ദ്വിജന്മാരും സാധുജനങ്ങളും കൂടുമ്പോഴേക്കും നാം അവിടെ എത്തും.

സൂത്രധാരൻ : കല്പന!

ദശരഥൻ : അന്ത:പുരങ്ങളിൽ ഇന്നു രാത്രി മുഴുവൻ വീണയും പണവധ്വനിയും മുഴങ്ങിക്കേൾക്കട്ടെ.

സൂത്രധാരൻ : കല്പന!

ദശരഥൻ : രാമനെ വീണ്ടും നമുക്കു കാണണം; ലക്ഷ്മണനെയും.

സൂത്രധാരൻ : അടിയൻ! (പോകുന്നു).

ദശരഥൻ : അയോദ്ധ്യയിലെ ഏറ്റവും വലിയ ഉത്സവമല്ലേ! നമ്മോടൊത്ത് ഏവരും ഈ ഉത്സവം കൊണ്ടാടിക്കൊള്ളട്ടെ.

വസിഷ്ഠൻ : അയോദ്ധ്യയിൽ ഉത്സവം ആരംഭിച്ചു കഴിഞ്ഞു. പുലരും മുമ്പ് അഭിഷേകകുംഭങ്ങൾ ഒരുങ്ങിക്കഴിയും.

(സുമന്ത്രർ പ്രവേശിക്കുന്നു.)

സുമന്ത്രർ : മഹർഷേ! ഋത്വിക്കുകൾ ഉപദേശങ്ങൾക്കായി അങ്ങയെ കാത്തിരിക്കുന്നു.

വസിഷ്ഠൻ : ഞാൻ ഇതാ എത്തിക്കഴിഞ്ഞു. മഹാരാജൻ! കൈകേയിയോടും മറ്റു ധർമ്മദാരങ്ങളോടും അഭിഷേകനിശ്ചയം അങ്ങുതന്നെ ഉണർത്തിക്കുകയല്ലേ ഉചിതം?

ദശരഥൻ : നാം ഈ സന്തോഷം അറിയിക്കാൻ അന്ത: പുരത്തിലേക്കു പുറപ്പെട്ടു കഴിഞ്ഞു. സുമന്ത്രരെ! രാജാ ദശരഥന് ഇനി വേറൊരുത്സവം ഘോഷിക്കാനില്ല....നമ്മുടെ ഇംഗിതം നിനക്കു നിശ്ചയമുണ്ടല്ലോ

സുമന്ത്രർ : അടിയൻ!

(വസിഷ്ഠനും സുമന്ത്രരും പോകുന്നു. ദശരഥൻ അസ്വസ്ഥനായി ഉലാത്തുന്നു. ക്രമേണ രംഗവേദി മങ്ങുന്നു. ദശരഥന്റെ മുഖം മാത്രം ഒരു പ്രകാശനാളത്താൽ വ്യക്തമാണ്.)

ദശരഥൻ : പക്ഷേ, അശുഭങ്ങളും ഘോരസംഭവങ്ങളും നാം സ്വപ്നത്തിൽ ദർശിക്കുന്നു... ആകാശത്തിൽ ഇടിവാളും കൊള്ളിമീനും ചുറ്റിപ്പിണഞ്ഞു വീഴുന്നു. എന്റെ ജന്മഗൃഹത്തെ ക്രൂരഗ്രഹങ്ങൾ തീണ്ടിയെന്ന് ദൈവജ്ഞർ രഹസ്യമായി പറകയും ചെയ്യുന്നു.....നിമിത്തങ്ങൾ ഒന്നും ശുഭമല്ല.... മഹാവിഷ്ണോ! ഒരു പാപവും നാം ചെയ്തിട്ടില്ല. അല്പനാൾ കൂടി ഇവന്ന്



ആത്മശക്തി നൽകിയാലും. ചെങ്കോലാണ്ട രാമനെ ഒരു നോക്കു കണ്ടാൽ മതി. അനുജന്മാരാൽ അനുസേവ്യനായ കുമാരൻ സിംഹാസനം അലങ്കരിക്കുമ്പോൾ മടികൂടാതെ നാം വാനപ്രസ്ഥമോ മരണമോ വരിച്ചു കൊള്ളാം. (രാമൻ പ്രവേശിക്കുന്നു.)

രാമൻ : രാമൻ ഈ ചേവടികളെ വന്ദിക്കുന്നു.

ദശരഥൻ : (ഞെട്ടിയുണർന്ന്) ഉണ്ണീ! മകൾ സീതയെ വിശേഷം അറിയിച്ചില്ലേ?

രാമൻ : അറിയിച്ചു.

ദശരഥൻ : ആ ഓമൽക്കണ്ണുകൾ കരിംകൂവളപ്പൂവുകൾ പോലെ വിടർന്നില്ലേ?.... അവൾ നിനക്കു നന്നേയിണങ്ങും. നീ ദാനധർമ്മങ്ങൾ നടത്തിയോ?

രാമൻ : അതിന് ഒരുങ്ങുകയായിരുന്നു.

ദശരഥൻ : എല്ലാം അമ്മയെ ധ്യാനിച്ചു കൊണ്ട് നിർവ്വഹിച്ചു കൊള്ളൂ...രാത്രിയിൽ...

രാമൻ : ഉപവാസമാണ്.

ദശരഥൻ : അതെ, അതെല്ലാം ഗുരുനാഥൻ ഉപദേശിച്ചുവല്ലോ...രാത്രിയിൽ.....(അസ്വസ്ഥനായി നടക്കുന്നു) നിന്റെ അനുജൻ ഭരതൻ എന്ന് ഈ അന്ത:പുരത്തിൽ നിന്നും പോയോ അന്ന് നിനക്ക് അഭിഷേകകാലമായി. ഭരതൻ സാധുവൃത്തൻ, ധർമ്മിഷ്ഠൻ, നമുക്ക് അവൻ പ്രിയംകരൻ. എങ്കിലും മനുഷ്യരുടെ മനം സ്ഥിരമല്ലല്ലോ. രാത്രിയിൽ.... (അസ്വസ്ഥനായി ഉലാത്തുന്നു.)

(ലക്ഷ്മണൻ പ്രവേശിക്കുന്നു.

ലക്ഷ്മണകുമാരൻ അഭിഷേകവാർത്ത അറിഞ്ഞിരിക്കുമല്ലോ?

ലക്ഷ്മണൻ : അടിയൻ!

ദശരഥൻ : രാത്രിയിൽ ഉത്തമസുഹൃത്തുക്കൾ ശ്രദ്ധയോടെ രാമന്റെ ചുറ്റും നിന്നു രക്ഷിക്കട്ടെ. ആ ഭാരം നാം ലക്ഷ്മണനെ ഏൽപ്പിക്കുന്നു.

ലക്ഷ്മണൻ : അടിയൻ എന്നും അഗ്രജനു കാവൽ നിൽക്കാം.

ദശരഥൻ : ഇന്നു രാത്രിയിൽ കാവൽ ഭദ്രമായിരിക്കട്ടെ. ഈ വിധമുള്ള കാര്യങ്ങൾക്കു വിഘ്നം പലതുമുണ്ടാകാം (രാമനും ലക്ഷ്മണനും വണങ്ങി പോകുന്നു. ദശരഥൻ അവരെ ഉറ്റുനോക്കി നിൽക്കുന്നു.)



# ഉപപാഠവിഭാഗം

## 1. മരപ്പാവകൾ

കാരൂർ നീലകണ്ഠപിള്ള

[ദീർഘകാലം അധ്യാപകവൃത്തി അനുഷ്ഠിച്ച കാരൂർ നീലകണ്ഠപിള്ള (1898-1975) അധ്യാപകരുടെ ദുരിതം നിറഞ്ഞ ജീവിതത്തെക്കുറിച്ചു അനേകം ചെറുകഥകൾ എഴുതിയിട്ടുണ്ട്. സൗമ്യമായ സ്വരത്തിലാണ് അദ്ദേഹം തന്റെ കഥകൾ പറയുന്നത്. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ സ്ഥാപക സെക്രട്ടറിയായിരുന്നു അദ്ദേഹം. ചെറുകഥകളും നോവലുകളും നാടകങ്ങളുമായി ധാരാളം കൃതികൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ കഥകളിൽ ഒന്നാണ് 'മരപ്പാവകൾ'.]

മുറ്റത്തു ചെന്നു നിന്ന എന്യൂമറേറ്റർ '312 ആശാരി പറമ്പിൽ' എന്നു തന്നോടു തന്നെ പറഞ്ഞിട്ട് ഉച്ചത്തിൽ ചോദിച്ചു: ''ഇവിടെ ആരുമില്ലേ?''

ഓല കുത്തി മറച്ചുണ്ടാക്കിയ മുറിയിൽ നിന്ന് ഒരു സ്ത്രീ തിണ്ണയിലേക്കിറങ്ങി വന്നു.

''ഉമ്മിണിയെന്നാണോ പേര്?'' കൈയിലിരിക്കുന്ന കടലാസിൽ നോക്കിക്കൊണ്ട് ആഗതൻ ചോദിച്ചു.

യുവതിയുടെ സ്വതേ വിടർന്ന കണ്ണുകൾ കുറേക്കൂടി വികസിച്ചു. കേസോ, പോലീസോ വല്ലതുമായിരിക്കും എന്ന് അവൾ പരിഭ്രമിച്ചു.

''ജനസംഖ്യയെടുക്കുകാ. ഇവിടെ ആരൊക്കെയുണ്ട്?''

''ഇപ്പോൾ ഞാൻ മാത്രമേ ഒള്ളൂ. അമ്മ ഇപ്പഴങ്ങു പോയേ ഒള്ളു. തോട്ടിന്റെ കരേൽ തഴ ചെത്താൻ പോയതാ. ആങ്ങളച്ചെറുക്കൻ പണിയാൻ പോയേക്കുവാ.''

''ഉമ്മിണീന്നു പേരുള്ളത്?''

''അമ്മേടെ പേരാ.''

''ശരി, ഉമ്മിണി ആണോ പെണ്ണോ?''

അവളൊന്നു ചിരിച്ചു. പരിഹാസച്ചിരി. എന്നാലും അഴകുള്ള ചിരി.

''അമ്മയും ഞാനും പെണ്ണുങ്ങളാ. ആങ്ങള ആണും.''

''അച്ഛനില്ലേ?''

''മരിച്ചു പോയി.''

''അപ്പോൾ ഉമ്മിണി വിധവയാണല്ലേ?''

''ഇപ്പോൾ വിധവയാ.''

എന്നിട്ട് അവൾ പറഞ്ഞു: ''ജനസംഖ്യയെടുക്കുമ്പോൾ കൊട നിവർത്തു പിടിക്കരുതായിരിക്കും. ഈ തീപോലുള്ള വെയിലത്തു നിന്ന് ജനസംഖ്യ എടുത്താൽ ആളിന്റെ എണ്ണം കുറഞ്ഞുപോകും. ഈ ബഞ്ചേലേക്കു കേറിയിരിക്കാവല്ലോ.''

ചാണകം മെഴുകി വെടിപ്പും മിനുപ്പും വരുത്തിയിട്ടുള്ള ആ നീളം കുറഞ്ഞ വരാന്തയിൽ കയറി ആഗതൻ ഒരു ബഞ്ചിലിരുന്നു.

ഉമ്മിണിയുടെ വിവരങ്ങളൊക്കെ ചോദിച്ചറിഞ്ഞു രേഖപ്പെടുത്തി.

''നിങ്ങളുടെ പേര്?''

''എന്റെ പേര് നളിനി.''

ഇതു പറഞ്ഞപ്പോൾ അവൾ അല്പം ലജ്ജ ഭാവിച്ചു.

''വയസ്സ്?''

''കണ്ടിട്ടെന്തു തോന്നന്നു?''

''എനിക്കൊന്നും തോന്നിയില്ല.''

അവളൊന്നു മന്ദഹസിച്ചു.

''ഇരുപത്തിമൂന്ന്.''

''വിവാഹം കഴിഞ്ഞതാണോ?''

''ഉം.''

''ഇപ്പോൾ ഭർത്താവുണ്ടോ?''

അവളല്പം പരുങ്ങി.



''ഇപ്പോളിവിടെയില്ല-പതിമ്മൂന്നാം മൈലിൽ ജനസംഖ്യയെടുത്തോ?''

''അതിനാലു വേറെയാ. ഭർത്താവുണ്ട് അല്ലേ?''

''ഒണ്ടെന്നോ ഇല്ലെന്നോ എഴുതിക്കോളൂ.''

അവൾ അവഗണനാഭാവത്തിൽ പറഞ്ഞു.

''ഉണ്ടെന്നെഴുതിയാലും ഇല്ലെന്നെഴുതിയാലും അർത്ഥം ഒന്നല്ലല്ലോ?''

''എന്നാൽ ഒണ്ടെന്ന് തെളിയാതെ എഴുതിക്കോളൂ.''

''കല്യാണം പറഞ്ഞുവച്ചിട്ടേ ഒള്ളായിരിക്കും, അല്ലേ? എന്നാൽ വിവാഹിത എന്നല്ല എഴുതേണ്ടത്. അവിവാഹിത.''

''അതല്ല. വിവാഹം കഴിഞ്ഞു.''

അവൾ തലയുടെ പുറകുവശം ചൊറിയുകയും അതോടെ, നീണ്ടതും എണ്ണമയമില്ലാത്തതിനാൽ മുഷിഞ്ഞതുമായ മുടി അഴിഞ്ഞിഴഞ്ഞു വീഴുകയും അത് അവളുടെ സുന്ദരരൂപത്തിന് ഒരു ഭംഗിയുള്ള പശ്ചാത്തലമായി ഭവിക്കയും ചെയ്തു.

''ഭർത്താവ്-?''

''ഭർത്താവൊണ്ട്. ഭർത്താവില്ലതാനും.''

''ഉപേക്ഷിച്ചു. അല്ലേ? അപ്പോൾ വിഭർത്തൃക.''

''ആ വാക്ക് കേട്ടിട്ടെഴുതാമെന്നു തോന്നുന്നു. ഒന്നൂടെ കേക്കട്ടെ, വിദർഭ. അതുപോലെ ഒരു കുഴഞ്ഞ കേസാ ഇതും. പക്ഷേ, ഉപേക്ഷിച്ചതല്ല. ഉപേക്ഷിച്ചെങ്കിൽ പിന്നെയെന്തിനാ ആഴ്ചതോറും അയാളു ദൂതാളിനെ പറഞ്ഞു വിടുന്നത്?''

''നിങ്ങളുപേക്ഷിച്ചതായിരിക്കും?''

''ഞാനാദ്യം അപേക്ഷിക്കാനും പോയില്ല, പിന്നെ ഉപേക്ഷിക്കാനും പോയില്ല. എന്താ വേണ്ടതെന്നാലങ്ങനെ എഴുതിക്കോ. നിങ്ങൾക്കല്ലേ ഒക്കെ അറിയാവുന്നെ?''

''എനിക്കു നിങ്ങടെ ഭർത്താവിന്റെ കാര്യമൊന്നും അറിയാൻ വയ്യ. നിങ്ങളു പറയുന്നതെഴുതാം. ഭർത്താവുണ്ടെന്ന്.''

''അതാ നല്ലത്.''

''നല്ലതും ചീത്തയും എഴുതാനുള്ള പുസ്തകമല്ലിത്. നേരെഴുതാനുള്ളതാ.''

''ഞാൻ പറഞ്ഞതാ നേര് '' എന്നു പറഞ്ഞിട്ട് അവൾ തലമുടി പുറകുവശത്തു കെട്ടിവച്ചു. അനാവശ്യമായി ആ പ്രവൃത്തി അയാൾ നോക്കിക്കണ്ടു.

''പ്രസവിച്ചതാണോ?''

''ആണും പ്രസവിച്ചില്ല. പെണ്ണും പ്രസവിച്ചില്ല.''

''ഛിദ്രമുമുണ്ടായിട്ടുണ്ടോ?''

''ഒണ്ടായിട്ടൊണ്ടോന്ന്! അവിടെ ചെന്ന് ആറുമാസം തികയുന്നതിനുമുമ്പേ തുടങ്ങിയതല്ലേ ഛിദ്രം! ഒരു ദിവസമല്ലേലൊരു ദിവസം ഛിദ്രമില്ലാതെ കഴിഞ്ഞിട്ടില്ല.''

''ദിവസവും ഛിദ്രമോ?''

''അതല്ലേ ഞാനിങ്ങു പോന്നത്?''

''എന്താണീപ്പറയുന്നത്? ഗർഭച്ഛിദ്രം എന്നുവച്ചാൽ, അലസുക ഉണ്ടായിട്ടുണ്ടോന്ന്!''

''എന്തെല്ലാം പോക്കണം കേടുകളോ ചോദിക്കുന്നെ? ആങ്ങള ച്ചെറുക്കനിവിടെയില്ലാത്തതു നന്നായി.''

അയാൾ അല്പം ചൊടിച്ചു: ''ആങ്ങളച്ചെറുക്കനുണ്ടെങ്കില്? ഇതു സർക്കാരുകാര്യമാ. ആങ്ങളച്ചെറുക്കൻ പോയിട്ട് വെല്യമ്മാവനുണ്ടെങ്കിലും ചോദിക്കേണ്ടതു ചോദിക്കും. നേരൊക്കെ പറയുകേം വേണം. പറഞ്ഞില്ലെങ്കിൽ അതു കുറ്റമാണ്. പറയുന്നതൊക്കെ രഹസ്യമായി സൂക്ഷിക്കും.''

''വല്യ ഉഷ്ണം തോന്നുന്നെങ്കിൽ ഇതു കൊണ്ടു വീശിക്കൊള്ളു'' എന്നു പറഞ്ഞ് നളിനി ഒരു വീശുപാളയെടുത്ത് ആ ബഞ്ചിന്റെ അറ്റത്തു വച്ചു കൊടുത്തു. ''ആങ്ങളച്ചെറുക്കൻ കേൾക്കെ ഇതൊക്കെച്ചോദിച്ചാൽ എനിക്കു നാണം വരുമെന്നാ പറഞ്ഞത്.''

''എന്നിട്ട്, പറയൂ.''

''ഇല്ല.''

''എന്തോന്നില്ല. പറയുകേല്ലെന്നോ?''



''അല്ലല്ല. മുമ്പേ ചോദിച്ചില്ലേ ഛിദ്രം? അതില്ല.''

''നിങ്ങൾക്കു മാസം എന്തു വരവൊണ്ട്?''

''ആങ്ങളയ്ക്കു മൂന്നു രൂപാ തച്ചാ-''

''ആങ്ങളയുടെ തച്ചല്ല. നിങ്ങടെ-''

''ഞാൻ പണിക്കു പോകാറില്ല.''

''അപ്പോൾ വരവൊന്നുമില്ല. ആശ്രയിച്ചു കഴീന്നയാൾ.''

''ഞാനോ? ഇതാരു പറഞ്ഞു? ആ വള്ളിക്കടവിലെ കാത്ത പറഞ്ഞതായിരിക്കും. അവടെ കാര്യം എനിക്കും പറയാനൊണ്ട്.''

അയാൾ രസിച്ചൊന്നു ചിരിച്ചു.

''കാത്തയോ? എന്തു പറഞ്ഞെന്ന്? ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടില്ല. ഒരാൾക്കു വരവില്ലെങ്കിൽ മറ്റൊരാളുടെ വരവുകൊണ്ടു വേണം ജീവിക്കാൻ. നിങ്ങൾക്കു വരവില്ല. ഉണ്ണാനും ഉടുക്കാനും മറ്റും കാശു ചെലവുണ്ട്. അതു തരുന്നയാളിനെ, അമ്മയേയോ ആങ്ങളയേയോ, ആശ്രയിച്ചാണ് നിങ്ങൾ ജീവിക്കുന്നത്; നേരല്ലെ?''

''കച്ചേരീലെ ചോദ്യംപോലെയാണല്ലോ ഇത്?''

''കച്ചേരിയിൽ നിങ്ങളോടു ചോദിച്ചിട്ടുണ്ടോ?''

''അതിനും ആ ദ്രോഹി ഇടവരുത്തി.''

''ഭർത്താവ്. അല്ലേ?'

''അവനാ ഭർത്താവ്! ഭർത്താവില്ലെന്നങ്ങെഴുതിയേക്കൂ. അതിനു ഞാൻ വേണേൽ വല്ലതും തരാം പൊന്നേ.''

''അതിരിക്കട്ടെ. നിങ്ങൾക്കു വരവൊന്നുമില്ലല്ലോ?''

''വരവൊണ്ട്, ഞാനാരെയും ആശ്രയിക്കുന്നില്ല. മാസം പതിനഞ്ചു രൂപായെങ്കിലും വരവൊണ്ട്.''

''ശരി. എന്താ തൊഴിൽ?''

''എന്തെല്ലാം അറിയണം ഈ സർക്കാരിന്? തൊഴില് ഒന്നല്ല, പലതാ.''

''അതൊക്കെപ്പറഞ്ഞോളൂ; എഴുതാൻ കടലാസിൽ സ്ഥലമുണ്ട്.''

''ഞാനാ ഈ വീട്ടിൽ കഞ്ഞിവെക്കുന്നത്. ഈ തിണ്ണ മെഴുകിയതു ഞാനാ.''

''മെഴുകിയതു നന്നായിട്ടുണ്ട്. കണ്ണാടി പോലെ മിന്നുന്നുണ്ടല്ലോ.''

''എന്റെ കവിള് കണ്ണാടിപോലെ മിന്നുന്നെന്ന് എന്റെ പണിക്കൻ, ഹാ, എന്റെ ആരുമല്ല-അയാൾ പറയുമായിരുന്നു. അപ്പോൾ ഈ തിണ്ണ എന്റെ കവിളുപോലെയിരിക്കും.'' അവൾ ഫലിതം പറഞ്ഞമട്ടിൽ ചിരിച്ചു.

അയാളും ചിരിച്ചു.

അയൽവീട്ടിലെ ഒരു പെണ്ണ് മുറ്റത്തു വന്ന് എന്യൂമറേറ്ററുടെ മുഖത്തു കണ്ണും തറപ്പിച്ചു നിലയായി.

''പെണ്ണിനു വയസ്സു പത്തു കഴിഞ്ഞേയുള്ളൂ; നോട്ടം കണ്ടില്ലേ? രണ്ടു കൊല്ലം കഴിഞ്ഞാൽ ഈ വഴിക്ക് ആളുകളെ നടത്തുകേല്ല.''

പെണ്ണിനു കോപം വന്നു. ''ഞാനൊന്നു നോക്കിയെന്നുവെച്ച് പണിക്കത്തിക്കു വല്ല നഷ്ടോം വന്നോ? ഞാനെന്റെയപ്പാ പോകുകാണേ,'' എന്നു പറഞ്ഞിട്ട് അവൾ വന്ന വഴി തിരിച്ചു പോയി. പോകുന്നപോക്കിൽ അവൾ എന്തോ പിറുപിറുത്തു കൊണ്ടി രുന്നു.

നളിനി പറഞ്ഞു: ''അവൾക്കു ശുണ്ഠി വരണം. ആരുടെയെങ്കിലും തലവട്ടം കണ്ടാൽ മതി എവിടുന്നെന്നറിയാൻമേല പെണ്ണു മുറ്റത്തുണ്ട്.''

എന്യൂമറേറ്റർക്ക് അവിടെയിരിക്കാൻ പേടിയായിത്തുടങ്ങി.

''എന്നിട്ട്-തൊഴിൽ പറഞ്ഞില്ല.''

''പറഞ്ഞില്ലേ? ഒരു വീട്ടിലെന്തെല്ലാം ജോലിയുണ്ടോ അതൊക്കെ ഞാൻ ചെയ്യുന്നുണ്ട്.''

''ആദായം കിട്ടുന്ന തൊഴിലാണറിയേണ്ടത്.''

''ആദായം കിട്ടുന്ന തൊഴിലില്ലെങ്കിൽ നിങ്ങളു വല്ലതും തരുമോ?''

''തരുമോന്നു ചോദിച്ചാൽ-'' അയാൾക്കു മുഴുവനാക്കാൻ മടി തോന്നി.

''ചോദിച്ചാൽ തരുമായിരിക്കും അല്ലേ?''

അയാൾ ചുറ്റുപാടും നോക്കി.

അവൾ പറഞ്ഞു: ''വീട്ടിൽ വല്ലോരും വന്നാലൊരു മര്യാദ വേണമല്ലോ.''



അയാൾ പെട്ടെന്നു പറഞ്ഞു: ''ഞാൻ മര്യാദകേടു വല്ലതും പറഞ്ഞോ?''

''പറഞ്ഞില്ല. ഞാൻ മര്യാദ കാണിച്ചില്ല. മുറുക്കുമെന്നു തോന്നുന്നല്ലോ?'' എന്നു പറഞ്ഞ് അവൾ മുറിക്കകത്തേക്കു കയറി. തപ്പിപ്പെറുക്കുന്ന ശബ്ദം അയാൾ ശ്രദ്ധിച്ചു.

അല്പം കഴിഞ്ഞ് അവൾ മുറുക്കാൻ കൊണ്ടു വന്നു. അയാൾ മുറുക്കിൽ ഏർപ്പെട്ടു. അവൾ വീണ്ടും മുറിക്കകത്തു പോയി, മൂന്നു മരപ്പാവകൾ കൊണ്ടുവന്നു. എന്നിട്ട് അവൾ പറഞ്ഞു:

''എന്റെ തൊഴിലിതാണ്. ഇതിലൊന്നുണ്ടാക്കാൻ എനിക്ക് ഒരു ദിവസം മതി.''

അയാൾ പാവ വാങ്ങി നോക്കി. ഒരു ചാൺ നീളത്തിലുണ്ടാക്കിയ സ്ത്രീരൂപങ്ങൾ.എല്ലാം നന്നായിരിക്കുന്നു. തിളങ്ങുന്ന ചായപ്പണി ചെയ്തത്. കൊഴുത്തു മിനുത്തത്. ഭംഗിയുള്ള അവയവങ്ങൾ. ഉയർന്ന മാറിടം. തടിച്ച ജഘനം.. കൃശമായ മദ്ധ്യം. അക്ഷാമമായ ചികുരഭരം. ആകർഷകമായ മന്ദസ്മേരം. ആകപ്പാടെ മാദകമായ സുന്ദരശില്പങ്ങൾ. അയാൾ കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. എന്നിട്ട് അവളെ നോക്കി.

''നാലും ഒന്നുപോലെ! അത്ഭുതകരം!''

''മൂന്നു കണ്ടാൽ നാലെന്നു തോന്നുന്നതാണത്ഭുതം!'' അവൾ പറഞ്ഞു. അയാൾ മറുപടി പറഞ്ഞില്ല.

''ഇത് അച്ചിൽ വാർക്കുന്നതാണോ?''

''ഞങ്ങൾ വാർപ്പു പണിക്കാരല്ല.''

''കടഞ്ഞെടുത്തതായിരിക്കും. പാലാഴി കടഞ്ഞപ്പോൾ കിട്ടിയ ലക്ഷ്മിയെപ്പോലിരിക്കുന്നു.''

''പാലാഴി കടയാൻ ഞാൻ കൂടിയില്ല. അതുകൊണ്ട് ഞാൻ ലക്ഷ്മിയെ കണ്ടിട്ടില്ല. എന്റെ തൊഴിലെന്തെന്നു കാണിക്കുകയായിരുന്നു. നാലെന്നു പറഞ്ഞതെങ്ങനെയാ?''

''ഈ ജീവനില്ലാത്ത മൂന്നും, ഇതുണ്ടാക്കുന്ന ജീവനുള്ള ഒന്നും, അങ്ങനെ നാല്. ഒരു പോലെയിരിക്കുന്നതാണത്ഭുതം.''

''എന്നു പറഞ്ഞാൽ ജീവനില്ലാത്തതു പോലെ ജീവനുള്ളതും ഇരിക്കുന്നതോ? അതിലത്ഭുതമൊന്നുമില്ല. എന്റെ തലേലെഴുത്ത്.''

അവളുടെ കണ്ണു മിന്നി. വീണ്ടും മുറിയിൽ പോയി തിരിച്ചു വന്നപ്പോൾ അവളുടെ മുഖം തുടുത്തിരുന്നു. കൈയിൽ ഒരു പാവയുമുണ്ടായിരുന്നു. അത് അവൾ അയാളുടെ അടുത്തു വച്ചു. അയാളതെടുത്തു നോക്കി.

''കംസവധത്തിലെ കൃഷ്ണനാണോ? അതോ മുന്തിയറപ്പനെ കൃഷ്ണന്റെ വേഷം കെട്ടിച്ചതോ? ഇതു കുറെ വലുതായിരുന്നെങ്കിൽ വെള്ളരിവേലിക്കകത്തുകൊണ്ടു വയ്ക്കാമായിരുന്നു, ദൃഷ്ടിദോഷം പറ്റാതിരിക്കാൻ. അല്ലെങ്കിൽ തീരെ ചെറുതായിരുന്നെങ്കിൽ-'

അവൾ ഇടയ്ക്കു കയറിപ്പറഞ്ഞു: ''അതിങ്ങനെയായിപ്പോയി. പത്തൻപതെണ്ണം ഉണ്ടാക്കിയപ്പോൾ ഈ നിലയിലായി. കൃഷ്ണന്റെ രൂപമുണ്ടാക്കി. കാണുന്നവരൊക്കെ വാങ്ങിച്ചുപോന്നു. മൂന്നും നാലും അണ വില കിട്ടുമായിരുന്നു. ക്രമേണ വേഷം ശ്രീകൃഷ്ണന്റെയും രൂപം വേറൊരു കൃഷ്ണന്റെയുമായി. വേറൊരു കൃഷ്ണനെന്നുവച്ചാൽ ഒരു കാലത്തു ഞാൻ ശ്രീകൃഷ്ണനെപ്പോലെ കരുതിപ്പോന്നയാള്. അയാളുടെ കാര്യം ഓർക്കുമ്പോൾ എനിക്കു കലിവരും. പാവയുണ്ടാക്കിക്കഴിയുമ്പോൾ അയാളെപ്പോലെയിരിക്കും. എന്റെ കോപം മുഴുവൻ പാവയുടെ മുഖത്തും. ഒടുവിലൊടുവിൽ ആളുകൾ പാവ മേടിക്കാതായി. പിന്നെ ആ പണി നിർത്തി വച്ചു. പുരുഷരൂപമുണ്ടാക്കേണ്ടെന്നു വച്ചു. ശ്രീപാർവ്വതിയുടെ രൂപമുണ്ടാക്കി നോക്കി. എന്നു വച്ചാൽ ഒരു സ്ത്രീ രൂപമുണ്ടാക്കി അതിനു ശ്രീപാർവ്വതിയെന്നു പേരിടും. അല്ലാതെ ഞാൻ പാർവ്വതിയെ കണ്ടിട്ടോ മറ്റോ ഉണ്ടോ? പാർവ്വതി തപസ്സു ചെയ്തെന്നും ശിവന്റെ കൂടെ നൃത്തം ചെയ്തെന്നും ഒക്കെ ഞാൻ കേട്ടിട്ടൊണ്ട്. സിനിമായിൽ കണ്ടിട്ടുമൊണ്ട്. പിന്നെ പാർവ്വതിയും പരമേശ്വരനും ചിലപ്പോൾ പെണങ്ങാറുണ്ടുപോലും. അതൊക്കെ ഓർത്തുകൊണ്ട് പാവയുണ്ടാക്കിത്തുടങ്ങി. ചിലപ്പോൾ കണ്ണാടിയിൽ നോക്കി പാർവ്വതിയെപ്പോലെ ഞാൻ ഓരോഭാവം കാണിച്ച് അതുപോലെ പാവയുണ്ടാക്കും. ഞാൻ പാർവ്വതിയാണെന്നു ഭാവിച്ചു കൊണ്ടാ പണി. ഒടുക്കമൊണ്ടല്ലോ. പാർവ്വതിയൊക്കെ ഒരുപോലെ-''

അവൾ തുടരുന്നതിനു മുമ്പ് അയാൾ പറഞ്ഞു: ''നിങ്ങളും പാർവ്വതിയും സമം സമം''



''ഞാനും പാർവ്വതിയുമെങ്ങനെയാ സമം സമം എന്റെ രൂപമായിപ്പോകുന്നു പാർവ്വതിക്ക്. എനിക്കു നാണമായിത്തുടങ്ങി. എന്റെ രൂപമുണ്ടാക്കി വിറ്റാൽ മേടിക്കാൻ-''

അയാൾ ധിറുതിയിൽ പറഞ്ഞു: ''ധാരാളം ആളുണ്ടാകും.''

''ഉണ്ടാകുമെന്നു ഞാൻ കണ്ടതല്ലേ? മേടിക്കുന്നോരും എന്നെ ആക്ഷേപിക്കും. പാവ ഒന്നാന്തരം. പാവ വില്ക്കുന്നത് രൂപം കാണിച്ച് ആണുങ്ങളെ ആകർഷിക്കാനാണെന്ന്, ഞാൻ മുമ്പേ പറഞ്ഞില്ലേ, കാത്ത - അവളെന്റെ മുഖത്തു നോക്കിപ്പറഞ്ഞു. ഞാനൊരാട്ടു കൊടുത്തിട്ട് അവളുടെ കണ്ണു പൊട്ടിയെന്നാ തോന്നുന്നത്. പിന്നെ എനിക്കു തോന്നി ഞാൻ കേൾക്കാതെ പറഞ്ഞാൽ ഞാനെങ്ങനെയാട്ടുമെന്ന്. മറ്റൊരുത്തി ഇങ്ങനെ ചെയ്താൽ ഞാനും അവളെ ആക്ഷേപിക്കും.''

''അതു നേരായിരിക്കും. എന്നാലും അവരവരുടെ രൂപം ഇത്ര ശരിയായിട്ടുണ്ടാക്കത്തക്ക സാമർത്ഥ്യം ആത്ഭുതകരമാണ്.''

അവൾ പറഞ്ഞു: ''നിങ്ങളു വെറും മുഖസ്തുതി പറയുകയാണ്. ഒരെണ്ണം ഉണ്ടാക്കിയാൽ പിന്നെ അതു നോക്കി എത്ര വേണമെങ്കിലും ഉണ്ടാക്കരുതോ? കണ്ണാടിയിൽ നോക്കി കാണുന്നതുപോലെ ആദ്യമൊന്നുണ്ടാക്കണം. അതത്ര വലിയ കാര്യമൊന്നുമല്ല.''

''അതു നേരാ.''

''ഞാനെന്തു പറഞ്ഞാലും നേരാണെന്നു പറയുന്നോരായിരുന്നു ഈ അയൽപക്കത്തുള്ളവർ മിക്കവരും. അവരെയൊക്കെ പേടിയായിരുന്നു എനിക്ക്.''

''ഇപ്പോൾ പേടിയില്ലായിരിക്കുമല്ലോ എന്നെ?''

''ഇപ്പോൾ എനിക്കാരേം പേടിയില്ല. ഞാനല്ലാതെ ആരെങ്കിലും ഉണ്ടെന്നുതന്നെ എനിക്കു വിചാരമില്ല.''

''കലകളിൽ പ്രവർത്തിക്കുന്ന പലരും അങ്ങനെയുള്ളവരാണ്.''

അവൾ മുറിക്കകത്തു പോയി തിരിച്ചു വരുന്നതിനിടയ്ക്ക് ''അതിന്റെ പേരാണഹന്ത.'' എന്ന് അയാൾ ഒച്ചയടക്കിപ്പറഞ്ഞു.

അവൾ നാലു രൂപങ്ങൾ കൂടി അയാളുടെ മുൻപിൽ വച്ചു. കരുണം, രൗദ്രം, അത്ഭുതം, ശൃംഗാരം ഇവയുടെ ഉച്ചാവസ്ഥയെക്കാണിക്കുന്ന അവളുടെ തന്നെ രൂപങ്ങൾ.

''ഇത് അതിവിശേഷമാണെന്നു പറഞ്ഞാൽ മുഖസ്തുതിക്കാരനെന്ന് എന്നെ ആക്ഷേപിക്കുമോ?''

''അങ്ങനെ പറയാതിരിക്കാം. അതിവിശേഷമാണെന്നു സാറെന്തിനാ പറയുന്നത്? ഇതൊന്നും ഇപ്പോൾ വില്ക്കാറില്ല. പകൽ ഉറങ്ങാതിരിക്കാൻ ചെയ്യുന്ന പണിയാണിത്. എന്നെങ്കിലും ഒരിക്കൽ ഇതിനാവശ്യമുണ്ടാകും. എന്നെക്കാണാത്തവരുടെ കൈയിൽ ചെല്ലുമ്പോൾ ഇതു തേവിടിച്ചിയുടെ പരസ്യമാണെന്നു പറഞ്ഞ് അവരാക്ഷേപിക്കയില്ലെന്നെനിക്കറിയാം.''

''ഒരു തൊഴിൽ അറിയാം. നല്ലപോലെ ചെയ്യാം. അതിൽ നിന്ന് ആദായം കിട്ടാൻ മാർഗ്ഗമില്ലെന്നു വരുന്നതു കഷ്ടമാണേ! നിങ്ങളെന്തിനാ അപവാദത്തെ ഭയപ്പെടുന്നത്? ആളുകളെന്തെങ്കിലും പറയട്ടെ. ഒരു പാവയ്ക്ക് ഒരു രൂപാ ഏതു പൊട്ടക്കണ്ണനും തരും. നിങ്ങളുടെ ആവശ്യങ്ങൾ പരാശ്രയം കൂടാതെ നടക്കും. തൊഴിൽ ശില്പവൃത്തി എന്നെഴുതാൻ പോവുകയാണ്.''

അയാൾ എഴുതി. പിന്നെയും എന്തൊക്കെയോ കുറിച്ചു. അവളുടെ ആങ്ങളയുടെ വിവരങ്ങൾ ചോദിച്ചെഴുതി. അതിനിടയിൽ അവൾ ഒരു പാവയൊഴിച്ച് എല്ലാം മുറിക്കകത്തു കൊണ്ടു ചെന്നു വച്ചു. ഒന്ന് അവൾ കൈയിൽ വച്ചിരുന്നു.

അയാൾ ഒന്നു കൂടി മുറുക്കി. ''പാവയൊന്നും വില്ക്കുകയില്ലെന്നാണോ പറഞ്ഞത്?''

''ഞാനിതു തിന്നാറില്ല; അടുപ്പിലിടാറുമില്ല.''

''ഇനി വളരെയുണ്ടോ കൈവശം?''

''ജനസംഖ്യയിൽ പെട്ടതാണോ ആ ചോദിച്ചതും?''

''എന്നാൽ ചെല്ലട്ടെ. ഭർത്താവു പിണങ്ങി-.''

അവൾ ഇടയ്ക്കു കയറിപ്പറഞ്ഞു: ''അക്കാര്യം പറഞ്ഞു കഴിഞ്ഞില്ലേ? വഴിക്കാരോടൊക്കെ ഭർത്താവിന്റെ കാര്യം ഇതിലധികം പറയാനൊക്കുമോ? അയാളൊരു മൃഗമാ! കള്ളു കുടിക്കും. പിന്നെ പേപ്പട്ടിയെപ്പോലെയാ. വഴിയിൽ കാണുന്നോരുടെനേരെ മെക്കിട്ടു കേറും. എന്നിട്ടടികൊള്ളും. കള്ളെറങ്ങുന്നതുവരെ, എന്നു വച്ചാൽ നേരം വെളുക്കുന്നതു വരെ കിടപ്പ് പോലീസ് സ്റ്റേഷനിൽ. ഒരു ദിവസം രണ്ടുമൂന്നു നാഴിക ഇരുട്ടിയപ്പം ഹേഡ്ഡങ്ങുന്ന് ഒരു പോലീസുകാരനെ പറഞ്ഞയച്ചിരിക്കുന്നു.



ഞാൻ ചെന്ന് പണിക്കനെ ജാമ്യത്തിലിറക്കിക്കൊണ്ടു പോരാൻ. നേരം വെളുത്തിട്ടെറങ്ങിയാമതിയെന്നു ഞാൻ. പണിക്കനില്ലാത്തപ്പം വീട്ടിൽ വല്ലോരും കേറി അക്രമം കാണിച്ചാൽ അർജിം കൊണ്ടു വന്നേക്കരുതെന്നങ്ങേര്. അക്രമത്തിനു വല്ലോരും വന്നാൽ എന്റെ തലേണ്ണച്ചൊവട്ടിൽ വീതുളിയാ ഒള്ളതെന്നു ഞാൻ. അങ്ങേരങ്ങു പോയി രണ്ടുനാഴിക കൂടി കഴിഞ്ഞപ്പോൾ ആമ്പറന്നോൻ ആടിയാടി വന്നു കേറി. ഞാനൊന്നും ചോദിക്കാനും പറയാനും പോയില്ല. നേരം വെളുത്തപ്പോൾ ഞാൻ പറഞ്ഞു: 'ഞാൻ വീട്ടിലൊന്നു പോകുകാണ്'. 'എന്തിനാ പോണെ?' എന്നയാള്. 'ഇവിടെ താമസിച്ചാൽ ഞാൻ വല്ലോരേം വീതുളി കൊണ്ടു കൊന്നേക്കും. അതു കൊണ്ടു പോകുകാ'ന്നു ഞാൻ പറഞ്ഞു. 'എന്റെ കൈ അന്നേരം പുളിപറിക്കാൻ പോകുകേം മറ്റുമില്ലെ'ന്ന് ആ മൃഗം എടുത്തവാക്കിൽ പറഞ്ഞു. 'ഈ മൃഗത്തിന്റെ കൂടെ പാർക്കാൻ ഞാനില്ലെ'ന്നു പറഞ്ഞേച്ചു ഞാൻ റോഡിൽ വന്നു ബസ്സുകേറിയിങ്ങുപോന്നു. പിന്നെയൊണ്ട് പറയാനറയ്ക്കുന്ന കഥകൾ.''

അവൾ നിറുത്തിയപ്പോൾ അയാൾ എഴുന്നേറ്റു.

''ഇതു വേണമെങ്കിലിരിക്കട്ടെ.'' എന്നു പറഞ്ഞ് അവൾ പ്രതിമ നീട്ടി.

അയാൾ സന്തോഷപൂർവ്വം വാങ്ങി നോക്കി. രൗദ്രഭാവത്തിലുള്ള അവളുടെ പ്രതിമ. അതു കണ്ട് അയാളുടെ മുഖത്തെ പ്രസാദം മങ്ങി. എങ്കിലും നന്ദി പറഞ്ഞിട്ട് അയാൾ ഒരു കടലാസുകഷണം അവിടെ വച്ചിട്ടു പറഞ്ഞു: ''ഇതുനോക്കൂ.''

അവൾ നോക്കി. അവളുടെ രൂപം അയാൾ വരച്ചിരിക്കുന്നു! അവൾ ശ്രദ്ധിച്ചു നോക്കി.

''ഈ പറഞ്ഞിരുന്ന നേരത്ത് ഇതു വരച്ചത് അത്ഭുതം തന്നെ. ആ പ്രതിമ ഇങ്ങു തന്നേക്കൂ.'' എന്നു പറഞ്ഞിട്ടു അവൾ അകത്തു പോയി പാർവ്വതി തപസ്സു ചെയ്യുന്ന അല്പം വലിയ ഒരു പ്രതിമ കൊണ്ടു വന്ന് ആ ചിത്രകാരനു സമ്മാനിച്ചു. അയാളത് ആനന്ദവും നന്ദിയും സ്ഫുരിക്കുന്ന ഭാവത്തോടെ വാങ്ങി.

'' എന്നാൽ ചെല്ലൂ,'' എന്നു പറഞ്ഞ് അവൾ മുറ്റത്തേക്കിറങ്ങി. അയാൾ അടുത്ത വീട്ടിലേക്കു നടന്നു. അയാളുടെ ഹൃദയത്തിൽ, വീണക്കമ്പി മീട്ടിയാലുണ്ടാകുന്ന നാദം പ്രതിദ്ധ്വനിച്ചു കൊണ്ടിരുന്നു.

# 2. വാടകവീടുകൾ

ഉറൂബ്

[അധ്യാപകൻ, പത്രപ്രവർത്തകൻ, ആകാശവാണിയിലെ ഉദ്യോഗസ്ഥൻ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിട്ടുള്ള പി.സി.കുട്ടികൃഷ്ണന് (ഉറൂബ് 1915-1979) ചെറുകഥാകൃത്ത്, നോവൽ രചയിതാവ് എന്നീ നിലകളിലാണ് കൂടുതൽ പ്രശസ്തി. ഉറൂബ് എന്ന തൂലികാനാമത്തിലാണ് അദ്ദേഹം തന്റെ കൃതികൾ പ്രസിദ്ധീകരി ച്ചിരുന്നത്. മനുഷ്യമനസ്സിന്റെ വിചിത്രമായ ഗതിവിഗതികൾ സൂക്ഷ്മമായി വീക്ഷിക്കുകയും അവ നർമ്മ മധുരമായ ശൈലിയിൽ ആവിഷ്കരിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ കൃതികൾ അനുവാചകരെ ആകർഷിക്കുന്നു. അദ്ദേഹ ത്തിന്റെ മികച്ച ചെറുകഥകളിൽ ഒന്നാണ് വാടകവീടുകൾ.]

അടക്കാൻ വയ്യാത്ത അമർഷത്തോടെയാണ് ഞാൻ പുതിയ പാർപ്പിടത്തിന്റെ കോലായിലേക്കു കയറിയത്. ഇത്ര വേഗത്തിൽ ഒരു വീടു മാറ്റം വേണ്ടി വരുമെന്നു ഞാൻ ഓർത്തതല്ല. മൂന്നു മാസത്തെ വാടക ബാക്കിക്ക് അയാൾ എന്നെ പിടിച്ചു പുറംതള്ളേണ്ട ആവശ്യമൊന്നുമില്ല. ഈ വാടക കിട്ടിയിട്ടു വേണം കഴിഞ്ഞു കൂടാൻ എന്ന സ്ഥിതിയാണ് അയാളുടേതെങ്കിൽ തരക്കേടില്ല. ബാങ്കിൽ നിക്ഷേപിക്കാൻ സംഖ്യ തികയാത്തതാണ് അയാളുടെ കുഴപ്പം. നാലുമാസം അയാളുടെ വീട്ടിൽ താമസിച്ചവനാണു ഞാൻ എന്നൊരു ഭാവം ആ മനുഷ്യനുണ്ടായില്ല. 'സാർ, പെട്ടിയും വിരിപ്പുമെടുത്തു പുറത്തു വയ്ക്കണം. അതൊന്നും ഞാൻ പിടിച്ചു വയ്ക്കുന്നില്ല. സ്ഥലം കാലിയാക്കിത്തന്നാൽ മതി!' അയാൾ പറഞ്ഞ ആ വാക്കുകളിലെ സ്വരം! 'പോടാ പട്ടീ പുറത്ത്' എന്നു പറഞ്ഞു കൂടായിരുന്നോ? എങ്കിൽ അയാൾക്കു ദേഷ്യം വന്നു പറയുക യാണെന്നു സമാധാനിക്കാമായിരുന്നു. പ്രശാന്തമായിട്ടാണു സംസാരിച്ചത്. ഞാൻ എവിടെ പോകുമെന്നാണ് ആ തന്തക്കഴുത ധരിച്ചത്? വേറെ വീടു പണി ചെയ്യിച്ചു വെച്ചിരിക്കുന്നോ? എങ്കിൽ ഇവന്റെ എലിമടപോലത്തെ ആ മുറിയിൽ വാടകയും



കൊടുത്തു മനുഷ്യർ കഴിച്ചു കൂട്ടുമോ?

എന്നെപ്പോലത്തെ ഒരു വിടുതിക്കാരനെ കിട്ടാൻ അയാൾ കൊതിക്കും. ഇന്നേവരെ ഒരു കുഴപ്പം ഞാൻ ഉണ്ടാക്കിയിട്ടില്ല. അയൽപക്കക്കാർക്കെല്ലാം എന്നെപ്പറ്റി വളരെ നല്ല അഭിപ്രായ മായിരുന്നു. ഒരു സാധു ചെറുപ്പക്കാരൻ! - എന്നേ അവർ എന്നെപ്പറ്റി പറഞ്ഞിട്ടുള്ളൂ. എന്റെ മുമ്പേ അവിടെ താമസിച്ചി രുന്നത് ഒരു ബ്രോക്കറാണ്. അയാൾ ചരിത്രം സൃഷ്ടിച്ചിട്ടാണ് അവിടെ നിന്നു പോയത്. അയൽവീട്ടുകാരെല്ലാം കൂട്ടായി പ്രതിഷേധശബ്ദമുയർത്തി. എല്ലാ തെരുവുതെണ്ടിപ്പെണ്ണുങ്ങളും ഉറങ്ങിയിരുന്നത് അന്ന് ആ മുറിയിലായിരുന്നു. അതിലൊന്നും ഈ തന്തക്കഴുതയ്ക്കെതിരുണ്ടായിരുന്നില്ല. കണിശമായി വാടക കിട്ടണം. സമുദായത്തിന്റെ സുസ്ഥിതിയെപ്പറ്റി ചിന്തിക്കേണ്ട ഭാരമില്ല.

ഞാൻ അവിടെ താമസം തുടങ്ങിയതിനു ശേഷം ഒരു പെണ്ണിന്റെ ശ്വാസം പോലും ആ മുറിയിൽ ഉയർന്നിട്ടില്ല. കുറച്ചുദിവസം മുമ്പാണ് കിഴക്കേമുറിയിൽ താമസിക്കുന്ന കിഴവി എന്നെപ്പറ്റി അടുത്ത വീട്ടുകാരിയോടു ചോദിച്ചത്, 'അയാൾ സംസാരിക്കുമോ?' എന്ന്. അത്ര പ്രശാന്തമായ ഒരു ജീവിതമാണു നയിച്ചത്. വല്ലതും ഇരുന്നു ചിന്തിക്കുന്നു. വല്ലപ്പോഴും വല്ലതുമെഴുതുന്നു. അധിക സമയവും കിടന്നുറങ്ങുന്നു. ഒരു തവണ ഒരു കവിത ഉറക്കെ ചൊല്ലിപ്പോയിട്ടുണ്ടെന്നു സമ്മതിക്കാം. മനുഷ്യനല്ലേ! അന്ന് അയൽപക്കത്തെ മദ്ധ്യവയസ്ക പുഞ്ചിരി തൂകി ജാലകത്തിൽ വന്നു ചോദിച്ചു: 'പാടുകയാണോ?'

അന്നു നിർത്തി. പിന്നെ ശബ്ദമുണ്ടായിട്ടില്ല. ഇക്കാലത്ത് മര്യാദക്കാരനായിട്ടൊന്നും കാര്യമില്ല. ആ ബ്രോക്കറാണു മിടുക്കൻ. അയാൾ വാടക കൊടുത്തതിനു ശരിക്കും മുതലെടുത്തു. എല്ലാവരും പ്രതിഷേധിച്ചു. എന്നിട്ട് അയാൾക്ക് എന്താപത്തു പറ്റി? 'നിന്റെ വീടില്ലെങ്കിൽ വേറെ നൂറു വീട്' എന്നും പറഞ്ഞ് അയാൾ കടന്നുപോയി. തന്തക്കഴുതയ്ക്ക് ഒന്നര മാസം മുറി പൂട്ടിയിടേണ്ടി വന്നു. ആ മുറിയെ സംബന്ധിക്കുന്ന ദുർമണം ഒന്നവസാനിച്ചത് ഞാൻ താമസിച്ചതു കൊണ്ടാണ്. അതോർ ത്തുവോ ആ തന്തക്കഴുത? പെട്ടിയും ബെഡ്ഡിങ്ങും പിടിച്ചു വെക്കുന്നില്ല പോലും! പിടിച്ചുവെക്കട്ടെ. തന്തയുടെ കഷണ്ടിമണ്ട

ഞാൻ തകർക്കുമായിരുന്നു! അയാളുടെ ആ തടിമാടൻ മകനും മൂന്നു പെൺമക്കളും കൂടി ഒരു വൃന്ദരോദനം നടത്തേണ്ടിവരുമായിരുന്നു.

തന്തയെക്കാൾ അസത്താണു മകൻ. ആ മസൂരിക്കലയുള്ള മുഖം ഒരു ദുശ്ശകുനമാണ്. വെറുതെയല്ല അയാളുടെ ഭാര്യ ഒഴിഞ്ഞു പോയത്. മനുഷ്യജീവിക്ക് ആ തടിമാടനെ പൊറുപ്പിക്കാനൊക്കുമോ? തന്ത സംസാരിക്കുമ്പോൾ മകൻ പിന്നിലങ്ങനെ നിന്നു. വൃത്തികെട്ട മുഖം! ഇതേവരെ ഒരു പെണ്ണേ അവനെ ഉപേക്ഷിച്ചുള്ളുവെന്നതാണ് അത്ഭുതം. ഒരു നൂറു പെണ്ണുങ്ങൾക്ക് ഉപേക്ഷിക്കുവാനുള്ള നിസ്തേജത്വമുണ്ട് അവന്റെ മുഖത്ത്. 'ശങ്കരാ!...' എന്ന തന്തയുടെ വിളിക്ക് 'അച്ഛാ!....എന്നൊരു വിളികേൾക്കലുണ്ട്. ഗർദ്ദഭസ്വരം! കുറെക്കാലമെങ്കിലും ഒരു സ്ത്രീ അയാളെ വെച്ചു പൊറുപ്പിച്ചല്ലോ. അതാണ് എനിക്കിപ്പോഴും അത്ഭുതമായി തോന്നുന്നത്. തന്തയുടെ പിശുക്കും മകന്റെ മന്തത്തവും പൊറുത്തു ജീവിച്ച ആ സ്ത്രീ ഒരു ശീലാവതി തന്നെയായിരിക്കണം. എനിക്കവരെ കാണുവാൻ സാധിച്ചിട്ടില്ല. ഞാൻ പാർപ്പുതുടങ്ങുന്നതിന് ഒന്നര മാസം മുമ്പേ അവർ പോയിക്കഴിഞ്ഞിരുന്നു. അത്ര പെട്ടെന്നു പോകുമെന്ന് തന്തയും മകനും ഓർത്തില്ല. അവളുടെ അച്ഛനും വാടകയ്ക്കു കൊടുക്കാൻ വീടും ബാങ്കിൽ പണവുമുണ്ട്. പിന്നെ ഈ പിശുക്കന്മാരെ ബഹുമാനിക്കുമോ? ഇപ്പോഴും അവളെ തിരിച്ചു കിട്ടാൻ മോഹമുണ്ട്. ശ്രമമുണ്ട്. നിഷ്ഫലം. എങ്ങനെ കിട്ടാൻ?

തീർച്ചയായും അവളൊരു സുശീലയായിരിക്കണം. 'നിങ്ങളുടെ കൂടെ പൊറുക്കാൻ ചേരയ്ക്കേ കഴിയൂ' എന്നു പറഞ്ഞിട്ടാണത്രേ അവൾ പോയത്. ചേരയ്ക്കും കഴിയില്ല എന്നതാണു പരമാർത്ഥം. തന്ത എന്റെ പെട്ടിയെടുത്ത് പുറത്തുവയ്ക്കാൻ പറഞ്ഞപ്പോഴേക്കും മകൻ ബെഡ്ഡിങ് എടുത്തു പുറത്തു വെച്ചു കഴിഞ്ഞു. ഒഴിയാൻ മനസ്സില്ലെടാ എന്നു പറയാൻ തോന്നായ്കയല്ല. പക്ഷേ, അയൽപക്കക്കാർ എന്നെപ്പറ്റി എന്തു ധരിക്കും? വാടകയും കൊടുക്കാതെ ലഹളയ്ക്കു നില്ക്കുകയാണെന്നാണ് അവർ മനസ്സിലാക്കുക. ആ തന്തയെയും മകനെയും പോലെ എനിക്കു മാന്യത വിടാൻ നിവൃത്തിയില്ലല്ലോ. കാര്യം വേഗം അവസാനിപ്പിക്കണം. ഒച്ചപ്പാടുണ്ടാക്കരുത്. ഞാൻ അയാൾ പറഞ്ഞവിധം



മൂന്നു മാസത്തെ വാടകബാക്കിക്കു പ്രോനോട്ടൊപ്പിട്ടു കൊടുത്തത് അയാളുടെയും മകന്റെയും സാമർത്ഥ്യം കൊണ്ടാണ് എന്ന് തന്തക്കഴുത ധരിച്ചിട്ടുണ്ടാകും. രൊക്കം വാങ്ങിയ വക എന്നു പ്രോനോട്ടിൽ എഴുതിയത് ഞാൻ വായിച്ചുമനസ്സിലാക്കാതെ ഒപ്പിട്ടുവെന്നതാണ് അവന്റെ ധാരണ. ധരിക്കട്ടെ. അയൽപക്കക്കാരുണ്ടായിരുന്നില്ലെങ്കിൽ അവന്റെ ധാരണ ശരിപ്പെടുത്തിക്കൊടുക്കാമായിരുന്നു. പോട്ടെ. എല്ലാം അവസാനിച്ചല്ലോ.

എന്നാലും എനിക്കമർഷം തീരുന്നില്ല. ഈ മുറി അന്വേഷിച്ചു തരാൻ ഒരു സ്നേഹിതൻ ഒരുമ്പെട്ടില്ലായിരുന്നെങ്കിൽ എന്റെ സ്ഥിതി എന്താകുമായിരുന്നു? ഈ ചാറൽമഴയത്ത് പീടികക്കോലായിൽ കിടക്കുക സാദ്ധ്യമാണോ? അതിനെപ്പറ്റി ആ തന്തക്കഴുത ആലോചിച്ചോ? കാട്ടുപോത്തുപോലെയുള്ള ആ ശങ്കരൻ ആലോചിച്ചോ? സമുദായത്തിന്റെ സുസ്ഥിതിയെപ്പറ്റി ആലോചിക്കേണ്ട ഭാരം ആ ക്ഷുദ്രജീവികൾക്കുണ്ടോ?

പുതിയ എടുപ്പിന്റെ കോലായിലേക്കു കയറിയപ്പോഴും എന്റെ ഹൃദയം വികാരം ഉതിർത്തു കൊണ്ടിരുന്നു. ഞാൻ എന്റെ മനസ്സിലേക്കു തന്നെയാണു നോക്കിയിരുന്നത്. അതു കൊണ്ട് മുമ്പിൽ ഒരാൾ നില്ക്കുന്നതു പെട്ടെന്നാണു കണ്ടത്. ഒരു സ്ത്രീ! ഞാൻ ഒന്നു നോക്കി മുമ്പോട്ടടി വെച്ചു.

''ഏഴാം നമ്പ്ര് മുറിയിലേക്കു വന്നത് നിങ്ങളാണോ?'' അവർ പെട്ടെന്നാണു ചോദിച്ചത്. വിനീതമായ സ്വരം.

''അതെ, എന്തുവേണം?''

''താക്കോൽ വേണ്ടേ?'' കൂടുതൽ വിനീതമായ സ്വരം.

''ഉടമസ്ഥൻ എവിടെയാണെന്നു പറഞ്ഞുതരാമോ?''

''താക്കോലിതാ. സൂക്ഷിക്കണം. ഡ്യൂപ്ലിക്കേറ്റില്ല'' എന്നായിരുന്നു ഉത്തരം.

''നിങ്ങളാണോ ഉടമസ്ഥ?''

''അതെ.''

''ക്ഷമിക്കണം; എനിക്ക് ആളെ അറിഞ്ഞു കൂടായിരുന്നു.''

''അതെനിക്കറിയാം.''

''എന്നാൽ, ഞാൻ മുകളിലേക്കു ചെല്ലട്ടെ.''ഞാൻ അവരോട് തത്കാലം വിട വാങ്ങുകയായിരുന്നു. പെട്ടെന്ന് ആ സ്ത്രീ കടന്നു പറഞ്ഞു: ''അല്ലെങ്കിൽ, ഞാൻ നിങ്ങൾക്കു മുറി കാട്ടിത്തരാം. അത് അടിച്ചു വാരിയിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടല്ലോ.''

''അതെല്ലാം ഞാൻ ശരിയാക്കിക്കൊള്ളാം.'' ഞാനും വളരെ വിനീതമായാണു സംസാരിച്ചത്.

''നിങ്ങളുടെ കൈയിൽ ചൂലില്ലല്ലോ.''

ഉണ്ടെന്നു പറയണമെന്നായിരുന്നു മോഹം. പക്ഷേ, ഉണ്ടായിരുന്നില്ല. ഞാൻ നിശ്ശബ്ദനായി നിന്നതേയുള്ളൂ, അപ്പോഴേക്കും പെട്ടിയും ബെഡ്ഡിങ്ങുമായി മുകളിലേക്കു പോയിരുന്ന കൂലിക്കാരൻ മടങ്ങിവന്നു പറഞ്ഞു: ''സാർ മുറി തുറന്നിട്ടില്ല.''

''ഞാൻ തുറന്നു തരാം.'' അതു പറഞ്ഞത് ആ സ്ത്രീയാണ്. എന്നിട്ട് അവർ ധൃതിയിൽ ഞങ്ങളുടെ മുമ്പിൽ കോണിയിലേക്കു കാലെടുത്തുവെച്ചു. ഞാനും കൂലിക്കാരനും പിന്നാലെയും. അവർ ധൃതിയിൽ കോണി കയറുമ്പോൾ അവരുടെ പിമ്പിൽ ചുരുണ്ടു നീണ്ടു കിടന്നിരുന്ന തലമുടി ഇരുട്ടിന്റെ ഓളങ്ങൾ സൃഷ്ടിച്ചു. കുറച്ചു മുമ്പാണ് ആ സ്ത്രീ കുളിച്ചതെന്നു തോന്നുന്നു. ഈറൻ മാഞ്ഞിട്ടില്ലാത്ത തലമുടി. എണ്ണയും വാസനസോപ്പും ചേർന്നുണ്ടാക്കുന്ന മാദകമായ ഒരു ഗന്ധവും ആ മുടിയിൽ നിന്നു പുറപ്പെട്ടിരുന്നു. ആ മണത്തെ പിന്തുടരുന്നത് സുഖിതമായ ഒരു കയറ്റമായിരുന്നു.

ഏഴാം നമ്പ്ര് മുറിയുടെ മുമ്പിൽ നിന്നിട്ട് അവർ പറഞ്ഞു: '' ആ താക്കോൽ ഇങ്ങോട്ടു തരൂ.''

ഞാൻ അതു കൊടുത്തു. അവർ മുറി തുറന്ന് അതിന്നുള്ളിലേക്കു കണ്ണോടിക്കുമ്പോൾ ഞാൻ ആ സ്ത്രീയുടെ ദേഹത്തിലാകെ കണ്ണോടിക്കുകയായിരുന്നു. ഇരുപത്തി മൂന്നോ ഇരുപത്തിനാലോ വയസ്സു കാണും ചെമ്പകപ്പൂവിന്റെ വർണ്ണമാണ്. വെളുത്ത കല്ലുവെച്ച കമ്മൽ, തല തിരിക്കുമ്പോഴെല്ലാം കാതിന്നടുക്കെ ഒരു തരം ഇടിമിന്നലുണ്ടാക്കിയിരുന്നു.

''ഇതൊന്ന് അടിച്ചു വെടിപ്പാക്കാം. പെട്ടി വെളിയിലിരിക്കട്ടെ. ഈയാളെ പറഞ്ഞയച്ചുകൊള്ളു'' എന്നു പറഞ്ഞിട്ട് അവർ



പെട്ടെന്നു താഴത്തേക്കു പോയി. ഞാൻ കൂലിക്കാരനെ പിരിച്ചയച്ചിട്ടു മുറിയും പരിസരവും ഒന്നു നോക്കി. രണ്ടു വലിയ ജാലകങ്ങളുണ്ട്. അതുകൊണ്ട് ധാരാളം വെളിച്ചം കിട്ടും ശുദ്ധവായു ശ്വസിക്കാം. ഈ മുറി മനുഷ്യവാസത്തിനു കൊള്ളാം. ആ തന്തക്കഴുതയുടെ എലിമാളംപോലെയല്ല. ഉടമസ്ഥയും സ്വല്പം മര്യാദയുള്ള കൂട്ടത്തിലാണെന്നു തോന്നുന്നു. അല്ലെങ്കിൽ അടിച്ചു വാരാനും മറ്റും അവർ ബുദ്ധിമുട്ടേണ്ടതുണ്ടോ? ഈ വ്രാന്തയും കൊള്ളാം. അങ്ങേപ്പുറത്തേക്കു നോക്കിയിരിക്കാം. പച്ച പിടിച്ച ഒരു പ്രദേശത്തേക്കു നോക്കാം.

''നില്ക്കുകയാണോ?'' അവർ ചൂലുമായി കയറിവന്നു ചോദിച്ചു: 'ഇപ്പോൾ ശരിപ്പെടുത്താം.' അവർ മുറിയിൽ കടന്ന് അടിച്ചുവാരി വെള്ളം തളിച്ചു തുടച്ചു. പെട്ടികളും ബെഡ്ഡിങ്ങും പിടിച്ചകത്തേക്കു വെക്കാൻ എന്നെ സഹായിച്ചു. അപ്പോഴാണ് ഞാൻ ശരിക്കും അവരുടെ മുഖം കണ്ടത്. ആ കണ്ണുകൾ, മനോജ്ഞങ്ങളാണെന്നല്ല പറയേണ്ടത്, തീക്ഷ്ണങ്ങളായിരുന്നു. കുത്തിത്തറയ്ക്കുന്ന ചോദ്യോവലികൾ ഉയിർക്കൊള്ളുന്ന കണ്ണുകൾ. കുത്തിത്തറയ്ക്കട്ടെ. ഞാനതു ശ്രദ്ധിച്ചില്ല.

''ഇതേ വരെ നിങ്ങൾ മിസ്റ്റർ ശങ്കരന്റെ വീട്ടിലായിരുന്നു, അല്ലേ?'' അവർ ചോദിച്ചു.

''അതെ.''

''എങ്ങനെ കഴിച്ചു കൂട്ടി അവിടെ?''

''കഴിച്ചു കൂട്ടി, അത്രതന്നെ, ഒരു എലിമടയായിരുന്നു.''

''ആ തന്തപ്പെരുച്ചാഴിയെ പൊറുപ്പിക്കയും വേണമല്ലോ.''

''നിങ്ങൾക്കവരെ അറിയാം?''

''അസ്സലായിട്ട്.'' എന്നിട്ടവരൊന്നു കുലുങ്ങിച്ചിരിച്ചു: ''ആരാണ് വലിയ ചെകുത്താൻ? തന്തയോ മകനോ?''

''ചെകുത്താനും പിശാചും.''

അവർ ഒരിക്കൽ കൂടി കുലുങ്ങിച്ചിരിച്ചു: ''അതെ മകനൊരു പിശാചു തന്നെയാണ്.''

ഞാനും ചിരിച്ചു. എനിക്കവരുടെ വാക്കുകൾ ഇഷ്ടമായി.

എന്നെപ്പോലെ ചിന്തിക്കുന്ന വേറെയും ആളുകളുണ്ടല്ലോ.

''ആയാൾ നിങ്ങളെ പെട്ടെന്നു പിടിച്ചു പുറത്താക്കാൻ ഒരുങ്ങി. അല്ലേ ''

ഇക്കാര്യം അവർക്ക് അറിയുമെന്നു ഞാൻ വിചാരിച്ചതല്ല. അത് സ്വല്പം അസുഖകരമായിത്തോന്നി. എന്റെ സ്നേഹിതൻ ഇത്രയും കാര്യം അവരോടു പറയേണ്ടായിരുന്നു.

''തന്റെ വീടില്ലെങ്കിൽ മനുഷ്യരൊക്കെ നിരത്തിൽ കിടക്കു മെന്നാണോ ആ പിശാച് ധരിച്ചിട്ടുള്ളത്?'' അവർ തന്നെയാണു പറഞ്ഞത്.

''അങ്ങനെയാണ് അയാളുടെ ധാരണ.'' ഞാനും സമ്മതിച്ചു.

''അയാൾ മനുഷ്യനാണോ?''

''അല്ല.''

''എനിക്ക് അയാളെ കാണുന്നതേ അറപ്പാണ്,''

''അറപ്പു തോന്നും!'' ഞാനും ,സന്തോഷത്തോടെ പറഞ്ഞിട്ട് അവരുടെ മുഖത്തേക്കു നോക്കി. അവരുടെ കണ്ണുകൾ ആഹ്ലാദം കൊണ്ടു തിളങ്ങിയിരുന്നു: 'നിങ്ങളുടെ പേര്?'

''പങ്കജം.''

''അച്ഛൻ?''

''ഉണ്ട്. പുറമേ പോയിരിക്കുകയാണ്.ഞങ്ങൾ തൊട്ട കെട്ടിടത്തിലാണു താമസം. നിങ്ങൾക്ക് കൂടുതൽ സൗകര്യങ്ങ ളെന്തെങ്കിലും വേണമെന്നുണ്ടെങ്കിൽ എന്നെ അറിയിച്ചാൽ മതി.''

''ഓ.''

പങ്കജം താഴത്തേക്കിറങ്ങിപ്പോയിട്ടും കുറച്ചു നേരത്തിന് അവരെപ്പറ്റി ചിന്തിക്കാതിരിക്കാൻ സാധിച്ചില്ല. ഞാൻ വരാന്തയിലെ അഴികളും പിടിച്ചങ്ങനെ നിന്നു. പ്രസന്നതയും പ്രസരിപ്പുമുള്ള സ്ത്രീ. അവർക്കു നല്ല കാര്യപ്രാപ്തിയുമുണ്ട്. ഒട്ടും കുഴഞ്ഞാട്ട മില്ലതാനും. സ്ത്രീകളായാൽ ഇങ്ങനെയായിരിക്കണം.

''തക്കാളി വേണോ?'' താഴെ നിന്ന് ഒരു പച്ചക്കറിക്കാരൻ വിളിച്ചു ചോദിക്കുന്നതു കേട്ടിട്ടാണ് ഞാൻ ആലോചനയിൽ നിന്നുണർന്നത്. മറുപടി പറയാതെ ഞാൻ മുറിയിലേക്കു പോയി.



ഒന്നു കുളിക്കണം.

കുളിയും ഉടുപ്പുമാറ്റലും കഴിഞ്ഞ് ഞാൻ പുറത്തേക്കു പോകുമ്പോഴും പങ്കജം താഴത്തെ വ്രാന്തയിൽ ഉലാത്തുന്നു ണ്ടായിരുന്നു.

''ഊണു കഴിക്കാനായിരിക്കും?'' അവർ അന്വേഷിച്ചു.

''അതെ.''

ഞാൻ ഇറങ്ങി നടന്നു. പിറ്റേന്നു കാലത്തും പങ്കജം എന്റെ മുറിയുടെ വാതിൽക്കൽ വന്നു. അയൽപക്കത്തെ മുറികളുടെ വാതിൽക്കലെല്ലാം ചെന്നു കുശലമന്വേഷിച്ചിട്ടാണ് അവൾ വരുന്നത്. തൊട്ടടുത്ത മുറിയിൽ താമസിക്കുന്നത് ഒരു മരക്കമ്പനി ഗുമസ്തനാണ്. ഒരു മിണ്ടാപ്പൂതം. ബകധ്യാനമാണ് എപ്പോഴും. അതിന്റെ അങ്ങേ മുറിയിൽ താമസിക്കുന്നത് കൊമ്പൻ മീശക്കാരനായ ഒരു തടിയനാണ് (അയാൾ ഒരു ഹെഡ്മിസ്ട്രസ്സിന്റെ ഭർത്താവാണെന്നും ഭാര്യയുമായി പിണങ്ങി വന്നു താമസിക്കുക യാണെന്നും പിന്നീടുഞാൻ മനസ്സിലാക്കി). മിണ്ടിയാൽ കരയു മെന്നു തോന്നും ആ മുഖം കണ്ടാൽ. മറ്റേ വശത്തുള്ള മുറിയിൽ താമസിക്കുന്നത് ഖദർകുപ്പായവും ചപ്രത്തലമുടിയും അവ ലക്ഷണം പിടിച്ച മുഖക്കലയുമുള്ള ഒരു മനുഷ്യനാണ്. അയാളുടെ മുറിയുടെ മുമ്പിൽ നിന്നുള്ള സംഭാഷണം കേട്ടാണ് ഞാൻ നോക്കി യത്. അയാൾ മന്ത്രിമാരെയും രാഷ്ട്രീയ നേതാക്കന്മാരെയും ഇടതടവില്ലാതെ ശകാരിക്കുകയാണ്. പങ്കജം മന്ദസ്മിതപൂർവം തലയാട്ടിക്കൊണ്ടു കടന്നു പോന്നു. അവർ എന്റെ മുറിയിലേക്കു കടന്നു വാതിലും ചാരി നിന്നു: 'അസൗകര്യമൊന്നും ഇല്ലല്ലോ?'

''ഇല്ല.''

''ഒരു എഴുത്തുകാരനെക്കൂടി ഇവിടെ കിട്ടിയതിൽ എനിക്കു വളരെ സന്തോഷമുണ്ട്.''

ഞാൻ ഒരെഴുത്തുകാരനാണെന്ന് അവർ മനസ്സിലാക്കിയിരി ക്കുന്നോ? ഇതേവരെ എന്റെ ധാരണ അവർക്ക് എന്നെപ്പറ്റി ഒരു മതിപ്പുണ്ട് എന്നായിരുന്നു. ഞാൻ അർദ്ധവിഡ്ഢിത്തത്തോടു കൂടിയ ഒരു ചിരി പാറ്റിയിട്ടു ചോദിച്ചു. ' ആ മുറിയിൽ താമസി ക്കുന്നത്?' മന്ത്രിമാരെ ചീത്ത പറഞ്ഞിരുന്ന ആളെയാണ് ഞാൻ ഉദ്ദേശിച്ചത്. അവർ പതിഞ്ഞ സ്വരത്തിൽ അയാളുടെ കഥ പറഞ്ഞു:

''പാവം വെറി പിടിച്ചു പോയി!''

''ഭ്രാന്താണോ?''

''എന്നു പറയാൻ വയ്യ.''

ദേശീയപ്രസ്ഥാനകാലത്ത് നാലുതവണ ജയിലിൽ പോകുകയും പല തവണ തല്ലു കൊള്ളുകയും ചെയ്ത മനുഷ്യനാണ്. അഭിപ്രായസ്വാതന്ത്ര്യത്തെ രക്ഷിക്കാൻ വേണ്ടി എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ നിന്നും ഒഴിഞ്ഞു. ഒരു മകനേയുള്ളൂ. അയാൾ ബോംബെയിലാണ്. പണമയച്ചു കൊടുക്കും. അതു കൊണ്ടു കഴിഞ്ഞു കൂടുന്നു. ഉദയാസ്തമനം ലോകത്തെ മുഴുവൻ ശകാരിച്ചു കൊണ്ടിരിക്കും.

''സേർ, നിരാശ മനുഷ്യരെക്കൊണ്ട് എന്തൊക്കെ ചെയ്യിക്കും?'' അവർ ചോദിച്ചു.

''പലതും.''

ഞാൻ പങ്കജത്തോട് ഇരിക്കാൻ പറഞ്ഞു. അവർ ഇരുന്നില്ല. പോയതുമില്ല. നിന്നു കൊണ്ടു തന്നെ സംഭാഷണമാരംഭിച്ചു. ആ സംഭാഷണം വളരെ വേഗത്തിൽ ശങ്കരന്റെ അടുത്തേക്കെത്തി. ആ മന്തനെപ്പറ്റി സമഗ്രമായ ഒരു വർണ്ണനതന്നെ. അയാളുടെ ഓരോ പ്രവർത്തനത്തിലും നിഴലിക്കുന്ന ക്രൂരതയെപ്പറ്റി അവർ എണ്ണിയെണ്ണി പറയുകയായിരുന്നു. ഞാൻ പെട്ടെന്ന് കടന്നു ചോദിച്ചു: ''നിങ്ങൾക്ക് അയാളെ നല്ലവണ്ണം അറിയാമെന്നു തോന്നുന്നല്ലോ?''

''അതാണ് എനിക്കു പറ്റിയ അബദ്ധം.''

''എന്നു വച്ചാൽ?'' ആ ചോദ്യം ചോദിക്കരുതായിരുന്നുവെന്നു തോന്നി. പക്ഷേ, ചോദിച്ചുപോയി.

''ഒമ്പതു മാസം ആ പിശാചിന്റെ കൂടെ ജീവിച്ചുവെന്നതാണ് എന്റെ ജീവിതത്തിൽ പറ്റിയ വലിയ അബദ്ധം.''

''അപ്പോൾ....?'' ഞാൻ എഴുന്നേറ്റു നിന്നുപോയി.

''അതെ. നിങ്ങൾ ഊഹിച്ചതു ശരിയാണ്. ഞാൻ അയാളുടെ ഭാര്യയായിരുന്നു.''

എനിക്ക് ഒന്നും സംസാരിക്കുവാൻ വയ്യായിരുന്നു. എന്റെ



അവശത കണ്ടറിഞ്ഞിട്ടോ എന്തോ പങ്കജം സംഭാഷണം തുടർന്നു: ''ഒരു മനുഷ്യജീവിക്ക് ആയാളുടെകൂടെ കഴിച്ചു കൂട്ടുവാൻ സാധിക്കുമോ?''

ഇല്ലെന്ന് അപ്പോൾ ഞാൻ പറഞ്ഞില്ല.

അവർ ചറുപിറുന്നനെ സംസാരിച്ചു. ഞാൻ ശ്രോതാവു മാത്രമായിരുന്നു. ''എത്ര തവണ അപമാനകരമായ വിധത്തിൽ ആയാൾ പെരുമാറിയെന്നറിയാമോ? ഞാൻ ഒക്കെ പൊറുത്തു. നാട്ടുകാരെന്തു പറയും? വീട്ടുകാരെന്തു ധരിക്കും? പക്ഷേ, മനുഷ്യന്റെ ക്ഷമയ്ക്ക് ഒരതിരില്ലേ?''

''ഉണ്ട്''...

''അതയാൾക്ക് അറിഞ്ഞുകൂടാ.''

''എനിക്കു സഹതാപം തോന്നുന്നു. പങ്കജം.'' ഞാൻ പറഞ്ഞു.

''തോന്നും. ഹൃദയമുള്ളവർക്കൊക്കെ തോന്നും. നിങ്ങളൊരു സാഹിത്യകാരനാണല്ലോ. നിങ്ങൾക്കു മനുഷ്യമനസ്സിന്റെ ഗതിയെപ്പറ്റി അറിയാം.''

ഞാൻ അപ്പോഴും ആ അർദ്ധവിഡ്ഢിച്ചിരിയൊന്നു പാറ്റി വിനയം നടിച്ചിരുന്നു.

''ഞാൻ നിങ്ങളെ ജോലിയെടുക്കാൻ സമ്മതിക്കാതിരിക്കുകയാണ്.'' എന്നു പറഞ്ഞ് അവർ ഇറങ്ങിപ്പോയി.

പിന്നീട് എല്ലാ ദിവസവും അവർ കാലത്ത് എന്റെ മുറിയിൽ വരും. ലോകത്തിലെ പല കാര്യങ്ങളെപ്പറ്റിയും ചുരുക്കി പറഞ്ഞതിനുശേഷം ശങ്കരനെ വിസ്തരിച്ചു ശകാരിക്കും.

പതുക്കെ, ഖദർക്കുപ്പായക്കാരനും ഞങ്ങളുടെ സമീപത്തേക്കു വരുവാൻ തുടങ്ങി. ''ഈ കാലത്ത് ഇതും ഇതിലപ്പുറവും നടക്കും. മനുഷ്യർക്കു നെറിയുണ്ടോ?'' എന്നാണ് ആയാൾ ചോദിക്കുന്നത്.

''നേതാക്കന്മാർക്ക് അനുയായികളെ വിശ്വാസമില്ലാത്ത കാലമാണ്, സേർ. അവർ വലുതായാൽ തങ്ങളുടെ നേതൃത്വം പോയെങ്കിലോ എന്നാണ് അവരുടെ പേടി. പുരയ്ക്ക് തൂണെന്നതുപോലെ അനുയായികൾ നിന്നു കൊടുക്കണം. നടക്കുമോ

സർ, നടക്കുമോ?''

നടക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞില്ല.

''സ്വന്തം ഭാര്യയെ ഭർത്താക്കന്മാർക്കു വിശ്വാസമില്ല-''

പങ്കജം ഇടയിൽ കയറി പറഞ്ഞു.

''ഭാര്യമാർക്ക് ഭർത്താക്കന്മാരേയും''-ആ ശബ്ദം പെട്ടെന്നാണു പുറപ്പെട്ടത്. തിരിഞ്ഞു നോക്കിയപ്പോൾ ഹെഡ്മിസ്ട്രസ്സിന്റെ ഭർത്താവ് വാതിൽപ്പൊളി പിടിച്ചു നില്ക്കുന്നതാണു കണ്ടത്. അയാളുടെ കൺപീലികളിൽ നിന്ന് ഒന്നു രണ്ടു തുള്ളി കണ്ണുനീർ തടിച്ച മീശയിലേക്ക് ഇറ്റുവീഴുകയും ചെയ്തു. അത് അന്തരീക്ഷം മൂകമാക്കി. ശോകസങ്കുലവുമാക്കി. പിന്നീട് ആരും ഒന്നും സംസാരിച്ചില്ല. പതുക്കെപ്പതുക്കെ ആ സമ്മേളനം പിരിഞ്ഞു പോയി. പങ്കജം പെട്ടെന്ന് കീഴ്പോട്ടിറങ്ങി. 'മനസ്സാക്ഷിയില്ലാത്ത ജന്തുക്കൾ!' എന്നു പറഞ്ഞു കൊണ്ട് ഖദർക്കുപ്പായക്കാരൻ സ്വന്തം മുറിയിലേക്കു നീങ്ങി. മഹാരാജാവിന്റെ പിമ്പിൽ നിലയങ്കിയെന്നതു പോലെ. ശകാരം അയാളുടെ പിമ്പിൽ കിടന്നിഴയുന്നുണ്ടായിരുന്നു. മിസ്ട്രസ്സിന്റെ ഭർത്താവ് മറഞ്ഞു. ലോകം എത്ര ശോകസങ്കുലമാണ്! ഒരു ഭാവഗീതമെഴുതാനുള്ള എല്ലാ പ്രചോദനങ്ങളും അപ്പോഴുണ്ടായിരുന്നു. പക്ഷേ, ഉറക്കം വരുന്നു. ഞാൻ വിരിപ്പിൽ ചെന്നു കിടന്നു.

പിറ്റേന്നു സായാഹ്നത്തിൽ ഞാൻ വരാന്തയിൽ ഇരിക്കുകയാണ്. ഏകാന്തശാന്തം. ഹെഡ്മിസ്ട്രസ്സിന്റെ ഭർത്താവ് വെളിയിലാണ്. സ്കൂൾ വിടേണ്ട സന്ദർഭത്തിൽ കൃത്യമായി അയാൾ സ്കൂൾ പടിക്കലുള്ള വലിയ കാഞ്ഞിരമരം മറഞ്ഞു നിന്നു ഭാര്യ പോകുന്നതു നോക്കിക്കാണുക പതിവാണ്. അവർ കൺവെട്ടത്തു നിന്നു മറഞ്ഞാൽ കൊമ്പൻമീശയിൽ വീണ കണ്ണീർക്കണങ്ങൾ തട്ടിക്കുടഞ്ഞു വീട്ടിലേക്കു തിരിക്കും. ആത്മത്യാഗത്തിന്റേതായ ഒരു സുഖം ആ മനുഷ്യൻ അനുഭവിക്കുന്നുണ്ടാകാം. അന്നും ആയാൾ കുരിശു ചുമക്കാൻ പോയിരിക്കുകയാണ്. ഖദർക്കുപ്പായക്കാരന് ഉറക്കം. സാധാരണ പകൽ നാലുമണി മുതൽ രാത്രി എട്ടുമണി വരെയാണ് അയാൾ ഉറങ്ങുന്നത്. പകലൊക്കെ ശകാരിക്കണം; രാത്രി മുഴുവൻ ഇരുന്ന് കത്തുകളെഴുതും. ഓരോ കെട്ട് കത്താണ് നിത്യവും പോസ്റ്റ് ചെയ്യുന്നത്. ബകധ്യാനക്കാരൻ എത്തിയിട്ടുമില്ല.



ആ എടുപ്പിൽ ഏറ്റവും മന:ശാന്തിയുണ്ടാക്കുന്ന സമയമിതാണ്. ഞാൻ അഴികൾക്കുള്ളിലൂടെ പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു. പോക്കുവെയിൽ എല്ലാറ്റിലും പതിഞ്ഞിരിക്കുന്നു. സസ്യപ്രപഞ്ചത്തിനാകെ ഒരു മുഖത്തുടിപ്പ്. അതു നോക്കിക്കൊണ്ടിരുന്നപ്പോൾ ഈ ലോകം അത്ര മോശമൊന്നുമല്ലെന്നൊരു തോന്നലുണ്ടായി. മീട്ടി വിരലെടുത്തു കഴിഞ്ഞ വീണക്കമ്പിയിൽ നിന്നു കേൾക്കുന്ന മുഴക്കം പോലെ, പ്രപഞ്ചത്തിൽ നിന്ന് അനുസ്യൂതമായ ഒരു ശബ്ദം പുറപ്പെടുന്നുണ്ടോ? അത് എന്റെ ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന ശബ്ദവുമായി കൂടിക്കലർന്നു തിരിച്ചറിയാൻ വയ്യാത്ത വിധത്തിലായിട്ടുണ്ടോ....ഉണ്ടോ..... എന്തോ ഒന്നു സംഭവിക്കുന്നു!

''തക്കാളി വേണോ?'' പെട്ടെന്ന് താഴെനിന്ന് ഒരു ചോദ്യം. സാധാരണ ഞാനതു കേട്ടുവെന്നു നടിക്കാറില്ല. എങ്കിലും അന്നു മറുപടി പറഞ്ഞു: ''വേണ്ട സഹോദരാ.''

''എന്താണു വേണ്ടെന്നു പറഞ്ഞത്?'' ആ ചോദ്യം എന്റെ പിമ്പിൽ നിന്നുതന്നെ. തിരിഞ്ഞു നോക്കി. പങ്കജം പിമ്പിൽ നില്ക്കുന്നു. ഞാൻ എഴുന്നേറ്റു.

''ഇരിക്കൂ.''

''വേണ്ട. നിങ്ങളിരിക്കൂ. ഞാനിവിടെ ഇരിക്കാം'' എന്നു പറഞ്ഞ് അവൾ അടുത്തു കിടന്ന ഒരു ഇരിപ്പിടം നീക്കിയിട്ടു. അവർ മഞ്ഞ ബ്ലൗസും ചുകന്നൊരു സാരിയും അണിഞ്ഞിരുന്നു. കാതിൽ വെള്ളക്കല്ലു കമ്മൽ ഇടിമിന്നലൊളികളെ ചമച്ചു കൊണ്ടു നില്ക്കുന്നു. സാരിയുടെ ഒളിയും പോക്കുവെയിലും കൂടി പങ്കജത്തിന്റെ മുഖത്തിനു ചുറ്റും ഒരു തുടുത്ത പരിവേഷം നിർമ്മിക്കുന്നുണ്ടായിരുന്നു ആ വേഷത്തിനു നടുവിൽ തീക്ഷ്ണമായ കണ്ണുകൾ കത്തിത്തലപ്പുകൾ പോലെ മിന്നി.

''ആരോടാണ് നിങ്ങൾ സംസാരിക്കുന്നത്?'' അവർ വീണ്ടും ചോദിച്ചു.

''തക്കാളിക്കാരനോട്.''

''അത്രയേ ഉള്ളൂ'' എന്നും പറഞ്ഞ് അവർ നീങ്ങിയിരുന്നു.

ഞങ്ങൾ അന്നു സംഭാഷണമാരംഭിച്ചതു തന്നെ ശങ്കരനെപ്പറ്റി

യാണ്.

''ഇപ്പോൾ, അടുത്തു കൂടാനുള്ള ശ്രമമാണ്.'' അവർ പറഞ്ഞു.

''എന്തു സംഭവിച്ചു?''

''മാദ്ധ്യസ്ഥ്യത്തിന് ആളെ വിട്ടിരിക്കയാണ്, മൂപ്പരുടെ ചെറിയമ്മയെ.''

''എന്നിട്ട്?''

''കണക്കിനു പത്തു വാക്കു പറഞ്ഞു വിട്ടിട്ടുണ്ട്. ആയാളുടെ കൂടെ പൊറുക്കണം പോലും. ഒരു ചേരയ്ക്കു പൊറുക്കാനൊക്കുമോ?''

ഞാൻ മറുപടി പറഞ്ഞില്ല; അവരെ നോക്കിക്കൊണ്ടിരുന്നു.

''അച്ഛൻ ഒന്നും മിണ്ടാതിരിക്കുകയാണ്. ഞാൻ വിടാനോ?'' അവർ വീണ്ടും ആ കഥ വിസ്തരിച്ചു.

''അപ്പോൾ ഇത്രമേൽ അകലാനെന്തേ കാരണം?'' ഞാൻ ഇടയിൽ കടന്നു ചോദിച്ചു: ''ഞാൻ ചോദിക്കുന്നതു മര്യാദകേടാണെങ്കിൽ ക്ഷമിക്കണം.''

''അതൊന്നുമില്ല. ഇത്ര കാലവും ചോദിക്കാത്തതിലേ എനിക്കു പരിഭവമുള്ളൂ. എനിക്കിതൊക്കെ ഈ പുരപ്പുറത്തു നിന്നു കൂവണമെന്നുണ്ട്. ലോകം അറിയട്ടെ!''

''അപ്പോൾ കാരണം.....?'' ഞാൻ സംഭാഷണം വഴിതെറ്റിപ്പോകാതിരിക്കാൻ സൂക്ഷിച്ചു

''അയാൾ ഒരടിമയാണ്.''

''ആരുടെ?''

''അച്ഛന്റെ; അമ്മയുടെ; ഉമ്മറത്തെ തൂണിന്റെ; എല്ലാറ്റിന്റെയും. കേൾക്കൂ; ഞാൻ ഇന്നതൊന്നു ചെയ്യണമെന്നു പറഞ്ഞാൽ ഉടനെ അയാൾക്കു സംശയം തുടങ്ങി; അച്ഛനത് ഇഷ്ടപ്പെടുമോ? അമ്മയ്ക്കു രസിക്കുമോ? ഒടുവിൽ ഞാൻ ആ കാര്യം മറക്കണം. എങ്ങനെ എത്ര മറക്കാം? സിനിമയ്ക്കു പോകണമെങ്കിൽ അമ്മയുടെ സമ്മതം വേണം. അതിന്നർത്ഥം പോകലില്ല എന്നാണ്. ഞാൻ അവിടെ ഒരു പാവ. അതൊക്കെ സഹിച്ചു. ഒടുവിലുണ്ടായതും കേൾക്കണോ? അയാളുടെ സ്വന്തം പേരിൽ പത്തു മുറി



പീടികയുണ്ട്. ആയിടയ്ക്കാണ് അതൊഴിപ്പിച്ചു വാങ്ങിയത്. അത് എന്റെ പേരിലാക്കണമെന്നു ഞാൻ പറഞ്ഞു. പണത്തിന്നു മോഹിച്ചിട്ടല്ല കേട്ടോ. ഈയാളെ ഒന്നു പരീക്ഷിക്കണമെന്നു തന്നെ.''

''എന്നിട്ട്''

''വടംവലിയായി. ഒരു ഭാഗം അമ്മ; മറുഭാഗം ഞാനും. ഞാൻ വിട്ടില്ല. വാക്കായി; ഉരസലായി; പറഞ്ഞു പറഞ്ഞു മൂത്തു. എന്നെ തല്ലാൻ വന്നു. മാറി നില്ക്കാൻ പറഞ്ഞിട്ടു ഞാൻ ഇറങ്ങിപ്പോരുകയും ചെയ്തു.''

''അതുശരി.''

'വിശ്വാസമില്ലാഞ്ഞിട്ടല്ലേ എന്റെ പേരിലാക്കാൻ മടിക്കുന്നത്?'

'അതെ.'

'പിന്നെ ഞാനെന്തിനവിടെ നില്ക്കണം? പണത്തിനു മോഹിച്ചിട്ടല്ല. ഒന്നു പരീക്ഷിക്കാൻ. ഇന്നലെ അയാൾ അയൽവീട്ടുകാരനോട് നിങ്ങൾക്കു വീടു തന്നതിനെപ്പറ്റി ആക്ഷേപിച്ചു പറഞ്ഞുവത്രേ.'

''ഉവ്വോ!''

''എന്റെ വീട് ആർക്കു കൊടുക്കണമെന്ന് ഞാനാണു തീർച്ചപ്പെടുത്താൻ. എന്താ?'' അവർ എന്റെ മുഖത്തേക്കു തന്നെ നോക്കിയിരുന്നു. ഞാൻ ജാലകത്തിനുള്ളിലൂടെ വെളിയിലേക്കും. പ്രപഞ്ചം കൂടുതൽ തുടുത്തിരിക്കുന്നു

അവർ വീണ്ടും തുരുതുരെ സംസാരിച്ചു. ഞാൻ എല്ലാം മൂളിക്കേട്ടു. ഒന്നും പറഞ്ഞില്ല. ഒന്നും പറയേണ്ടതുണ്ടായിരുന്നില്ല. അന്നു കോണിയിറങ്ങുമ്പോൾ അവർ തിരിഞ്ഞു ചോദിച്ചു: ''നിങ്ങളിന്ന് ഊണു കഴിക്കാൻ പോയില്ലല്ലോ?''

''ഇല്ല.'' ഞാൻ ഒന്നു പരുങ്ങീട്ടു പറഞ്ഞു: ''വയറ്റിന്നു സുഖമില്ല.''

''എന്നാൽ ഞാൻ ഒരു ഗുളിക അയയ്ക്കാം. ദഹനത്തിന് അസ്സലാണ്.'' എന്നും പറഞ്ഞു കീഴോട്ടിറങ്ങിയപ്പോൾ വാസ്തവത്തിൽ എന്റെ വയറു കാളി. ദഹിക്കാൻ കുടലുമാത്രമേ വയറ്റിലുള്ളൂ! എങ്കിലും ഒരു സമാധാനമുണ്ട്. പത്രാധിപർ അന്നു

പത്തുറുപ്പിക തരാമെന്നു പറഞ്ഞിട്ടുണ്ട്. ഞാൻ ആ ഗുളികയും തിന്നിട്ട് അരപ്ലെയിറ്റ് ബിരിയാണി ഇന്നു തിന്നും, തീർച്ച.

അന്നു ഞാൻ പുറത്തു പോയി തിരിച്ചു വന്നപ്പോൾ ഖദർക്കുപ്പായക്കാരന്റെ മുറിയിൽ വലിയ ബഹളം. നാലഞ്ചു പേരുടെ സംഭാഷണം. വാഗ്വാദങ്ങളും ചിരികളും. ഇന്നേവരെ അങ്ങനെയൊരു സ്ഥിതി ആ മുറിയിലുണ്ടായിട്ടില്ല. ഞാൻ ഒന്നൊളിഞ്ഞു നോക്കി. ആറേഴു മനുഷ്യർ നിരന്നിരിക്കുന്നു. ബഹളം തന്നെ. ഞാൻ തിരിച്ചു വന്നു കിടന്നു. അവർ എപ്പോഴാണു തിരിച്ചു പോയതെന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ വെള്ളക്കൽ വെച്ച കമ്മൽ സ്വപ്നം കണ്ടു കൊണ്ടു കിടന്നുറങ്ങി.

പിറ്റേന്നു കാലത്ത് എഴുന്നേറ്റു സുഖിതമായ ഒരു മനോരാജ്യത്തിൽ മുങ്ങി എന്റെ മുറിയുടെ വാതിൽക്കലങ്ങനെ നില്ക്കുകയായിരുന്നു. ഖദർക്കുപ്പായക്കാരൻ ചിരിച്ചു കൊണ്ട്, ശകാരിച്ചു കൊണ്ടല്ല, എന്റെ നേരെ വന്നു.

''അവർ നിർബന്ധിക്കുകയാണ് സേർ. എനിക്കു മറുത്തു പറയാവോ? എന്തായാലും അവരൊക്കെ ചിരകാലസുഹൃത്തുക്കളാണ്.'' അയാൾ എന്നോടങ്ങനെ പറഞ്ഞിട്ടു ചിരിച്ചു.

എനിക്ക് ഒന്നും മനസ്സിലായില്ല. ഞാൻ ഒരു ചോദ്യഭാവത്തിൽ മുഖത്തേക്കു നോക്കി.

''ഞാൻ തന്നെ നില്ക്കണമെന്ന്.''

''എന്ത്?''

''സ്ഥാനാർത്ഥിയായി നില്ക്കണമെന്ന്. കാലത്തിനു മാറ്റം വരുന്നു. ഹ....ഹ.....ഹ!''

''ഇലക്ഷന്റെ കാര്യമാണോ?''

''അതെ. എന്നെ ജനങ്ങൾ പ്രതീക്ഷിക്കുന്നുവെന്നാണു പറയുന്നത്. സേവനത്തിന്റെ സന്ദർഭം വരുമ്പോൾ ഞാൻ ഒരിക്കലും പിന്തിരിഞ്ഞിട്ടില്ല.ഹ.....ഹ....ഹ.!''

അയാൾ അന്നു മുഴുവൻ തിരക്കു പിടിച്ച ജോലിയിലായിരുന്നു. കത്തുകൾ എഴുതുന്നു, പെട്ടിയും സാധനങ്ങളും കെട്ടുന്നു. കൂലിക്കാരനെ വിളിക്കുന്നു, കോണിയിറങ്ങുന്നു, കയറുന്നു.



ആകെ ബഹളം.

വൈകുന്നേരം എന്നോടു പറഞ്ഞു: ''ഞാനൊന്നു താമസം മാറ്റുന്നു,''

''നമസ്ക്കാരം!''

''നമസ്കാരം.ഹ....ഹ....ഹ!'' ചിരിച്ചു കൊണ്ടാണ് അയാൾ കോണിയിറങ്ങിപ്പോയത്. ഞാൻ കോണിത്തട്ടുവരെ അയാളെ പിന്തുടർന്നു. പടിവരെ അനുയാത്ര ചെയ്തു ഹെഡ്മിസ്ട്രസ്സിന്റെ ഭർത്താവ്. തിരിച്ചുപോരുമ്പോൾ ആ കൊമ്പൻമീശയിൽ കണ്ണീർക്കണങ്ങൾ തങ്ങിനിന്നു.

ആ മനുഷ്യന്റെ ശകാരവർഷം നിന്നപ്പോൾ, വല്ലാത്തൊരു നിശ്ശബ്ദത. വിഷാദാത്മകമായ അന്തരീക്ഷമായിരുന്നു. അന്നു വൈകുന്നേരം പങ്കജം കയറിവന്നപ്പോൾ പറഞ്ഞു: ''അയാളുടെ ശകാരമൊക്കെ നിന്നു. മനുഷ്യരൊക്കെ ഇങ്ങനെ തന്നെയാണ്.''

''അതെ.''

''പക്ഷേ, ഞാനായിരുന്നു അയാളുടെ സ്ഥാനത്തെങ്കിൽ എല്ലാ സുഹൃത്തുക്കളെയും പിടിച്ചു പുറത്താക്കി വാതിലടയ്ക്കും. നിങ്ങളാണെങ്കിലോ?''

ആ ചോദ്യം പ്രതീക്ഷിച്ചതല്ല. സ്വല്പം പരുങ്ങലുണ്ടായി. എന്നാലും വിട്ടു കൊടുത്തില്ല: ''വാതിലടച്ചു തഴുതിടും. ഒരാഴ്ചയ്ക്കു പിന്നെ തുറക്കില്ല.''

പങ്കജം മന്ദസ്മിതപൂർവം എന്റെ മുഖത്തേക്കു നോക്കി എന്നിട്ടു പറഞ്ഞു: ''നിങ്ങൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നല്ലോ. പോഷകാംശങ്ങളുള്ള ഭക്ഷണം കഴിക്കണം.''

''അതെ.''

''സാമ്പത്തികവിഷമം നിങ്ങളെ ബുദ്ധിമുട്ടിക്കുന്നുണ്ട്, അല്ലേ?''

''ഇല്ലില്ല. അത്രയ്ക്കൊന്നുമില്ല.''

''ഒരെഴുത്തുകാരന്റെ വിഷമം എനിക്കറിയാം. ഞാൻ എല്ലാം ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇന്നു മുതൽക്ക് നിങ്ങൾക്ക് ഭക്ഷണം ഇവിടെ എത്തും.''

''വേണ്ടായിരുന്നു.''

''നാമൊക്കെ മനുഷ്യരല്ലേ!'' എന്നാണ് അവർ അതിനു മറുപടി പറഞ്ഞത്. ''എല്ലാ വീട്ടുടമസ്ഥന്മാരും ആ കിഴവനെപ്പോലെ യാണെന്നു വിചാരിക്കരുതേ!''

''അതു ഞാൻ വിചാരിച്ചിട്ടില്ല.''

''ഒരു വർത്തമാനം കേൾക്കണോ? ഇന്ന് അയാൾ ഒരാളെ അയച്ചിരിക്കുന്നു.''

''എന്തിന്?''

''പീടികമുറികളിൽ പകുതിയും എന്റെ പേരിൽ എഴുതിത്തരാമെന്ന്.''

''പുരോഗമിക്കുന്നുണ്ട്.''

''നോക്കൂ, അയാളുടെ പിശുക്ക്. പീടികയുടെ ഒതുക്കുകല്ല് എന്റെ പേരിൽ എഴുതിവയ്ക്കാൻ തോന്നാത്തതു ഭാഗ്യമെന്നു ഞാൻ മറുപടി പറഞ്ഞയച്ചു. ആകെ ഇരുനൂറ്റിയമ്പതുറുപ്പിക വാടകവരും. നൂറ്റിയിരുപത്തഞ്ച് എനിക്കും നൂറ്റിയിരുപത്തിയഞ്ച് കിഴവനും! മനസ്സിലായോ? ഞാൻ നൂറ്റിയിരുപത്തഞ്ചുറുപ്പിക യുടെ വെപ്പാട്ടിയാകണമെന്ന്! വന്നവനെ ഞാൻ ആട്ടിയില്ല. എന്റെ ക്ഷമയെപ്പറ്റി നിങ്ങൾ എന്തു പറയുന്നു?''

''ക്ഷമിച്ചതു നന്നായി.''

''ആട്ടെ. നിങ്ങൾക്ക് ഞങ്ങളുടെ ഭക്ഷണം പിടിക്കുമോ, എന്തോ?''

''വളരെ. പക്ഷേ...''

''ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടുമില്ല.''

അങ്ങനെ ഒരു മാസവും കൂടി കഴിഞ്ഞു. വാടക കൊടുക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടു മാസത്തെ വാടക ബാക്കി. അതെപ്പോൾ വേണമെങ്കിലും കൊടുക്കാമല്ലോ എന്നൊരു ഭാവം ഞാൻ കൈക്കൊണ്ടു; എപ്പോൾ വേണമെങ്കിലും വാങ്ങാമല്ലോ എന്നൊരു ഭാവം പങ്കജവും കൈക്കൊണ്ടു. എങ്കിലും എന്റെ ഹൃദയത്തിൽ സ്വല്പം പുകച്ചൽ ഉണ്ടാകാതിരുന്നില്ല.



''നിങ്ങളുടെ വാടക തന്നിട്ടില്ല'' - ഞാൻ ഒരു ദിവസം ഓർമ്മപ്പെടുത്തി.

''സാരമില്ല. ഞാൻ അയാളെപ്പോലെ പെരുമാറുകയില്ല. ധനവും ദാരിദ്ര്യവും മനുഷ്യർക്കല്ലേ ഉണ്ടാകൂ?''

അവർ കോണിയിറങ്ങുമ്പോൾ ഞാൻ നോക്കി നിന്നു; ഒരു മഹാലക്ഷ്മി തന്നെ!

മൂന്നു ദിവസം കഴിഞ്ഞു ഞാൻ ജാലകത്തിലൂടെ നിരത്തി ലേക്കു നോക്കി നില്ക്കുകയായിരുന്നു. പ്രഭാതമാണ്; അങ്ങാടിയിൽ തിരക്കു വർദ്ധിച്ചു വരുന്നു. കാറും സൈക്കിളും പിച്ചക്കാരും വിദ്യാർത്ഥികളും തിരക്കിട്ടു സഞ്ചരിക്കുന്നു. ശങ്കരന്റെ രൂപം പെട്ടെന്നാണു പ്രത്യക്ഷപ്പെട്ടത്. ആ മന്തന്റെ മുഖം ഏതാൾ ക്കൂട്ടത്തിൽ വെച്ചു കണ്ടാലും എനിക്കു തിരിച്ചറിയാം. അയാൾ ഈ എടുപ്പിന്റെ ഭാഗത്തേക്കാണു നടന്നു വരുന്നത്. ബാലി ഋശ്യമൂകാചലം കയറാൻ തുടങ്ങിയോ?

ഞാൻ വെളുത്ത ജാലകത്തിൽ നിന്നു തല വലിച്ച് അകത്തു വന്നിരുന്നു. അഞ്ചു നിമിഷം കഴിഞ്ഞപ്പോൾ അയാൾ എന്റെ മുറിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

''ഞാൻ വന്നത് നിങ്ങളെ കാണാനാണ്.''

''ആവശ്യം?'' ഞാൻ ഞെളിഞ്ഞുനിന്നു ചോദിച്ചു.

''നിങ്ങൾ തരാനുള്ള പണം.''

''ഇപ്പോൾ കൈയിലില്ല.''

''എപ്പോൾത്തരും?''

''കിട്ടിയാൽ അങ്ങോട്ടു കൊടുത്തയയ്ക്കാം.''

''ഈ പറയുന്നതു മര്യാദയാണോ?''

''മര്യാദ പഠിപ്പിക്കാൻ വന്നിരിക്കയാണോ?'' എനിക്കു കലിവരുന്നുണ്ടായിരുന്നു.

''ഞങ്ങളെ വിഡ്ഢിയാക്കിക്കളയാമെന്നാണോ വിചാരം?''

അതിനെത്തുടർന്നു നല്ലൊരു വാദപ്രതിവാദം നടന്നു. ബഹളം വർദ്ധിച്ചു. ഞാനും ഒഴിഞ്ഞില്ല.

''ഇതാ, ഇത് നിങ്ങളുടെ വീടല്ല.'' പെട്ടെന്നു പിന്നിൽ നിന്നൊരു ശബ്ദം കേട്ട് ശങ്കരൻ തിരിഞ്ഞു നോക്കി. പങ്കജം തുടുത്ത മുഖവുമായി നില്ക്കുന്നു. ശങ്കരന്റെ നാഡികളെല്ലാം തളർന്നു പോയി!

''ഇവിടെ വന്നും ബഹളമുണ്ടാക്കണോ?' പങ്കജം വീണ്ടും ചോദിച്ചു.

''വരൂ, എനിക്കല്പം സംസാരിക്കാനുണ്ട്. നിന്നെ കാണാൻ കൂടിയാണു ഞാൻ വന്നത്.'' ശങ്കരൻ പങ്കജത്തോടു പറഞ്ഞു.

''എന്നെ കാണാൻ നിങ്ങൾ വരുമോ?'' പങ്കജം അനങ്ങാതെ നില്ക്കുകയാണ്.

''അതിനാണു വാസ്തവത്തിൽ വന്നത്. വരു.'' അവർ കോണിത്തട്ടിലേക്കു നീങ്ങി. ഞാൻ ചെവി വട്ടം പിടിച്ചു.

''ഞാൻ അതു കൊണ്ടു വന്നിട്ടുണ്ട്. എല്ലാ പീടികമുറിയും നിന്റെ പേരിൽത്തന്നെ. നോക്കൂ, ഇതാ ആധാരം.''

''നിങ്ങൾക്കെന്നെ വിശ്വാസമായോ?''

''നീ ഇല്ലാതെ ജീവിക്കാൻ വയ്യെന്ന്.....'' പിന്നെ ഞാൻ കേട്ടില്ല. അവർ കോണിപ്പടി ഇറങ്ങുകയായിരുന്നു.

എന്തു സംഭവിക്കുമെന്നു ഞാൻ ആലോചിച്ചു. ഇല്ല. പങ്കജത്തിന് അയാളെ തിരിയെ സ്വീകരിക്കാൻ തരപ്പെടുകയില്ല. കനത്ത പത്തു വാക്കുകൾ മുഖത്തേക്കെറിഞ്ഞിട്ട് അവർ അയാളെ പറഞ്ഞയയ്ക്കും. ഒരു ചേരയ്ക്കുപോലും അയാളോടു കൂടി കഴിച്ചു കൂട്ടാൻ തരപ്പെടുകയില്ല.

അന്നും ഭക്ഷണം കൊണ്ടു വന്നു. എനിക്കു കൂടുതൽ ആശ്വാസമായി. പക്ഷേ, എന്തു സംഭവിച്ചുവെന്നറിയാൻ എനിക്കു ധൃതിയായി. പങ്കജം മുകളിലേക്കു വരുന്നില്ലല്ലോ. വൈകുന്നേരം എന്തായാലും വരാതിരിക്കുകയില്ല. ആ തുടുത്ത മുഖവും തീക്ഷ്ണമായ കണ്ണുകളും കമ്മലിന്റെ വെള്ളക്കല്ലൊളിയും നീലകുന്തളവും ഹൃദയത്തിൽ കിടന്നു കളിച്ചു. എല്ലാം കൂടി ഒരു വർണ്ണശബളിമ ഉണ്ടാക്കുകയാണ്, മഴവില്ലുപോലെ!

വൈകുന്നേരം നേരത്തെ വരാന്തയിൽ വന്നിരുന്നു. നിമിഷങ്ങൾ കടന്നു പോവുകയാണ്. ഓരോ ചെറിയ ശബ്ദവും



കേട്ടു ഞാൻ ചുറ്റും നോക്കി. അവരല്ല. സന്ധ്യാപ്രകാശം അപ്പോഴും വരാന്തയുടെ അഴികളിൽ പിടിച്ചു നില്ക്കുന്നു. പ്രപഞ്ചത്തിന്റെ മുഖം തുടുത്തിട്ടുമുണ്ട്. എങ്കിലും നോട്ടം സ്വന്തം ഹൃദയത്തിലേക്കു തിരിഞ്ഞു കളയുന്നു. അവിടെ ആ മഴവില്ലാണ്.

അവർ വരാതിരിക്കുമോ? അതിനു കാരണമില്ല. ഞാൻ കാത്തു. തുടുപ്പു പതുക്കെ മങ്ങി. ചാരനിറമായി. ഇരുണ്ടു. അവർ വന്നില്ല.

അല്ലെങ്കിൽ ഞാനെന്തിനവരെ പ്രതീക്ഷിക്കുന്നു? എന്റെ മുറിയിൽ ചെന്നിരുന്ന് ഒരു പുസ്തകമെടുത്തു മലർത്തി. കവിതാപുസ്തകമാണ്. കവിതയെപ്പറ്റിയും കവിതയുണ്ടാക്കുന്ന മാനസികവിക്ഷോഭങ്ങളെപ്പറ്റിയും കാര്യമായി ചിലതു ചിന്തിക്കേണ്ടതുണ്ട്. പക്ഷേ, കല്പിച്ചു കൂട്ടി ചിന്തിക്കുമ്പോൾ ആലോചനകൾ കയറുകയല്ല, വട്ടം ചുറ്റുകയാണു ചെയ്യുന്നത്. ഈ കവിത സ്വല്പനേരം മൂളിയാൽ അന്തരീക്ഷം ശരിപ്പെടും.

'ജീവിതപതംഗമേ, ദേഹപഞ്ജരബദ്ധം

നീ വിഷാദിപ്പൂ പാരം പ ാരതന്ത്ര്യത്തെച്ചൊല്ലി....'

ജീവിതപതംഗം ബദ്ധമായിരിക്കുകയാണ്. പിന്നെ...? ഛെ! രസം പിടിക്കുന്നില്ല. പുസ്തകം മടക്കിവെച്ചു. എനിക്ക് നല്ലൊരുഉറക്കമാണ് ആവശ്യം. ഉറക്കം തന്ന നല്ലവനായ ദൈവത്തെപ്പറ്റി ഓർത്തു കൊണ്ടു ഞാൻ കിടന്നു. അപ്പോഴും ചെവിയിൽ എന്തോ മൂളി.

ജീവിതപതംഗമേ..ജീവിതപതംഗമേ.....മനസ്സിൽ ഒരു വണ്ടു കയറിയെന്നു തോന്നുകയാണ്. തിരിഞ്ഞു കിടന്നു. മറിഞ്ഞു കിടന്നു. മൂളി. മൂളാതെ കിടന്നു. കാൽ വിറപ്പിച്ചു. താളം പിടിച്ചു. ചിന്തിക്കാൻ ശ്രമിച്ചു. അങ്ങനെയങ്ങനെ എപ്പോഴാണ് ഉറങ്ങിപ്പോയത് എന്നറിയില്ല. എഴുന്നേറ്റപ്പോൾ കണ്ടത് എന്റെ മുമ്പിൽ ആറിത്തണുത്തിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളാണ്. സൂര്യരശ്മി ജനലിലൂടെ ഊർന്ന് അതിന്മേൽ വീഴുന്നു. അതൊക്കെ തട്ടിത്തെറിപ്പിക്കാൻ തോന്നി. പക്ഷേ, ആരായിരിക്കും അതു കൊണ്ടു വന്നു വെച്ചത്? പണിക്കാരനാകാനേ ഇടയുള്ളൂ.

ഞാൻ കിടക്കയിൽ എഴുന്നേറ്റിരുന്നു. ഒരു ബീഡി കൊളുത്തി. കാൽപ്പെരുമാറ്റം എന്റെ ശ്രദ്ധ വാതിൽക്കലേക്ക് ആകർഷിച്ചു. ശങ്കരൻ മുമ്പിൽ നിൽക്കുന്നു. ഞാൻ ഒന്നും ചോദിക്കേണ്ടി വന്നില്ല. അയാൾ ഇങ്ങോട്ടു പറഞ്ഞു: ''വാടക?''

''ഇന്നലെ പറഞ്ഞതിൽ കവിഞ്ഞൊന്നും ഇന്നു പറയാനില്ല.''

''അതല്ല, ഈ മുറിയുടെ വാടക.''

''അത് അവരുടെ കൈയിൽ കൊടുത്തേക്കൂ.'' പിമ്പിൽ നിന്ന് ഒരു വീണാനാദം. അത് പങ്കജമായിരുന്നു. ഞാൻ ശങ്കരനെ നോക്കി. അയാളെ ഉരുമ്മി നില്ക്കുന്ന പങ്കജത്തെ നോക്കി. എന്നിട്ട് ഒന്നും പറയാതെ ബെഡ്ഡിങ്ങ്മടക്കിക്കെട്ടി. പെട്ടി പൂട്ടി. രണ്ടും ചേർത്തു വച്ചു.

''ഞാനിന്നു പോണു.''

''വാടക...'' ശങ്കരൻ വീണ്ടും ചോദിച്ചു.

ഞാൻ മറുപടി പറഞ്ഞില്ല.

''വാടക കൊണ്ടു വന്നിട്ട് നിങ്ങളുടെ ഈ സാധനങ്ങൾ കൊണ്ടുപോയ്ക്കോളൂ. കേട്ടോ?'' വളരെ മധുരമായിട്ടു തന്നെയാണ് പങ്കജം പറഞ്ഞത്.

ഞാൻ ഷർട്ടുമാറി പുറത്തേക്കു കടന്നപ്പോൾ പങ്കജം ചോദിച്ചു: ''താക്കോലെവിടെ? ഡ്യൂപ്ലിക്കേറ്റില്ലാത്തതാണ്.''

''അതാ''-ഞാൻ ചൂണ്ടിക്കാട്ടിയിട്ടു തിരിഞ്ഞു നടന്നു. കോണിയിറങ്ങുമ്പോൾ ഹെഡ്മിസ്ട്രസ്സിന്റെ ഭർത്താവു പിന്നാലെ വരുന്നുണ്ടായിരുന്നു. ഗെയ്റ്റിൽ വെച്ച് അയാൾ ചോദിച്ചു:'നിങ്ങളും പോകയാണോ?'

''അതെ.''

അയാൾ ഒന്നു നെടുവീർപ്പിട്ടു. ആ കൺപീലികൾ നനഞ്ഞിരുന്നു. ഞങ്ങൾ പരസ്പരം നോക്കി സ്വല്പനേരം നിന്നു. എന്നെത്തന്നെയാണു മുമ്പിൽ കാണുന്നതെന്നു തോന്നി. അയാൾക്ക് എന്തു തോന്നിയോ?

''തക്കാളി വേണോ?'' അടുത്തു നിന്ന് ഒരു ചോദ്യം.

''വേണം.'' ഞാൻ പോക്കറ്റു തപ്പി. ഒൻപതിൽച്ചില്ലാനം അണയുണ്ട്. രണ്ടു പഴുത്ത തക്കാളി വാങ്ങി ഒന്നു മിസ്ട്രസ്സിന്റെ ഭർത്താവിനു കൊടുത്തിട്ടു പറഞ്ഞു: ''തിന്നോളൂ. വിറ്റാമിനുള്ളതാണ്.'

മറ്റേ തക്കാളി കടിച്ചു തിന്നു കൊണ്ടു ഞാൻ റോഡിലേക്കിറങ്ങി. കൈ വീശി നടക്കാം. പെട്ടിയും ബെഡ്ഡിങ്ങും പേറണ്ടല്ലോ. ആ കവിതാശകലം ചെവിയിൽ കിടന്നു മൂളി: ജീവിത പതംഗമേ...ഈ തക്കാളി നന്ന്; ആ കവിതയും നന്ന്!



# 3. വിവാഹങ്ങൾ സ്വർഗത്തിൽ വച്ചു നടത്തപ്പെടുന്നു

കെ.സരസ്വതിയമ്മ

[സമകാലീന സമൂഹത്തിൽ പലതരത്തിലുള്ള ചൂഷണങ്ങൾക്കും വിധേയരാകേണ്ടി വരുന്ന സ്ത്രീകളുടെ അനുഭവങ്ങൾ, പ്രതിഷേധസ്വരത്തോടെ ആവിഷ്കരിച്ചിട്ടുള്ള കഥാകാരിയാണ് കെ. സരസ്വതി അമ്മ(1919-1975). അവരുടെ ചെറുകഥകളെല്ലാം ചേർത്തു ഒരു കഥാസമാഹാരം ഈയിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരുടെ ചെറുകഥകളുടെ സ്വഭാവം വ്യക്തമാക്കുന്ന ഒരു കഥയാണ് വിവാഹങ്ങൾ സ്വർഗ്ഗത്തിൽ വെച്ച് നടത്തപ്പെടുന്നു.]

എന്തായാലും മാധവിക്കൊരു ഭർത്താവിനെ പണം കൊടുത്തു നേടണ്ടെന്ന് അവളുടെ അച്ഛനമ്മമാർ തീർച്ചപ്പെടുത്തിയതായിരുന്നു. അവളുടെ അച്ഛൻ പറഞ്ഞു: ''ഒറ്റക്കാശും വാങ്ങിച്ചല്ല ഞാനൊരുത്തിയെ കൊണ്ടന്നത്. പിള്ളേരും പതിനൊന്നായി. മരുമോൻമാരെ വിലയ്ക്കെടുക്കാൻ തുടങ്ങിയാലൊടുക്കം പിച്ചപ്പാളയെടുത്തു പോവൂല്ലേ?'' അവളുടെ അമ്മ പറഞ്ഞു: ''കാലം പോണ പോക്ക്, പതിനഞ്ചുതികയുമ്മുമ്പേ പിടിപിടീന്നാളുവന്ന് എന്നെ റാഞ്ചിടെയുത്തോണ്ടു പോന്നു. ചക്രമാശിച്ചു വരുന്നവനെ ഇവിടെ വേണ്ട. അവിളിവിടെ ചുമ്മാ ഇരുന്നോട്ടെ. കാലവും കർമ്മവും ഒക്കമ്പം, കയറിട്ടു വലിച്ച പോലെ ഓടി വരൂല്ലേ?''

എന്നിട്ട് മാധവിയുടെ കാലവും കർമ്മവും ഒക്കായ്കയാൽ, കയറിട്ടു വലിച്ച പോലെ ആരും ചെല്ലാതെ തന്നെ കൊല്ലങ്ങൾ നീങ്ങാൻ തുടങ്ങി

അച്ഛനമ്മമാരുടെ അശാന്തിയെ തെല്ലും വകവയ്ക്കാതെ കാലം മാധവിയുടെ അനുജത്തിമാരുടെ ശരീരത്തിലും സർഗ്ഗാത്മകമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരുന്നു. പതിനഞ്ചു കഴിഞ്ഞ ബാലികകൾ നാലെണ്ണമായിത്തീർന്നു ആ വീട്ടിനകത്ത്.

പ്രായം ചെന്ന ബാലിക കന്യകയായി വീട്ടിലിരുന്നാൽ ആ വീട് തീപിടിക്കുമെന്നു മുത്തശ്ശിമാർ പറയാറുണ്ട്. പക്ഷേ, വീട്ടിലല്ല

രക്ഷിതാക്കളുടെ കരളിലാണ് തീപിടുത്തമുണ്ടാകുന്നതെന്നു മാധവിയുടെ അച്ഛനമ്മമാർ അനുഭവിച്ചറിഞ്ഞു.

ആ നിലയിൽ അവരുടെ ആദ്യനിശ്ചയം ഉരുകിയൊലിച്ച് എന്തെങ്കിലും ചെറിയൊരു തുക കൊടുക്കാമെന്ന തീരുമാനമായി രൂപാന്തരപ്പെട്ടു. പക്ഷേ, അവരുടെ ഇരുനൂറും വരുന്നവരുടെ രണ്ടായിരവും തമ്മിലുള്ള ഉരസലിൽ ആലോചനകൾ പിന്നെയും പലതും തേഞ്ഞുമാഞ്ഞു.

ഒടുവിൽ മാധവിക്ക് ഇരുപത്തിമൂന്നു കഴിഞ്ഞശേഷം ഒരിടപാട് അഞ്ഞൂറുരൂപയിലൊതുക്കി. പുറമേ, ഏർപ്പാടുകാരനു പ്രതിഫലമായി അൻപതുറുപ്പികയും.

ഏർപ്പാടുകാരൻ എല്ലാം പറഞ്ഞുറപ്പിച്ചശേഷമാണ് വരന്റെ ആളുകൾ പെണ്ണുകാണാൻ ചെന്നത്. അവരെ പ്രീതിപ്പെടുത്താൻ വേണ്ടി ഒരു മൃഷ്ടാന്നസദ്യ തയ്യാറാക്കിയിരുന്നു. അച്ഛന്റെ ആജ്ഞ യനുസരിച്ച് അന്നെങ്കിലും തന്റെ ഉപജീവനമാർഗം തെളിഞ്ഞു കിട്ടാൻ മനസാ പ്രാർത്ഥിച്ചു കൊണ്ട് മാധവിയാണ് അവർക്ക് വിളമ്പികൊടുത്തത്. അവളെ അവർക്കു ബോധിക്കുകയും ചെയ്തു. അതിനുശേഷം അവളുടെ അച്ഛൻ വരനെയും പോയി കണ്ടതോടെ ഇരുകൂട്ടർക്കും എല്ലാം സമ്മതമായി.

ആദ്യപുത്രിയുടെ വിവാഹമായതിനാൽ അവരുടെ പരമാവധി കഴിവിൽ അടിയന്തിരം കൊണ്ടാടപ്പെട്ടു. മൂന്നു കൂട്ടം പ്രഥമനും കതിർമണ്ഡപവും ആ നാട്ടിൻപുറത്തൊരു പുതുമയായിരുന്നു. പോരെങ്കിൽ വരന്റെ സ്നേഹിതരുടെ വകയായ മംഗളാശംസയും.

വിവാഹങ്ങൾ സ്വർഗത്തിൽ വച്ചു നടത്തപ്പെടുന്നു എന്ന വാചകത്തോടെ തുടങ്ങിയ മംഗളാശംസയിൽ പ്രേമാമൃതം, പാരിജാതം, കല്പവൃക്ഷം എന്നീ പദങ്ങൾ തകർത്തു വിട്ടിരുന്നു. അന്യോന്യം കാണുകപോലും ചെയ്യാതെ വെറും വ്യാപാര ബന്ധരൂപത്തിൽ സംയോജിപ്പിക്കപ്പെട്ട ആ വധൂവരന്മാർ, പ്രണയാ വേശത്തോടെ ദാമ്പത്യവാടിയിലേക്കു കുതിക്കുകയാണെന്നൊ രാരോപണവും അതിലുണ്ടായിരുന്നു.

അന്നേ ദിവസം രാത്രി ഭർത്തൃഗൃഹത്തിൽ വെച്ച്, ചുമരിൽ തൂക്കിയ മംഗളാശംസാപത്രത്തിലെ സുവർണ്ണാക്ഷരങ്ങൾ മങ്ങിയ വെളിച്ചത്തു മിനുങ്ങിക്കൊണ്ടിരിക്കെ, മാധവി, കതിർമണ്ഡ പത്തിലെ സ്വർഗത്തിൽ നിന്നും കിടപ്പറയിലെ ലോകത്തിലേക്കു കടന്നു.



പക്ഷേ, അവളുടെ ജീവിതാനുഭവങ്ങൾ അവിടെ നിന്നില്ല. സ്വർഗവും ലോകവും കഴിഞ്ഞാൽ നരകമാണടുത്തതെന്ന് അമ്മായി അമ്മ അവൾക്കനുഭവപ്പെടുത്തിക്കൊടുത്തു.

മകനെയും ഭർത്താവിനെയും സ്വന്തം ഭരണത്തിൻ കീഴിലാക്കിയിരുന്ന അവർക്കു മരുമകൾ ഒരു മോശപ്പെട്ട ഇരയായിരുന്നു.

ഒന്നു നോക്കിയാൽ, തീരെ അന്യായമായി ഒന്നുമില്ല അവരുടെ ശണ്ഠയിൽ. വിവാഹത്തിന്റെ മൂന്നാംനാൾ, മകളുടെ ദാമ്പത്യ ക്ഷേമം കാണാൻ ചെന്ന മാധവിയുടെ അച്ഛൻ, മറ്റാരുമറിയാതെ മകളോട് ആഭരണത്തിൽ ഭൂരിഭാഗവും തിരിയെച്ചോദിക്കുന്നത് അമ്മായിയമ്മ ഒളിച്ചു നിന്നു കേട്ടു. ആഭരണങ്ങളോടൊന്നിച്ചു മക ളെയും കൊണ്ടു പൊയ്ക്കൊള്ളണമെന്നാജ്ഞാപിച്ചു കൊണ്ടാണ് അവർ ഒളിവിൽ നിന്നും പുറത്തു വന്നത്. വൃദ്ധൻ വിളർത്തു തളർന്നു മിണ്ടാതിരുന്നു. അണിഞ്ഞൊരുങ്ങി നടക്കാനുള്ള ആശയിൽ മകളും അച്ഛനുവേണ്ടി ഒന്നും പറഞ്ഞില്ല.

കഴിയുന്നത്ര പണവും പ്രയത്നവും വ്യയം ചെയ്തു നീക്കിക്കിട്ടിയ ഭാരം വീണ്ടും ഏറ്റെടുക്കാനും ഇരവൽപ ണ്ടങ്ങളുടെ ഉടമസ്ഥരായ അയൽക്കാരെ അഭിമുഖീകരിക്കാനും വയ്യാതെ വൃദ്ധൻ ആകെ വിഷമിച്ചു.

എന്തായാലും വീട്ടിൽ മടങ്ങിച്ചെന്നു ഭാര്യയോടു കാര്യമെല്ലാം പറഞ്ഞപ്പോൾ അയാൾക്കല്പം ആശ്വാസമായി. സ്ത്രീബുദ്ധി യോടെതിരിടാൻ സ്ത്രീബുദ്ധിക്ക് കഴിയും എന്നയാളാശ്വസിച്ചു.

നാലഞ്ചു നാൾ കഴിഞ്ഞു മാധവിയുടെ അച്ഛൻ അമ്മയോടൊ ന്നിച്ചു വീണ്ടും മകളെ കാണാൻ ചെന്നു. അമ്മായിഅമ്മയുടെ മുമ്പിൽ വച്ചു തന്നെ അമ്മ മകളുടെ പഴയ ആഭരണങ്ങൾ ഊരി പകരം പുതിയവ ഇട്ടു കൊടുത്തു. എന്നിട്ട്, യാത്രയാകാൻ നേരം, മകളുടെ തലയിൽ കൈവച്ച്, പല അമ്പലങ്ങൾക്കും വഴിപാട് നേർന്നു കൊണ്ടവർ പതുക്കെ പറഞ്ഞു. ''ഈശ്വരൻ പ്രസാദിച്ചു വേഗമൊരു കുഞ്ഞിനെത്തന്നാൽ മതിയായിരുന്നു. മരുമോളെ എത്ര കണ്ടുകൂടെങ്കിലും മോനൊരു കൊച്ചുണ്ടായാൽ അതിനെ വലിയ ഇഷ്ടമായിരിക്കും. പിന്നീടതിന്റെ തള്ളയെ കളയാനൊക്കു കയില്ല.'' 'വധൂവരന്മാരുടെ വേളിച്ചരടിന്റെ കെട്ടു മുറുക്കാൻ' അച്ഛനമ്മമാരുടെ ബലിഷ്ഠകരങ്ങളേക്കാൾ കുഞ്ഞിന്റെ പിഞ്ചു കൈക്കാണല്ലോ കെൽപ്പ്!

കുറച്ചു ദിവസം കഴിഞ്ഞു മാധവി ഭർത്താവുമായി സ്വന്തം വീട്ടിൽ വിരുന്നുണ്ണാൻ പോയി. അനുജത്തിമാരുടെ നിർബ ന്ധത്തിൽ അന്നവൾക്കവിടെ താമസിക്കേണ്ടി വന്നു. അവളെ കൂട്ടിക്കൊണ്ടു പോരാൻ പിറ്റേന്നു ചെല്ലാമെന്നു പറഞ്ഞ് അവളുടെ ഭർത്താവു വീട്ടിലേക്കു മടങ്ങി.

പക്ഷേ, പിറ്റേന്നുകൾ എട്ടുപത്തായിട്ടും അവളെ വിളിക്കാ നയാൾ ചെന്നില്ല. ഓരോ അസൗകര്യങ്ങൾ പറഞ്ഞു നാളുകൾ നീട്ടിക്കൊണ്ടിരുന്നു. രണ്ടുമാസം കഴിഞ്ഞപ്പോൾ മാധവിയുടെ അച്ഛനമ്മമാർക്കു പരിഭ്രമമായി.

അപ്പോഴാണ് തങ്ങളുടെ പേരിൽ ഭയങ്കരമായൊരു ചാർജ്ജ്-ആൾമാറാട്ടക്കേസ്-ഉത്ഭവിച്ചിരിക്കുന്നതായി അവരറിഞ്ഞത്. മാധവിയെയല്ല, സുന്ദരിയായ മറ്റൊരു ബാലികയെയാണ് 'പെണ്ണു കാണിച്ച'തെന്ന ആ ആരോപണത്തെ അവളുടെ അച്ഛനമ്മമാർ തികച്ചും നിഷേധിച്ചു. പോരെങ്കിൽ, കുറെക്കൂടി പണം ഇനിയും പിടുങ്ങാൻ അമ്മായിയമ്മ എടുത്തിരിക്കുന്ന പണിയാണി തെന്നൊരു പ്രത്യാരോപണവും ഉണ്ടായി.

ക്രമേണ കേസ് വലുതായി; പ്രമാദമായി; സർക്കാർ കോടതി യിൽ കേറാതെ രാജിയാക്കാൻ മാന്യരായ അയൽക്കാർ ഇടപെട്ടു.

ഇരുകൂട്ടരുടെയും ആളുകളുൾപ്പെട്ട ഒരു സ്പെഷ്യൽ കോടതിയിൽ കേസ് വിചാരണയ്ക്കെടുക്കണമെന്നായിരുന്നു മദ്ധ്യസ്ഥതീരുമാനം. മാധവിയെ മാത്രം. വിസ്തരിച്ചാൽ മതി യെന്നും അവരഭിപ്രായപ്പെട്ടു. അതിനൊരു പ്രത്യേക ദിവസം നിശ്ചയിച്ചു.

പരിചയമുള്ള സകല ഈശ്വരന്മാരോടും കരുണയിരന്നു കൊണ്ടാണ് അന്ന് മാധവിയുടെ അമ്മ അവളെ വിചാരണ സ്ഥലത്തേക്കു യാത്രയാക്കിയത്. തോറ്റുപോയാലത്തെ സ്ഥിതി യെക്കുറിച്ച് അവർക്കെല്ലാം അത്രമാത്രം ഭയമായിരുന്നു. അനാഘ്രാതകുസുമത്തിന് ഒരു സ്ഥിരം ഉടമസ്ഥനുണ്ടാക്കാൻ തന്നെ ഈ പാടായ സ്ഥിതിക്ക് ഹിമബിന്ദു ഗർഭം കൂടെയായാൽ പിന്നെ ആരുണ്ടാവും സ്വീകരിക്കാൻ? മാധവിയുടെ അമ്മ പറഞ്ഞു:

''ഇവിടം ജയിച്ചാൽപ്പിന്നെ എല്ലാം കൊണ്ടും നമ്മൾ രക്ഷപ്പെട്ടതുതന്നെ. ഞാൻ കൊണ്ടിട്ട മുക്കുപണ്ടങ്ങളുടെ കാര്യത്തിലും പിന്നെ പേടിക്കേണ്ട. ആ മറിമായക്കാരി മൂത്തമ്മ നല്ലതെടുത്തിട്ടു മാറ്റിയതാണെന്നു പറഞ്ഞോണ്ടാൽ മതി. നമ്മൾ പറയുന്നതേ എല്ലാരും വിശ്വസിക്കൂ.''



മാധവിയുടെയും അവളുടെ ഭർത്താവിന്റെയും അച്ഛനമ്മ രെക്കൂടാതെ പതിനഞ്ചാളുകൾ ആ വീടിന്റെ മുൻവരാന്തയിൽ വട്ടമിട്ടിരുന്നിരുന്നു. ഭർത്താവിന്റെ ആൾക്കാരായി പത്തും ഭാര്യക്കുവേണ്ടി അഞ്ചും.

സദസ്സിന്റെ അഗ്രാസനാധിപതി ആദ്യമായി മാധവിയോടു ചോദിച്ചു, പെണ്ണുകാണുവാൻ എത്രപേർ ചെന്നിരുന്നു എന്ന്. ''മൂന്ന്''

എന്നവരുത്തരം പറഞ്ഞയുടൻ ആ മൂന്നുപേരെയും ചൂണ്ടി ക്കാണിക്കാൻ അവൾ ആജ്ഞാപിക്കപ്പെട്ടു.

മാധവി എല്ലാവരെയും ഒന്നുനോക്കി. അന്നത്തെ മൂന്നു പേരിൽ ഒന്ന് വരന്റെ അച്ഛനായിരുന്നു. മറ്റു രണ്ടുപേരെയും അന്നത്തേതിൽ പിന്നീട്, വിവാഹദിവസം പോലും അവൾ കണ്ടിരുന്നില്ല. എങ്കിലും ആ കൂട്ടത്തിൽ നിന്നും ഒറ്റനോട്ടത്തിൽ തന്നെ അവരെ തിരഞ്ഞു കണ്ടുപിടിക്കാനവൾക്കു സാധിച്ചു.

അത്രയു കൊണ്ടു തന്നെ അവൾക്കനുകൂലമായ വിധി ഉണ്ടാകുമെന്ന് ഒരാൾ അഭിപ്രായപ്പെട്ടതിനെ മറ്റുള്ളവർ എതിർത്തു. വിസ്താരം വീണ്ടും തുടർന്നു.

ആ മൂന്നുപേരെ സംബന്ധിച്ചിടത്തോളം ആ ദിവസം എന്തെങ്കിലും പ്രത്യേകത അവൾ കണ്ടിരുന്നോ എന്നായിരുന്നു അടുത്ത ചോദ്യം. വധുവിനു വേണ്ടി ഹാജരായ ഒരു മാന്യൻ ആ ചോദ്യം തടഞ്ഞു. പരീക്ഷാമുറിയിലെ വിദ്യാർത്ഥിയെക്കാൾ പരിഭ്രമിച്ചു തിരഞ്ഞെടുപ്പുകാരുടെ മുമ്പിൽ നിൽക്കുന്ന ആ ജീവിതസ്പർശിയായ മുഹൂർത്തത്തിൽ നിസ്സാരസംഗതികൾ ആരും കാണുകയില്ല എന്നതായിരുന്നു അയാളുടെ വാദം. ആരും പിന്താങ്ങായ്കയാൽ അതും തള്ളപ്പെട്ടു പോയി. വാസ്തവത്തിൽ ആരുടെ പിന്താങ്ങലും ആവശ്യമില്ലായിരുന്നു.

എന്നാൽ ആ ചോദ്യത്തിനു മാധവി കൊടുത്ത മറുപടി കേട്ടപ്പോൾ അതിസൂക്ഷ്മമായ നിരീക്ഷണ ശക്തിയാലും നിശി തമായ ഓർമ്മശക്തിയാലും അവൾ അവരെയെല്ലാം അത്ഭുതപ്പെ ടുത്തി.

കര വെളുത്ത പുളിയിലക്കര നേര്യതിട്ട്, മുറുക്കാൻ കവിളിലൊ തുക്കി അപ്പോൾ മുമ്പിലിരുന്ന വൃദ്ധൻ അന്ന് ഒരു കസവുകവിണി കഴുത്തിൽക്കൂടെ ചുറ്റിക്കെട്ടിയിരുന്നു എന്നു മാധവി പറഞ്ഞു. അയാൾ അഭിമാനത്തോടെ അതു ശരിയാണെന്നു സമ്മതിച്ചു. ബന്ധത്തിലൊരു സ്ത്രീക്കു പ്രസവമെടുത്തതിനു പാരിതോഷിക മായി ഭാര്യക്കു കിട്ടിയ ആ കവിണി വളരെ പാടുപെട്ടാണ് അന്നൊരു ദിവസത്തേക്ക് അയാൾക്ക് കിട്ടിയത്. പക്ഷേ, അങ്ങനെ

ചുറ്റിയിട്ടിരുന്നതിന്റെ ഇടയിൽക്കൂടെ കഴുത്തിലെ ഒരു ചെറിയ മുഴ കാണാമായിരുന്നു എന്നവൾ പറഞ്ഞപ്പോൾ വൃദ്ധന്റെ മുഖം മ്ലാനമായി. ആ മ്ലാനത ഏറ്റുപറച്ചിലിന്റെ ലക്ഷണമായി കാണികൾ കണക്കാക്കി.

അപ്പോഴേക്കും താൻ അവഗണിക്കപ്പെടുന്നു എന്നു തോന്നിയ മറ്റേ വൃദ്ധൻ ചോദിച്ചു: ''എന്നെപ്പറ്റി ഒന്നും ഓർക്കുന്നില്ലേ?''

''ഉണ്ട്, അന്നു മുഖത്തു കണ്ണാടി ഉണ്ടായിരുന്നു'' എന്നു പറഞ്ഞിട്ട്, മാധവി കണ്ണടയെപ്പറ്റി ഒരു വർണ്ണന കൊടുത്തു. കാതിൽ വയ്ക്കുന്ന കമ്പി ഒരു നൂലുകൊണ്ട് കണ്ണാടിയുടെ ഫ്രെയിം കമ്പിയോടു ചേർത്തു കെട്ടിയിരുന്നു എന്നും ഒറ്റനോട്ടത്തിൽ കാണാൻ പറ്റാത്തവണ്ണം നൂലിന്റെ ഭാഗം മുടി കൊണ്ടു മറഞ്ഞിരുന്നെങ്കിലും അയാളുടെ മുമ്പിൽ ചോറു വിളമ്പാൻ കുനിഞ്ഞപ്പോഴാണ് അവളത് കണ്ടതെന്നും മറ്റുമായിരുന്നു സംഗ്രഹം.

താൻ ആ ചോദ്യം ചോദിച്ചതിൽ കണ്ണാടിയുടെ ഉടമസ്ഥൻ പശ്ചാത്തപിച്ചു. മറ്റേയാളുടെ മുഴ കാണാൻ പെൺവീട്ടുകാരുടെ അഞ്ചാളുകൾ പോലും ഔത്സുക്യം കാണിക്കാത്തതിനു പകരം, ഇപ്രാവശ്യം പതിനഞ്ചുപേരും, കണ്ണാടി പോക്കറ്റിൽ നിന്നെടു പ്പിച്ചു പരിശോധിച്ചു നോക്കി. പോരാഞ്ഞിട്ട് ഉടമസ്ഥനെക്കൊണ്ട് അതു ധരിപ്പിച്ചു.മാധവി പറഞ്ഞ ബാക്കി ഭാഗത്തിന്റെയും സത്യാവസ്ഥ ബോദ്ധ്യപ്പെട്ടു.

ആ പരിശോധന തീർന്നപ്പോൾ പുളിയിലക്കര നേര്യതുകാരൻ ചോദിച്ചു. ''ഊണുകഴിച്ചപ്പോഴെന്തെങ്കിലും വിശേഷമുണ്ടാ യോ?''

അവിടെയും മാധവിക്ക് ഓർമ്മപ്പിശകുണ്ടായില്ല. മൂന്നു പേർക്കുള്ള ഇലകളിലും ഇവൾ മുട്ടക്കറി വിളമ്പിയതും, ഒടുവിൽ സസ്യഭുക്കായ അയാൾക്കു വേറെ ഇല എടുക്കേണ്ടി വന്നതും അവൾ വിശദാംശങ്ങൾ വിട്ടു പോകാതെ വിസ്തരിച്ചു.

അപ്പോൾ കണ്ണാടിക്കാരനെ തൊട്ടു കൊണ്ട് ഒരാൾ ചോദിച്ചു: ''ഇങ്ങോരോ?''

മാധവി ആദ്യം ചോദ്യകർത്താവിനെ നോക്കി; ആ ചോദ്യം മന:പൂർവ്വം ദ്രോഹബുദ്ധിയോടെ ചോദിക്കപ്പെട്ടതാണെന്നവ ൾക്കു തോന്നി. പിന്നീടവൾ ചോദ്യഹേതുവായ ആളിനെ നോക്കി. അവളുടെ അപ്പോഴത്തെ ഭാവത്തിൽ ഭീഷണിപ്പെടുത്തൽ തീരെയില്ലായിരുന്നു; കൂടിപ്പോയാൽ, ഏതാണ്ടൊരനുകമ്പയാണു സ്ഫുരിച്ചിരുന്നത്.



പക്ഷേ, നിശിതമായ ഓർമ്മശക്തിയുള്ള ആ പെൺകുട്ടിയെ അയാൾ ഭയന്നു.

അന്ന്, കണ്ണുകൊണ്ടപേക്ഷിച്ചു ചോറും കറികളും കണ്ടമാനം വിളമ്പിച്ചശേഷം അവളുടെ അശ്രദ്ധയിൽ അതെല്ലാം വീണു പോയതാണെന്നു ഭാവിച്ച് അച്ഛനെക്കൊണ്ട് അയാൾ, തന്നെ ശകാരിപ്പിച്ചതു മാധവി സ്പഷ്ടമായി ഓർത്തു. ഭാവിശ്വശുരന്റെ മുമ്പിൽ വച്ചു കണ്ടമാനക്കാരിയാണെന്നു തെളിഞ്ഞാൽ ആ വിവാഹാലോചന തകർന്നു പോവുമെന്നാണ് അച്ഛന്റെ ഭയം എന്നൂഹിച്ചിട്ടും, അയാളുടെ പൂജ്യത പുറത്താക്കി തന്റെ നിരപരാധിത്വം സ്ഥാപിക്കാൻ ശ്രമിച്ചില്ല. അന്യരുടെ മുമ്പിൽ അഭിമാനം ക്ഷതപ്പെടാതെ ആഹാരാർത്തിയെ തൃപ്തിപ്പെടുത്താൻ യത്നിച്ച ആ ബുഭുക്ഷുവിനോട് അന്നും ഇന്നും അവൾക്ക് അനുകമ്പയേ ഉള്ളൂ. വയറുപിഴപ്പിനുവേണ്ടിയാണല്ലോ താനും ഈ വേഷമെല്ലാം കെട്ടുന്നത് എന്നവൾ വിചാരിച്ചിരിക്കാം.

ഏതായാലും അവളുടെ ആ അനുഭാവം അതേ മനോഭാവം തന്നെ ആ വൃദ്ധനിലും ഉളവാക്കി. വരന്റെ അച്ഛന്റെ നേരെ തിരിഞ്ഞ് അയാൾ ഗൗരവത്തിൽ പൊരിഞ്ഞ ദേഷ്യത്തോടെ ചോദിച്ചു: ''ചെലവിനു കൊടുക്കാൻ നിവൃത്തിയില്ലെങ്കിൽ അക്കാര്യം തുറന്നു പറഞ്ഞുകൂടേ, നല്ലൊരു കുട്ടിയെയിട്ടു മാനം കെടുത്താതെ? മിരട്ടും മറിമായവുമില്ലാത്ത പെണ്ണാണെന്നു അതിന്റെ മുഖത്തു നോക്കിയാലറിയാം. ഇനി, ഉള്ള മാനത്തോടെ ഇപ്പത്തന്നെ കൂടെ വിളിച്ചോണ്ടു പോണം.'

എന്നിട്ടയാൾ മറ്റെല്ലാരുടെയും മുഖത്തുനോക്കി. തന്റെ വിധി ഐകകണ്ഠ്യേന സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നു കണ്ട് അയാൾ ജയഗർവ്വോടെ മാധവിയുടെ അച്ഛന്റെ നേരെ തിരിഞ്ഞു പറഞ്ഞു: ''ഈ പോക്കണംകെട്ട ഏർപ്പാടിനു ഞാൻ കൂടെവന്നതുതന്നെ മോശമായിപ്പോയി. ഇത്ര ബുദ്ധിയും ഓർമ്മശക്തിയുമുള്ള കുട്ടിയെ ഞാൻ കണ്ടിട്ടില്ല. നിങ്ങളതു വെറുതെ കണ്ടു. ഓ, ഇരപ്പാളിത്തത്തി നൊന്നും പോകാതെ ഇവളെ പഠിപ്പിച്ചിരുന്നെങ്കിൽ എത്ര അന്തസ്സായിരുന്നു? ക്ലാസ്സിലെല്ലാം ഒന്നാമതായി ജയിച്ചേനെ.''

ജീവനു രക്ഷകിട്ടിയ ആശ്വാസത്തോടെ അകത്തേക്കു പോകുവാൻ തിരിഞ്ഞ മാധവിയുടെ കണ്ണുകൾ ചുമരിൽ പതിച്ച മംഗളാശംസയിൽ പതിഞ്ഞു. വിവാഹങ്ങൾ സ്വർഗത്തിൽവച്ച് നടത്തപ്പെടുന്നു- ആ അക്ഷരങ്ങൾ അപ്പോഴും മിന്നുന്നുണ്ടാ യിരുന്നു.

# 4.പൂവൻപഴം

വൈക്കം മുഹമ്മദ് ബഷീർ

[മലയാളത്തിലെ ചെറുകഥയെയും നോവലിനെയും പുതിയ ദിശയിലേക്കു നയിച്ച എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ (1910-1994). അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അബദ്ധധാരണകളെയും നർമ്മമധുരമായ ശൈലിയിൽ വിമർശിക്കുന്നവയാണ് ബഷീറിന്റെ കൃതികൾ. ജീവിതാനുഭവങ്ങളുടെ തീക്ഷ്ണതയും ആവിഷ്കരണരീതിയുടെ പുതുമയും അദ്ദേഹത്തിന്റെ കൃതികളെ ശ്രദ്ധേയങ്ങളും രസകരങ്ങളുമാക്കുന്നു. അദ്ദേഹത്തിന്റെ പ്രശസ്ത കഥകളിലൊന്നാണ് പൂവമ്പഴം.]

പൂവൻ പഴം എന്ന ഈ കഥ ഞാൻ മനസ്സായിട്ടെഴുതുന്നതല്ല. അബ്ദുൾഖാദർ സാഹിബിന്റെ ഉപദ്രവം മൂലമാണ്. അദ്ദേഹം വിചാരിക്കുന്നു, ഇതിൽ വലിയ ഒരു ഗുണപാഠമുണ്ടെന്ന്. മൂപ്പരുടെ കെട്ടിയോളായ ജമിലാബീബിയെപ്പറ്റിയാണു കഥ.

ജമീലാബീബി ബി.എ.ക്കാരിയാണ്. അബ്ദുൾഖാദർ സാഹിബ് സ്കൂൾ ഫൈനൽ വരെയേ പഠിച്ചിട്ടുള്ളൂ. നാട്ടുനടപ്പനുസരിച്ച് ബി.എ.ക്കാരിയെ സ്കൂൾ ഫൈനലുകാരൻ കെട്ടാൻ പാടുണ്ടോ? പക്ഷേ, യുദ്ധത്തിൽ പിടിച്ചു പറ്റി എന്നാണ് അബ്ദുൾ ഖാദർ സാഹിബ് വമ്പു പറയുന്നത്. പണ്ടൊക്കെ പെണ്ണുങ്ങളെ ആണുങ്ങൾ കട്ടു കൊണ്ടു പോയിരുന്നു. നീണ്ട കയറിന്റെ തുമ്പിൽ കുടുക്കിട്ട്, അത് എറിഞ്ഞും പെണ്ണുങ്ങളെ പിടിച്ചിരുന്നു. പലേ ബലാൽക്കാരങ്ങളും പെണ്ണുങ്ങളോട് ആണുങ്ങൾ കാണിച്ചിരുന്നു. അബ്ദുൾഖാദർ സാഹിബ് പരിഷ്കൃത മനുഷ്യനായതു കൊണ്ട് അത്തരമൊന്നുമല്ല ചെയ്തത്. മൂപ്പർ ടൗൺ കേഡിയും ബീഡിത്തൊഴിലാളി യൂണിയൻ സെക്രട്ടറിയും നല്ല ഒരു ഫുട്ബോൾ പ്ലെയറുമായിരുന്നു. ഫോർത്തു ഫോറം മുതൽ സ്കൂൾ ഫൈനൽ വരെ ജമീലാ ബീബിയുമൊരുമിച്ചു പഠിച്ചുവെന്നും ഫോർത്തു മുതൽക്കേ ജമീലാബീബിയിൽ അനുരക്തനായിരുന്നു എന്നുമാണ് അബ്ദുൾഖാദർ സാഹിബ് പറയുന്നത്. ജമീലാബീബി പറയുന്നത് അതു വെറും പച്ചക്കള്ളമാണെന്നാണ്.



എങ്ങനെയായാലും ജമീലാബീബി ബി.എ. പാസ്സായി. ബാപ്പയുടെ ബീഡി ഫാക്ടറിയിൽ നിന്നു പണവും ഒക്കെ ഇഷ്ടം പോലെ എടുത്ത് ഒരു വലിയ 'ലേഡി'യായി അങ്ങനെ ഗമയിൽ നടക്കുന്ന കാലം. നാട്ടിലെ ചെറുപ്പക്കാരെല്ലാം ജമീലാബീബിയിൽ അനുരക്തരുമാണ്. ജമീലാബീബിയെപ്പറ്റി ഒറ്റശ്ലോകങ്ങൾ, വലിയ പ്രേമകാവ്യങ്ങൾ അങ്ങനെ പലതും കവിപ്പയ്യന്മാർ നിർമിക്കുന്നു. ജമീലാബീബിയുടെ ഹൃദയത്തിന്റെ നേർക്കു നാട്ടിലെ പ്രമാണികളായ ചെറുപ്പക്കാരുടെ ഒരു വ്യൂഹം എന്നു പറയട്ടെ, അവർ വലിയ 'ക്യൂ' ആയി നിൽക്കുന്നു. അബ്ദുൾഖാദർ സാഹിബ് അതിലൊന്നിലും ഉണ്ടായിരുന്നില്ല. മൂപ്പർ കവിത എഴുതാനോ പ്രേമലേഖനം എഴുതാനോ ശ്രമിച്ചില്ല. അതൊന്നും അറിഞ്ഞു കൂടെന്നാണ് അബ്ദുൾഖാദർ സാഹിബ് പറയുന്നത്. മൂപ്പർ ജമീലാബീബിയെപ്പറ്റി ഒ് 'കെസ്സുപാട്ട്' എഴുതിയതായി ജമീലാബീബി പറയുന്നുണ്ട്.

അതു വെറും പച്ചക്കള്ളമാണെന്നാണ് അബ്ദുൾഖാദർ സാഹിബ് പറയുന്നത്. മൂപ്പർ ചെയ്തത് ഇപ്രകാരമാണ്: ഒരു ദിവസം ജമീലാബീബിയെ ഇടവഴിയിൽ ചുമ്മാ തടഞ്ഞു നിർത്തി മൂപ്പർ ചോദിച്ചു:

'ജമീലാബീബി എന്നല്ലേ പേര്?'

ജമീലാബീബിക്കതു രസിച്ചില്ല. ജമീലാബീബിയെ അറിയാത്ത വല്ല യുവാവും ആ നാട്ടിലുണ്ടോ? മുപ്പത്തി തനി ലേഡീ മട്ടിൽ വളരെ ഗൗരവത്തിൽ ചോദിച്ചു:

'അതെയെങ്കിലോ?'

അബ്ദുൾഖാദർ സാഹിബ് ചിരിച്ചു. വളരെ ഭംഗിയുള്ള ഒരു ചിരി. അത് ജമീലാബീബി കണ്ടിട്ടുണ്ട്; ഇഷ്ടവുമാണ്. പക്ഷേ, ആ ഭാവം! ജമീലാബീബിയെ പത്തു പിടച്ചെണ്ണുന്ന ആ ഭാവം, അത് ജമീലാബീബിക്കിഷ്ടമില്ല.

'എന്താ വേണ്ടത്?'

'വിശേഷിച്ചൊന്നുമല്ല!' അബ്ദുൾഖാദർ സാഹിബ് പറഞ്ഞു. 'ജമീലാബീബിയുടെ ബാപ്പയുടെ ബീഡിഫാക്ടറിയുണ്ടല്ലോ. അവിടെ നൂറ്റിരുപതു ബീഡി തെറുപ്പു തൊഴിലാളികളുണ്ട്. ഞാൻ അവരുടെ സിക്രട്ടറിയാണ്. പേര് അബ്ദുൾഖാദർ.'

'വളരെ സന്തോഷം' ജമീലാബീബി പറഞ്ഞു: 'ടൗൺ കേഡിയാണെന്നും കേട്ടിട്ടുണ്ട്.'

'അതെ. ബീഡിതെറുപ്പുകാർ ഒരു പണിമുടക്കിന് ആലോചിക്കുന്നു. ഞങ്ങൾ നിങ്ങളുടെ ഫാക്ടറി പൂട്ടിക്കും!'

ജമീലാബീബി ചോദിച്ചു:

'ഇതെന്നോടെന്തിനാ പറയുന്നത്? ബാപ്പയോടു ചെന്നു പറയൂ!'

'ജമീലാബീബിയോടു പറയാൻ കാരണമുണ്ട്.'

'എന്താണത്?'

അബ്ദുൾഖാദർ സാഹിബ് പറഞ്ഞു:

'ഞാൻ ജമീലാബീബിയെ ഗാഢമായി സ്നേഹിക്കുന്നു!'

ജമീലാബീബിയുടെ ഹൃദയത്തിന്റെ അകം കുളിർത്തു. എങ്കിലും ഒന്നു നാണിപ്പിക്കണം. ജമീലാബീബി ഒന്നു ചിരിച്ചു. വളരെ പരിഹാസത്തോടെയുള്ള ഒരു ചിരി.

'സന്തോഷം!' ജമീലാബീബി പറഞ്ഞു: 'പിന്നെ വേറെ എന്തൊക്കെയാണു നാട്ടുവർത്തമാനങ്ങൾ?'

ആ ചോദ്യത്തിനു സാധാരണ 'ക്യൂ'വിലുള്ള ഒരു ചെറുപ്പക്കാരനായിരുന്നെങ്കിൽ വിളറിപ്പോയേനേ! പക്ഷേ, അബ്ദുൾഖാദർ സാഹിബ് ഒരു വെല്ലുവിളി പോലെ പറഞ്ഞു:

'ജമീലാ, നീ എന്നെ വിവാഹം ചെയ്തില്ലെങ്കിൽ....'

വെല്ലുവിളിപോലെ തന്നെ ജമീലാബീബി ചോദിച്ചു:

'ഇല്ലെങ്കിൽ? എന്തു ചെയ്യും?'

'ഞാൻ കെട്ടിത്തൂങ്ങിച്ചത്തു കളയും!' എന്നൊന്നും അബ്ദുൾഖാദർ സാഹിബ് പറഞ്ഞില്ല. മൂപ്പർ പറഞ്ഞു:

'ജമീലാ ഞാൻ നിന്റെ എല്ലു തകർക്കും!'

ജമീലാബീബി ഒന്നും പറഞ്ഞില്ല.

അബ്ദുൾഖാദർ സാഹിബ് പറഞ്ഞു:



'ജമീലാ, എന്റെ ജീവിതം നീ പാഴാക്കരുത്! ഞാൻ നിന്നെ ഗാഢഗാഢം സ്നേഹിക്കുന്നു. നിന്റെ വസ്ത്രങ്ങളെ സ്നേഹിക്കുന്നു. നിന്നെ ഞാൻ ഇഞ്ചിഞ്ചായി സ്നേഹിക്കുന്നു. നീ നടക്കുന്ന റോഡിനേയും സ്നേഹിക്കുന്നു!'

എന്താ പറയുക? ജമീലാബീബിക്ക് ഇഷ്ടമായി, എങ്കിലും, അതു കാണിക്കുന്നതു ശരിയാണോ? ജമീലാബീബി ചോദിച്ചു: ''കാണുന്ന യുവതികളെയെല്ലാം വഴിക്കു തടഞ്ഞു നിർത്തി ഇങ്ങനെ പ്രേമപ്രസംഗം ചെയ്യാറുണ്ടല്ലേ?'

'ഇല്ല! എന്റെ ജമീലാ, നിന്നോടല്ലാതെ വേറൊരു പെണ്ണിനോടു ഞാൻ മിണ്ടീട്ടു പോലുമില്ല. നോക്കിയിട്ടു പോലുമില്ല. മിണ്ടുകയുമില്ല. നോക്കുകയുമില്ല. നീ എന്റെ കണ്ണിലെ കാഴ്ചയാണ്!'

മൂപ്പത്തി ഗൗരവത്തിൽ ചോദിച്ചു:

'പിന്നെ?'

മൂപ്പർ പറഞ്ഞു:

'നിനക്കു ഞാനും എനിക്കു നീയും!'

'ഓ...വളരെ സന്തോഷം!' എന്നും പറഞ്ഞ് ജമീലാബീബി അങ്ങുപോയി. ഇങ്ങനെ യുദ്ധം തുടങ്ങി. വാക്കുതർക്കങ്ങളുണ്ടായി. വീട്ടുകാർ എതിര്. നാട്ടുകാർ എതിര്. പണിമുടക്കു ബഹളം! ഒടുവിൽ...എന്തിന്? ജമീലാബീബിയെ അബ്ദുൾഖാദർ സാഹിബ് കല്യാണം കഴിച്ചു. അങ്ങനെ സന്തോഷത്തിൽ കഴിഞ്ഞുവരുമ്പോൾ വരുന്നു, പൂവൻപഴം!

സമയം കൃത്യം അഞ്ചരമണി.

മഴക്കാലം. വെയിലുമുണ്ട്; മഴയുമുണ്ട്. ഓർക്കാപ്പുറത്തു രണ്ടും ഉണ്ടാവും. അടുത്തുള്ള നദിയിൽ വെള്ളം അങ്ങനെ 'ഘും' എന്നു പൊങ്ങി വരുന്നു. ചുമ്മാ അതു കാണാനും ഒന്നു കുളിക്കാനുമായി അബ്ദുൾഖാദർ സാഹിബ് ഷർട്ടിടാതെ തോർത്തുമായി മുറ്റത്തിറങ്ങിയപ്പോൾ ജമീലാബീബി പതുക്കെ വാതിലിന്റെ അടുത്തു വന്നു വിളിച്ചു:

'പിന്നേ...യ്!'

അബ്ദുൾഖാദർ സാഹിബ് വിചാരിച്ചു: ഷർട്ടിട്ടു കൊണ്ടു പോകാൻ പറയാനായിരിക്കും! എന്താണെന്നു വെച്ചാൽ,

കല്യാണം കഴിഞ്ഞ് അവർ ഒരുമിച്ചു താമസമാക്കിയ ഉടനെ ജമീലാബീബിയുടെ വക പുതിയ ചില ആർഡിനൻസുകൾ ഇറങ്ങി.

അബ്ദുൾഖാദർ സാഹിബ് ജന്റിൽമേനാകണം! നല്ലവണ്ണം വസ്ത്രം ധരിച്ചേ പുറത്തിറങ്ങാവൂ. പെരുമാറ്റത്തിൽ ഗൗരവം വേണം. വഴിയിൽ വെച്ചു പഴയ കൂട്ടുകാരായ അലവലാതികളോടു സംസാരിക്കരുത്. ബീഡി തെറുപ്പുകാർ, കവികൾ, ചുമട്ടുകാർ, രാഷ്ട്രീയപ്രവർത്തകന്മാർ, മോട്ടോർ ഡ്രൈവർമാർ, റിക്ഷാ വണ്ടിക്കാർ-അവരോടൊന്നും സമത്വത്തിൽ പെരുമാറരുത്.പിന്നെ വീട്ടിൽ ഒരു വേലക്കാരിയെ നിർത്തണം. അബ്ദുൾഖാദർ സാഹിബ് അരിയും കൂട്ടാനും വയ്ക്കരുത്. ഒരു സ്ഥിതിയിലൊക്കെ ജീവിക്കണം. ചുരുക്കത്തിൽ മൂപ്പർ നന്നാവണം! ജന്റിൽ മേനാകണം! ഏതു സ്ത്രീയും ഏതു പുരുഷനെയും കല്യാണം കഴിക്കുന്നതിന്റെ പ്രധാന ഉദ്ദേശം, ആ പുരുഷനെ നന്നാക്കാ നണല്ലോ.ആണിനെ നേർവഴിക്കു നടത്തുക, അവന്റെ ആത്മീയവും ശാരീരികവുമായ സർവസംഗതികളിലും കൈകടത്തി ഗുലുമാലു ണ്ടാക്കുക ഇതൊക്കെ പെണ്ണിന്റെ കടമയാണെന്ന് ജമീലാബീബി വിശ്വസിക്കുന്നു. എല്ലാ സ്ത്രീകളും വിശ്വസിക്കുന്നു. സുന്ദരമായ ഈ പെൺഫിലാസഫിയെപ്പറ്റി അബ്ദുൾഖാദർ സാഹിബ് ഒന്നും പറഞ്ഞില്ല. എന്തു പറയാനാണ്! വിവാഹം കഴിഞ്ഞിട്ട് അധികകാല വുമായിട്ടില്ലല്ലോ? മൂപ്പർ പുതുമോടിയോടെ പറഞ്ഞു:

'എന്റെ ജമീലാ ഞാനൊന്നു കുളിക്കാൻ പോകുകയല്ലേ? ഷർട്ടിട്ടോണ്ടു പോകണോ?'

'ഓ!' ജമീലാബീബി ഹൃദയം നൊന്തമാതിരി പറഞ്ഞു: 'ഞാൻ പറഞ്ഞാൽ കേൾക്കുകില്ലല്ലോ!'

'ജമീലാ പറഞ്ഞതു വല്ലതും ഞാൻ അനുസരിക്കാണ്ടി രുന്നിട്ടുണ്ടോ?' എന്നും പറഞ്ഞ് അകത്ത് ഓടിക്കേറി ഷർട്ടിട്ടു പുറത്തിറങ്ങി. പക്ഷേ, ഷർട്ടിൽ ബട്ടൺ ഒന്നും ഉണ്ടായിരുന്നില്ല.

നോക്കൂ, ആണിന്റെ അശ്രദ്ധ! ജമീലാബീബി മൂന്നു ബട്ടൻസ് എടുത്തുകൊണ്ടു വന്ന് ഇട്ടു കൊടുത്തു.

അബ്ദുൾഖാദർ സാഹിബ് നടന്നു.

ജമീലാബീബി വീണ്ടും വിളിച്ചു:

'പിന്നേ...യ് !'



അബ്ദുൾ ഖാദർ സാഹിബ് തിരിഞ്ഞു നിന്നു. മൂപ്പർ വിചാരിച്ചു: യാറബ്ബുൽ ആലമീൻ! അരിവയ്പുകാരിയുടെ പ്രശ്നമാണു വരുന്നത്! എന്താ ചെയ്ക? അരിവയ്പുകാരിയെ കൂടാതെ ജീവിച്ചുകൂടേ? നമ്മുടെ സംഗതികൾ നമ്മൾ തന്നെ നിർവഹിക്കണം. ഒരുത്തി ബി.എ. പാസ്സായി എന്നു വച്ച് എന്തു കൊണ്ട് അരി വെച്ചു കൂടാ? ബി.എ.അല്ല ഇനി എം.എ പി.എച്ച്.ഡി.ക്കാരിയാണെങ്കിലും അരിയും കൂട്ടാനും വയ്ക്കണം. അറിഞ്ഞുകൂടെങ്കിൽ അബ്ദുൾഖാദർ സാഹിബ് പഠിപ്പിക്കും. പഠിപ്പിച്ചു തുടങ്ങുകയാണ്. ബിരിയാണി മുതൽ ചായ ഉണ്ടാക്കാൻ വരെ മൂപ്പർക്കറിയാം.

'എന്താ ജമീലാ?' അബ്ദുൾഖാദർ സാഹിബ് ചോദിച്ചു: 'അരിവയ്പുകാരിയുടെ പ്രശ്നമാണോ?'

'അല്ല'. ജമീലാബീബി പരിഭവത്തോടെ പറഞ്ഞു: 'ഞാൻ ബി.എ. പാസ്സായത് അടുക്കളക്കാരിയാവാനാണല്ലോ!'

'മുത്തേ!' അബ്ദുൾഖാദർ സാഹിബ് പറഞ്ഞു: 'എന്റെ കരൾ അടുക്കളയിൽ കയറണ്ട. എല്ലാം ഞാൻ ശരിപ്പെടുത്തിക്കൊള്ളാം, പോരേ'

'ഓ.മതി! ദിവസവും പറയുന്നുണ്ട്.'

'ഇന്നു കൂടി എന്റെ മഹാറാണി അടുക്കളയിൽ കയറൂ. നാളെ മുതൽ നിന്റെ ഈ ദാസൻ...!'

'ചുമ്മാ വല്ലതും പറയല്ലേ!'

'ഇപ്പോഴെന്തിനാ വിളിച്ചത്?' മൂപ്പർ വിചാരിച്ചു, മുടി ചീകി മുഖത്തു പൗഡറിട്ടുകൊണ്ടു പോകാൻ ആയിരിക്കും. പക്ഷേ, ജമീലാബീബി വളരെ നാണത്തോടും പരിഭവത്തോടും പ്രേമ ത്തോടും പറഞ്ഞു:

'പൂവൻപഴം!'

'എന്തു പൂവൻപഴം?' പെണ്ണുങ്ങൾ നേരെ ചൊവ്വേ വല്ലതും പറയുമോ!' മൂപ്പർ ചോദിച്ചു:

'എന്താണു പറയുന്നത്?'

'പൂവൻപഴം! രണ്ടെണ്ണം വാങ്ങിച്ചു കൊണ്ടു വരുമോ?'

ഹാവൂ! പൂവൻപഴമാണല്ലേ? തിന്നാൻ കൊതിയുണ്ടല്ലേ? കൊണ്ടുവരാം, കൊണ്ടുവരാം. പുഴവക്കത്തുള്ള പീടികയിലുണ്ട്. ഇനി അവിടെയില്ലെങ്കിൽ കടത്തു വഞ്ചിയിൽ കയറി അക്കരെ ചെന്ന് ഒരു രണ്ടു ഫർലാംഗ് നടന്നാൽ അവിടെയുള്ള ചെറിയ ബസാറിൽ നിന്നു വാങ്ങിക്കാം. മൂപ്പർ പറഞ്ഞു:

'ഒരു കുല പൂവൻപഴം കൊണ്ടുവരാം'.

'രണ്ടെണ്ണം മതി.' ജമീലാബീബി പറഞ്ഞു. 'കണ്ടടത്തെല്ലാം അലഞ്ഞു നടക്കരുത്! വേഗമിങ്ങു പോരണം. സന്ധ്യയാകാൻ കാക്കരുത്. ഒറ്റയ്ക്കിരിക്കാൻ എനിക്കു പേടിയാണ്. ഒന്നും മറക്കരുത്, കേട്ടോ?'

'ഇല്ലേ!' എന്നും പറഞ്ഞു മൂപ്പർ നടന്നു. പെണ്ണുങ്ങൾ പറയുന്നതു കേട്ടോ, എങ്ങും അലഞ്ഞു നടക്കരുതെന്ന്! അബ്ദുൾഖാദർ സാഹിബ് ചിരിച്ചു. ഉടനെ മൂപ്പർക്കു പ്രേമത്തിന്റെ ഹാലും ഇളകി. ജമീല ആദ്യമായിട്ട് ആവശ്യപ്പെട്ട ഒരു സംഗതി. വേറെ പെണ്ണുങ്ങളാണെങ്കിൽ, യാറബ്ബുൽ ആലമീൻ, അബ്ദുൾ ഖാദർ സാഹിബ് വിചാരിച്ചു, എന്തെല്ലാം കുശാണ്ടങ്ങളാണവർ ഭർത്താവിനോടാവശ്യപ്പെടുക! പൊന്ന് പട്ട്, വള. മോട്ടോർ, ഡക്കോട്ടാവിമാനം. അതൊക്കെ പോകട്ടെ, നിസ്സാരകാര്യങ്ങളാണല്ലോ. മൂപ്പർ വിചാരിച്ചു, ചിലരുണ്ട്, അവർ കെട്ടിയോന്മാരോടാവശ്യപ്പെടുന്നതു തീരെ വിലയില്ലാത്ത സംഗതികളാണ്; കാട്ടിൽ പ്രസവിച്ചു കിടക്കുന്ന പെൺസിംഹത്തിന്റെ രണ്ടു മീശ! അതു കൊണ്ടെക്കൊടുത്തില്ലെങ്കിൽ പരിഭവം. 'ഓ, എന്നാലും ഞാൻ പൂച്ച പോലുള്ള സിംഹത്തിന്റെ മുഖത്തെ രണ്ടു പൂട വേണമെന്നു പറഞ്ഞിട്ട്....ഓ, എല്ലാം ഇത്രേയുള്ളൂ' എന്നും പറഞ്ഞു വിങ്ങിപ്പൊട്ടിക്കരയും! ഭർത്താവെന്തു ചെയ്യും? വേറൊരിനമുണ്ട്. അവർക്കു വേണ്ടത്, എവറസ്റ്റ് കൊടുമുടിയുടെ ഉച്ചിയിൽ നിന്ന് ഒരു ചെറിയ കഷണം മഞ്ഞു കട്ടയാണ്. 'അതു കൊണ്ടെത്തരാത്ത ആളല്ലേ...എന്നെ അങ്ങു കോന്നേര് !' ഭർത്താവെന്തു ചെയ്യും? ജമീലാബീബി കൊണ്ടുവരാൻ പറഞ്ഞത് ഇത്തരം വല്ല കുശാണ്ടങ്ങളുമാണോ? വെറും രണ്ടേ രണ്ടു പൂൻപഴം! അബ്ദുൾഖാദർ സാഹിബ് വിചാരിച്ചു. കുളി കഴിഞ്ഞ്, ഒസുവും എടുത്ത്, പോയി ഒരു കുല പൂവൻപഴം വാങ്ങണം. മൂപ്പർ അങ്ങനെ പുഴവക്കത്തെത്തി.



നദി ഒരു കാവിനിറമായ സമുദ്രമായിരിക്കുന്നു. എന്തൊരു ഒഴുക്ക്! ഇരുകരകളിലും വെള്ളത്തിലേക്കു ചാഞ്ഞു നിന്നിരുന്ന വൃക്ഷങ്ങളൊന്നും കാണാനില്ല. എന്തെല്ലാം സാധനങ്ങളാണ് ഒഴുകിപ്പോകുന്നത്! നദി ആകെക്കൂടി ഭയാനകമായിരിക്കുന്നു.

അബ്ദുൾഖാദർ സാഹിബ് നദിയിലിറങ്ങി കുളിച്ചു. എന്നുവെച്ചാൽ ഒന്നു മുങ്ങി എന്നു മാത്രം. വെള്ളത്തിനു മഞ്ഞു കട്ടയെക്കാൾ തണുപ്പ്. മൂപ്പർ ഒസു എടുക്കാൻ മറന്നുപോയി. വേഗത്തിൽ കരയ്ക്കു കയറി. തല തുവർത്തി കടത്തു കടവിലെ കടയിലേക്കോടി. അവിടെ ചെന്നപ്പോൾ....കണ്ണൻ പഴമുണ്ട്, പാളേങ്കോടനുണ്ട്, പടറ്റിയുണ്ട്. പക്ഷേ, പൂവൻപഴം ഇല്ല! എന്താ ചെയ്യുക? മൂപ്പർ കടത്തുവഞ്ചിയിൽ കയറി. വഞ്ചി നീങ്ങി. നടുപ്പുഴയിൽ എത്തിയപ്പോൾ നല്ലൊരു കാറ്റു വീശിത്തുടങ്ങി. അതോടെ ലോകം ഇരുണ്ടും തുടങ്ങി. വഞ്ചി, ഒരു കണക്കിൽ വഞ്ചിക്കാരൻ മറുകരയിൽ എത്തിച്ചു. അബ്ദുൾഖാദർ സാഹിബ് ഇറങ്ങി ഓടി. പകുതി വഴിയായപ്പോൾ മഴയും തുടങ്ങി. മൂപ്പർ ഓടി ബസാറിൽ ചെന്നു കടയിൽ കയറി നിന്നു. ഗംഭീരൻ മഴ! കടകളിലൊക്കെ വിളക്കു തെളിഞ്ഞു. മഴ ഒന്നു മാറാൻ മൂപ്പരങ്ങനെ നിന്നു. കലശലായ കാറ്റുമുണ്ട്. സമയം പോയതറിഞ്ഞില്ല. പഴയ കൂട്ടുകാരായ ചില അലവലാതികളോടു വർത്തമാനം പറഞ്ഞ് അങ്ങനെ ഇരുന്നു. എന്നിട്ടു നോക്കുമ്പോൾ മണി എട്ടോടുത്തിരിക്കുന്നു! മൂപ്പർക്കു പരിഭ്രമമായി. ജമീലാബീബി രാത്രി ഒറ്റയ്ക്കിരുന്നു പേടിക്കും. മൂപ്പർ ഇറങ്ങി. വളരെ കടകളിൽ അന്വേഷിച്ചു. പക്ഷേ, പൂവൻപഴം മാത്രം ഇല്ല! എന്താ ചെയ്യുക? വളരെ നിരാശ തോന്നി ഒടുവിൽ ഒരു ഡസൻ ഓറഞ്ചസ് മൂപ്പര് വാങ്ങി. പൂവൻ പഴത്തെക്കാൾ നല്ലതല്ലേ മധുരനാരങ്ങ? വിലയും കൂടുതലുണ്ട്; വിറ്റാമിനും കൂടുതലുണ്ട്. അതെല്ലാം ഒരു കടലാസുപൊതിയിലാക്കി മൂപ്പർ നടന്നു. നല്ല മഴയും നല്ല ഇരുട്ടും. ഒരിടത്തും ഒരു വെളിച്ചമില്ല. പൂവൻപഴവും മഴയും കൂടി ഒരു ഭയങ്കര ഗൂഢാലോചന നടത്തുകയാണല്ലേ? അബ്ദുൾഖാദർ സാഹിബ് കടത്തുകടവിൽ വന്നു. ആരുമില്ല, മൂപ്പർ ഇരുളിനെ നോക്കി മഴയിലൂടെ വഞ്ചിക്കാരനെ വിളിച്ചു. ഒരു പത്തിരുപതു പ്രാവശ്യം 'പൂ...ഹോയി!' എന്നു കൂവി. ആരു കേൾക്കാൻ ? തൊണ്ടയടഞ്ഞതല്ലാതെ വേറെ വിശേഷമൊന്നുമില്ല. രണ്ടും കല്പിച്ചു മൂപ്പർ നീന്താൻ ഉറച്ചു. ഷർട്ടൂരി. തോർത്തിൽ നാരങ്ങ കെട്ടി തലയിൽ വെച്ചു. അതിന്റെ രണ്ടു തുമ്പും താടിയിൽ ബലമായി

കെട്ടി. ഷർട്ടും മുണ്ടും നാരങ്ങയുടെ പുറമെ തലയിൽ കെട്ടി. മൂപ്പർ വിചാരിച്ചു. മൂപ്പത്തി ഇപ്പോൾ എന്തു ചെയ്യുകയായിരിക്കും? നോക്ക് ജമീലാ, അബ്ദുൾഖാദർ സാഹിബ് വിചാരിച്ചു. പെണ്ണുകെട്ടിയിട്ടില്ലായിരുന്നെങ്കിൽ എവിടെയെങ്കിലും എനിക്കു കയറി കിടക്കാമായിരുന്നില്ലേ? കണ്ടോ ആണിന്റെ സ്വാതന്ത്ര്യം പോകുന്ന പോക്ക്! യാറബ്ബുൽ ആലമീനായ തമ്പുരാനേ, ഞാൻ നദിയിൽ ചാടി നീന്താൻ പോകുന്നു. എന്നെ നീ രക്ഷിക്കണം! അങ്ങനെ വിചാരിച്ചു കൊണ്ട് അബ്ദുൾഖാദർ സാഹിബ് കിഴക്കോട്ടു നദിവക്കത്തു കൂടെ ഒരു ഫർലോങ്ങ് നടന്നു. നദി കിഴക്കു നിന്നു പടിഞ്ഞാട്ടാണൊഴുകുന്നത്. നേർക്കു നീന്തിയാൽ ഒഴുക്ക് ഒരു ഫർലോങ്ങിൽ കൂടുതൽ താഴത്തേക്കു കൊണ്ടു പോയേക്കും!

അബ്ദുൾഖാദർ സാഹിബ് ധൈര്യപൂർവ്വം ഇറങ്ങി. എങ്കിലും മുങ്ങി മരിച്ചു പോയാലോ? പക്ഷേ, ജമീലാബീബിക്കു വേണ്ടിയല്ലേ? വെള്ളം അരവരെയായി. കാലുകൾ ഉറയ്ക്കുന്നില്ല. മൂപ്പർ അങ്ങു നീന്തിത്തുടങ്ങി. തല മാത്രമേ വെളിയിലുള്ളൂ. തുഴഞ്ഞും നീന്തിയും മുന്നോട്ടു പോയി. ഇരുട്ടിലെ ഒഴുക്കിൽ മുന്നോട്ടേത്, പിന്നോട്ടേത്! ഒന്നും അറിഞ്ഞു കൂടാ. ഒരൂഹം വെച്ച് അങ്ങു പോകയാണ്. നടുപ്പുഴയിൽ എപ്പോൾ ചെന്നെന്നോ കര എപ്പോൾ പറ്റുമെന്നോ ഒന്നും അറിഞ്ഞു കൂടാ. കൈകാലുകൾ കുഴഞ്ഞു തുടങ്ങി. ഒടുവിൽ, എന്തിലോ എവിടെയോ മൂപ്പർക്കു പിടി കിട്ടി. ശക്തിയോടെ ഒഴുക്കു താഴത്തേക്കു വലിച്ചു കൊണ്ടു പോകുന്നു! പിടി വിട്ടില്ല. രണ്ടുമൂന്നു കവിൾ വെള്ളം കുടിച്ചു, അബ്ദുൾഖാദർ സാഹിബിനു മനസ്സിലായി, പിടികിട്ടിയിരിക്കുന്നത് ഒരു ഇല്ലിക്കൂട്ടിലാണ്. അനേകം മുള്ളുകളുടെയും കൊമ്പുകളുടെയും പ്രതിഷേധം വകവെക്കാതെ മൂപ്പർ കരയ്ക്കു കയറി. ഇരുന്നു വിറച്ചു. ഓർത്തു ഭയന്നു വിറച്ചു. ചുമ്മാ ഇങ്ങനെ ഇരുന്നാലോ? കാട്ടിലും മുള്ളിലും കൂടി അബ്ദുൾഖാദർ സാഹിബ് നടന്നു. പിറന്നപടിയാണ് ! മുണ്ടും ഷർട്ടും നഷ്ടപ്പെട്ടുപോയി. താടിയിൽ കെട്ടിയിരുന്നതു കൊണ്ട് തോർത്തും നാരങ്ങയും പോയില്ല. വളരെ ചെറിയ കമ്പുകളുള്ള ഒരു കൊമ്പൊടിച്ചു വടിയാക്കിക്കൊണ്ട് അബ്ദുൾഖാദർ സാഹിബ് നടന്നു. ഒരു വാഴത്തോട്ടം! മിന്നലിൽ ലോകം മൂപ്പർ കണ്ടു. ഒരു വീടും. അപ്പോൾ സംഗതി മനസ്സിലായി. ചെല്ലേണ്ടിടത്തു നിന്ന് ഒരു അര മൈൽ താഴത്തേക്കു പോന്നിരിക്കുന്നു!



ആ വീടിന്റെ പടികടന്നു തപ്പിത്തടഞ്ഞു തെങ്ങുംപാലം കടന്ന് അങ്ങ് നടന്നു. അപ്പോഴേക്കും ഒരു പട്ടി കുരച്ചു! അതോടെ വേറൊന്നും. അങ്ങനെ നാട്ടിലുള്ള എല്ലാനായ്ക്കളും! സദാചാരത്തിന്റെ പേരിലായിരിക്കും അവർ കുരയ്ക്കുന്നത്.മൂപ്പർ വിചാരിച്ചു. എന്താ ചെയ്യുക! ഇടവഴികളും പാലങ്ങളും പെരുവഴികളും കടന്ന് ഒരു കണക്കിൽ താമസസ്ഥലത്തു ചെന്നു. ഹാവൂ! അവിടെ വെളിച്ചമുണ്ട്. പ്രിയപ്പെട്ട ജമീലാ ഉറങ്ങിയിട്ടില്ല. അബ്ദുൾഖാദർ സാഹിബ് വിചാരിച്ചു. ഭർത്താവിനെ സ്നേഹിക്കുന്ന ഭാര്യ! ജമീലാ, വാതിൽ തുറക്കൂ-എന്നു മൂപ്പർ പറഞ്ഞില്ല. തോർത്തുടുത്തിട്ടാവട്ടെ, എന്നു വിചാരിച്ച് വരാന്തയിൽ കയറി. എന്നിട്ടു ജനാലവഴി അകത്തേക്ക് നോക്കി. തണുത്തു വിറയ്ക്കുന്നുണ്ടായിരുന്നെങ്കിലും അബ്ദുൾഖാദർ സാഹിബ് തന്നത്താൻ ചിരിച്ചുപോയി. മനോഹരമായ ഒരു രംഗം.

മേശപ്പുറത്ത് ഒരു വിളക്കിരുന്നു കത്തുന്നു. അതിനടുത്തു രണ്ടു വലിയ പ്ലേറ്റുകൾ അതു രണ്ടും വേറെ പ്ലേറ്റുകൾ കൊണ്ടു മൂടിയിട്ടുണ്ട്. അരികത്തായി നാലഞ്ചു ചെറു പ്ലേറ്റുകൾ. അതുമൊക്കെ മൂടിയിട്ടുണ്ട്. ചോറും കറികളുമാണതിൽ. ഭർത്താവിനെ കാത്തു ഭാര്യയും. കൈയിൽ ഭയങ്കരനായ ഒരു വെട്ടു കത്തി! അതുമായി ജമീലബീബി കസേരയിൽ ഇരുന്നു തളർന്നു മേശമേൽ തലവെച്ച് ഉറങ്ങുകയാണ്!

അതു കൂടാതെ വേറെയുമുണ്ട് വിശേഷം. മുൻവശത്തെ വാതിൽ അകത്തു നിന്നു സാക്ഷ ഇട്ടിട്ടുണ്ട്. പക്ഷേ, വെളിയിൽ നിന്നു വല്ല കള്ളന്മാരും വാതിൽ തള്ളി സാക്ഷ ഞെരിച്ച് അകത്തു കടന്നെങ്കിലോ? ആയതിനാൽ ഒരു മേശ വലിച്ചുനീക്കി വാതിലോടു ചേർത്ത് ഇട്ടിരിക്കുന്നു. മേശയ്ക്കു ഘനം പോരാഞ്ഞിട്ടെന്ന മാതിരി മേശപ്പുറത്ത് ചെറിയ ഒരു തലയണയും! പോരേ!

പെണ്ണുങ്ങളുടെ ബുദ്ധി കണ്ടോ, എന്നും വിചാരിച്ച് അബ്ദുൾഖാദർ സാഹിബ് ജമീലാബീബിയെ വിളിച്ചുണർത്താൻ ഭാവിച്ചപ്പോൾ വേറൊരു രസം: അടുക്കളവാതിലിലൂടെ നല്ല വെളിച്ചം മുറ്റത്തു വീഴുന്നു! അതെന്താ? മൂപ്പർ അങ്ങോട്ടു ചെന്നു. രസം തന്നെ! മൂപ്പത്തി പരിഭ്രമത്തിനിടയ്ക്ക് അടുക്കള വാതിൽ അടയ്ക്കാൻ മറന്നുപോയി. ലോകത്തിലുള്ള സർവ കള്ളന്മാർക്കും ഒരു ഘോഷയാത്രയായി നിർബാധം കടന്നു ചെല്ലാം, എന്നും വിചാരിച്ച് അബ്ദുൾഖാദർ സാഹിബ് അകത്തു കടന്നു.

ശബ്ദമുണ്ടാക്കാതെ പതുക്കെ, വളരെ പതുക്കെ, വാതിലടച്ചു സാക്ഷയിട്ടു. കൈയിലിരുന്ന കമ്പ് അടുക്കളയിൽ വെച്ചിട്ട് പതുക്കെ ഡ്രസ്സുമുറിയിൽ ചെന്നു. ദേഹം പലേടവും മുറിഞ്ഞിട്ടുണ്ട്; ചോരയും ഒലിക്കുന്നുണ്ട്. ജമീലാ, നിനക്കു വേണ്ടി എന്തു മാത്രം ചോരയാണു ഞാൻ ചിന്തിയത്! നോക്കൂ! മൂപ്പർ മുപ്പത്തി മുഖത്തിടുന്ന മണമുള്ള പൗഡർ ദേഹത്തെല്ലാം പൂശി. എന്നിട്ടു ഡ്രസ്സു ചെയ്തു മുടി ചീകി വെച്ചു. അതിനുശേഷം ജമീലാ ബീബിയെ വിളിക്കാൻ ഭാവിച്ചപ്പോൾ നിസ്കാരത്തിന്റെ കാര്യം ഓർമ വന്നു. മഗ്‌രിബും ഇഷായും നിസ്കരിച്ചിട്ടില്ല. അതു നടത്തിക്കളയാം. മൂപ്പർ അടുക്കളയിൽ ചെന്ന് വെള്ളം എടുത്ത് ഒസു ഉണ്ടാക്കി വന്നു നിസ്കരിച്ചു. ജമീലാബീബിക്കുവേണ്ടി തന്റെ ജീവനെ രക്ഷിച്ചതിന്, യാറബ്ബുൽ ആലമീനായ തമ്പുരാനോടു പ്രാർത്ഥിക്കുകയും ചെയ്തു. അതും കഴിഞ്ഞ് ഓറഞ്ചസ് രണ്ടു പാത്രങ്ങളിലാക്കി മേശപ്പുറത്തു കൊണ്ടു വെച്ചിട്ട് വിളിച്ചു.

'മഹാറാണീ!'

ജമീലാബീബി ഞെട്ടി, പേടിച്ച് വെട്ടുകത്തിയുമായി കണ്ണു തുറന്നു!

'ഇവനെ വെട്ടരുത്!' അബ്ദുൾഖാദർ സാഹിബ് പറഞ്ഞു: 'കള്ളനൊന്നുമല്ല. ഈ നിൽക്കുന്നത് സാധുവും ബുദ്ധിഹീന നുമായ സാക്ഷാൽ അബ്ദുൾഖാദറാണ്!'

'കണ്ടെടത്തെല്ലാം അലഞ്ഞു നടന്നിട്ടു വന്നല്ലോ?' എന്നും പറഞ്ഞു വാതില്ക്കൽ നോക്കിയപ്പോൾ മൂപ്പത്തി ഒന്നു പകച്ചു: 'അകത്തെങ്ങനെ കടന്നു?'

അബ്ദുൾഖാദർ സാഹിബ് പറഞ്ഞു:

'ഈ പയ്യൻ വരുമ്പോൾ വാതിലുകളായ വാതിലുകളെല്ലാം താനേ തുറക്കപ്പെടും; ഹൃദയങ്ങളായ ഹൃദയങ്ങളെല്ലാം താനേ....!'

'വിഡ്ഢിത്തം പറയാതിരിക്കൂ, എങ്ങനെ കടന്നു?'

മൂപ്പർ പറഞ്ഞു:

'അടുക്കളവഴി!'

മൂപ്പത്തി ചോദിച്ചു:



'വല്ല കമ്പും ഇട്ട് സാക്ഷ നീക്കി തുറന്നല്ലേ? വല്ല കള്ളന്മാരും അതു കണ്ടെങ്കിലോ? ഇനി അവരും കയറും! ഇനി ഈ വീട്ടിൽ മനസ്സമാധാനത്തോടെ എങ്ങനെ താമസിക്കും?'

അബ്ദുൾഖാദർ സാഹിബ് പറഞ്ഞു:

'ബ്ലഡി ഫൂളേ! വാതിൽ അടച്ചിട്ടില്ലായിരുന്നു.'

ജമീലാബീബി പറഞ്ഞു:

'ഓ.....ഒരു മാതിരി സംസ്കാരത്തോടെ സംസാരിക്കൂ. വാതലിടച്ചിട്ടില്ലായിരുന്നുവത്രെ!'

'യാറബ്ബുൽ ആലമീൻ!' അബ്ദുൾഖാദർ സാഹിബ് വിചാരിച്ചു: 'പെണ്ണുങ്ങൾ ചെയ്ത തെറ്റിനെ അവരെക്കൊണ്ടു സമ്മതിപ്പിക്കാൻ സാധിക്കുമോ?' മൂപ്പർ ചോദിച്ചു:

'നീ നിസ്കരിച്ചോ?'

'നിസ്കരിച്ചു!' എന്നും പറഞ്ഞ് എണീറ്റപ്പോൾ മൂപ്പത്തി ഓറഞ്ചസ് കണ്ടു. മുഖം തുടുത്തു. ദേഷ്യമായി. കൊണ്ടു വന്നു വെച്ചിരിക്കുന്നു! വല്ലവരും തിന്നുമോ?

വളരെ അവജ്ഞയോടെ ജമീലാബീബി ഓറഞ്ചസ്സിനെ നോക്കി; കരിച്ചു കളയാനുള്ള ദേഷ്യത്തോടെ. എങ്കിലും അഭിപ്രായം ഒന്നും പറഞ്ഞില്ല.

അബ്ദുൾഖാദർ സാഹിബ് പറഞ്ഞു:

'പൂവൻപഴം ഒരിടത്തുമില്ല.'

ജമീലാബീബി സമാധാനം ഒന്നും പറഞ്ഞില്ല. എന്തു പറയാനാണ്? കൊണ്ടു വന്നു വെച്ചിരിക്കുന്നു....!

കൈ കഴുകാൻ വെള്ളം മൂപ്പത്തി കൊണ്ടു വന്നു വെച്ചു. രണ്ടു പേരും കൈ കഴുകി ഊണും കഴിച്ചു.

'കൂട്ടാൻ നന്നായിരിക്കുന്നു! അബ്ദുൾഖാദർ സാഹിബ് പറഞ്ഞു. പരമാർത്ഥത്തിൽ കറികളെല്ലാം തീരെ പൊട്ടയാണ്. ഉപ്പില്ല; ചിലതിന് എരിവു കൂടുതല്. എങ്കിലും സഹധർമ്മിണിയെ കുറ്റം പറയുന്നതു ശരിയാണോ?

മൂപ്പത്തി ഒരു സന്തോഷവാർത്ത പറഞ്ഞു:

'ഞാൻ ഉറങ്ങാൻ പോകുന്നു!'

മൂപ്പർ പറഞ്ഞു:

'ഓറഞ്ചസ് തിന്നിട്ടുറങ്ങാം. പൂവൻ പഴം എങ്ങുമില്ല. ഞാൻ മല വെള്ളം നീന്തിക്കൊണ്ടു വന്നതാണ്. '

മൂപ്പത്തി പറഞ്ഞു:

'ചുമ്മാ നുണയൊന്നും പറയേണ്ട. എനിക്കു മധുരനാരങ്ങ ഇഷ്ടമല്ല! കൊണ്ടുവന്നവർ തിന്നോളൂ.'

മൂപ്പത്തി മൂക്കിന്റെ തുമ്പുയർത്തി നിവർന്നങ്ങ് നടന്നു കിടക്കയിൽ ചെന്നു വീണു.

അബ്ദുൾഖാദർ സാഹിബ് നാരങ്ങയുടെ തൊലി കളഞ്ഞു. അല്ലികൾ ഒരു പാത്രത്തിൽ നിറച്ചു. എന്നിട്ടു വിളിച്ചു:

'ജമീലാ.....!'

'മനസ്സില്ല!'

മനസ്സില്ലേ? അബ്ദുൾഖാദർ സാഹിബ് വിചാരിച്ചു: നിക്കാഹ് കഴിഞ്ഞ ഉടനെ പെണ്ണിന്റെ പള്ളയ്ക്ക് ഒരാറു കുത്തു കൊടുക്കേണ്ട തായിരുന്നു!'

'ജമീലാ! ഇവിടെ എണീറ്റു വരൂ ശീഘ്രം!'

'എനിക്കുറക്കം വരുന്നു!'

'അതുവ്വോ?' മൂപ്പർ എണീറ്റു ചെന്നു വളരെ സൗമ്യതയോടെ പറഞ്ഞു: 'ജമീലാ ഞാൻ വളരെ കഷ്ടപ്പെട്ടു കൊണ്ടു വന്ന താണ്.നോക്ക്, ഞാൻ പുഴ നീന്തി വെള്ളം കുടിച്ചു മരിച്ചു പോയിരു ന്നെങ്കിലോ?'

ജമീലാബീബി കിടന്നു കൊണ്ടു തലയണയിൽ മുഖം അമർത്തി.

'ജമീലാ!'

ജമീലാ മുഖം അല്പം തിരിച്ചു.

'ഞാൻ പറഞ്ഞതു പൂവൻപഴമാണ്!'

'നാട്ടിൽ പൂവൻപഴം ഇല്ല. നാളെ ഞാൻ എവിടെന്നെങ്കിലും വാഴത്തൈകൾ കൊണ്ടുവരാം.'



'ഓ....അതെല്ലാം കുലച്ചു കായായി പഴുക്കുമ്പോൾ തിന്നുകൊള്ളാം!'

'ആട്ടെ, ഈ ഓറഞ്ചസ് തിന്നൂ; നല്ല വിറ്റാമിനുള്ളതാണ്.'

'എനിക്കു വേണ്ട!'

'നീ തിന്നേ തീരൂ!'

ജമീലാബീബി എണീറ്റിരുന്നു. വളരെ ധിക്കാരത്തോടെ തനി ലേഡിമട്ടിൽ ചോദിച്ചു:

'തിന്നില്ലേൽ തല്ലി തീറ്റുമോ?'

റൈറ്റ്! അബ്ദുൾഖാദർ സാഹിബ് വിചാരിച്ചു. നല്ലൊരാശയം! മൂപ്പർ മിണ്ടാതെ അടുക്കളയിൽ ചെന്നു കമ്പിൽ നിന്ന് രണ്ടു ചെറു ചുള്ളികൾ ഒടിച്ചെടുത്തു കൊണ്ടു വന്നു.

ജമീലാബീബി വടി കണ്ടു. 'ഭ' എന്നു പറയുന്ന മാതിരി മൂപ്പത്തി ഇരുന്നു.

മൂപ്പർ പറഞ്ഞു:

'എണീക്ക്!'

'മനസ്സില്ല!'

'മനസ്സില്ലേ?' മൂപ്പർ പോയി വെട്ടുകത്തി എടുത്തു കൊണ്ടു വന്നു.

'ബുസ്ക്!' എന്നു പറയുന്ന മാതിരി ജമീലാബീബി ഇരുന്നു.

'വരൂ'. മൂപ്പർ വിളിച്ചു. മൂപ്പത്തി പറഞ്ഞു: 'മനസ്സില്ല.'

'അതുവ്വോ?' മൂപ്പർ ജമീലാബീബിയുടെ തുടയിൽ രണ്ടു ചുട്ട അടി വെച്ചു കൊടുത്തു. എന്നിട്ടു വെട്ടു കത്തി കാണിച്ചു:

'അടുത്തതു വെട്ട്!'

മൂപ്പത്തി നിറഞ്ഞ കണ്ണുകളോടെ എണീറ്റു.

ആ കണ്ണുനീര്.....അതു കണ്ടപ്പോൾ - എന്താ പറയുക! അബ്ദുൾഖാദർ സാഹിബിന്റെ ഹൃദയം അങ്ങു തകർന്നുപോയി. ആണല്ലേ? പെണ്ണിന്റെ കണ്ണുനീർ കണ്ടാൽ വിഷമം തോന്നാതിരി ക്കുമോ? എന്നാലും കുറച്ചു സമയത്തേക്ക് അബ്ദുൾഖാദർ സാഹിബ് തന്റെ ഹൃദയം ഒരു കരിങ്കൽ ഉണ്ടയാക്കി മാറ്റി. എന്നിട്ടു പറഞ്ഞു:

'ജമീലാ...കണ്ണുനീർ ചുമ്മാ കളയേണ്ട! വേണമെങ്കിൽ നീ ഒരു ഭരണിയിൽ കരഞ്ഞു വെച്ചോളൂ. ഞാൻ പിന്നെ അതിൽ കുളിച്ചു കൊള്ളാം! കേട്ടോ?'

ജമീലാബീബി ഗദ്ഗദത്തോടെ ചോദിച്ചു:

'ഹെന്നേ കൊല്ലാൻ പോകുകയാണോ?'

'ഹതെ!' മൂപ്പർ പറഞ്ഞു: 'നിന്നെ ഹറുത്തു ചെറിയ കഷണങ്ങളാക്കി ബിരിയാണി വയ്ക്കാൻ പോകുന്നു!'

മൂപ്പർ മൂപ്പത്തിയുടെ കൈ പിടിച്ച് അടുത്ത മുറിയിൽ കൊണ്ടുപോയി നാരങ്ങയുടെ മുമ്പിൽ നിർത്തി.

'എടുത്തു തിന്നൂ!' അബ്ദുൾഖാദർ സാഹിബ് ആജ്ഞാപിച്ചു. ജമീലാബീബി അതു കേട്ട ഭാവം പോലും കാണിച്ചില്ല. ചുമ്മാ അങ്ങനെ 'ബുസ്ക്' എന്നു പറയുന്ന മാതിരി നിന്നു.

ഭർത്താവു പറഞ്ഞാൽ കൂട്ടാക്കുകില്ലല്ലേ? മൂപ്പർ മൂപ്പത്തി യുടെ ചന്തിയിൽ 'ഫട്ട്റൂക്കോ!' എന്നു പറയുന്ന മാതിരി ആറെണ്ണം വെച്ചു വീക്കിക്കൊടുത്തു!

മൂപ്പത്തി ഒരല്ലി എടുത്തു തിന്നു

'പോരാ! ഇനിയും!' മൂപ്പർ പതുക്കെ ഗർജിച്ചു. അതിനു പുറമേ വെട്ടുകത്തിയും കാണിച്ചു:

'കണ്ടോ? കാച്ചിക്കളയും; തിന്നൂ!'

മൂപ്പത്തി തെരുതെരെ അല്ലികൾ എടുത്തു തിന്നു.

മൂപ്പർ പറഞ്ഞു:

'കുരു കളഞ്ഞ് പതുക്കെ തിന്നാൽ മതി!'

അങ്ങനെ കണ്ണീരൊലിപ്പിച്ചു കൊണ്ട് ജമീലാബീബി പതുക്കെ കുരു കളഞ്ഞു തിന്നു തുടങ്ങി.

അബ്ദുൾഖാദർ സാഹിബ് അടിയന്തരാവശ്യങ്ങളെപ്പറ്റി ചോദിച്ചു:

'ഞാൻ നിന്റെ ആരാ?'

മൂപ്പത്തി പറഞ്ഞു:



'ആവോ!'

'വെട്ടുകത്തി കണ്ടോ!....നിന്റെ ആരാണു ഞാൻ?'

'ഭർത്താവ്!'

മൂപ്പർ ചോദിച്ചു:

'വെട്ടുകത്തി കണ്ടോ...നീ എന്നെ ഇനി നന്നാക്കാൻ ശ്രമിക്കുമോ? ഇല്ലെന്നു വേഗം പറഞ്ഞോളൂ! വെട്ടുകത്തി കണ്ടോ?'

'ഇല്ല.'

മൂപ്പർ ചോദിച്ചു:

'ആ തിന്നുന്നതെന്താണ്?'

'ഓറഞ്ചസ്.'

മൂപ്പർ മൂപ്പത്തിയുടെ ചന്തിക്ക് ഒന്നു കൂടി കൊടുത്തു: 'വെട്ടുകത്തി കണ്ടോ? പറയൂ; തിന്നുന്നതു പൂവൻപഴം!'

'പൂവൻപഴം!'

'അരിവെയ്പുകാരി വേണോ? വേണ്ടെന്നു പറയൂ. വെട്ടു കത്തി കണ്ടോ?'

'വേണ്ട!'

'നീ ലേഡിയാണോ? വെട്ടുകത്തി കണ്ടോ?...നീ എന്റെ പെണ്ണ് - അല്ലേ?'

'ഹതെ!'

'മോട്ടോർ ഡ്രൈവറന്മാർ, റിക്ഷാവണ്ടിക്കാർ, കവികൾ, ചുമട്ടുകാർ, രാഷ്ട്രീയ പ്രവർത്തകന്മാർ, ബീഡിതെറുപ്പുകാർ - അവരോടൊക്കെ സമത്വത്തിൽ വർത്തിക്കാമോ എനിക്ക് ...വെട്ടുകത്തി കണ്ടോ?...വർത്തിക്കാം,വർത്തിക്കാമെന്നു പറയൂ!'

'വർത്തിക്കാം, വർത്തിക്കാം!'

'തിന്നുന്നതെന്ത്?'

'പൂവൻപഴം!'

വെട്ടുകത്തിയും വടിയും ഒക്കെ താഴെ ഇട്ടിട്ട് 'ഹെന്റെ കരളേ!

എന്നും പറഞ്ഞ് അബ്ദുൾഖാദർ സാഹിബ് ജമീലാബീബിയെ കെട്ടിപ്പിടിച്ചു. ചുംബിച്ചു. മൂപ്പത്തിയുടെ ചന്തിയിലും തുടയിലു മൊക്കെ അടിയുടെ പാടുകൾ! അതിൽ തൊട്ടപ്പോൾ മൂപ്പരുടെ ഹൃദയം തകർന്നുപോയി.

'ഹെന്റെ കരളിനു വളരെ നൊന്തോ?' മൂപ്പർ ചോദിച്ചു.

മൂപ്പത്തി ദീർഘനിശ്വാസത്തോടെ പറഞ്ഞു:

'ഹില്ല!'

എന്നാലും മൂപ്പരുടെ ഹൃദയം വേദനിച്ചു. ആണല്ലേ?

അങ്ങനെ ആ രാത്രി കഴിഞ്ഞു. പകൽ വന്നു. ദിവസങ്ങൾ വർഷങ്ങളായി മാറി. നദിയിൽ അനേകതവണ വെള്ളപ്പൊ ക്കമുണ്ടായി. ജമീലാബീബി ഒമ്പതു തവണ പെറ്റു. ലോകത്തിൽ പലേ മാറ്റങ്ങളുമുണ്ടായി. സാമ്രാജ്യങ്ങൾ തകർന്നു. കിരീടങ്ങളും ചെങ്കോലുകളും സിംഹാസനങ്ങളും പറന്നു. പുതിയ ആശയ ങ്ങൾക്ക് ആധിപത്യം കിട്ടി. മനുഷ്യസമുദായം വളരെ പുരോ ഗമിച്ചു. അബ്ദുൾഖാദർ സാഹിബിനും ജമീലാബീബിക്കും വളരെ വയസ്സായി. പല്ലൊക്കെ പോയി. രണ്ടു പേരും നരച്ചു കൂനി. പടു കിഴവനും കിഴവിയും, മക്കളും മക്കളുടെ മക്കളുമായി. അങ്ങനെ കഴിഞ്ഞു വരികയാണെങ്കിലും, പഴയ സംഗതികളിൽ ചിലതെ ങ്കിലും, ഓർക്കാതിരിക്കുമോ! അബ്ദുൾഖാദർ സാഹിബ് ചിരിച്ചു കൊണ്ട് ജമീലാബീബിയോടു ചോദിക്കും.

'മഹാറാണീ....പണ്ടു നീ പൂവൻപഴം വേണമെന്നു പറഞ്ഞ പ്പോൾ, രാത്രി പുഴ നീന്തി ഞാനെന്താ കൊണ്ടുവന്നത്?'

ജമീലാബീബി ചിരിച്ചു കൊണ്ടു പറയും:

'പൂവൻപഴം!'

മൂപ്പർ ചോദിക്കും:

'അതെങ്ങനെ ഇരുന്നു?'

മൂപ്പത്തി പറയും:

'ഓറഞ്ചു പോലെ ഉരുണ്ട്!'

'ഹ - ഹ - ഹ -' എന്നു ചിരിച്ചു കൊണ്ടു മൂപ്പർ ചോദിക്കും: 'എന്താ കൊണ്ടു വന്നത്?'

മൂപ്പത്തി പറയും:

'പൂവൻപഴം! പൂവൻപഴം!!'



# 5. അക്കത്തിലെഴുതിയാൽ

വൈശാഖൻ

[വൈശാഖൻ എന്ന തൂലികാ നാമത്തിൽ ചെറുകഥകൾ എഴുതുന്ന എം. കെ. ഗോപിനാഥൻ നായർ ഇന്ത്യൻ റെയിൽവേയിൽ ഉദ്യോഗസ്ഥനായിരുന്നു. ജീവിതത്തിൽ പലവിധത്തിലുള്ള ദുരിതങ്ങൾ അനുഭവിക്കേണ്ടി വരുന്ന സാധാരണക്കാരുടെ കഥകളാണ് അദ്ദേഹം അധികവും പറഞ്ഞിട്ടുള്ളത്. അത്തരം കഥകളിലൊന്നാണ് 'അക്കത്തിലെഴുതിയാൽ'.]

എട്ടുവർഷം മുമ്പ് നടന്ന കാര്യങ്ങളാണ്. അക്കാലത്ത് ഞാൻ തമിഴ്നാട്ടിലായിരുന്നു. വടക്കൻ ആർക്കാട് ജില്ലയിൽ ഒരു ഗ്രാമപ്രദേശത്തെ റെയിൽവേ സ്റ്റേഷനിൽ സ്റ്റേഷൻ മാസ്റ്ററായി ജോലി നോക്കുകയായിരുന്നു. ചെറിയ ഒരു സ്റ്റേഷൻ. തൊട്ടടുത്തുള്ള പഴയ ക്വാർട്ടേഴ്സുകളൊഴിച്ചാൽ മറ്റു വീടുക ളൊന്നും അടുത്തെങ്ങുമില്ല.സ്റ്റേഷന്റെ എതിർവശത്ത് നരച്ച മണ്ണ് ഇളകിക്കിടക്കുന്ന തരിശുഭൂമി. വൃക്ഷങ്ങളായി ആകെയുള്ളത് കുറെ കരിമ്പനകൾ മാത്രം. ഇവയ്ക്കിടയിലൂടെ പോകുന്ന പഞ്ചായത്ത് റോഡ് ഒരു മൊട്ടക്കുന്നിനെ വലം വെച്ച് അപ്രത്യക്ഷമാകുന്നു. ക്വാർട്ടേഴ്സുകൾക്ക് പിന്നിൽ നാലുകിലോമീറ്റർ ദൂരം പോയാൽ പ്രസിദ്ധമായ പാലാറിന്റെ തീരത്തെത്താം. പാലാറ്റിൽ വർഷത്തിൽ അഞ്ചാറുദിവസം മാത്രമേ വെള്ളം ഒഴുകാറുള്ളൂ. ബാക്കിസമയം മുഴുവൻ പഴുത്ത മണലിൽ കാനൽജലം ഓളം വെട്ടിക്കിടക്കും.

ഗ്രാമം അല്പം അകലെയാണ്. പഞ്ചായത്ത് റോഡ് റെയിൽ പാളങ്ങളെ മുറിച്ചു കടന്ന് ഗ്രാമത്തിലേക്ക് പോകുന്നു. ഇങ്ങനെ മുറിച്ചു കടക്കുന്നിടത്ത് ഒരു ലെവൽ ക്രോസിംഗ് ഉണ്ട്. വെള്ള പെ യിന്റടിച്ച ഗേറ്റുകൾ എപ്പോഴും പൂട്ടിക്കിടക്കും. എപ്പോഴെങ്കിലും തുറന്നാൽ വീണ്ടും പൂട്ടി തക്കോൽ സ്റ്റേഷൻമാസ്റ്ററെ ഏൽപ്പി ക്കേണ്ടത് പോർട്ടറുടെ കടമയാണ്. രാത്രിയിൽ പൂർണ്ണ നിശ്ശബ്ദ തയിൽ ഏതെങ്കിലും കാളവണ്ടിക്കാരന്റെ ശബ്ദം ഒരു നിലവിളി പോലെ കേൾക്കാം. ആദ്യം ഈ വിളി കേൾക്കുക ഉണർന്നിരിക്കുന്ന

സ്റ്റേഷൻ മാസ്റ്റർ തന്നെയാവും. ഉടനെത്തന്നെ കാളവണ്ടിക്കാരനെ പിന്തുണച്ചു കൊണ്ട് മൊട്ടക്കുന്ന് വിളി ആവർത്തിക്കും. സ്റ്റേഷൻ മാസ്റ്റർ ഉറങ്ങിക്കി ടക്കുന്ന പോർട്ടറെ വിളിച്ചുണർത്തി താക്കോൽ കൊടുത്തയയ്ക്കും. ഇതിനുള്ളിൽ വണ്ടിക്കാരനും കുന്നും രണ്ടു തവണ നിലവിളി ആവർത്തിച്ചിരിക്കും. പക്ഷേ ഉടനെത്തന്നെ തീവണ്ടികളൊന്നും കടന്നുപോകാനില്ല എന്ന് ഉറപ്പു വരുത്തിയിട്ടു വേണമല്ലോ താക്കോൽ കൊടുത്തയയ്ക്കാൻ.

പളനിച്ചാമിയെ ഞാൻ ആദ്യമായി കാണാൻ സന്ദർഭമുണ്ടാക്കിയത് ഈ ഗേറ്റ് ആണ്.

ആടിക്കാറ് ആകാശമാകെ മൂടിയ ഒരു രാത്രി. അർദ്ധരാത്രി കഴിഞ്ഞപ്പോഴാണ് മഴ ആരംഭിച്ചത്. വാതിലിന്റെ ചില്ലു പാളികൾക്കപ്പുറം മൊട്ടക്കുന്നിന്റെ നിറുകയിൽ മിന്നലുകൾ പാറുന്നതും നോക്കി കുറേനേരം ഞാൻ ഇരുന്നു. മഴ, ഒരു പദം പാടി അടങ്ങിയപ്പോൾ തുറന്നിട്ട ജനാലയിൽക്കൂടി നനഞ്ഞ മണ്ണിന്റെ മണം ഇരച്ചു കയറി. വെയിറ്റിംഗ് റൂമിൽ പോർട്ടർ കാശി കിടന്നുറങ്ങിയിരുന്നു. ബാംഗ്ലൂരിലെ സെക്കന്റ് ഹാന്റ് മാർക്കറ്റിൽ നിന്നും വാങ്ങിയ ഒരു വലിയ കമ്പിളിക്കോട്ടിനുള്ളിൽ നിന്ന് അയാളുടെ നേർത്ത കൂർക്കം വലി കേട്ടുകൊണ്ടിരുന്നു. നാട്ടിലെ ഇടവപ്പാതി ഓർത്തു കൊണ്ട് ഞാൻ നനഞ്ഞ മണ്ണിന്റെ മണം ആഞ്ഞു വലിച്ചു. സമയം ഒന്നരയാന്നു. ബാംഗ്ലൂർ മെയിൽ വരേണ്ട സമയമായി. അടുത്ത സ്റ്റേഷൻ ഏതു സമയവും വിളിച്ചേക്കാം. എങ്കിലും ഞാൻ കതക് തുറന്ന് പ്ലാറ്റ് ഫോറത്തിൽ ഇറങ്ങി നിന്നു. മെർക്കുറി ലൈറ്റിന്റെ വെളിച്ചം പ്ലാറ്റ്ഫോറത്തിന്റെ വക്കിൽ അവസാനിക്കുന്നു. പിന്നെ ഇരുട്ടിന്റെ ശാന്തസമുദ്രം. തണുത്ത കാറ്റ്. മണ്ണിന്റെ മണം. ആടിക്കാറിന്റെ വിടവുകളിൽ തിളങ്ങുന്ന നക്ഷത്രങ്ങൾ. പെട്ടെന്ന് ഗേറ്റിൽ നിന്നും ആരോ വിളിച്ചതുപോലെ തോന്നി. ഞാൻ കാതോർത്തു. അപ്പോഴേക്കും ഓഫീസിനുള്ളിൽ നിന്നും ബ്ലോക്ക് ബെൽ ശബ്ദിച്ചു. ഞാൻ തിരക്കിട്ട് ഉള്ളിലെത്തി. ബാംഗ്ലൂർ മെയിലിന് ലൈൻ ക്ലിയർ കൊടുത്തു. ക്യാബിനിലേക്ക് വിളിച്ച് സിഗ്നൽ കൊടുക്കാനുള്ള നിർദ്ദേശങ്ങൾ കൊടുത്തു. വീണ്ടും പ്ലാറ്റ്ഫോറത്തിലെത്തി. മണ്ണിന്റെ മണത്തിൽ കുളിക്കാൻ എനിക്ക് ധൃതിയായിരുന്നു.

രണ്ടാമതും ഗേറ്റിൽ നിന്നുള്ള വിളികേട്ടു. ധൃതിയിൽ ആരോ ഓടി വരുന്ന ശബ്ദവും കേട്ടു. ഇരുട്ടിൽ നിന്നും ഒരാൾ പ്ലാറ്റ്



ഫോറത്തിലേക്ക് ഓടിയെത്തി. അധികം ഉയരമില്ലാത്ത ഒരു കറുത്ത മനുഷ്യൻ. എന്റെ മുന്നിലെത്തി നിന്നപ്പോൾ അയാൾ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. മഴവെള്ളമാണോ അതോ വിയർപ്പാണോ അയാളുടെ തൊലിപ്പുറത്ത് തിളക്കമുണ്ടാക്കിയത് എന്നറിഞ്ഞില്ല. കോലൻമുടി പാറി നിൽക്കുന്നു. ഒരു തോർത്തു കൊണ്ട് മുഖം തുടച്ച്, കിതപ്പടക്കിക്കൊണ്ട് അയാൾ പറഞ്ഞു:

''സാർ നാൻ പളനിച്ചാമീങ്ക. ഗേറ്റിലെ മാട്ടു വണ്ടി നിക്കിത്. സംസാരത്ത്ക്ക് രമ്പ സീരിയസ് ആകെ തെരിയിത്. ഗേറ്റ്ക്ക് കൊഞ്ചം ആളെ അനുപ്പ്റീങ്കളാ -''

അടഞ്ഞു കിടക്കുന്ന ഗേറ്റിനരികിൽ കാളവണ്ടിയിൽ കിടക്കുന്ന അസുഖം ബാധിച്ച സ്ത്രീ. ഏതു നിമിഷവും അടുത്ത സ്റ്റേഷൻ കടന്ന് പാഞ്ഞെത്താവുന്ന ബാംഗ്ലൂർ മെയിൽ. പളനിച്ചാമിയുടെ പരിഭ്രമം ബാധിച്ച മുഖം. ഞാൻ ഉറക്കെ വിളിച്ചു.

''കാശീ - കാശീ''

പിന്നീട് പളനിച്ചാമിയോട് ചോദിച്ചു.

''എന്നാ ഉങ്ക സംസാരത്ത് ക്ക്?''

കാശി വരുന്നുണ്ടോ എന്ന് ആകാംക്ഷയോടെ നോക്കുന്നതിനിടയിൽ പളനിച്ചാമി പറഞ്ഞു.

''മുഴുകാമലിര്ക്ക്. ഇതു താൻ പത്ത്.''

പത്ത് മാസം തികഞ്ഞ ഗർഭിണി. ഞാൻ കാശിയെ കുലുക്കിയുണർത്തി, കൺട്രോൾ ഫോണിൽ വണ്ടിയുടെ വിവരം തിരക്കി. പേടിക്കാനില്ല. വണ്ടി അടുത്ത സ്റ്റേഷൻ കടക്കാൻ ഇനിയും സമയമുണ്ട്. സിഗ്നലുകൾ തിരിച്ചിടാം. ഞാൻ കൺട്രോൾ ഫോണിൽ സംസാരിക്കുമ്പോഴും താക്കോൽ കാശിയെ ഏൽപ്പിക്കു മ്പോഴും എല്ലാം പളനിച്ചാമി തൊഴുകൈയോടെ നിന്ന് നിശ്ശബ്ദമായി അപേക്ഷിക്കുകയായിരുന്നു. കാശി താക്കോൽ വാങ്ങി ഇറങ്ങിയപ്പോഴേക്കും അയാൾ ഇരുട്ടിൽ ലയിച്ചു കഴിഞ്ഞിരുന്നു.

ഗേറ്റ് തുറന്ന് കാളവണ്ടി വിട്ടു കഴിഞ്ഞ് കാശി തിരിച്ചെത്തി. വീണ്ടും മഴ ചാറിത്തുടങ്ങിയിരിക്കുന്നു. ഞാൻ പറഞ്ഞു:

''പാവം. അന്ത വണ്ടിയിലെ പോറവങ്ക എല്ലാം ഇന്ത മഴയിലെ-''

''നീങ്കളൊണ്ണ്. അവങ്കളാച്ച് - മഴയാച്ച്''.

കാശി പറഞ്ഞു: പളനിച്ചാമിക്കോ ഭാര്യക്കോ മഴയല്ല ഭൂകമ്പം പോലും പ്രശ്നമില്ല എന്ന മുഖവുരയോടെ കാശി പളനിച്ചാമിയെക്കുറിച്ചുള്ള വിവരങ്ങൾ പറഞ്ഞു.

പളനിച്ചാമി ആള് കാണുന്നതുപോലെ അപ്പാവിയൊന്നുമല്ല. ഗെട്ടിക്കാരനാണ്. പാട്ടൻ വകയായി കുറേയെറെ ഭൂമി അവന് കിട്ടിയിട്ടുണ്ട്. ചുവന്ന പൊടിമണ്ണുള്ള മാനംനോക്കി ഭൂമി. വെള്ളം മാത്രമില്ല. വെള്ളം കിട്ടിയാൽ പൊന്നു വിളയിക്കാമെന്ന് പളനിച്ചാമിക്ക് അറിയാമായിരുന്നു. അയാൾ അതിനുള്ള വഴി തേടി. വെല്ലൂരിലുള്ള വെല്ലമണ്ഡിക്കാരായ മുതലാളിമാർ കർഷകരെ സഹായിക്കാൻ എത്രവേണമെങ്കിലും കടം കൊടുക്കും. പളനിച്ചാമി വേണ്ടത്ര കടം കൊണ്ടു. വലിയ കിണറ് വെട്ടി. പമ്പ് സെറ്റ് വെച്ചു. അവന്റെ മാനംനോക്കി മണ്ണിന്റെ മുഖച്ഛായ മാറി. ആടിക്കാറുപോലെ കരിമ്പു തഴച്ചു. കടം കൊടുത്ത വെല്ലമണ്ഡിക്കാരന് ഒരു നിബന്ധനയേ ഉള്ളൂ. ഉണ്ടാകുന്ന വെല്ലം മുഴുവൻ അയാൾക്ക് മാത്രമേ വിൽക്കാവൂ. പളനിച്ചാമി കുറെ പണമുണ്ടാക്കി വീട് ഓടിട്ടു. കാളയും വണ്ടിയും വാങ്ങി. ഭാര്യയുടെ കഴുത്തിൽ മഞ്ഞച്ചരടിനോടൊപ്പം രണ്ട് പവന്റെ ചെയിൻ തിളങ്ങി. എന്തിന്, കഴിഞ്ഞ പൂജയ്ക്ക് മാരിയമ്മൻകോവിൽ ചുണ്ണാമ്പടിച്ചതും പെയിന്റ് പൂശിയതും എല്ലാം പളനിച്ചാമിയുടെ ചെലവിലാണ്. പക്ഷേ, ഈയിടെയായി പളനിച്ചാമി അല്പം ബുദ്ധിമുട്ടിലാണ്. കരിമ്പ് കൃഷി അല്പം മോശമായി. അതുമാത്രമല്ല കാരണം. അവന്റെ മൂത്ത കുട്ടിക്ക് കാര്യമായ ഏന്തോ അസുഖം പിടിപെട്ടു. വെല്ലൂർ ആസ്പത്രിയിൽ പണം എത്ര ചൊരിഞ്ഞെന്നറിയോ? പക്ഷേ, അവൻ എങ്ങനെയും പിടിച്ചു നിൽക്കും. വണ്ടിയിലിരുന്നു കൊണ്ട് അലറി വിളിച്ചില്ലേ? അത് അവന്റെ മച്ചാനാണ് മാണിക്യൻ. ഇപ്പോൾ അളിയന്മാര് രണ്ടുപേരും ചേർന്നാണ് കൃഷി. കുറച്ചു കഴിഞ്ഞാൽ ഓട് മാറ്റി ടെറസ്സാക്കില്ല എന്ന് ആരു കണ്ടു. നമ്മളൊക്കെ ഈ ചെകുത്താന്റെ നേരത്ത് കണ്ണ് മിഴിച്ചിരുന്ന് വണ്ടി ഓടിച്ച്-''

ഉറക്കം വരുന്നതുവരെ കാശി പറഞ്ഞുകൊണ്ടിരുന്നു. വീണ്ടും മഴ തകർത്തു പെയ്യുകയും അനേകം വണ്ടികൾ കടന്നു പോവുകയും ചെയ്തു. രാത്രി ഡ്യൂട്ടി കഴിഞ്ഞ് മനുഷ്യന്റെ ഒരു



ജീർണ്ണാവശിഷ്ടമായി മാറിയ ഞാൻ ഉറക്കത്തിന്റെ പുനർജ്ജനി കടന്ന് വീണ്ടും മനുഷ്യനായപ്പോൾ പളനിച്ചാമിയെ മറന്നു.

ഒരാഴ്ച കഴിഞ്ഞിട്ടുണ്ടാകും. ഞാൻ ഡ്യൂട്ടിയിലായിരിക്കുമ്പോൾ പളനിച്ചാമി കടന്നുവന്നു. കറുത്ത മുഖത്താകെ ചിരിയുടെ വെളിച്ചം. കൈയിൽ അഞ്ചാറു കരിമ്പിൻ തണ്ടുകൾ. ഞാൻ തിരക്കി.

''തായും കൊഴന്തയും?''

''കടവുൾ പുണ്യത്തിലും ഉങ്ക ഗുണത്തിലും തായും കൊഴന്തെയും നല്ലാരുക്ക് സാർ. ആൺ കുഴന്തൈ.''

''അതിനാലെ താൻ ഇന്ത ശിരിപ്പ്.''

''ശിരിപ്പ് മട്ടുമല്ല സാർ. പാരുങ്കോ കരിമ്പു കൊണ്ടു വന്തിരുക്ക്, ഉങ്ക കൊഴന്തെങ്ക ശാപ്പിടട്ടും.''

ഞാൻ ചിരിച്ചു. എന്റെ ഭാര്യയും കുട്ടികളും നാട്ടിലാണെന്ന് പറഞ്ഞു. അതു കേട്ടപ്പോൾ പളനിച്ചാമിയുടെ ചിരി മാഞ്ഞു. തെറ്റു ചെയ്ത അനിയനെ വേദന നിറഞ്ഞ വാത്സല്യത്തോടെ നോക്കുന്ന ഏട്ടന്റെ ഭാവം. ഒരു നിമിഷം കഴിഞ്ഞ് ശാസനയുടെ സ്വരത്തിൽ പളനിച്ചാമി പറഞ്ഞു:

''കൊഞ്ചം കൂടി നല്ലായില്ലെ. ഇത് എന്ന വാഴ്കൈ സാർ. ഊരുക്ക് പോയി ശീഘ്രം കൂട്ടീണ്ട് വന്തിടുങ്കൊ.''

ഇത് നല്ലതല്ലെന്ന്. വേഗം കുടുംബത്തെ കൂട്ടിക്കൊണ്ടു വരണമെന്ന്. ഞാൻ മനസ്സിൽ പറഞ്ഞു: മനപ്പൂർവമല്ല പളനിച്ചാമീ.

കരിമ്പ് ഒരു മൂലയിൽ വെച്ച് പളനിച്ചാമി പൊയ്ക്കഴിഞ്ഞിരുന്നു.

ഒരു ഭാഗ്യം പോലെ രണ്ടു ദിവസം കഴിഞ്ഞ് ലീവ് കിട്ടി. കരിമ്പ് ചെറിയ തുണ്ടുകളാക്കി ഞാൻ പൊതിഞ്ഞെടുത്തു. നാട്ടിലെത്തി കുട്ടികൾക്കും കുട്ടികളുടെ അമ്മയ്ക്കും കൊടുത്തു. പളനിച്ചാമി തന്നതാണെന്നു പറഞ്ഞു. കരിമ്പ് തിന്നുമ്പോൾ കുട്ടികൾ ഉറക്കെ പളനിച്ചാമീ - പളനിച്ചാമീ എന്ന് ആർത്തു വിളിച്ച് ചിരിച്ചു കൊണ്ടിരുന്നു.

തിരിച്ചെത്തിക്കഴിഞ്ഞ് കുറെ ദിവസത്തേക്ക് ഞാൻ പളനിച്ചാമിയെ കണ്ടില്ല. എന്നോ ഒരു സന്ധ്യക്ക് അകലെക്കൂടി കാളവണ്ടി ഓടിച്ചു പോകുന്നത് കണ്ടു.

രണ്ടോ മൂന്നോ മാസം കഴിഞ്ഞിട്ടുണ്ടാകും. ആർക്കാടൻ രാത്രികൾക്ക് കുളിര് കൂടിക്കൂടി വന്നു, രാത്രി ഡ്യൂട്ടിയിൽ കാശി വെയ്റ്റിംഗ് റൂമിൽ ഉറങ്ങാതെയായി. ഉള്ളിൽ സ്റ്റോർ മുറിയുടെ മൂലയിലായി കിടപ്പ്. ഞാൻ എല്ലാ ജനാലകളും അടച്ചിട്ടു. ടിക്കറ്റ് കൗണ്ടറിന്റെ ഷട്ടറും നീക്കിയിട്ടു. രാത്രി മൂന്നുമണിയോടടുത്ത് വല്ലാതെ ഉറക്കം വന്നു. ഉറങ്ങിക്കൂടാ എന്നറിയാം. എങ്കിലും മേശമേൽ തലചായ്ച്ച് അങ്ങനെ കിടന്നു. പെട്ടെന്ന് ഒരു നേർത്ത നിലവിളി കേട്ടതുപോലെ തോന്നി. ഞാൻ ശ്രദ്ധിച്ചു. തോന്നലല്ല. വെളിയിൽ വെയിറ്റിംഗ് റൂമിൽ നിന്നും ഒരു സ്ത്രീയുടെ തേങ്ങിക്കരച്ചിലാണ് കേൾക്കുന്നത്. കാശിയെ വിളിച്ചാലോ എന്ന് ആലോചിച്ചു. അപ്പോഴേക്കും കൗണ്ടറിന്റെ വിടവിൽ രണ്ടു തിളങ്ങുന്ന കണ്ണുകൾ. ശബ്ദം കേട്ട് ഉണർന്ന കാശിയും എഴുന്നേറ്റുവന്നു.

''സാർ കൊഞ്ചം കതക് തുറങ്കെ.''

കൗണ്ടറിൽ നിന്നും അപേക്ഷ. കാശി എന്നോട് സ്വകാര്യം പറഞ്ഞു:

''പളനിച്ചാമിയുടെ മച്ചാൻ, മാണിക്യൻ.''

വാതിലും ജനാലയും തുറന്നു. വെയിറ്റിംഗ് റൂമിൽ ഭിത്തിയിൽ ചാരിയിരുന്ന് ഒരു സ്ത്രീ വിതുമ്പുന്നു. ചിലപ്പോൾ തല ഉരുട്ടുന്നു. നരച്ച കൊമ്പൻമീശയുള്ള ഒരു വൃദ്ധൻ അവരെ സാന്ത്വനപ്പെടുത്തുന്നു. കാശി മെല്ലെ പഞ്ഞു:

''പളനിച്ചാമിയോടെ സംസാരം. അന്ത മീശൈ, അവനൊടെ അപ്പാ.''

വാതിൽ കടന്നുവന്ന മാണിക്യൻ പറഞ്ഞു: ''സാർ. പളനിച്ചാമി ഇന്നലെ രാവിലെ വെല്ലംകയറ്റിയ വണ്ടിയുമോടിച്ച് പട്ടണത്തിലേക്ക് പോയതാണ്. ഇതുവരെ തിരിച്ചെത്തിയിട്ടില്ല. ഒരിക്കലും അങ്ങനെ വരാതിരിക്കുന്ന ആളല്ല പളനിച്ചാമി. ഉയിരുണ്ടെങ്കിൽ വീടെത്തിയേ ഉറങ്ങൂ. എന്റെ അക്കാ ആഹാരം കഴിച്ചി ട്ടില്ല. അവരുടെ സമാധാനത്തിനുവേണ്ടി ഒന്ന് ഫോണിൽ വിളിച്ച് അന്വേഷിക്കണം.'' ഞാൻ ഓർത്തു.പാവങ്ങൾ ഇവരുടെ വിചാരം റെയിൽവേ ഫോണിൽ വെല്ലൂരിലെ ശർക്കരമുതലാളിയെ വിളിക്കാമെന്നാണ്. ഇത് വെല്ലൂർ ടൗൺ റെയിൽവെസ്റ്റേഷനിലേക്ക്



വിളിക്കാൻ പോലും ഉതകുന്നതല്ല. വെല്ലൂരിനടുത്തുള്ള കാട്പാടി ജംഗ്ഷനെ വിളിക്കാനേ കഴിയൂ.

ഞാൻ കാട്പാടിയിലെ സ്റ്റേഷൻ മാസ്റ്ററെ വിളിച്ചു. മനുഷ്യത്വത്തിന്റെ പേരിൽ ഈ ഉപകാരം ചെയ്യണമെന്ന് അപേക്ഷിച്ചു. ശർക്കരമുതലാളിയുടെ പേരും മറ്റും പറഞ്ഞു കൊടുത്തു. പിന്നീട് ഓരോ ബെല്ല് വരുമ്പോഴും ഞാൻ മറുപടി പ്രതീക്ഷിച്ച് ആകാംക്ഷയോടെ ഫോൺ എടുത്തു. അപ്പോഴൊക്കെ കൗണ്ടറിന്റെ ഇരുമ്പുവലയിൽ കുങ്കുമം പാതി മാഞ്ഞ ഒരു മുഖം പ്രത്യക്ഷപ്പെട്ടു. പുലരും വരെ ഒരു വിവരവും കിട്ടിയില്ല.

കണ്ണീരിൽ നനഞ്ഞു കുതിർന്ന ഉടുപുടവയുമായി രാത്രി പോയി.

പത്തുമണിയായപ്പോൾ വിവരം കിട്ടി. പളനിച്ചാമി ആളൊഴിഞ്ഞ ഒരു ഷെഡ്ഡിൽ ഒരു കയറിൻതുമ്പിൽ തൂങ്ങിക്കിടക്കുന്നു. പോലീസ് ബന്ധുക്കളെ തെരഞ്ഞു കൊണ്ടിരിക്കുകയാണ്. ചരക്കുകളൊന്നും ഇല്ലാതെ ഒരു കാളവണ്ടി കാളയെ പൂട്ടിയ നിലയിൽ ത്തന്നെ റോഡരികിൽ നിൽക്കുന്നുണ്ട്.

വൈകുന്നേരം ക്വാർട്ടേഴ്സിൽ തനിച്ചിരിക്കുമ്പോൾ കാശി വന്നു.

പളനിച്ചാമിയെ ആരോ കൊല ചെയ്തതാണ്. മച്ചാൻ മാണിക്യൻ വെല്ലൂരിലേക്ക് പോയിട്ടുണ്ട്. കേസ്സു കൊടുക്കാനാണ് ഉദ്ദേശം. പണം കടം കൊടുത്ത മുതലാളിക്കല്ല ശർക്കര കൊടുക്കാനുദ്ദേശിച്ചിരുന്നത്. അയാൾ പഴയ വിലയേ തരൂ. അതും മുതലും പലിശയും കഴിച്ച് പളനിച്ചാമി കടത്തിൽ മുങ്ങിമരിക്കാൻ തുടങ്ങുന്ന സ്ഥിതിയിലായിരുന്നു. അതു കൊണ്ട് പണം ഉടനെ കിട്ടുവാൻ മറ്റൊരു വ്യാപാരിക്ക് വെല്ലം വിറ്റ് മടങ്ങുകയായിരുന്നു.

എന്റെ മനസ്സിൽ കൗണ്ടറിന്റെ ഇരുമ്പു വലയ്ക്കപ്പുറത്ത് തെളിഞ്ഞ മുഖത്ത് കുങ്കുമം പാടെ മറഞ്ഞിരുന്നു.

പിന്നീട് തരിശിലൂടെ ഒരു കാളവണ്ടി അരിച്ചു നീങ്ങുന്നത് കാണുമ്പോഴൊക്കെ എന്റെ മനസ്സിൽ കുട്ടികൾ കരിമ്പ് തിന്ന് ആർത്തുവിളിച്ചു കൊണ്ടിരുന്നു. ഞാൻ വിവരം തിരക്കുമ്പോഴൊക്കെ കാശി പറഞ്ഞു:

''കേസ്സ് പ്രമാദമാ നടക്കും. പെരിയ വക്കീൽ താൻ.''

ആഴ്ചകൾ കഴിഞ്ഞപ്പോൾ ഞാൻ കേസ്സിനെക്കുറിച്ച് അന്വേഷിക്കാതെയായി. ഒരു പ്രഭാതത്തിൽ ഓർക്കാപ്പുറത്ത് സ്റ്റേഷനിലേക്ക് മാണിക്യൻ കടന്നു വന്നു. എന്റെ പ്രതീക്ഷയ്ക്ക് വിപരീതമായി അയാളുടെ മുഖത്ത് ഒരു ചിരിയുടെ തെളിച്ചമാണ് കാണപ്പെട്ടത്. ഞാൻ എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പു തന്നെ മാണിക്യൻ വാചാലനായി.

''സാർ, എനിക്ക് ബുദ്ധിയില്ല. പഠിപ്പില്ല. മുതലാളിയും വക്കീലും കൂടി പറഞ്ഞുതന്നപ്പോഴാണ് വെളിച്ചം കിട്ടിയത്. ചത്തതോ കൊന്നതോ. പോയവൻ പോയി. കേസ്സ് ജയിച്ചാൽ തന്നെ ആളെ കിട്ടുമോ. ഒരു നാൽപതിനായിരം രൊക്കം തരാമെന്ന് അവര് പറഞ്ഞു.''

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ മാണിക്യന്റെ മുഖത്തെ ചിരി മാഞ്ഞു. കടുത്ത പകയും രോഷവും കൊണ്ട് കണ്ണിൽ തീ പാറി.

''എന്റെ അക്കായുടെ നെറ്റിയിലെ കുങ്കുമം മാച്ചതിന് ഇതാണോ പ്രതിഫലം എന്ന് ഞാൻ ചോദിച്ചു. പട്ടിക്കാട്ട്കാരനാണെങ്കിലും എനിക്കുമില്ലേ അഭിമാനം. അവര് പറഞ്ഞു. രണ്ടു രൂപയ്ക്ക് വെല്ലൂർ മാർക്കറ്റിൽ ഒന്നാന്തരം കുങ്കുമം കിട്ടുമെന്ന്. ഞാൻ വിട്ടുകൊടുത്തില്ല. അറുപതിനായിരത്തിൽ ഒറ്റ പൈസ കുറഞ്ഞാൽ ഞാൻ സമ്മതിക്കില്ല എന്ന് തീർത്തു പറഞ്ഞു. നാളെ തീരുമാനം അറിയിക്കാമെന്ന് അവർ പറഞ്ഞിരിക്കയാണ്. അവര് വഴിക്കുവരും. പട്ടിക്കാട്ട്കാരാണെങ്കിലും മാണിക്യനുമുണ്ട് അഭിമാനം.''

മാണിക്യൻ നെഞ്ചു വിരിച്ച് ടർക്കിടൗവ്വൽ തോളിലിട്ട് ഇറങ്ങി നടന്നു.

ഞാൻ അന്ന് വിറ്റ ടിക്കറ്റുകളുടെ കണക്കു കൂട്ടാൻ ആരംഭിച്ചു. എത്ര ശ്രമിച്ചിട്ടും കണക്ക് ശരിയായില്ല. ക്യാഷ് ബുക്ക് അടച്ചുവെച്ച് ഞാൻ മനസ്സിൽ കണക്കു കൂട്ടിത്തുടങ്ങി. എന്റെ ശമ്പളത്തെ പന്ത്രണ്ടു കൊണ്ട് ഗുണിച്ചു. ജോലിയിൽ തുടരാനുള്ള വർഷങ്ങളുടെ എണ്ണം കൊണ്ട് ആ തുകയെ ഗുണിക്കാൻ ശ്രമിച്ചുനോക്കി. അക്കങ്ങൾ കൂടിക്കുഴയുന്നു. ഞാൻ എന്ന തുക എത്ര യായിരിക്കും.



## മന:പാഠമാക്കാനുള്ള ഭാഗങ്ങൾ

പദ്യം (1) യുദ്ധക്കളത്തിലെ ഭീഷ്മർ

നിജസചിവനുടലിൽ ......................

...................... വരേണ്ടതെനിക്കഹോ! (16 വരി)

(2) മാർഗ്ഗനിർദ്ദേശം

രണ്ടും മൂന്നു തവണ ......................

...................... നിൽക്കുന്ന ലോകം (16 വരി)

(4) ലീല

മകളൊടുമൊരുമിച്ചു ......................

...................... മുഗ്ദ്ധഹംസിപോൽ (20 വരി)

(7) ചോറൂണ്

ആര്യ പുരാതനസംസ്കൃതി ......................

...................... അറിഞ്ഞതാണി ന്നിലം (16 വരി)

## അലങ്കാരങ്ങളും വൃത്തങ്ങളും

താഴെ കൊടുത്ത അലങ്കാരങ്ങളുടെ ലക്ഷണവും ഉദാഹരണവും

1. ഉപമ
2. ഉൽപ്രേക്ഷ
3. രൂപകം
4. രൂപകാതിശയോക്തി
5. സ്മൃതിമാൻ
6. ഭ്രാന്തിമാൻ
7. സസന്ദേഹം
8. അർത്ഥാന്തരന്യാസം
9. കാവ്യലിംഗം
10. ദീപകം
11. ഉല്ലേഖം
12. അപ്രസ്തുത പ്രശംസ
13. ഉദാത്തം
14. ശ്ലേഷം
15. യമകം

താഴെ കൊടുത്ത വൃത്തങ്ങളുടെ ലക്ഷണവും ഉദാഹരണവും

1. കാകളി
2. കേക
3. മഞ്ജരി
4. കളകാഞ്ചി
5. നതോന്നത
6. തരംഗിണി
7. രഥോദ്ധതാ
8. ഇന്ദ്രവജ്ര
9. ഉപേന്ദ്രവജ്ര
10. ഉപജാതി
11. മന്ദാക്രാന്ത
12. വസന്ത തിലകം
13. സ്രഗ്ദ്ധര
14. ശാർദ്ദൂല വിക്രീഡിതം
15. അപരവക്ത്രം